Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 18/ PAGES 32
30
ഒക്ടോബർ 2024
ബുധനാഴ്ച
1200 തുലാം 14

www.vachakam.com
news@vachakam.com

01 America | 13 Canada | 14 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## നിർണായകമാവുക ഈ സംസ്ഥാനങ്ങൾ; അറിയാം അമേരിക്കയുടെ ഹൃദയതാളം

# പോരാട്ടം ഇഞ്ചോടിഞ്ച്!

യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് അഞ്ച് നാൾ ശേഷിക്കെ കമല ഹാരിസും ഡൊണാൾഡ് ട്രംപും തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് പ്രവചിക്കപ്പെടുന്നത്. വീറും വാശിയുമേറിയ പോരാട്ടങ്ങൾക്കിടയിൽ പുറത്തുവന്ന സർവേകൾ പലതിലും ട്രംപും ഹാരിസും നേരിയ പോയിന്റുകളുടെ ഏറ്റക്കുറച്ചിലുകൾ കാണിക്കുന്നുണ്ട്. ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമല ഹാരിസിനായിരുന്നു തുടക്കത്തിൽ മിക്ക സർവ്വേകളും വിജയം പ്രവചിച്ചിരുന്നത്. എന്നാൽ ചില റിപ്പോർട്ടുകൾ റിപബ്ലിക്കൻ സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപിനും സാധ്യത പ്രവചിക്കുന്നുണ്ട്. പ്രത്യേക പക്ഷം പിടിക്കാതെ എന്താണ് തിരഞ്ഞെടുപ്പ് ഗോദയിൽ അരങ്ങേറുന്നതെന്ന് വസ്തുതകളുടേയും മുൻകാല അനുഭവങ്ങളുടേയും വെളിച്ചത്തിൽ വായനക്കാർക്കായി വാചകം ന്യൂസ് ടീം ചില വിലയിരുത്തലുകൾ നടത്തുകയാണ്. തിരഞ്ഞെടുപ്പിൽ ഇലക്ട്രൽ വോട്ട് ഒരു നിർണായക ഘടകമാണ്. 270 എന്നത് സ്ഥാനാർത്ഥികളെ സംബന്ധിച്ച് ഒരു മാജിക് നമ്പറാണ്. ഇരു സ്ഥാനാർത്ഥികൾക്കും ഈ നമ്പർ നിർണായമാ

ശേഷം പേജ് 8ൽ



ദിവ്യരുടെ ഭരണവും കണ്ണൂർ രാഷ്ട്രീയവും (എൻ.പി. ചെക്കുട്ടി എഴുതുന്നു) പേജ് 05

കലങ്ങിയ പൂരവും, മായക്കാഴ്ചകളും – പേജ് 15

നാണം മറയ്ക്കാനുള്ള തുണിക്കഷണം കൊണ്ട് കൊടി തുന്നുന്ന രാഷ്ട്രീയതരികിടകൾ പേജ് 22

ഭരണഘടനയിലെ മതനിരപേക്ഷതയെ ഭയപ്പെടുന്നവർ പേജ് 25

## സോഫ്റ്റ് ലാൻഡിംഗ്: ചരിത്ര നേട്ടം കൈവരിച്ച്

# അമേരിക്കൻ സമ്പദ്‌വ്യവസ്ഥ



വാഷിംഗ്ടൺ: യുഎസ് സമ്പദ്യവസ്ഥ ശ്രദ്ധേയവും ചരിത്രപരവുമായ നേട്ടം കൈവരിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. എന്നിട്ടും പ്രസിഡന്റ് തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ, ഭൂരിഭാഗം വോട്ടർമാരും പറയുന്നത് സമ്പദ്യവസ്ഥയുടെ അവസ്ഥയിൽ തങ്ങൾക്ക് അതൃപ്തിയുണ്ടെന്നാണ്. അത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ല.സമ്പദ്യവസ്ഥയിൽ ഉൽപാദിപ്പിക്കുന്ന എല്ലാ ചരക്കുകളും സേവനങ്ങളും അളക്കുന്ന മൊത്ത ആഭ്യന്തര ഉൽപാദനം മൂന്നാം പാദത്തിൽ 2.8% വാർഷിക നിരക്കിൽ വർധിച്ചതായി വാണിജ്യ വകുപ്പ് ബുധനാഴ്ച അറിയിച്ചു. ഒരു ഫാക്ട്സെറ്റ് വോട്ടെടുപ്പിൽ സാമ്പത്തിക വിദഗ്ധർ പ്രവചിച്ച 2.6% നിരക്കിന് മുകളിലുമാണ്. കാലാനുസൃതമായ ചാഞ്ചാട്ടങ്ങൾക്കും പണപ്പെരുപ്പത്തിനും അനുസരിച്ചാണ് ജിഡിപി ക്രമീകരിച്ചിരിക്കുന്നത്.സെപ്റ്റംബറിൽ സമ്പദ്യവസ്ഥ 254,000 തൊഴിലവസരങ്ങൾ കൂട്ടിച്ചേർത്തിരുന്നു. പണപ്പെരുപ്പം ഫെഡറൽ റിസർവിന്റെ 2% ലക്ഷ്യത്തിൽ നിന്ന് അൽപ്പം അകലെയാണ്. 2021 മാർച്ചിന് ശേഷമുള്ള ഏറ്റവും വേഗതയേറിയ കുതിപ്പിൽ ഉപഭോക്തൃ ആത്മവിശ്വാസം ഈ മാസം കുതിച്ചുയർന്നുവെന്നാണ് വ്യക്തമാകുന്നത്. കോൺഫറൻസ് ബോർഡിന്റെ അഭിപ്രായത്തിൽ, ബുധനാഴ്ചത്തെ റിപ്പോർട്ട്, ഒരു ശക്തമായ സമ്പദ്‌വ്യവസ്ഥയുടെ അടയാളപ്പെടുത്തലാണ്.ഇപ്പോൾ ഒരു സോഫ്റ്റ് ലാൻഡിംഗ് പ്രഖ്യാപിക്കണമെന്ന് താൻ കരുതുന്നുവെന്ന് സെന്റ് ലൂയിസിന്റെ ഫെഡറൽ റിസർവ് ബാങ്ക് മുൻ പ്രസിഡന്റ് ജെയിംസ് ബുള്ളാർഡ് ഈ മാസം ആദ്യം സി.എൻ.എന്നിന് നൽകിയ ഒരു അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു.

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

### 1 മില്യൺ ഗിവ് എവേ കേസ്

# ഹിയറിംഗിൽ ഹാജരാകാൻ ഇലോൺ മസ്കിനോട് കോടതി



വാഷിങ്ടൺ: 1 മില്യൺ ഡോളർ ഗിവ് എവേ കേസിൽ വിചാരണയ്ക്കായി ഫിലാഡൽഫിയയിലെ അടിയന്തര ഹിയറിംഗിൽ പങ്കെടുക്കാൻ ശതകോടീശ്വരൻ ഇലോൺ മസ്കിനോട് കോടതി.

യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് ഭരണാഘടനാവകാശങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഓൺലൈൻ നിവേദനത്തിൽ ഒപ്പിടുന്നവർക്ക് തിരഞ്ഞെടുപ്പ് വരെ ഓരോ ദിവസവും ഒരു മില്യൺ ഡോളർ വാഗ്ദാനം ചെയ്തതാണ് മാസ്കിനെതിരെയുള്ള കേസ്.

അതേസമയം പെൻസിൽവാനിയയിലെയും മറ്റ് സ്റ്റേറ്റുകളിലെയും വോട്ടർമാർക്ക് പണം വാഗ്ദാനം ചെയ്തുള്ള '1 മില്യൺ ഗിവ് എവേ' നിർത്തലാക്കാനും ഫിലാഡൽഫിയയിലെ ജില്ലാ അറ്റോർണി ലാറ്റി ക്രാസ്നർ കഴിഞ്ഞ ദിവസം ഉത്തരവിട്ടിരുന്നു.

ഉത്തരവിന് പിന്നാലെ ക്രാസ്നർക്ക് സോഷ്യൽ മീഡിയയിൽ വൻ സൈബർ ആക്രമണമാണ് നേരിടേണ്ടി വന്നത്. അവരിൽ പലരും ക്രാസ്നറിനെതിരെ യഹൂദവിരുദ്ധ ആക്രമണം നടത്തി.

മുൻ അമേരിക്കൻ പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപ് അനുകൂലിയായ മസ്കിന്റെ നീക്കം ഫെഡറൽ തിരഞ്ഞെടുപ്പ് നിയമങ്ങളെ ലംഘിക്കുമെന്ന നീതിന്യായ വകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്നാണ് ലാറ്റി ക്രാസ്നറുടെ നീക്കം.

നവംബറിലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് വരെ വോട്ടർക്ക് പ്രതിദിനം പത്ത് ലക്ഷം ഡോളർ രൂപ നൽകുമെന്നായിരുന്നു മസ്കിന്റെ വാഗ്ദാനം. ട്രംപിന് പിന്തുണ നൽകാൻ മസ്ക് രൂപീകരിച്ച അമേരിക്ക പിഎസി പ്രചാരണ ഗ്രൂപ്പിന്റെ ഭരണഘടനാ അനുകൂല ഹർജിയിൽ ഒപ്പിടുന്ന വോട്ടർമാരിലൊരാൾക്കായിരിക്കും ഈ സഹായം ലഭിക്കുകയെന്നതായിരുന്നു മാനദണ്ഡം.

## American Diary

**50 Years Ago**

### *Rumble in the Jungle at 50: Remembering the iconic fight between Ali and Foreman*



Today marks the 50th anniversary of boxing's high watermark for sporting drama and cultural significance, when the iconic Muhammad Ali defeated the giant George Foreman in a tactical masterclass to regain the world heavyweight title.

On its own, the meeting of the 'Greatest' as Ali referred to himself and the unbeaten champion who had slain all before him, with the heavyweight championship of the world on the line, was a typically compelling starting point. But there was so much more to an event on which millions of words have been written and countless hours of footage aired.

October 30, 1974



## യുഎസ് തെരഞ്ഞെടുപ്പ് അടുത്തിരിക്കെ പ്രകോപനവുമായി ഉത്തരകൊറിയ; ബാലിസ്റ്റിക് മിസൈൽ പരീക്ഷണം നടത്തി

ടോക്കിയോ: ഉത്തരകൊറിയ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ പരീക്ഷണം നടത്തിയതായി ജപ്പാന്റെ പ്രതിരോധ മന്ത്രാലയം അറിയിച്ചു. യുഎസ് പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിന് ദിവസങ്ങൾക്ക് മുമ്പാണ് വിക്ഷേപണം. വിക്ഷേപിച്ചത് ദീർഘദൂര ബാലിസ്റ്റിക് മിസൈലാണെന്ന് ദക്ഷിണ കൊറിയയുടെ ജോയിന്റ് ചീഫ് ഓഫ് സ്റ്റാഫും സ്ഥിരീകരിച്ചു.

ജപ്പാന്റെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിന് പുറത്താണ് മിസൈൽ വീണതെന്ന് രാജ്യത്തിന്റെ പ്രതിരോധ മന്ത്രാലയത്തെ ഉദ്ധരിച്ച് പബ്ലിക് ബ്രോഡ്കാസ്റ്റർ എൻഎച്ച്കെ റിപ്പോർട്ട് ചെയ്തു.

ഏകദേശം ഒരു മണിക്കൂറും 26 മിനിറ്റും മിസൈൽ പറന്നതായി ജാപ്പനീസ് പ്രതിരോധ മന്ത്രി ജനറൽ നകതാനി പറഞ്ഞു. അതേസമയം യുഎസ് നാഷണൽ സെക്യൂരിറ്റി കൗൺസിൽ വിക്ഷേപണത്തെ യുഎൻ സുരക്ഷാ കൗൺസിൽ പ്രമേയങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് വിമർശിച്ചു.

## സൈന്യത്തിന് പകരമായി റഷ്യയോട് ആണവ സാങ്കേതിക വിദ്യ ആവശ്യപ്പെടാൻ ഉത്തരകൊറിയ



സോൾ: ഉക്രെയ്നിനെതിരായ യുദ്ധത്തിൽ റഷ്യയെ സഹായിക്കാൻ സൈന്യത്തെ വിന്യസിക്കുന്നതിന് പകരമായി ആണവായുധങ്ങളുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യ മോസ്കോയോട് ഉത്തര കൊറിയ ആവശ്യപ്പെടാൻ സാധ്യതയുണ്ടെന്ന് ദക്ഷിണ കൊറിയൻ പ്രതിരോധ മന്ത്രി കിം യോങ് ഹ്യൂൻ.

തന്ത്രപരമായ ആണവായുധങ്ങൾ, രഹസ്യാന്വേഷണ ഉപഗ്രഹങ്ങൾ, ആണവ അന്തർവാഹിനികൾ എന്നിവയുമായി ബന്ധപ്പെട്ട റഷ്യൻ സാങ്കേതിക വിദ്യകൾ ഉത്തരകൊറിയ ആവശ്യപ്പെടുമെന്ന് കിം പറഞ്ഞു.

അതേസമയം റഷ്യയെ സഹായിക്കാൻ ഉത്തര കൊറിയ സൈന്യത്തെ വിന്യസിക്കുന്നത് കൊറിയൻ ഉപദ്വീപിൽ യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന് താൻ വിശ്വസിക്കുന്നില്ലെന്നും എന്നാൽ അത് കൊറിയൻ ഉപദ്വീപിലെ സുരക്ഷാ ഭീഷണികൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നും കിം പറഞ്ഞു.

റഷ്യയിലേക്കുള്ള ഉത്തര കൊറിയയുടെ സൈനിക വിന്യാസത്തെക്കുറിച്ച് ദക്ഷിണ കൊറിയ ആഴ്ചകളായി മുന്നറിയിപ്പ് നൽകുന്നുണ്ട്. അതേ സമയം ഉക്രൈനെതിരെ വിജയം എളുപ്പമല്ലെന്ന് റഷ്യ തിരിച്ചറിഞ്ഞതോടെ ഉത്തരകൊറിയയിൽ നിന്നുള്ള സൈനികരെ രംഗത്തിറക്കിയിരിക്കുകയാണ്.

യുദ്ധക്കളത്തിൽ റഷ്യക്കാർക്ക് ഉത്തര കൊറിയൻ സൈനികർ എത്രത്തോളം സഹായകരമാകുമെന്ന് ഇപ്പോഴും വ്യക്തമല്ല.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## റീ...പോളിംഗ്




എ.ഡി.എമ്മിന്റെ മരണം, കണ്ണൂർ കലക്ടറുടെ മൊഴി കോടതി തള്ളി

# ഷിക്കാഗോ മലയാളി അസോസിയേഷൻ കേരളപ്പിറവി ആഘോഷിക്കുന്നു

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 3ന് മൗണ്ട് പ്രോസ്പെക്റ്റിലുള്ള അസോസിയേഷൻ ഹാളിൽ കേരളപ്പിറവി ആഘോഷം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. നവംബർ 3 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് നടക്കുന്ന പരിപാടിയിൽ ധനകാര്യ വിദഗ്ധൻ സാബു തോമസ് മുഖ്യാതിഥി ആയിരിക്കും. റിട്ടയർമെന്റ് ആസൂത്രണം, ധനകാര്യ മാനേജ്മെന്റ്, എസ്റ്റേറ്റ് പ്ലാനിംഗ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം ക്ലാസ് എടുക്കുകയും ചോദ്യങ്ങൾക്കുള്ള മറുപടി നൽകുകയും ചെയ്യും.

നേരത്തെ ഒന്നായ തിരുകൊച്ചി നാട്ടു രാജ്യങ്ങളും പിന്നീട് മലബാറും ചേർന്ന് 1956 നവംബർ 1ന് രൂപീകൃതമായ കേരളം അന്ന് മുതലാണ് കേരളപ്പിറവി ആഘോഷിച്ചു തുടങ്ങിയത്. ലോകത്തിന്റെ ഏതു കോണിൽ ചേക്കേറിയാലും തങ്ങളുടെ ഭാഷയും സംസ്കാരവും പൈതൃകവും മറക്കാത്ത മറ്റു മലയാളികളെപ്പോലെ നമ്മൾ അമേരിക്കൻ മലയാളികളും അത് കൊണ്ട് തന്നെയാണ് എല്ലാ ആഘോഷങ്ങളും നെഞ്ചിലേറ്റുന്നത്.

സംഘടനകളിൽ നിന്ന് നാമെന്താണ് പ്രതീക്ഷിക്കുന്നത്. നിരവധി സംഘടനകളുള്ള ഈ രാജ്യത്ത് ഈ സംഘടനകളെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് എന്താണെന്ന വിഷയത്തെ അധികരിച്ചുള്ള ഒരു ചർച്ചയും കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് മലയാളി അസോസിയേഷൻ സംഘടിപ്പിക്കുന്നു.

ഈ ആഘോഷത്തിലേക്ക് എല്ലാ ഷിക്കാഗോ മലയാളി സുഹൃത്തുക്കളെയും സ്വാഗതം ചെയ്യുന്നതായി ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഫിലിപ്പ് ലൂക്കോസ്, സിബിൽ ഫിലിപ്പ്, മനോജ് അച്ചേട്ട്, വിവീഷ് ജേക്കബ് എന്നിവർ അറിയിച്ചു.

*ബിജു മുണ്ടക്കൽ*



Jose Anamala (President) | Matt Vilangattusseril (Vice President) | Dr. Shaji Palliveettil (Secretary) | Chris Kattapuram (Joint Secretary) | Adv. Teena Thomas Neduvampuzha (Treasurer)

# KCS ഷിക്കാഗോയ്ക്ക് നവനേതൃത്വം: ജോസ് ആനമല പ്രസിഡന്റ്

ഷിക്കാഗോ: ജോസ് ആനമലയുടെ നേതൃത്വത്തിൽ മത്സരിച്ച 'വോട്ട് ഫോർ ചെയ്ഞ്ച് ' എന്ന ടീമിന് ഉജ്ജ്വല വിജയം. ഈ പാനലിൽ മത്സരിച്ച 20 പേരിൽ 19 പേരും വിജയിച്ചു.

ജോസ് ആനമല (പ്രസിഡന്റ്), മാറ്റ് വിലങ്ങാട്ടുശ്ശേരിൽ (വൈസ് പ്രസിഡന്റ്), ഡോ. ഷാജി പള്ളിവീട്ടിൽ (സെക്രട്ടറി), ക്രിസ് കട്ടപ്പുറം (ജോയിന്റ് സെക്രട്ടറി), അഡ്വ. ടീന തോമസ് നെടുവാമ്പുഴ (ട്രഷറർ).

നാഷണൽ കൗൺസിൽ പ്രതിനിധികളായി ജോമി ഇടയാടിയിൽ (വുമൺസ് പ്രതിനിധി), ജെയ്സൺ ഐക്കരപ്പറമ്പിൽ (യൂത്ത് പ്രതിനിധി), ബാബു തൈപ്പറമ്പിൽ, വിപിൻ ചാലുങ്കൽ, ഡിബിൻ വിലങ്ങുകല്ലേൽ, സാജൻ പച്ചിലംമാക്കിൽ, ആനന്ദ് അശാലയിൽ.

വാർഡ് പ്രതിനിധികളായി സിറിൽ അമ്പേനാട്ട് (വാർഡ് 1), സിജോ പുള്ളോർകുന്നേൽ (വാർഡ് 2), മെറിൽ മൂടിക്കല്ലേൽ (വാർഡ് 3), അജയ് വലത്തട്ട് (വാർഡ് 4), ബിജു പൂത്തറ (വാർഡ് 5), ജോബ്മോൻ പുളിക്കമറ്റം(വാർഡ് 6), സിറിൽ പരേൽ (വാർഡ് 7), മെഹുൽ എബ്രഹാം ഏലൂർ (വാർഡ് 8) എന്നിവരാണ് വിജയിച്ചത്.

ലോക ക്നാനായ കമ്മ്യൂണിറ്റിയുടെ ഈറ്റില്ലമായ ഷിക്കാഗോയിൽ പ്രവർത്തിക്കുന്ന ആത്മായസംഘടനയാണ് കെസിഎസ് ഷിക്കാഗോ. കഴിഞ്ഞ ഒരുമാസമായി വളരെ വാശിയേറിയ ഇലക്ഷൻ പ്രവർത്തനങ്ങൾ ഇരുടീമുകളും കാഴ്ചവച്ചു.

എന്നാൽ പുതിയ മുഖങ്ങൾക്കു വേണ്ടി ടീം ചെയ്ഞ്ചിനുവേണ്ടി ആളുകൾ വോട്ടുചെയ്ത് അവർ വിജയിച്ചു. ഒക്ടോബർ 26-ാം തീയതി രാവിലെ 9 മണിമുതൽ വൈകുന്നേരം 9 മണിവരെ 2288 പേർ വോട്ടു ചെയ്തു. വിജയിച്ച ജോയ് ആനമലയ്ക്ക് 1611 വോട്ട് ലഭിച്ചു. 934 വോട്ടിന്റെ വൻ ഭൂരിപക്ഷമാണ്.

# ബെൻസൻവിൽ ഇടവകയിൽ കുടുംബനവീകരണധ്യാനം നവംബർ 1,2, തീയതികളിൽ




ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ കുടുംബ നവീകരണ ധ്യാനം നവംബർ 1,2, വെള്ളി, ശനി ദിവസങ്ങളിൽ നടത്തപ്പെടും. ഫാ. ജിബിൽ കുഴിവേലിൽ ധ്യാനത്തിനു നേതൃത്വം നൽകും. നവംബർ 1 വെള്ളിയാഴ്ച രാവിലെ 8.30 ന് വി. കുർബാനയും ആരാധനയും ആരംഭിക്കും. വൈകുന്നേരം 6മണിക്ക് വചനപ്രഘോഷണം, 7ന് വി.കുർബ്ബാന തുടർന്ന് 9 വരെ വചനപ്രഘോഷണം. ധ്യാനത്തിന്റെ രണ്ടാം ദിവസമായ നവംബർ 2 സകല മരിച്ച വിശ്വാസികളുടെയും തീരുന്നാൾ ദിവസമായി ആചരിക്കുന്നു. രാവിലെ 9ന് സിമിത്തേരിയിൽ പ്രത്യേക പ്രാർത്ഥനയും തുടർന്ന് 10ന് ദൈവാലയത്തിൽ മരിച്ച വിശ്വാസികൾക്കായി വി.കുർബാനയും ഉണ്ടായിരിക്കും. വൈകുന്നേരം 4മണിക്ക് ധ്യാനം സമാപിക്കും. നവംബർ 2 ശനിയാഴ്ച ഹോളി ചൈൽഡ് ഹുഡ് & മിഷൻലീഗ് കുട്ടികൾക്കായി പ്രത്യേക ധ്യാനവും ഉണ്ടായിരിക്കും. പ്രയർ ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ക്രമീകരിക്കുന്നു.

*ലിൻസ് താന്നിച്ചുവട്ടിൽ*

# കൊന്തപ്പത്ത് സമാപനവും യൂദാശ്ലീഹായുടെ നൊവേന തിരുനാൾ സമാപനവും




ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഫൊറോനാ പള്ളിയിൽ പത്തുദിനങ്ങൾ നീളുന്ന കൊന്തപ്പത്തും വിശുദ്ധ യൂദാശ്ലീഹായുടെ നൊവേന തിരുനാളും ഒക്ടോബർ 31 വ്യാഴാഴ്ച സമാപിക്കുന്നു.

വിവിധ ഭക്തസംഘടകളുടേയും, സൺഡേ സ്കൂളിന്റേയും കൂടാരയോഗങ്ങളുടെയും നേതൃത്വത്തിലാണ് ജപമാല ചൊല്ലുക.

ഒക്ടോബർ 31ന് വൈകിട്ട് 6.30ന് ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാനയും, പ്രദക്ഷിണവും, വി.കുർബ്ബാനയുടെ ആശീർവാദവും ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് ഊട്ടുനേർച്ചയും ഉണ്ടായിരിക്കും.

പത്തു ദിവസം നീണ്ടുനിൽക്കുന്ന അനുഗ്രഹദായകമായ തിരുക്കർമങ്ങളിലേയ്ക്ക് ഇടവക വികാരി ഫാ. തോമസ് മുളവനാൽ ഏവരെയും സ്വാഗതം ചെയ്യുന്നു.



# ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ബാഡ്മിന്റൺ ടൂർണമെന്റ് ആവേശമായി

ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ടൂർണമെന്റ് പ്ലൂമ ബാഡ്മിന്റൺ ക്ലബ് പേട്രൺ ജോർജ് നെല്ലാമറ്റം ഉദ്ഘാടനം ചെയ്തു. 49 ടീമുകൾ വിവിധ വിഭാഗങ്ങളിൽ മത്സരിച്ചു. 12 മണിക്കൂർ തുടർച്ചായി നടന്ന മത്സരങ്ങളിൽ 70 അധികം കായിക താരങ്ങൾ പങ്കെടുത്തു.

ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ നടത്തിയ ബാഡ്മിന്റൺ ടൂർണമെന്റിൽ മെൻസ് ഓപ്പൺ വിഭാഗത്തിൽ ജുബിൻ വെട്ടിക്കാട്ട് & ആരോൺ ബ്രിജേഷ് ടീം വിജയികളായി. വിജയ പരാജയങ്ങൾ മിന്നി മറഞ്ഞ ഫൈനൽ മത്സരത്തിൽ ജെറി ജോർജ് & ജോയൽ ടീമിനെ ആണ് പരാജയപ്പെടുത്തിയത്. വരുൺ ഗോപിനാഥ് & മെൽബിൻ തോമസ്, നവീൻ ചെറിയാച്ചൻ & ജിതിൻ ചെറിയാൻ ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

മെൻസ് ഓപ്പൺ പൂൾ ആ വിഭാഗത്തിൽ ജിനേഷ് മാത്യു & ജെറിൽ ജോർജ് എന്നിവർ അജൈൻ കുഴിമറ്റത്തിൽ & ഗോപൻ ടീമിനെയാണ് പരാജയപ്പെടുത്തി വിജയികളായി.

വിമൻസ് ഓപ്പൺ വിഭാഗത്തിൽ ജെസ്ലിൻ വെട്ടിക്കാട് & ജാസ്ലിൻ ആലപ്പാട് ടീം വിജയികളായി. ഫൈനൽ മത്സരത്തിൽ മഞ്ജു കൊല്ലപ്പള്ളി & ക്രിസ്റ്റിന ജോസഫ് ടീമിനെയാണ് പരാജയപ്പെടുത്തിയത്. നിമി ഫ്രാൻസിസ് & ബീന മാത്യു, സുനിത അലക്കാട്ട് & സുനിത ജോൺ ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

അമേരിക്കൻ ബാഡ്മിന്റൺ ചരിത്രത്തിൽ ആദ്യമായ് നടന്ന മെൻസ് 100 ഇയർ കംബൈൻഡ് വിഭാഗത്തിൽ ജോർജ് നെല്ലാമറ്റം & ജെറി ജോർജ് ടീം ഫൈനൽ മത്സരത്തിൽ ബിജു സേതുമാധവൻ & രഘു കൃഷ്ണപിള്ള ടീമിനെ പരാജയപ്പെടുത്തി കിരീടം സ്വന്തമാക്കി. മെൽബിൻ തോമസ് & നിണൽ മുണ്ടപ്ലാക്കൽ, സാനു സ്കറിയ & ഹരികുമാർ പിള്ള ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

മെൻസ് 45+ വിഭാഗത്തിൽജെയിംസ് വെട്ടിക്കാട്ട് & ഷിബു നായർ ബ്രിജേഷ് ടീം വിജയികളായി. ആവേശം വാനോളം ഉയർത്തിയ ഫൈനൽ മത്സരത്തിൽ ബിജു സേതുമാധവൻ & ജെറിൽ ജോർജ് ടീമിനെയാണ് പരാജയപ്പെടുത്തിയത്. സന്തോഷ് ജോർജ് & സിബി ദേവസ്സി, വിജയ് പുത്തൻവീട്ടിൽ & ദിപു കരിങ്ങട ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

വിമൻസ് 35 + വിഭാഗത്തിൽ ഐവി പുത്തൻവീട്ടിൽ മഞ്ജു കൊല്ലപ്പള്ളിൽ ടീം വിജയികളായി . ഫൈനൽ മത്സരത്തിൽ സുനിത അലക്കാട്ട് & സുനിത ജോൺ ടീമിനെ ആണ് പരാജയപ്പെടുത്തിയത്. നിമി ഫ്രാൻസിസ് & ബീന മാത്യു, റിനി ജോർജ് & നീനു കാട്ടൂക്കാരൻ ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

ജൂനിയർ വിഭാഗത്തിൽ ജാസ്ലിൻ ആലപ്പാട് & ജിയാന ആലപ്പാട് ടീം ജോയൽ ജനേഷ് തേനിമ്പ്ലാക്കൽ & ജോആൻ ജനേഷ് തേനിമ്പ്ലാക്കൽ ടീമിനെ പരാജയപ്പെടുത്തി വിജയികളായി. ഐഡൻ ആന്റോ & ആർതർ സജി വർഗീസ്, ഐസക് മാത്യു & ജെയിംസ് മാത്യു, ടെസ്സ ചുങ്കത് & സോണിയ മാത്യു ടീമുകൾ സെക്കൻഡ് റണ്ണർ അപ്പ് ആയി.

മത്സരങ്ങൾക്ക് അനീഷ് ആന്റോ, ജതേഷ് ചുങ്കത്, സന്തോഷ് കാട്ടൂക്കാരൻ, മനോജ് കോട്ടപ്പുറം, ബോബി സെബാസ്റ്റ്യൻ, ജോൺ കൂള, വിജയ് പുത്തൻവീട്ടിൽ, സജി വർഗീസ്, സന്തോഷ് നായർ, ജിജു സ്റ്റീഫൻ, സുജിത് കേനോത്, ജോൺസൻ കാരിക്കൻ, ജോർജ് നെല്ലാമറ്റം, ഐവി പുത്തൻവീട്ടിൽ, അമ്പിളി കരിങ്ങട, ടോബിൻ തോമസ്, ജനേഷ് മാത്യു, വില്യം തെക്കേത്ത്, ജേക്കബ് പുറയംപറമ്പിൽ എന്നിവർ നേതൃത്വം കൊടുത്തു. മുഖ്യ സംഘാടകനായിരുന്ന അനീഷ് ആന്റോയെ ഗ്രെയ്റ്റർ സി.എം.എ, പൊന്നാട കൊടുത്താദരിച്ചു. സന്തോഷ് കാട്ടൂക്കാരനെയും പ്രത്യേകം അദരിച്ചു.

എല്ലാ കായിക താരങ്ങൾക്കും, കാണികൾക്കും, സംഘാടകർക്കും സന്തോഷ് നായർ സ്വാഗതവും, മനോജ് കോട്ടപ്പുറം എല്ലാ സ്പോൺസേഴ്സിനും മെഗാ, ഗോൾഡ് സ്പോൺസേഴ്സ് ആയിരുന്ന പ്ലൂമ ബാഡ്മിന്റൺ ക്ലബ് , ജിജു സ്റ്റീഫൻ, മലബാർ ഗോൾഡ് & ഡയമണ്ട് എന്നിവർക്കും, പങ്കെടുത്ത എല്ലാ താരങ്ങൾക്കും കൃതന്ജത അറിയിച്ചു.

# സാഹിത്യവേദി നവംബർ 1ന് സാഹിത്യ നോബൽ ജേതാവ് ഹാൻ കാങ്ങിന്റെ നോവൽ ചർച്ച ചെയ്യുന്നു



ഷിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം നവംബർ 1 വെള്ളിയാഴ്ച ഷിക്കാഗോ സമയം വൈകുന്നേരം 7:30ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.

(Zoom Meeting Link https://us02web.zoom.us/j/81475259178
Passcode: 2990
Meeting ID: 814 7525 9178)

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി മലയാള സാഹിത്യ നിരൂപണ രംഗത്ത് പ്രവർത്തിക്കുകയും ആനുകാലികങ്ങളിൽ സാഹിത്യ, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് പതിവായി ലേഖനങ്ങൾ എഴുതുകയും ചെയ്യുന്ന ആർ.എസ്. കുറുപ്പാണ് ഇത്തവണ സാഹിത്യവേദി ചർച്ച നയിക്കുന്നത്. മലയാള നോവൽ പഠനങ്ങളുടെ സമാഹാരമായ 'യുഗാവസാനത്തിന്റെ രണ്ടാമൂഴം', 'അമ്മ മഹാറാണി' (നാടക സമാഹാരം), മാർട്ടിൻ ലൂഥർ കിങ്ങിന്റെ ആത്മകഥ യുടെ പരിഭാഷ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ.

പെട്ടെന്നൊരു ദിവസം സസ്യഭോജിയായി മാറുന്ന ഒരു വീട്ടമ്മയുടെ കഥയാണ് ഇത്തവണത്തെ നോബൽ സമ്മാനം നേടിയ കൊറിയൻ നോവലിസ്റ്റ് ഹാൻ കാങ്ങിന്റെ 'ദ വെജിറ്റേറിയൻ'. ഡെബോറ സ്മിത്ത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ഈ നോവലിനാണ് 2016ലെ മാൻ ബുക്കർ പ്രൈസ് ലഭിച്ചത്. അധിക്ഷിപ്തയാവുന്ന, വെറുമൊരു വീട്ടുപകരണം മാത്രമായി കണക്കാക്കപ്പെടുന്ന സ്ത്രീയുടെ ആത്മ സംഘർഷങ്ങളും അവളുടെ അബോധമായ ചെറുത്തുനിൽപ്പും പ്രതീകാത്മകമായി ഹൃദ്യമായി ആവിഷ്കരിക്കപ്പെടുന്ന 'ദ വെജിറ്റേറിയൻ' പ്രബന്ധകാരൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല നോവലുകളിലൊന്നാണ്.

ഒക്ടോബർ മാസ സാഹിത്യവേദിയിൽ 'ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശില്പങ്ങൾ' എന്ന വിഷയത്തിൽ മഹാകവി ഇടശ്ശേരിയുടെ മകനും വിഖ്യാത പരിഭാഷകനുമായ അശോകകുമാർ ഇടശ്ശേരി അവതരിപ്പിച്ച പ്രബന്ധം ഏറെ ആസ്വാദ്യമായി. എല്ലാ സാഹിത്യ സ്നേഹികളേയും നവംബർ മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ആർ.എസ്. കുറുപ്പ് - rskurup1@gmail.com, പ്രസന്നൻ പിള്ള 630-935-2990, ജോൺ ഇലക്കാട് 773-282-4955

# ഫൊക്കാന വനിതാ ഫോറത്തിന്റെ ന്യൂയോർക്ക് റീജണൽ കോർഡിനേറ്ററായി ഉഷ ജോർജ്




ന്യൂയോർക്ക്: ഫൊക്കാനവനിതാ ഫോറം ന്യൂയോർക്ക് റിജിയന്റെ കോർഡിനേറ്ററായി ഉഷ ജോർജിന്റെ നേതൃത്വത്തിൽ ഒരു ടീമിനെ തെരഞ്ഞെടുത്തതായി വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു.ഫൊക്കാന വനിതാ ഫോറത്തിന്റെ പ്രവർത്തനങ്ങൾ പരക്കെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. ജനോപകരപ്രദമായ പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുന്ന വിമൻസ് ഫോറത്തിന് പിന്തുണയുമായി ഫൊക്കാനാ നേതൃത്വവും പ്രവർത്തിക്കുന്നു.

ഫൊക്കാനാ ചാരിറ്റി രംഗത്ത് കൂടുതൽ സജീവമാകണമെന്നാണ് വനിതാ ഫോറത്തിന്റെ പക്ഷം. പക്ഷെ അത് നാടിനെ മാത്രം ഉന്നംവെച്ചായിരിക്കരുത്. ഇവിടെ എത്രപേർ ജോലിയില്ലാതെയും, രോഗം വന്നും കഷ്ടപ്പെടുന്നു. ചാരിറ്റിയുടെ ഗുണം അവർക്കുകൂടി ലഭിക്കണം.

അല്ലെങ്കിൽ സംഘടനയും പ്രവർത്തനവുമൊക്കെ വെറുമൊരു ഒത്തുകൂടലായി ചുരുങ്ങും. ഒരു നേട്ടങ്ങളും ഉണ്ടാകാതെ പോകുംമെന്നു പൊതുവെയുള്ള അഭിപ്രായം. അത് കണ്ടറിഞ്ഞുള്ള ഒരു പ്രവർത്തനവുമായാണ് വിമെൻസ് ഫോറം മുന്നോട്ട് പോകേണ്ടെന്നത് എന്ന് റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസ് അഭിപ്രായപ്പെട്ടു.

സാമൂഹ്യ പുരോഗതിയിൽ അനിവാര്യമായ മാറ്റം കൈവരിക്കാൻ ഇന്ന് സ്ത്രികൾക്ക് കഴിയുന്നുണ്ട്, പക്ഷേ പല മേഖലകളിലും ഇപ്പോഴും സാമൂഹ്യ നീതിക്കു വേണ്ടി പൊരുതുന്നുമുണ്ട്. ശരിയായ ആശയങ്ങളെയും, ചിന്തകളെയും മറ്റുള്ളവരിലേക്ക് എത്തിക്കാനും, ശരികളെ ബോധ്യപ്പെടുത്താനും, കഴിയുന്ന വേദികൂടിയാകണം ഫൊക്കാന വനിതാഫോറം എന്ന് വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള അഭിപ്രായപ്പെട്ടു.

പുതിയ തെരഞ്ഞടുത്ത വിമെൻസ് ഫോറം ന്യൂയോർക്ക് റിജിയന്റെ ഭാരവാഹികൾക്കു എല്ലാ വിധ ആശംസകളും നേരുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷർ ജോയി ചാക്കപ്പൻ, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ളെ, അഡീഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് സെക്രട്ടറി ബിജു ജോൺ റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസ്, ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്പേഴ്സായ മേരിക്കുട്ടി മൈക്കിൾ, മേരി ഫിലിപ്പ്, സജു സെബാസ്റ്റ്യൻ, ട്രസ്റ്റീ ബോർഡ് മെമ്പേഴ്സായ ലീല മാരേട്ട്, തോമസ് തോമസ് എന്നിവർ അറിയിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*

# ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തന ഉദ്ഘാടനം 2024 നവംബർ 2-ാം തിയതി ശനിയാഴ്ച

നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ എക്കാലത്തെയും ശക്തി സ്ത്രോതസ്സുകളിലൊന്നായ ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തന ഉൽഘാടനം 2024 നവംബർ 2-ാം തിയതി ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ ടൈസൺ സെന്ററിൽ (26 N Tyson Ave ,Floral Park, NY 11001) വെച്ച് വിപുലമായ പരിപാടികളോട് നടത്തുന്നതാണ് എന്ന് റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസ് അറിയിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഉദ്ഘാടനം നിർവ്വഹിക്കും, കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ ചീഫ് ഗസ്റ്റായും പങ്കെടുക്കുന്നതാണ്. ഫൊക്കാനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ഒപ്പം ഫൊക്കാനയുടെ നേതാക്കളും പങ്കെടുക്കുന്നതാണ്.

മാറ്റങ്ങൾ ഉൾക്കൊണ്ട് ഫൊക്കാനാ ഇന്ന് അമേരിക്കൻ മലയാളികൾക്ക് പ്രിയപ്പെട്ട സംഘടനയായി മാറിയിരിക്കുകയാണ്. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഓരോ റീജിയനിലും ഉള്ള പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നത്. ന്യൂയോർക്ക് റീജിയൻ ഫൊക്കാനയുടെ ഒരു കരുത്താണ്.

നവംബർ 2-ാം തിയതി ശനിയാഴ്ച നടക്കുന്ന റീജണൽ കൺവെൻഷനിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസ്, റീജണൽ സെക്രട്ടറി ഡോൺ തോമാസ്, റീജണൽ ട്രഷറർ മാത്യു തോമാസ്, റീജണൽ പ്രോഗ്രാം കോർഡിനേറ്റർ ജിൻസ് ജോസഫ് എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ലാജി തോമസ് 516-849-0368, ഡോൺ തോമാസ് 516-993-0697, ജിൻസ് ജോസഫ് 646-725-1564.

# ഫൊക്കാന വിമൻസ് ഫോറം ഭാരവാഹികളെ തെരഞ്ഞെടുത്തു




ന്യൂയോർക്ക് : അമേരിക്കൻ കനേഡിയൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ 2024-26 കാലയളവിലേക്കുള്ള വിമൻസ് ഫോറം ഭാരവാഹികളെ തെരഞ്ഞെടുത്തു. ഭാരവാഹികളായി സുബി ബാബു (വിമൻസ് ഫോറം സെക്രട്ടറി), ബിലു കുര്യൻ (കോ-ചെയർ), ഷീല ചെറു (കോ-ചെയർ), ശ്രീവിദ്യ രാമചന്ദ്രൻ (കോ-ചെയർ), സരൂപാ അനിൽ (കോ-ചെയർ), ഷോജി സിനോയ് (എക്സിക്യൂട്ടീവ് കമ്മിറ്റി), ശോശാമ്മ ആൻഡ്രൂസ് (എക്സിക്യൂട്ടീവ് കമ്മിറ്റി), അബ്ജ അരുൺ (എക്സിക്യൂട്ടീവ് കമ്മിറ്റി), പ്രിയ ലൂയിസ് (എക്സിക്യൂട്ടീവ് കമ്മിറ്റി), സുനൈന ചാക്കോ (എക്സിക്യൂട്ടീവ് കമ്മിറ്റി), ഉഷ ചാക്കോ (എക്സിക്യൂട്ടീവ് കമ്മിറ്റി), ലിസി തോമസ് (എക്സിക്യൂട്ടീവ് കമ്മിറ്റി), ശീതൾ ദ്വാരക (എക്സിക്യൂട്ടീവ് കമ്മിറ്റി), എൽസി വിതയത്തിൽ (എക്സിക്യൂട്ടീവ് കമ്മിറ്റി), കവിത മേനോൻ (എക്സിക്യൂട്ടീവ് കമ്മിറ്റി), ഷീന എബ്രഹാം (എക്സിക്യൂട്ടീവ് കമ്മിറ്റി),ജൈന്റ് ജോൺ (എക്സിക്യൂട്ടീവ് കമ്മിറ്റി) എന്നിവരെ തെരഞ്ഞെടുത്തതായി വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള അറിയിച്ചു.

വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പല പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്.

നോർത്ത് അമേരിക്കൻ മലയാളികൾക്കും അഭിമാനമായി ഫൊക്കാന വിമൻസ് ഫോറം എന്നും മാതൃകയാണ്. എല്ലാവർഷവും നിരവധി കർമ്മ പദ്ധതികൾ ആണ് ഫൊക്കാന വിമൻസ് ഫോറം ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. രേവതി പിള്ളയുടെ നേതൃത്വത്തിലും നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ ഫൊക്കാന വിമൻസ് ഫോറം ഉദ്ഘാടനവേളയിൽ അറിയിക്കാമെന്നും രേവതി പിള്ള അറിയിച്ചു.

തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള, എക്സിക്യൂട്ടീവ് ടീം എന്നിവർ ആശംസകൾ അറിയിച്ചു.

*സരൂപ അനിൽ*



നാഴികമണി

# ദിവ്യരുടെ ഭരണവും കണ്ണൂർ രാഷ്ട്രീയവും



എൻ.പി. ചെക്കുട്ടി

കണ്ണൂരിലെ സി.പി.എം. മഹിളാ നേതാവ് ദിവ്യ ദൈവത്തിലോ മതത്തിലോ ഒന്നും വിശ്വസിക്കുന്ന ആളാകാനിടയില്ല. കാരണം കണ്ണൂർ കമ്മ്യൂണിസ്റ്റുകൾ എന്നാൽ കറകളഞ്ഞ ഭൗതികവാദികളാണ്. മാർക്സിസം അരച്ചുകുടിച്ചു നിത്യവും അല്പാല്പം നാട്ടുകാരുടെ മുന്നിൽ പരസ്യമായി ഛർദിക്കുന്ന ശൈലിയാണ് പാർട്ടിയുടെ ഒന്നാം നമ്പറുകാരൻ ഗോവിന്ദൻ മുതൽ സഖാക്കൾ പതിവായി അനുവർത്തിക്കുന്ന പരിപാടി. ദൈവവും മതവും വിശ്വാസങ്ങളും ഒക്കെ അവർക്ക് വെറും അന്ധവിശ്വാസങ്ങൾ. അതിനാൽ പോകുന്ന പോക്കിൽ മുമ്പിലെ വഴിയിൽ ചില ദുർലക്ഷണങ്ങൾ കാണപ്പെട്ടാലും അതൊന്നും അവർ കണക്കാക്കാറില്ല.

എന്നാൽ സാധാരണക്കാരായ നമുക്ക് അങ്ങനെ പറ്റില്ലല്ലോ. നമ്മളൊക്കെ വഴിയിലേക്ക് ഇറങ്ങുമ്പോൾ ഒരു കരിമ്പൂച്ച കുറുകെ ചാടിയാൽ ശരിക്കും ഒന്ന് വിയർക്കും. കാരണം അതൊരു ദുർലക്ഷണമാണ്. അങ്ങനെ ചില മുൻകൂർ മുന്നറിയിപ്പുകൾ വരുമ്പോൾ പലരും യാത്ര തന്നെ മാറ്റിയേക്കും. കവികളുടെ കാര്യവും അപ്രകാരം തന്നെ. കുമാരനാശാൻ ഒരിക്കൽ സ്വന്തം പേന കൊണ്ട് ഇങ്ങനെ കുറിച്ചിട്ടു: 'അന്തമില്ലാത്തൊരാഴിയിലേക്കിതാ ഹന്ത താഴുന്നു താഴുന്നു...' ആ വരികൾ എഴുതുമ്പോൾ തന്റെ അന്ത്യവും അതേ മട്ടിൽ തന്നെയാവും എന്ന് കവി ഓർത്തുകാണില്ല. പക്ഷേ അങ്ങനെയാണ് കാര്യങ്ങൾ വന്നു ഭവിച്ചത്. പല്ലനയാറ്റിൽ താൻ സഞ്ചരിച്ച റെഡീമർ ബോട്ട് വെള്ളത്തിലേക്കു മുങ്ങിത്താഴുമ്പോൾ ആശാൻ സ്വന്തം വരികൾ ഓർമിച്ചിരിക്കുമോ, ആവോ!

കണ്ണൂരിലെ ദിവ്യയും ആശാനെപ്പോലെ ദിവ്യമായ ഒരു നാവിന്റെ ഉടമയത്രെ. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ യാത്രയയപ്പു ചടങ്ങിൽ ക്ഷണിക്കാതെ കേറിച്ചെന്ന് അയാളെ അപമാനിക്കാൻ കരുതിക്കൂട്ടി തയ്യാറാക്കി അവർ വിളമ്പിയ വിഷമയമായ വാക്കുകൾ എത്ര അർത്ഥഗർഭമാണെന്നു നോക്കുക. ചുരുങ്ങിയ വാക്കുകൾ കൊണ്ട് ഒരു മനുഷ്യനെ ആത്മഹത്യയിലേക്കു നയിക്കാൻ മാത്രം പ്രാപ്തിയുള്ള എത്ര വാഗ്മികളുണ്ട് നമ്മുടെ നാട്ടിൽ? തുലോം അപൂർവം എന്നുതന്നെ പറയേണ്ടിവരും. അതിനാലാണ് പറഞ്ഞത് മേല്പറഞ്ഞ മഹതി ഒരു അസാധാരണ പ്രതിഭാശക്തിയുടെ ഉടമ തന്നെയെന്ന്.

ഈ ദിവ്യാംഗനയുടെ പ്രഭാഷണത്തിലെ ഒരു വാചകം പ്രത്യേകം ശ്രദ്ധേയമായിരുന്നു. 'ഒരു നിമിഷം മതി നമുക്ക് എന്തും സംഭവിക്കാൻ' എന്നാണ് അവർ വേദിയിൽ കയ്യും കാലും കെട്ടപ്പെട്ട ഇരയെപ്പോലെ നിസ്സഹായനായി ഇരുന്ന ഒരു സർക്കാർ ജീവനക്കാരനെ ഓർമപ്പെടുത്തിയത്. ഒരു നിമിഷം മതി തന്നെപ്പോലെ പ്രതാപശാലിയായ ഒരു ജനപ്രതിനിധിക്ക് വെറുമൊരു സർക്കാർ ഉദ്യോഗസ്ഥനായ തന്നെയൊക്കെ വകവരുത്താൻ എന്നാണ് അവർ അതിലൂടെ സൂചിപ്പിച്ചത്. കേട്ടിരുന്ന ഉദ്യോഗസ്ഥന്മാർക്ക് മറുപടി പറയാനുള്ള ശേഷിയില്ല എന്ന അറിവാണ് അവരുടെ മഹദ്വചനങ്ങൾക്കു ശക്തിയും ചാരുതയും നൽകുന്നത്. സർക്കാർ ഉദ്യോഗസ്ഥർ കർശനമായ പെരുമാറ്റച്ചട്ടങ്ങൾക്കും അച്ചടക്ക മാനദണ്ഡങ്ങൾക്കും വിധേയരാണ്. അതു തെറ്റിച്ചാൽ അപ്പോൾ കിട്ടും സസ്പെൻഷൻ. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ എന്തു പ്രകോപനമുണ്ടായാലും ആരും ഒന്നും തിരിച്ചു പറയാറില്ല. അതിനാൽ ജനപ്രതിനിധികൾ എന്നറിയപ്പെടുന്ന കൂട്ടർക്ക് അവരുടെ നേരെ മെക്കിട്ടു കേറാൻ ഒരു പ്രയാസവുമില്ല.




ഇത് ഒരു ദിവ്യയുടെ മാത്രം സ്വഭാവമാണെന്ന് ആരും കരുതരുത്. നിലമ്പൂരിൽ ഒരു എം.എൽ.എ. അന്നാട്ടിലെ സർക്കാർ ഉദ്യോഗസ്ഥർക്കു നേരെ കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ കണ്ടു കയ്യടിച്ച കൂട്ടരാണ് മലയാളികൾ. എന്തെല്ലാം ഉത്തരവുകളാണ് അദ്ദേഹം മാധ്യമങ്ങളുടെ മുന്നിൽ വെച്ചു പല ഉദ്യോഗസ്ഥർക്കും നൽകിയത്. അതൊന്നും വേണ്ട വിധം പാലിക്കപ്പെടുന്നില്ല എന്നു തോന്നിയപ്പോൾ ടിയാൻ സർക്കാരിന്റെ നാഥനായ മുഖ്യമന്ത്രിക്ക് നേരെ തിരിഞ്ഞു. എന്നാൽ മുഖ്യമന്ത്രിയും പാർട്ടിയും തിരിച്ചടി തുടങ്ങിയപ്പോൾ ആളു പരക്കം പാച്ചിലായി. ആ പോക്കിൽ അഭയം തേടി അദ്ദേഹം തമിഴ് നാട്ടിൽ വരെ ചെന്നെത്തി. എന്നാൽ തമിഴ്നാട്ടിലെ മുഖ്യമന്ത്രി ഇങ്ങനെ തോന്നിയപോലെ മറുകണ്ടം ചാടുന്ന വിദ്വാന്മാരെ കുറെ കണ്ടതാണ്. അതിനാൽ നിലമ്പൂർ കാക്ക പതിയെ തിരിച്ചു പറന്നു.

നിലംബൂരിലെ വിപ്ലവകാരിയും കണ്ണൂരിലെ ദിവ്യാംഗനയും ഒരേ കളരിയിൽ നിന്നാണ് പഠിച്ചിറങ്ങിയത്. ഇരുവരും സി.പി.എം. എന്ന കക്ഷിയുടെ ജനപ്രതിനിധികൾ എന്ന നിലയിലാണ് കേരളീയ പൊതുസമൂഹത്തിൽ അറിയപ്പെട്ടു വന്നത്. ജനപ്രതിനിധികളുടെ അടിമകളോ ഭൃത്യരോ ഒക്കെയാണ് സർക്കാർ ജീവനക്കാർ എന്ന മട്ടിലാണ് ഇരുവരും പെരുമാറിയത്. അതിനോടുള്ള ജനകീയ പ്രതികരണം വ്യത്യസ്തമായിരുന്നു എന്നത് ശരിയാണ്. എന്നാൽ അടിസ്ഥാനപരമായി ഒരു ജനാധിപത്യ സമൂഹത്തിൽ സർക്കാരിന്റെ ചുമതലകൾ നിറവേറ്റുന്ന ഉദ്യോഗസ്ഥവൃന്ദത്തോടു അധികാരികൾ കാണിക്കേണ്ട മര്യാദകളെ സംബന്ധിച്ച് ഇരുവർക്കും ഒരു ബോധവുമില്ല എന്ന കാര്യവും വ്യക്തമാണ്.

ജനാധിപത്യ സമൂഹത്തിൽ ഭരണ സംവിധാനത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾക്കിടയിൽ പരസ്പര ബന്ധങ്ങൾ സംബന്ധിച്ച കൃത്യമായ ചിട്ടകളും ചട്ടങ്ങളുമുണ്ട്. ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവൃത്തി ചെയ്യാനുള്ള സൗകര്യവും സാവകാശവും അധികാരികൾ നൽകിയേ പറ്റൂ. നിയമവും ചട്ടവും കാറ്റിൽപ്പറത്തി കാര്യങ്ങൾ നടപ്പാക്കാൻ തുടങ്ങിയാൽ നാട് കുട്ടിച്ചോറാവും. ഉദ്യോഗസ്ഥരിൽ പല തരത്തിലുള്ള പുഴുക്കുത്തുകളും കാണുമെന്നും തീർച്ച. അഴിമതിക്കാരും ധാരാളം. എന്നാൽ അഴിമതിക്കാരെപ്പോലും കൈകാര്യം ചെയ്യുന്നതിനു വ്യവസ്ഥാപിത രീതികളുണ്ട്. അധികാരം കയ്യാളുന്ന പാർട്ടികൾ അതൊക്കെ അനുസരിക്കാൻ ബാധ്യസ്ഥരുമാണ്. എന്നാൽ നിർഭാഗ്യവശാൽ കേരളത്തിലെ സി.പി.എം. അണികളും നേതൃത്വത്തിലും പലരും കരുതുന്നത് തങ്ങൾ നിശ്ചയിക്കുന്നതെന്തോ അതാണ് നിയമം എന്നാണ്. തങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ചു സർക്കാരിൽ കാര്യങ്ങൾ ഉടൻ നടന്നു കിട്ടിയില്ല എങ്കിൽ അവർ ഉദ്യോഗസ്ഥരുടെ മേൽ കുതിരകേറാൻ മടിക്കുകയില്ല. അതിന്റെ പേരിൽ ഈ നാട്ടിൽ എത്രയോ മര്യാദക്കാരായ ഉദ്യോഗസ്ഥർ ബലിയാടുകളായിട്ടുണ്ട്. അവരുടെ കഥകൾ ആരും അറിയാറില്ല.

കണ്ണൂരിലെ പോലീസിൽ ഇത്തരം കഥകൾ ധാരാളമാണ്. കൊലപാതക കേസുകളിൽ പോലും തങ്ങൾ നിർദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കാത്ത പോലീസ് ഉദ്യോഗസ്ഥരെ കായികമായും അല്ലാതെയും ഉപദ്രവിക്കുന്ന രീതി അവിടെ വളരെ വ്യാപകമാണ്. രാഷ്ട്രീയക്കൊല നടന്നാൽ ആരാണ് പ്രതി എന്നു നിശ്ചയിക്കുന്നത് അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥനല്ല; മറിച്ചു പ്രാദേശിക പാർട്ടി നേതാവാണ്. അവർ പ്രതികളുടെ ഒരു ലിസ്റ്റ് കൊടുക്കും. സമരവും സമ്മർദവും അധികമായാൽ കോടതിയിൽ ഹാജരാക്കാനുള്ള ആവശ്യത്തിന് പ്രതികളെ പോലീസിന് എത്തിച്ചു കൊടുക്കും. അവർ യാതൊരു ചാഞ്ചല്യവും ഇല്ലാതെ കുറ്റം സമ്മതിക്കും. കാരണം വിചാരണക്കാലത്തു ജയിലിൽ കഴിയേണ്ടി വന്നാൽ പോലും അവർക്കൊരു പ്രയാസവുമില്ല. കൃത്യമായി മാസപ്പടി വീട്ടിൽ എത്തിക്കും. കേസ് നടത്താൻ കൊലകൊമ്പന്മാരായ വക്കീലന്മാരെ പാർട്ടി ഏർപ്പാടാക്കും. കേസ് വിചാരണയിൽ പോലീസും സർക്കാരും പ്രതികളും ഒത്തുകളിക്കും. വേണ്ടത്ര തെളിവുകൾ ഇല്ല എന്ന കാരണത്താൽ പ്രതികളെ വെറുതെ വിടാൻ കോടതി നിർബന്ധിതമാകും. കണ്ണൂരിൽ ഇതൊരു സ്ഥിരം പ്രതിഭാസമാണ്. നീതിയെന്നത് അവിടെ സാധാരണ മനുഷ്യർക്ക് പ്രതീക്ഷിക്കാവുന്നതല്ല. പാർട്ടി പറയുന്നതെന്തോ, അതാണ് നീതി എന്നാണ് അവിടെയുള്ള രീതി.

സി.പി.എമ്മും ആർ.എസ്.എസും തമ്മിൽ സംഘർഷങ്ങൾ സ്ഥിരമായി അരങ്ങേറിയ പതിറ്റാണ്ടുകൾ നീണ്ട ഒരു കാലഘട്ടം ഇത്തരത്തിലുള്ള ഒരു സംവിധാനം ആ നാട്ടിൽ ആഴത്തിൽ വേരുപിടിക്കാൻ കാരണമായിട്ടുണ്ട്. അന്നാണ് പോലിസിനേയും മറ്റു ഭരണ സംവിധാനങ്ങളെയും വിവിധ പാർട്ടിക്കാർ വിഭജിച്ചു കൈവശം വെക്കാൻ തുടങ്ങിയത്. അച്ചടക്കമുള്ള ഒരു പോലീസ് സംവിധാനം തന്നെ ഇല്ലാതായി. ഉദ്യോഗസ്ഥർ മേലധികാരികളിൽ നിന്നല്ല, മറിച്ചു പ്രാദേശിക പാർട്ടി നേതാക്കളിൽ നിന്നും ഉത്തരവുകൾ സ്വീകരിക്കാൻ തുടങ്ങി. അതിനാൽ സാധാരണക്കാർ പോലീസിൽ പരാതിയുമായി ചെല്ലുമ്പോൾ രാഷ്ട്രീയക്കാരെയും കൂടെ കൂട്ടേണ്ട അവസ്ഥയും സംജാതമായി.

ഇങ്ങനെ മലീമസമായ ഒരു സംവിധാനത്തിന്റെ ഉല്പന്നമാണ് ദിവ്യയെപ്പോലുള്ള ജനപ്രതിനിധികളുടെ തേരോട്ടം എന്ന പ്രതിഭാസം. തങ്ങൾക്ക് നിയമങ്ങൾ ബാധകമല്ല എന്ന് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. തങ്ങളുടെ കല്പനകൾ പണ്ടത്തെ ജന്മിത്ത കാലത്തു കല്യാട്ടു യജമാനൻ നൽകുന്ന കല്പനകളെപ്പോലെ കല്ലിനെപ്പിളർക്കാനുള്ള ശേഷിയുള്ളതാണ് എന്നവർ വിശ്വസിക്കുന്നു. അതിൽ അവരെ കുറ്റം പറയാനുമില്ല. ആരും അവരെ ചോദ്യം ചെയ്യാൻ ധൈര്യപ്പെടാറില്ല. അതിനാൽ ഇത്തരം പെരുമാറ്റശൈലികൾ നാട്ടിലെ അംഗീകൃത രീതിയായി.

ഇത്തവണ കാര്യങ്ങൾ കുഴപ്പത്തിലേക്കു നീങ്ങിയത് ഇരയായ മനുഷ്യനും പാർട്ടി ബന്ധങ്ങളും സ്വാധീനവുമൊക്കെ ഉള്ളതിനാലാണ് എന്ന കാര്യവും വ്യക്തമാണ്. പത്തനംതിട്ടയിലെ പാർട്ടി കുടുംബത്തിലെ അംഗത്തെയാണ് ദിവ്യ നിർത്തിപ്പൊരിച്ചത്. അവിടെയുള്ള പാർട്ടിക്കാരും പാർട്ടി അനുഭാവികളായ സർക്കാർ ഉദ്യോഗസ്ഥരും ഒന്നാകെ ഇളകിയതോടെയാണ് കണ്ണൂരിലെ കോമാളികൾക്കു കാര്യങ്ങൾ കൈവിട്ടു പോയി എന്നു ബോധ്യമായത്. എന്നിട്ടും രണ്ടാഴ്ച്ചയോളം പ്രതിയെ തങ്ങളുടെ ചിറകിനടിയിൽ സംരക്ഷിക്കാൻ അവർ തയ്യാറായി. അഴിമതിക്കെതിരെയുള്ള സദുദ്ദേശ്യപരമായ ഒരു പ്രസ്താവന എന്നു വശേഷിപ്പിച്ചു ദിവ്യയുടെ അക്രമത്തെ ന്യായീകരിക്കാൻ ശ്രമിച്ചത് കണ്ണൂരിലെ പാർട്ടി സെക്രട്ടറി തന്നെയായിരുന്നു. മാന്യനായ ഒരു ന്യായാധിപനെ പണ്ടൊരിക്കൽ ശുംഭൻ എന്നു വിളിച്ചു അപഹസിച്ചു കുഴപ്പത്തിൽ ചാടിയ അതേ കഥാപാത്രം. പിന്നീട് അതിൽ നിന്ന് തലയൂരാൻ മലയാളത്തിനു പുതിയൊരു ഡിക്ഷ്ണറി തന്നെ നൽകി അദ്ദേഹം. ശുംഭൻ എന്ന വാക്കിനു പ്രകാശിക്കുന്നവൻ എന്നർത്ഥമുണ്ടെന്ന് അദ്ദേഹം മലയാളികളെ ഉൽബോധിപ്പിച്ചു.

അതാണ് കണ്ണൂർ ശൈലി. പാർട്ടിയുടെ പിന്തുണയുണ്ടെങ്കിൽ എന്തതിക്രമവും കാട്ടാം; ഒന്നും പേടിക്കേണ്ടതില്ല എന്നാണ് അവിടെ കാലങ്ങളായി നിലനിൽക്കുന്ന നീതിശാസ്ത്രം. മറുനാട്ടിൽ നിന്നു ജോലിക്കായി വന്ന പാർട്ടിക്കാരായ മനുഷ്യർക്കു പോലും അവിടെ പിടിച്ചുനിൽക്കാനാവാത്ത അവസ്ഥ ഇപ്പോൾ സംജാതമായിരിക്കുന്നു. കണ്ണൂർ പക്ഷേ ഒരു മുന്നറിയിപ്പാണ്. കേരളവും നാളെ അതേ വഴിക്കു സഞ്ചരിക്കുകയാണെങ്കിൽ മര്യാദക്കാരായ മലയാളികൾക്ക് സ്ഥിരം പ്രവാസം മാത്രമാവും മേൽഗതി.





# പത്താമത് സെൻ്റ് മേരീസ് 5K ക്ലാസിക്കിന് അഭൂതപൂർവമായ പങ്കാളിത്തം

റോക്‌ലൻഡ് സെൻ്റ് മേരീസ് ഇടവകയുടെ നേതൃത്വത്തിൽ കഴിഞ്ഞ പത്ത് കൊല്ലമായി നടക്കുന്ന സെൻ്റ് മേരീസ് 5k ക്ലാസിക് ഇതുവരെയുള്ള റെക്കോർഡുകൾ ഭേദിച്ച് 800ഓളം ആളുകളുടെ പങ്കാളിത്തത്തോടെ വൻവിജയമായി സമാപിച്ചു. രജിസ്ട്രേഷനിൽ നിന്നും കിട്ടുന്ന നൂറു ശതമാനം തുകയും അതാത് വർഷങ്ങളിൽതിരഞ്ഞെടുക്കുന്ന ചാരിറ്റിപ്രവർത്തനങ്ങൾക്കാണ് നൽകുന്നത്. ഈ വർഷം ലഭിച്ച 16,500 ഡോളർ Autistic Self Advocacy Network (ASAN)നാണ് നൽകിയത്.

കഴിഞ്ഞ പത്ത് വർഷങ്ങളായി ഒരുലക്ഷം ഡോളറിലേറെ 5k ഇനത്തിൽ 8ഓളം ചാരിറ്റികൾക്ക് നൽകാനായി. കഴിഞ്ഞ വർഷങ്ങളിൽ National Alliance for Mental Illness, Michael J. Fox Foundation for Parkinson 's, Love 146 (End Childtrafficking and Exploitation), Breast cancer research foundation, Leukemia and Lymphoma socitey, People to People, Dravet Syndrome Foundation തുടങ്ങിയവയ്ക്കാണ് തുക നൽകിയത്. 5 kയിൽ നിന്നുള്ള തുക മുഴുവനും അമേരിക്കയിൽ പ്രവർത്തിക്കുന്ന ചാരിറ്റി സംഘടനകൾക്ക് നൽകുന്നത് വഴി, നമ്മൾ ജീവിക്കുന്ന നാടിൻ്റെ സ്പന്ദനങ്ങളിലും പങ്കാളികളാകാൻ ഉള്ള സുവർണാവസരം കൂടിയാണ് കഴിഞ്ഞ 10 കൊല്ലമായി വിജയകരമായി നടത്തുന്ന ഈ 5K റൺ/വാക് .

2013 ൽ ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിലും ഇടവക ജനങ്ങളുടെ പൂർണ സഹകരണത്തിലും ആരംഭിച്ച ഈ 5K ചാരിറ്റി ഇവൻ്റ് യുവാക്കളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാണ്. 5Kയുടെ ഈ വർഷത്തെ പരിപാടികൾക്ക് വികാരി റവ. ഫാ. ഡോ. രാജു വർഗീസിൻ്റെ നേതൃത്വത്തിലുള്ള ശക്തമായ കമ്മിറ്റിയാണ് നേതൃത്വം നൽകിയത്. സജി എം. പോത്തൻ കൺവീനറായും ബെക്കി ഫിലിപ്, ലീന പോൾ എന്നിവർ കോ-ഓഡിനേറ്റേഴ്സ് ആയുമുള്ള 15 അംഗ കമ്മിറ്റി അഹോരാത്രം പരിശ്രമിച്ചതിൻ്റെ ഫലമായാണ് പരിപാടി ഇത്രയും വിജയകരമായത്. സെൻ്റ് മേരീസ് ഇടവക ട്രസ്റ്റി എബ്രഹാം പോത്തൻ, സെക്രട്ടറി ജെറമിയ ജയിംസ്, ജോയിൻ്റ് സെക്രട്ടറി സാജു ജോർജ്, ജോയിൻ്റ് ട്രഷറർ അജിത് എബ്രഹാം എന്നിവരുടെ അശ്രാന്ത പരിശ്രമവും 5K നടത്തിപ്പിൻ്റെ വിജയത്തിൽ പ്രതിഫലിച്ചു.

ഒക്ടോബർ 19ന് രാവിലെ 9 മണിക്ക് റോക്‌ലാൻഡ് സ്റ്റേറ്റ് പാർക്കിൽ വച്ചായിരുന്നു 5K ക്ലാസിക്/ വാക് / റൺ നടന്നത്. 5K തുടങ്ങുന്നതിന് മുൻപായി നടന്ന ലഘുസമ്മേളനത്തിൽ യുഎസ് കോൺഗ്രസ് മാൻ മൈക് ലോലെർ, ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ, ക്ലാർക്സ്ടൗൺ സൂപ്പർ വൈസർ ജോർജ് ഹോമാൻ, റോക്‌ലാൻഡ് കൗണ്ടി ലെജിസ്ളേച്ചർ ഡോ. ആനി പോൾ, ക്ലാർക്സ്ടൗൺ കൗൺസിൽ മാൻ ജോൺ വാലൻൻ്റെൻ, ഫൊക്കാന പ്രസിഡൻ്റ് സജിമോൻ ആൻ്റണി തുടങ്ങിയവർ ഇടവകയുടെ ഈ സദുദ്യമത്തെ പ്രശംസിച്ചു സംസാരിച്ചു.

മീറ്റിംഗിൻ്റെ ആമുഖമായി ഇടവക വികാരി റവ. ഫാ. ഡോ. രാജു വർഗീസ് 5Kയെപ്പറ്റി വിശദീകരിച്ചു. റവ. ഫാ. വിജയ് തോമസിൻ്റെ ആമുഖപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ ക്രിസ്റ്റ ജോർജ് അമേരിക്കൻ ദേശീയ ഗാനവും അബിഗെയിൽ തോമസ്, അനു വർഗീസ്, ബെറ്റി സഖറിയ, സൂസൻ വർഗീസ്, ജെസി ജെയിംസ് എന്നിവർ ചേർന്ന് ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു. 5K കൺവീനർ സജി എം. പോത്തൻ വിശിഷ്ടാതിഥികളെ പരിചയപ്പെടുത്തി സ്വാഗതം ആശംസിച്ചു. മേഖ വർഗീസ്, സ്നേഹ വർഗീസ്, ഡയാന ജേക്കബ്, ബെക്കി ഫിലിപ്പ്, ലീന പോൾ എന്നിവർ 5സയുടെ നിയമാവലികളെ പറ്റിയുള്ള അറിയിപ്പുകൾ നൽകി.

ഈ വർഷത്തെ 5K ഓട്ടത്തിൽ ബുക്കോല പെരെയ്ര 19 മിനിറ്റ് 43.43 സെക്കൻഡ് കൊണ്ട് 3.1 മൈൽ ഓടി ഒന്നാം സ്ഥാനത്തിന് അർഹയായി. 20.84ൽ ഓടിയെത്തിയ ജോനാഥൻ ഖൗദി രണ്ടാം സ്ഥാനവും, 21 മിനിറ്റും 53.56 സെക്കൻഡും കൊണ്ടെത്തിയ എസ്തെഫാനിയ പലാസിയോ ഖൗർ മൂന്നാം സ്ഥാനവും നേടി. പങ്കെടുത്ത എല്ലാവരുടെയും ഓട്ടത്തിൻ്റെ സമയം RF ID ഉപയോഗിച്ച് മോണിറ്റർ ചെയ്തത് സാജു ജോർജ്ൻ്റെയും ജസ്റ്റിൻ ജേക്കബ്ൻ്റെയും നേതൃത്വത്തിൽ ഉള്ള ഒരു സാങ്കേതിക ടീം ആയിരിന്നു. ഓട്ടത്തിൽ പങ്കെടുത്ത എല്ലാവരുടെയും ഓട്ട സമയം വളരെ കൃത്യമായി റെക്കോർഡ് ചെയ്തു സൂക്ഷിച്ചിട്ടുണ്ട്.

ഏകദേശം 23ഓളം സ്ഥാപനങ്ങളും വ്യക്തികളും 2024ലെ 5Kയുടെ സ്പോൺസേഴ്സ് ആയി മുന്നോട്ടു വന്നിരുന്നു. കോൺഗേഴ്സിലുള്ള ഇന്ത്യൻ curi and spicesൻ്റെ ലൈവ് തട്ടുകട ഏവർക്കും ആവേശം പകർന്നു. വെസ്റ്റ് നയാക്കിലുള്ള സ്പെക്ട്രം ഓട്ടോ ആയിരുന്നു ഗ്രാൻഡ് സ്പോൺസർ. കൂടാതെ Ampsco ഇലക്ട്രിക് കോർപറേഷൻ, ഗ്ലോബൽ കോലിഷ്യൻ ആൻഡ് ബോഡി വർക്സ്, മെഴ്സിഡസ് ബെൻസ് നാനുവെറ്റ്, ഡ്രീം ഫിഷ് മീഡിയ, ഇന്ത്യൻ കറി ആൻഡ് സ്പൈസസ്, ഹൈറ്റൺ ലക്കാനി ഐ സ്പെഷ്യലിസ്റ്റ്, സഹീം, ലുലു എൻ്റർപ്രൈസസ്, റിലയൻ്റ് എൻഡോക്രൈനോളജി, Tiger Schulmann's martial arts, പദ്മ ഇന്ത്യൻ ഡാൻസ് സ്റ്റുഡിയോ, ബെഥേൽ മെഡിക്കൽ അസോസിയേറ്റ്സ്, മാർഗോ (Howard Hanna Rand Reatly), RAVE, RTM entertainment, Project1 Studios, സബ്ജി മാണ്ഡി, Mendonca co, V care pharmacy, സ്റ്റാർലൈറ്റ് ഇൻഷുറൻസ്, റോക്‌ലാൻഡ് ബേക്കറി, സ്റ്റോപ്പ് & മാു ഷോപ്, ഡിഎം എന്നിവരായിരുന്നു പരിപാടിയുടെ സ്പോൺസേഴ്സ്. സമൂഹത്തിൽ ചേർത്ത് പിടിക്കേണ്ടവരെ ചേർത്ത് പിടിച്ചു നടത്തുന്ന ഈ 5K വാക് /റൺ തുടർന്നും മുന്നോട്ട് നയിക്കാൻ നമ്മുടെ വരും തലമുറയ്ക്ക് സാധിക്കും എന്നതിൻ്റെ ഒരു ഉറച്ച പ്രഖ്യാപനം കൂടിയായിരുന്നു 2024ലെ സെൻ്റ് മേരിസ് 5K.

◗ *ഫിലിപ്പോസ് ഫിലിപ്*

# സ്നേഹതീരം ഉദ്ഘാടനവും കേരളപ്പിറവി ദിനാഘോഷവും നവംബർ ഒന്നിന് ഫിലഡൽഫിയായിൽ




ഫിലഡൽഫിയാ: ഫിലഡൽഫിയായിൽ അധിവസിക്കുന്ന പ്രവാസി മലയാളികൾക്ക് അവരുടെ ചിന്തകളും വികാരങ്ങളും പ്രശ്നങ്ങളും, സൗഹൃദങ്ങളും പങ്കു വെക്കുവാനുള്ള ഒരു സൗഹൃദ വേദി ആവശ്യമാണ് എന്ന കാഴ്ചപ്പാടിൽ, ഏതാനും ചില മലയാളി സൗഹൃദവലയങ്ങൾ ചേർന്ന് ഫിലഡൽഫിയായിൽ രൂപം കൊടുത്ത 'സ്നേഹതീരം' എന്ന സൗഹൃദ കൂട്ടായ്മയുടെ ഔപചാരിക ഉദ്ഘാടനവും കേരളപ്പിറവി ദിനാഘോഷവും, കേരളപ്പിറവി ദിനമായ നവംബർ 01 വെള്ളിയാഴ്ച 11:30 മുതൽ ക്രൂസ് ടൗണിലുള്ള മയൂര റെസ്റ്റോറൻ്റ് ൽ വച്ചു നടത്തപ്പെടുന്നു. (Mayura Indian Restaurant, 9321-23 Krewstown Rd, Philadelphia, PA 19115)

വെള്ളിയാഴ്ച രാവിലെ കൃത്യം 11:30ന് രജിസ്ട്രേഷൻ ആരംഭിക്കും. തുടർന്ന് ഉദ്ഘാടന സമ്മേളനവും, കേരളപ്പിറവി ദിനാഘോഷവും നടക്കും. തദവസരത്തിൽ സ്നേഹതീരം വുമൺസ് ഫോറത്തിൻ്റെ ഉദ്ഘാടനവും, സ്നേഹതീരം ലോഗോ പ്രകാശനവും ഉണ്ടായിരിക്കുന്നതാണെന്ന് ഷിബു വർഗീസ് കൊച്ചുമഠം, സെബാസ്റ്റ്യൻ മാത്യു, തോമസ് ചാക്കോ, അനൂപ് തങ്കച്ചൻ, സജു മാത്യു, ജോൺ കോശി, കൊച്ചു കോശി ഉമ്മൻ, സുജ കോശി, ഷെറിൻ അനൂപ്, ജിഷ അനു, സോഫി സെബാസ്റ്റ്യൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

പതിനൊന്നര മുതൽ രണ്ടുമണി വരെയുള്ള ഈ പ്രോഗ്രാമിൽ വിവിധങ്ങളായ കലാപരിപാടികളും, ചർച്ചകളും അരങ്ങേറും. ഒപ്പം, വിഭവ സമൃദ്ധമായ ബുഫെയും ക്രമീകരിച്ചിട്ടുണ്ട്. നൂതന ആശയങ്ങളും, മികച്ച സഹായ സഹകരണവും ഒത്തുചേരുന്ന ഈ സൗഹൃദ കൂട്ടായ്മയിൽ ഒത്തൊരുമിച്ചു ഒരുമനസ്സോട് പ്രവർത്തിക്കുവാനും.

സൗഹൃദങ്ങൾ പങ്കിടുവാനും, കൂട്ടായ്മയിൽ അംഗമായി ഒത്തുചേർന്നു പ്രവർത്തിക്കുവാനും താല്പര്യമുള്ള ഫിലാഡൽഫിയായിലുള്ള എല്ലാ നല്ലവരായ മലയാളി സൗഹൃദങ്ങളെയും ഈ പ്രോഗ്രാമിലേക്ക് ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഷിബു വർഗീസ് കൊച്ചുമഠം: 215-758-6629, സെബാസ്റ്റ്യൻ മാത്യു: 215-791-0516, ജോജി പോൾ: 215-791-0516, തോമസ് ചാക്കോ: 215-758-6629, അനൂപ് തങ്കച്ചൻ: 215-939-5986, സജു മാത്യു, കൊച്ചു കോശി ഉമ്മൻ: 215-910-0516

◗ *ഷിബു വർഗീസ് കൊച്ചുമഠം*

# ചരിത്രത്തിലാദ്യമായി അമേരിക്കൻ എയർ ലൈൻസ് നോൺസ്റ്റോപ്പ് ഫ്ളൈറ്റ് 8,300 മൈലുകൾ പറന്ന് 16 മണിക്കൂറിന് ശേഷം ഇറക്കി

ഡാളസ്: അമേരിക്കൻ എയർലൈൻസിൻ്റെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ നേരിട്ടുള്ള വിമാനം AAL7 ശനിയാഴ്ച രാത്രി ഡാളസ്ഫോർട്ട് വർത്ത് ഇൻ്റർനാഷണൽ എയർപോർട്ടിൽ നിന്ന് പുറപ്പെട്ട് ഏകദേശം 16 മണിക്കൂറും 8,300 മൈലും സഞ്ചരിച്ച് ബ്രിസ്ബേൻ എയർപോർട്ടിൽ (BNE) ലാൻഡ് ചെയ്തുവെന്ന് എയർലൈനും ഫ്ളൈറ്റ് പാത്ത് ട്രാക്ക് ചെയ്യുന്ന സൈറ്റായ ഫ്ളൈറ്റ്അവെയറും അറിയിച്ചു. ബോയിംഗ് 7879 രാത്രി 9:57 ന് പുറപ്പെട്ടു. സിഡിടി ശനിയാഴ്ച, തിങ്കളാഴ്ച പുലർച്ചെ 4:57 ന് AEST-ന് ഏകദേശം 33 മിനിറ്റ് നേരത്തെ ലാൻഡ് ചെയ്തു, ട്രാക്കർ കാണിക്കുന്നു.

രണ്ട് നഗരങ്ങൾ തമ്മിലുള്ള ഉദ്ഘാടന നോൺസ്റ്റോപ്പ് കണക്ഷനിൽ മൂന്ന് പൈലറ്റുമാർ, ഒരു റിലീഫ് ക്യാപ്ടൻ, 11 ഫ്ളൈറ്റ് അറ്റൻഡൻ്റുകൾ എന്നിവരടങ്ങുന്ന ജോലിയുണ്ടായിരുന്നുവെന്ന് അമേരിക്കൻ എയർലൈൻസ് വക്താവ് യുഎസ്എ ടുഡേ തിങ്കളാഴ്ച പറഞ്ഞു. ബ്രിസ്ബേൻ എയർപോർട്ടിൻ്റെ യൂട്യൂബ് ചാനലിൽ ലാൻഡിംഗ് ലൈവ് സ്ട്രീം ചെയ്തു. 12,000ത്തിലധികം ആളുകൾ വീഡിയോ കണ്ടു, കാഴ്ചക്കാർക്ക് 'റൺവേക്യാമിലൂടെ ഒരു മുൻ നിര വിൻഡോ സീറ്റ്' നൽകുന്നു, BNE സൂചിപ്പിച്ചു. വിമാനത്തിൽ 285 യാത്രക്കാരുണ്ട്.

ഡിഎഫ്ഡബ്ല്യു എയർപോർട്ടിലെ ഗേറ്റ്ഇവൻ്റ്ആഘോഷത്തിൽ,ബ്രിസ്ബേനിലെ ലോൺ പൈൻ കോല സാങ്ചറിയിൽ ഒരു കോല പ്ലസ്, മെമ്മോറേറ്റീവ് പോസ്റ്റ്കാർഡ്, സൗജന്യ കോലാ നിമിഷത്തിനുള്ള വൗച്ചർ എന്നിവ ഉൾപ്പെടുന്ന ഒരു സമ്മാന ബാഗ് ഉപഭോക്താക്കൾക്ക് ലഭിച്ചതായി അമേരിക്കൻ എയർലൈൻസ് യുഎസ്എ ടുഡേയോട് പറഞ്ഞു.



## കേരള അസോസിയേഷൻ ഓഫ് ഡാളസ്
# ചിൽഡ്രൻസ് കലാമത്സരം വിജയികളെ പ്രഖ്യാപിച്ചു

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസും ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി സംഘടിപ്പിച്ച ചിൽഡ്രൻസ് കലാമത്സരം 2024ലെ വിജയികളെ പ്രഖ്യാപിച്ചു.

കുട്ടികളുടെ കലാമത്സര വിജയികൾ

പെൻസിൽ ഡ്രോയിംഗ് 7 വയസും അതിൽ താഴെയും: ഒന്നാം സമ്മാനം-സെറാ തോമസ്, രണ്ടാം സമ്മാനം-ജോഷ്വ തോമസ്, മൂന്നാം സമ്മാനം-ദീത്യ ദീപേഷ്.

പെൻസിൽ ഡ്രോയിംഗ് 8-10 വർഷം: ഒന്നാം സമ്മാനം-സാത്വിക് ശ്രീജു, രണ്ടാം സമ്മാനം-ഗ്രേസ് മാടമന, മൂന്നാം സമ്മാനം-ജോഹാൻ തോമസ്.

പെൻസിൽ ഡ്രോയിംഗ് 11-14 വർഷം: ഒന്നാം സമ്മാനം-നിഹാൽ നീരജ്, രണ്ടാം സമ്മാനം-അമൽ അനിൽകുമാർ, മൂന്നാം സമ്മാനം-നവമി അഭിലാഷ് നായർ.

പെൻസിൽ ഡ്രോയിംഗ് 15-17 വർഷം: ഒന്നാം സമ്മാനം-അനൗഷ്ക നാരായണൻ.

വാട്ടർ കളർ പെയിന്റിംഗ് 7 വയസും അതിൽ താഴെയും: ഒന്നാം സമ്മാനം-സെറാ തോമസ്, രണ്ടാം സമ്മാനം-ദീത്യ ദീപേഷ്, മൂന്നാം സമ്മാനം-ജോഷ്വ തോമസ്.

വാട്ടർ കളർ പെയിന്റിംഗ് 8-10 വർഷം: ഒന്നാം സമ്മാനം-ജോഹാൻ തോമസ്, രണ്ടാം സമ്മാനം-ജോവാന ചാത്തമ്പാടത്തിൽ, മൂന്നാം സമ്മാനം-ഗ്രേസ് മാടമന.

വാട്ടർ കളർ പെയിന്റിംഗ് 11-14 വർഷം: ഒന്നാം സമ്മാനം-സെറാ പാറോക്കാരൻ, രണ്ടാം സമ്മാനം-അമൽ അനിൽകുമാർ, മൂന്നാം സമ്മാനം-ജെറമി തോമസ്.

മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികളെയും ഞങ്ങൾ അഭിനന്ദിക്കുന്നു. പങ്കെടുത്ത എല്ലാവർക്കും, രക്ഷിതാക്കൾക്കും സന്നദ്ധപ്രവർത്തകർക്കും നന്ദി. വിജയികൾക്ക് പുതുവത്സര, ക്രിസ്മസ് ആഘോഷങ്ങളിൽ ട്രോഫികൾ സമ്മാനിക്കുമെന്ന് അസോസിയേഷൻ ജനറൽ സെക്രട്ടറി മൻജിത് കൈനിക്കര അറിയിച്ചു.

# 'മാർത്തോമ്മാ മെറിറ്റ് അവാർഡ് 2024' നോർത്ത് അമേരിക്ക ഭദ്രാസനം നോമിനേഷനുകൾ ക്ഷണിക്കുന്നു




ന്യൂയോർക്ക്: 2024ലെ മാർത്തോമ്മാ മെറിറ്റ് അവാർഡുകൾക്കായി നോർത്ത് അമേരിക്ക ഭദ്രാസനം നോമിനേഷനുകൾ ക്ഷണിക്കുന്നു.

ഹൈസ്കൂൾ ക്ലാസ് വാലിഡിക്ടോറിയൻമാരായി ബിരുദം നേടിയവരോ അസാധാരണമായ യോഗ്യതകളുള്ളവരോ (മാനദണ്ഡങ്ങൾക്ക് അനുയോജ്യമായ ഫോമുകൾ കാണുക) മാർത്തോമ്മാ ഇടവകകളിലോ സഭകളിലോ അംഗങ്ങളായവരും ആരാധനാ ശുശ്രൂഷകളിൽ പങ്കെടുക്കുകയും ഇടവക പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഈ അവാർഡിന് അർഹരാണ്.

അപേക്ഷകർ ആവശ്യമായ സഹായ രേഖകളോടൊപ്പം ഉചിതമായ ഫോമുകൾ പൂരിപ്പിക്കണം. ഫോമുകൾ അപേക്ഷകൻ ഒപ്പിടുകയും ഇടവക വികാരി പരിശോധിച്ചുറപ്പിക്കുകയും ചെയ്യേണ്ടതാണ്. പൂരിപ്പിച്ച ഫോറം അറ്റാച്ചുമെന്റുകൾ സഹിതം ഭദ്രാസന ഓഫീസിൽ ഡിസംബർ 16നു മുൻപ് ലഭിക്കണമെന്നു സെക്രട്ടറിയുടെ അറിയിപ്പിൽ പറയുന്നു.



# ഹ്യൂസ്റ്റനിൽ തിരുനാൾ സമാപനം ഭക്തിസാന്ദ്രം

ഹ്യൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനു സമാപനമാകുന്നു. പരിശുദ്ധ അമ്മയുടെ നാമധേയത്തിലുള്ള വാർഷിക തിരുനാൾ പ്രാർത്ഥനാനിർഭരവും, ഭക്തിസാന്ദ്രവുമായ സമാപനത്തിലേക്ക്.

ഇടവകയിലെ വുമൺസ് മിനിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ എല്ലാ വനിതകളും പ്രസുദേന്തിമാരായി നടത്തപ്പെട്ട തിരുനാൾ ഇടവക ജനങ്ങളുടെ പങ്കാളിത്തം കൊണ്ടും വ്യത്യസ്തങ്ങളായ തിരുക്കർമങ്ങളാലും, ആകർഷകങ്ങളായ പരിപാടികൾ കൊണ്ടും ശ്രദ്ധിക്കപ്പെട്ടു.

2024 ഒക്ടോബർ മാസം 18-ാം തിയതി വൈകുന്നേരം ആറു മണിമുതൽ ആരാധനയും ജപമാലയും നടത്തപ്പെട്ടു. ഏഴു മണിക്ക് എട്ടാം ദിവസത്തെ ചടങ്ങുകൾക്ക് പൂനാ ഖഡ്കി രൂപതാ അധ്യക്ഷൻ മാത്യൂസ് മാർ പക്കോമിയോസ് മുഖ്യ കാർമികത്വം വഹിച്ചു. പരിശുദ്ധ അമ്മ വചനം ഹൃദയത്തിൽ സ്വീകരിക്കുകയും യേശുവിനെ ലോകത്തിന് നൽകുകയും ചെയ്തതുപോലെ വചനത്തെയും യേശുവിനെയും എല്ലാ കുടുംബങ്ങളിലും സ്വീകരിക്കുവാൻ ആഹ്വാനം ചെയ്തു. വചനം സ്വീകരിക്കുന്ന കുടുംബങ്ങളിൽ സമാധാനവും പ്രത്യാശയും ഉണ്ടാകുമെന്നും പിതാവ് പറഞ്ഞു. വിശുദ്ധ കുർബാനയ്ക്കു ശേഷം മാതാവിന്റെ നെവേനയും നടത്തപ്പെട്ടു.

2024 ഒക്ടോബർ മാസം 19-ാം തിയതി വൈകുന്നേരം ആറു മണിമുതൽ ആരാധനയും ജപമാലയും നടത്തപ്പെട്ടു. ഒൻപതാം ദിവസത്തെ തിരുക്കർമ്മങ്ങൾക്ക് ഫാ. ജോൺസൻ നീലനിരപ്പേൽ മുഖ്യ കാർമികത്വം വഹിച്ചു. വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് വചനസന്ദേശം നൽകി. ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ചും സഭയിൽ ജപമാലയുടെ സ്വാധീനത്തെക്കുറിച്ചും ആത്മീയവും ചരിത്രപരവുമായ സംഭവങ്ങൾ സന്ദേശമധ്യേ ഫാ. മുത്തോലത്ത് പറഞ്ഞു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ സഹകാർമികനായിരുന്നു.

വിശുദ്ധ കുർബാനയ്ക്കു ശേഷം നെവേനയും നടത്തപ്പെട്ടു. തുടർന്ന് ജപമാലയും മെഴുകുതിരിയും കാരങ്ങളിലേന്തി ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും ഒന്ന് ചേർന്ന് പ്രാർത്ഥനാപൂർവ്വമായ ജപമാല പ്രദക്ഷിണവും നടത്തപ്പെട്ടു.

*ബിബി തെക്കനാട്ട്*



# ഡാളസ് മാർത്തോമ ചർച്ച് ഫാമിലി സൺഡേയും മുതിർന്ന പൗരന്മാരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു

മസ്കിറ്റ്(ഡാലസ്): സെന്റ് പോൾസ് മാർത്തോമ ചർച്ചിൽ കുടുംബ ഞായറും മുതിർന്ന പൗരന്മാരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു. ഒക്ടോബർ 27 ഞായറാഴ്ച രാവിലെ 9 30ന് ആരംഭിച്ച കുടുംബ ഞായറോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുചടങ്ങിൽ ആണ് കുടുംബ ഞായറും മുതിർന്ന പൗരന്മാരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചത്.

രാവിലെ നടന്ന വിശുദ്ധ കുർബാനയ്ക്ക് വെരി റവ ഡോ: കെ വൈ ജേക്കബ് നേതൃത്വം നൽകി. മനു അച്ചൻ, ഷൈജു സി ജോയ് അച്ചൻ എന്നിവർ സഹകാർമികരായിരുന്നു.

ഈ വർഷത്തെ കർഷക അവാർഡിന് അർഹരായ ആറു പേരിൽ നിന്നും തിരെഞ്ഞെടുത്ത ഉമ്മൻ അബ്രഹാമിനെ ജേക്കബ് അച്ചൻ പൊന്നാടയണിയിച്ച് ആദരിച്ചു.

ആനി വർഗീസ്, എലിസബത്ത് സ്രാമ്പിക്കൽ ചെറിയാൻ, ജോർജ് ഐപ്പ്, എലിസബത് ഐപ്പ്, ജോയ് ജേക്കബ്, പി.പി. ചെറിയാൻ, സണ്ണി ജേക്കബ് എന്നീ മുതിർന്ന പൗരന്മാരെയാണ് ഇടവക ആദരിച്ചത്.

*ജീമോൻ റാന്നി*







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# നിർണായകമാവുക ഈ സംസ്ഥാനങ്ങൾ; അറിയാം അമേരിക്കയുടെ ഹൃദയതാളം

(ഒന്നാം പേജ് തുടർച്ച)

ണ്.കാരണംഇരുകൂട്ടർക്കുംപോപ്പുലർവോട്ടിൽ വിജയി ആയാലും കുറഞ്ഞത് 270 ഇലക്ട്രറൽ വോട്ടുകൂടി കിട്ടിയെങ്കിൽ മാത്രമെ അന്തിമ വിധിയിൽ വിജയിയാകൂ. ഇപ്പോഴത്തെ സാഹചര്യത്തിൽ നേരിയ വ്യതാസം മാത്രമെ ഇരു കൂട്ടർക്കും എക്സിറ്റ് പോളുകൾ പ്രവചിക്കുന്നുള്ളു. ഈ അവസ്ഥയിൽ ഇതുവരെ ആർക്ക് വോട്ട് ചെയ്യണമെന്ന് തിരുമാനം എടുത്തിട്ടില്ലാത്ത സ്വിങ്ങ്സംസ്ഥാനങ്ങളിൽനിന്നുള്ള ഏകദേശം 4 ശതമാനം ആൾക്കാരുടെ വോട്ടുകൾ വളരെ നിർണായകമാണ്. വോട്ടറുടെ മനസിലെ അവസാന നിമിഷത്തെ ഒരൊറ്റ ചിന്ത മതി വോട്ട് മാറിമറിയാൻ. കഴിഞ്ഞ തവണത്തെ പോലെ നീല, ചുവപ്പ് സംസ്ഥാനങ്ങളിൽ ഇക്കുറിയും അട്ടിമറിയുണ്ടാകുമോയെന്നത് കാത്തിരുന്ന് കാണേണ്ടതാണ്.

## എന്താണ് നീല, ചുവപ്പ് സംസ്ഥാനങ്ങൾ

അമേരിക്കയിൽ ആകെ 50 സംസ്ഥാനങ്ങളാണ് ഉള്ളത്. ഇതിൽ ചില സംസ്ഥാനങ്ങൾ റിപബ്ലിക്കൻ പാർട്ടിക്ക് മാത്രവും മറ്റ് ചില സംസ്ഥാനങ്ങൾ ഡെമോക്രാറ്റിക് പാർട്ടിക്ക് മാത്രമവുമേ സാധാരണയായി വോട്ട് ചെയ്യാറുള്ളൂ. ഇത്തരത്തിൽ റിപബ്ലിക്കൻ പാർട്ടിക്ക് വോട്ട് ചെയ്യുന്ന സംസ്ഥാനങ്ങളെ റെഡ് എന്നും (പാർട്ടിയുടെ നിറം) ഡെമോക്രാറ്റിക് പാർട്ടിക്ക് വോട്ട് ചെയ്യുന്ന സംസ്ഥാനങ്ങളെ ബ്ലൂ എന്നുമാണ് തരംതിരിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 2000 ത്തിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് സമയത്ത് മാധ്യമങ്ങളാണ് ഇത്തരത്തിലൊരു തരംതിരിവ് ആരംഭിച്ചത്.കാലിഫോർണിയ, ന്യൂയോർക്ക്, ഇല്ലിനോയിസ് തുടങ്ങിയവയാണ് നീല സംസ്ഥാനങ്ങൾ എന്ന് അറിയപ്പെടുന്നത്. പുരോഗമന ആശയങ്ങളെ പിന്തുണയ്ക്കുന്ന സാമൂഹിക നീതിക്ക് മുൻഗണന നൽകുന്ന സംസ്ഥാനങ്ങളാണിവ. ടെക്സാസ്, അലബാമ, വ്യോമിങ് തുടങ്ങിയവയാണ് പൊതുവെ റെഡ് സ്റ്റേറ്റ്സ് എന്ന് അറിയപ്പെടുന്നത്. യാഥാസ്ഥിതിക മൂല്യങ്ങൾ പിന്തുടരുന്ന, വ്യക്തിഗത സ്വാതന്ത്ര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന, സർക്കാർ ഇടപെടലുകൾക്ക് മുൻഗണന നൽകുന്ന സംസ്ഥാനങ്ങളാണിവ.

## 2020 ൽ എന്ത് സംഭവിച്ചു

കഴിഞ്ഞ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജോ ബൈഡന് ആകെ ലഭിച്ചത് 306 ഇലകടറൽ വോട്ടുകളായിരുന്നു. നീല സംസ്ഥാനങ്ങളെല്ലാം തന്നെ ബൈഡനെ പിന്തുണച്ചു. മിഷിഗൺ, പെൻസിൽവാനിയ, വിസ്കോൺസിൻ തുടങ്ങി റിപബ്ലിക്കൻ പാർട്ടിയെ പിന്തുണച്ചിരുന്ന സംസ്ഥാനങ്ങൾ അടക്കം ബൈഡന് പിന്നിൽ അണിനിരക്കുന്നതായിരുന്നു കണ്ടത്. റിപബ്ലിക്കൻ സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപിന് അന്ന് ലഭിച്ചത് 232 ഇലകടറൽ വോട്ടുകളായിരുന്നു. ഫ്ളോറിഡയും നോർത്ത് കരോലിനയും പോലുള്ള സംസ്ഥാനങ്ങളിൽ ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു നടന്നത്.

## ഇത്തവണത്തെ ട്രെന്റ്

ഇത്തവണയും റെഡ്, ബ്ലൂ സംസ്ഥാനങ്ങളിൽ പലതരത്തിലുള്ള അട്ടിമറികൾക്കും സാധ്യതയുണ്ടെന്ന വിലയിരുത്തലുകൾ ഉണ്ട്. സാമ്പത്തിക പ്രതിസന്ധി, സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് തിരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാ വിഷയങ്ങൾ. വിദ്യാസമ്പന്നരായ യുവജനങ്ങളുടെ വോട്ടുകളും സ്ത്രീകളുടെ വോട്ടുകളും തിരഞ്ഞെടുപ്പ് ദിനത്തിൽ നിർണായകമാകും. കാരണം യുവജനങ്ങൾ ഉറ്റുനോക്കുന്നത് കാലപ്പഴക്കം ചെന്ന നയങ്ങളെയല്ല, മറിച്ച് തങ്ങളുടെ ഭാവി സുരക്ഷിതമാക്കാനുള്ള നൂതന ആശയങ്ങളേയും വികസനങ്ങളേയുമാണ്. അതുപോലെ തന്നെ സ്ത്രീകളുടെ കാര്യത്തിൽ അവർ മുന്നോട്ട് വയ്ക്കുന്നത് തങ്ങളുടെ സുരക്ഷിതത്വവും അന്തസും നിയമപരിരക്ഷയുമാണ്. അങ്ങനെ നോക്കുമ്പോൾ പല പ്രവചനങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് നവംബർ അഞ്ചിൽ ഈ വോട്ടുകൾ വിധിയെ അട്ടിമറിക്കാൻ തക്ക കെൽപ്പുള്ളതാണ്.സബർബൻ മേഖലയിലെ വോട്ടുകളും തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിച്ചേക്കും. രാജ്യത്തെ നിർണായകമായ നാല് സംസ്ഥാനങ്ങളിൽ ഇരുവരും ഒപ്പത്തിനൊപ്പമാണെന്നാണ് ചില റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

## നിർണായക സംസ്ഥാനങ്ങൾ ഏതൊക്കെയെന്ന് നോക്കാം:

യുഎസിന്റെ കഴിഞ്ഞകാല ചരിത്രമെടുത്താൽ സ്വിങ് സ്റ്റേറ്റുകൾ എന്ന് വിളിക്കപ്പെടുന്ന ചില സംസ്ഥാനങ്ങളാണ് ഫലത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകം. ഒന്നും രണ്ടും സംസ്ഥാനങ്ങളല്ല അവ. നിർണായകമായ ഏഴോളം സംസ്ഥാനങ്ങളാണ് ഈ പട്ടികയിൽ ഉള്ളത്. അതുകൊണ്ട് തന്നെയാണ് കമലയും ട്രംപും ഒരുപോലെ ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വലിയ രീതിയിൽ പ്രചാരണം നടത്തുന്നത്. മറ്റ് രാജ്യങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ നിന്ന് യുഎസിനെ വ്യത്യസ്തമാക്കുന്ന ഒട്ടേറെ ഘടകകങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വോട്ടർമാർക്ക് നേരത്തെ തന്നെ സമ്മതിദാന അവകാശം വിനിയോഗിക്കാനുള്ള അവകാശം. നിലവിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സജ്ജമാക്കിയ വോട്ടിംഗ് കേന്ദ്രങ്ങളിൽ പലരും ഇതിനോടകം വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞു. അത്തരമൊരു ഘട്ടത്തിൽ പ്രചാരണം വലിയ രീതിയിൽ അവരെ സ്വാധീനിക്കും. അതിൽ തന്നെ ഇരു സ്ഥാനാർത്ഥികൾക്കും ഈ ഏഴ് സംസ്ഥാനങ്ങൾ ഏറെ നിർണായകമാണ്. ജോർജിയ, നോർത്ത് കരോലിന, പെൻസിൽവാനിയ, മിഷിഗൺ, വിസ്കോൺസിൻ, നെവാഡ, അരിസോണ എന്നീ സംസ്ഥാനങ്ങളാണ് വിധിയെ ശിയായ രീതിയിൽ സ്വാധീനിക്കുന്ന സംസ്ഥാനങ്ങൾ. ഇതിൽ പല സംസ്ഥാനങ്ങളിലെയും സർവേ ഫലങ്ങൾ പുറത്തു വന്നപ്പോൾ രണ്ട് പേർക്കും ഒരുപോലെ ആശ്വസിക്കാനും ആശങ്കയ്ക്കും വകയുണ്ട്. ജോർജിയയിൽ നിലവിൽ ട്രംപിനാണ് മേൽക്കൈ എന്നാണ് ചില സർവേകൾ പ്രവചിക്കുന്നത്. ചില സർവേകൾ ഒപ്പത്തിനൊപ്പം മത്സരമാണെന്നും പറയുന്നു. മറ്റൊരു നിർണായക മണ്ഡലമായ നോർത്ത് കരോലിനയിലും ട്രംപിനാണ് മുൻതൂക്കം പ്രവചിക്കുന്നത്. കഴിഞ്ഞ തവണ മികച്ച പോരാട്ടം നടത്തിയ പെൻസിൽവാനിയയിൽ ഇക്കുറി കമല ഹാരിസും ട്രംപും ഒപ്പത്തിനൊപ്പമാണ്. എന്നാൽ മിഷിഗണിലെ ഒട്ടുമിക്ക സർവേകളും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമല ഹാരിസിനാണ് മുൻതൂക്കം, അതും വ്യക്തമായ ലീഡ് നിലയോട് കൂടിയുള്ള പ്രവചനമാണ്.ശേഷിക്കുന്നവയിൽ വിസ്കോൺസിൻ ട്രംപിനൊപ്പമാണെന്നും നെവാഡയിൽ ഇരു സ്ഥാനാർത്ഥികളും ഒപ്പത്തിനൊപ്പമാണെന്നും സർവേകൾ ചൂണ്ടിക്കാണിക്കുന്നു. അരിസോണയിലും ഏതാണ്ട് ഇതേ അവസ്ഥയാണ്. അതായത് നാലോളം സംസ്ഥാനങ്ങളിൽ കടുത്ത പോരാട്ടം നടക്കുന്നുവെന്ന് ചുരുക്കം.

## ആത്മവിശ്വാസം കൈമുതലാക്കി സ്ഥാനാർത്ഥികൾ

നവംബർ അഞ്ചിന് വോട്ടെടുപ്പ് നടക്കാനിരിക്കെ സ്ഥാനാർത്ഥികൾ രണ്ട് പേരും തികഞ്ഞ ആത്മവിശ്വാസത്തിലാണ്. ട്രംപിനെ സ്വേച്ഛാധിപതി എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് കമല ഹാരിസ് തന്റെ അവസാന പ്രസംഗത്തിൽ സംസാരിച്ചത്. താൻ അമേരിക്കയിലെ എല്ലാ വിഭാഗം ജനങ്ങളുടേയും പ്രസിഡന്റായിരിക്കുമെന്നും രാജ്യത്തെ മുന്നോട്ട് നയിക്കാൻ നിരവധി പദ്ധതികൾ തന്റെ അജണ്ടയിൽ ഉണ്ടെന്നും ആവർത്തിച്ച് ഓർമ്മപ്പെടുത്താനും ഹാരീസ് തന്റെ അവസരം വിനിയോഗിച്ചു. എന്നാൽ അവസാന നിമിഷത്തിൽ വംശവെറിയും വിദ്വേഷവും നിറഞ്ഞ പ്രസംഗമായിരുന്നു ട്രംപിന്റെ ഭാഗത്തുനിന്നും ഉണ്ടായത്.ഇനിയുള്ളനാളുകൾവളരെസംഘർഷഭരിതമായിരിക്കും എന്നാണ് സൂചനകൾ. ഫിലാഡൽഫിയയിൽ തിരഞ്ഞെടുപ്പ് അധികാരികൾക്കെതിരെ ട്രംപ് പരാതി നല്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് കഴിഞ്ഞാലും നിയമ പോരാട്ടവും തള്ളികളയാനാവില്ല. എന്നിരുന്നാലും വിജയ പ്രതീക്ഷയിലാണ് ഇരുസ്ഥാനാർത്ഥികളും.

## ഇന്ത്യൻ വോട്ടർമാർ ആർക്കൊപ്പം

തിരഞ്ഞെടുപ്പ്ഫോട്ടോഫിനിഷിലേക്ക് നീങ്ങുമ്പോൾ, ഇന്ത്യൻ, ജമൈക്കൻ കുടിയേറ്റക്കാർ ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസിന് പിന്തുണ അർപ്പിക്കുന്നതാണ് കാണുന്നത്. വലിയൊരു വിഭാഗം ഇന്ത്യൻ വംശജരായ അമേരിക്കക്കാർക്ക്, വൈസ് പ്രസിഡന്റ് കമല ഹാരിസിന്റെ വൈറ്റ് ഹൗസിലേക്കുള്ള കടന്നുവരവ് ഒരു സുപ്രധാന നിമിഷമാണ്. കാരണം ഇത് അമേരിക്കൻ രാഷ്ട്രീയ വ്യവഹാരത്തിൽ സമൂഹത്തെ ശ്രദ്ധേയമായ ഒരു ശക്തിയിലേക്ക് നയിക്കുമെന്നാണ് കണക്കാക്കുന്നത്. ജോർജിയ ഏഴ് പ്രധാന സംസ്ഥാനങ്ങളിൽ ഒന്നാണ്. ഹാരിസിന് അനുകൂലമായി തിരഞ്ഞെടുപ്പ് മാറ്റുന്നതിൽ ഇന്ത്യൻഅമേരിക്കൻ സമൂഹത്തിന് കാര്യമായ പങ്ക് വഹിക്കാനാകും. ഹാരിസ് മത്സരത്തിൽ വിജയിച്ചാൽ, അമേരിക്കൻ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യൻ പൈതൃകമുള്ള ഒരു സ്ഥാനാർത്ഥി ഏറ്റവും ശക്തമായ രാജ്യത്തിന്റെ ഉന്നത പദവി അലങ്കരിക്കുന്നത്. ഓഗസ്റ്റിൽ ഹാരിസിന് ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിത്വം ലഭിച്ചതിന് ശേഷം, വിവിധ ഇന്ത്യൻഅമേരിക്കൻ, ദക്ഷിണേഷ്യൻ അമേരിക്കൻ ഗ്രൂപ്പുകൾ ഫണ്ട് സമാഹരണത്തിലൂടെ ഉൾപ്പെടെ അവർക്ക് പിന്തുണ നൽകിയിരുന്നു. യുഎസിൽ താമസിക്കുന്ന ഇന്ത്യൻ അമേരിക്കക്കാരുടെ എണ്ണം ഏകദേശം 5.2 ദശലക്ഷമാണ്. ഇത് രണ്ടാമത്തെ വലിയ കുടിയേറ്റ സമൂഹമാണ്. അവരിൽ 2.3 ദശലക്ഷത്തോളം പേർ വോട്ടുചെയ്യാൻ യോഗ്യരാണ്. പ്രസിഡന്റ് ജോ ബൈഡൻ വീണ്ടും തിരഞ്ഞെടുപ്പ് ഗോദയിൽ നിന്ന് പിന്മാറുന്നതിന് മുമ്പ് ഗവേഷണ സ്ഥാപനമായ എഎപിഐ നടത്തിയ 2024 ലെ സർവേ പ്രകാരം 26 ശതമാനം റിപ്പബ്ലിക്കൻമാരിൽ നിന്ന് 55 ശതമാനം ഇന്ത്യൻ അമേരിക്കൻ വോട്ടർമാരും ഡെമോക്രാറ്റുകളെന്ന് തിരിച്ചറിഞ്ഞു. രജിസ്റ്റർ ചെയ്ത ഇന്ത്യൻ അമേരിക്കൻ വോട്ടർമാരിൽ 61 ശതമാനം പേർ ഹാരിസിന് വോട്ട് ചെയ്യാനും 32 ശതമാനം പേർ ട്രംപിന് വോട്ട് ചെയ്യാനുമാണ് ഉദ്ദേശിക്കുന്നതെന്ന് കാർനെഗീ എൻഡോവ്മെന്റ് ഈ മാസം നടത്തിയ ഒരു സർവേ കണ്ടെത്തിയിരുന്നു. 67 ശതമാനം ഇന്ത്യൻ അമേരിക്കൻ സ്ത്രീകളും ഹാരിസിന് വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും 53 ശതമാനം പുരുഷന്മാരും ഹാരിസിന് വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും പറയുന്നു. 22 ശതമാനം സ്ത്രീകളും ട്രംപിന് വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നു. രാജ്യവ്യാപകമായി നടത്തിയ അന്തിമ സർവേയിൽ ഈ ആഴ്ച 47 ശതമാനം വോട്ടർമാർ ഹാരിസിനെ പിന്തുണയ്ക്കുമെന്നും 47 ശതമാനം പേർ തിരഞ്ഞെടുപ്പിൽ ട്രംപിനെ അംഗീകരിക്കുമെന്നും കണ്ടെത്തി. ഒക്ടോബർ 20 മുതൽ 23 വരെ നടന്ന ന്യൂയോർക്ക് ടൈംസ്/സിയാന കോളജ് ദേശീയ വോട്ടെടുപ്പിൽ രണ്ട് സ്ഥാനാർത്ഥികളും 48 ശതമാനവുമായി ഒപ്പത്തിനൊപ്പമാണ്. ബാക്കിയുള്ള നാല് ശതമാനം പേർ തങ്ങളുടെ മുൻഗണന സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഈ വോട്ടുകളാണ് അവസാന നിമിഷം വിജയം നിർണയിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നത്.




# അവസാന ലാപ്പിൽ സ്വിംഗ് സ്റ്റേറ്റുകളിലേക്ക് ട്രംപും കമലയും

വാഷിംഗ്ടൺ: നവംബർ 5 ലെ യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിലേക്ക് ദിവസങ്ങൾ മാത്രം ശേഷിക്കെ മത്സരാർത്ഥികളായ കമല ഹാരിസും ഡൊണാൾഡ് ട്രംപും ബുധനാഴ്ച പ്രചാരണത്തിന്റെ അവസാന ഘട്ടത്തിൽ സ്വിംഗ് സ്റ്റേറ്റുകളിൽ പര്യടനം ആരംഭിച്ചു. നിലവിലെ വൈസ് പ്രസിഡന്റ് കമല ഹാരിസ് നോർത്ത് കരോലിനയിലായിരിക്കും ആദ്യമെത്തുക. പിന്നീട് പെൻസിൽവാനിയയിലേക്ക് പോകും. വിജയിയെ നിർണ്ണയിക്കുന്നതിൽ നിർണായകമായ ഏഴ് സ്വിംഗ് സ്റ്റേറ്റുകളാണ് യുഎസിലുള്ളത്.

മറുവശത്ത് മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ആദ്യം നോർത്ത് കരോലിനയിലാണ് എത്തുക. കമലഹാരിസിന്റെ റാലി സ്ഥലത്തേക്ക് ഒരു മണിക്കൂർ മാത്രം ദൂരമുള്ള സ്ഥലത്താണ് ട്രംപിന്റെ റാലി നടക്കുക. അദ്ദേഹത്തിന്റെ രണ്ടാമത്തെ റാലി മറ്റൊരു സ്വിംഗ് സ്റ്റേറ്റായ വിസ്കോൺസിനിലാണ്; റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിക്കൊപ്പം അമേരിക്കൻ ഫുട്ബോൾ ഇതിഹാസം ബ്രെറ്റ് ഫാവ്രെ ഇവിടെ വേദിയിലെത്തും.

പ്രീപോൾ സർവേകൾ പ്രകാരം രണ്ട് മത്സരാർത്ഥികളും ഒപ്പത്തിനൊപ്പം നീങ്ങുകയാണ്. ഈ സാഹചര്യത്തിൽ സ്വിംഗ് സ്റ്റേറ്റുകളുടെ പ്രാധാന്യം വർധിച്ചിരിക്കുന്നു.



# ട്രംപ് അമേരിക്കക്കാരനല്ല! വോട്ട് കമല ഹാരിസിനെന്ന് ഷ്വാസ്നെഗർ

കാലിഫോർണിയ: യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്ക് കമലാ ഹാരിസിനെ പിന്തുണച്ച് നടൻ അർനോൾഡ് ഷ്വാസ്നെഗർ. റിപ്പബ്ലിക്കൻ പാർട്ടി അംഗവും മുൻ കാലിഫോർണിയ ഗവർണറുമായ ഷ്വാസ്നെഗറുടെ പിന്തുണ അപ്രതീക്ഷിതമായാണ് കമലയ്ക്ക് ലഭിക്കുന്നത്. ഡൊണാൾഡ് ട്രംപ് അമേരിക്കക്കാരനല്ലെന്നും ടെർമിനേറ്റർ സിനിമകളിലൂടെ പ്രശസ്തനായ നടൻ വിമർശിച്ചു. ബുധനാഴ്ച സോഷ്യൽ മീഡിയയിൽ പങ്കുവെച്ച ഒരു നീണ്ട പ്രസ്താവനയിലാണ് നടൻ നിലപാട് വ്യക്തമാക്കിയത്.

രാഷ്ട്രീയത്തെ വെറുക്കുന്നെന്നും മിക്ക രാഷ്ട്രീയക്കാരെയും വിശ്വസിക്കുന്നില്ലെന്നും അർനോൾഡ് കുറിച്ചു. എന്നാൽ ഒരു സെലിബ്രിറ്റിയെന്ന നിലയിലും മുൻ റിപ്പബ്ലിക്കൻ ഗവർണർ എന്ന നിലയിലും തന്റെ അഭിപ്രായം അറിയാൻ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. 'രണ്ടു പാർട്ടികളെയും ഇഷ്ടമല്ലെങ്കിലും താൻ ഒരു ഭാഗം പിടിക്കുകയാണ്. കാരണം തെരഞ്ഞെടുപ്പ് ഫലത്തെ നിഷേധിക്കുന്നത് അമേരിക്കൻ വിരുദ്ധതയാണ്,' അർനോൾഡ് വ്യക്തമാക്കി.

നയത്തെ സ്നേഹിക്കാനും രാഷ്ട്രീയത്തെ അവഗണിക്കാനുമാണ് കാലിഫോർണിയ ഗവർണർ സ്ഥാനം തന്നെ പഠിപ്പിച്ചത്. ''ഞാൻ നിങ്ങളോട് സത്യസന്ധത പുലർത്തട്ടെ: എനിക്ക് ഇപ്പോൾ ഒരു പാർട്ടിയെയും ഇഷ്ടമല്ല. എന്റെ റിപ്പബ്ലിക്കൻമാർ സ്വതന്ത്ര വിപണിയുടെ സൗന്ദര്യം മറന്നു, തിരഞ്ഞെടുപ്പ് ഫലങ്ങൾ നിരസിച്ചു. ഡെമോക്രാറ്റുകളും ഒട്ടും മെച്ചമല്ല, വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളാൽ നമ്മുടെ നഗരങ്ങൾ വേദനിപ്പിക്കുന്നു, അതിനാൽ അവരുടെ പ്രാദേശിക നയങ്ങളെക്കുറിച്ച് ഞാൻ ആശങ്കപ്പെടുന്നു,' ഷ്വാസ്നെഗർ കുറ്റപ്പെടുത്തി.

'ലോകമെമ്പാടുമുള്ള ആളുകളുമായി സംസാരിക്കുകയും അമേരിക്ക ഒരു കുന്നിൻ മുകളിലുള്ള തിളങ്ങുന്ന നഗരമാണെന്ന് ഇപ്പോഴും അറിയുകയും ചെയ്യുന്ന എന്നെപ്പോലുള്ള ഒരാളെ, അമേരിക്കയെ ഒരു ചവറ്റുകുട്ടയെന്ന് പറയുന്ന ദേശസ്നേഹമില്ലായ്മ രോഷാകുലനാക്കുന്നു,' ട്രംപിന്റെ പരാമർശം ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. 'ഞാൻ ഒരു റിപ്പബ്ലിക്കൻ ആകുന്നതിന് മുമ്പ് ഞാൻ എല്ലായ്പ്പോഴും ഒരു അമേരിക്കക്കാരനായിരിക്കും. അതുകൊണ്ടാണ്, ഈ ആഴ്ച, ഞാൻ കമലാ ഹാരിസിനും ടിം വാൾസിനും വോട്ട് ചെയ്യുന്നത്.' ഷ്വാസ്നെഗർ വ്യക്തമാക്കി.




## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**

**longwood81@yahoo.com**

#102324

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**

**Mail to: susanpadiyath@gmail.com**

#102324

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information

**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#103024

## BABYSITTER WANTED

**ഷിക്കാഗോയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് ഒന്നര വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**പോൾ വടകര (708–307–1122)**

#102324

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**

**224–382–3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#102324






## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

#103024

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാ വിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**വർഗീസ് ചെറിയാൻ**

#103024


Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

ബന്ധപ്പെടുക:
773–888–2242,
773–842–9149
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com


# നവംബർ 5ന് നടക്കുന്ന അമേരിക്കൻ തെരഞ്ഞെടുപ്പിൽ ഏവരും സമ്മതിദാനാവകാശം രേഖപ്പെടുത്തണം: ഫൊക്കാന പൊളിറ്റിക്കൽ ഫോറം

അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നവംബർ 5 ചൊവ്വാഴ്ച നടക്കുകയാണ്, അതിനോടൊപ്പം പല സിറ്റികളിലും, കൗണ്ടികളിലും, സ്റ്റേറ്റിലും പല സ്ഥാനത്തേക്കും മത്സരങ്ങളും നടക്കുകയാണ്. നമ്മുടെ മലയാളികൾ ഉൾപ്പെടെയുള്ള നിരവധി ഇന്ത്യക്കാരും ഈ മത്സരങ്ങളിൽ മാറ്റുരക്കുന്നുണ്ട്. അവരെ സഹായിക്കുകയും വിജയിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തങ്ങൾക്കാണ് ഫൊക്കാന പൊളിറ്റിക്കൽ ഫോറം നിലവിൽ വന്നതും അതിന് നേതൃത്വം നൽകുന്നതും.



അമേരിക്കൻ പൗരത്വം നേടിയ ഓരോ മലയാളിയും, അമേരിക്കൻ തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം കൃത്യമായി രേഖപ്പെടുത്തുന്നത് വഴി പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമാവുക മാത്രമല്ല എന്നും മറിച്ച് ജനാധിപത്യ വ്യവസ്ഥയെ നാം ബഹുമാനിക്കുന്നു എന്ന് മാതൃകാപരമായി കാണിച്ചു കൊടുക്കുക കൂടിയാണ് എന്നും ഫൊക്കാന പൊളിറ്റിക്കൽ ഫോറം ചെയർ ഡോ. ആനി പോൾ അഭിപ്രായപ്പെട്ടു.

ആഗോള സാമ്പത്തിക വ്യവസ്ഥയെ നിയന്ത്രിക്കുന്ന അമരിക്കയുടെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമാവുക എന്നത് വളരെയധികം ഉത്തരവാദിത്തമുള്ള ഒരു ചുമതലയാണെന്നും, ഏറ്റവും അനുയോജ്യമായ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലൂടെ മാത്രമേ ആഗോള സാമ്പത്തിക മാന്ദ്യം പോലെയുള്ള മോശപ്പെട്ട അവസ്ഥകളിലൂടെ ലോകം കടന്നു പോകാതിരിക്കുകയും ചെയ്യുകയുള്ളൂ എന്ന് ഫൊക്കാന പൊളിറ്റിക്കൽ ഫോറം വൈസ് ചെയർസായ അജിത് കൊച്ചൂസും, ബിജു ജോർജും സൂചിപ്പിക്കുകയുണ്ടായി.

ഭരണതലത്തിൽ ഇന്ത്യൻ വംശജരുടെ പ്രാതിനിധ്യം കൂടുന്നതിലൂടെ, ഇന്ത്യ അമേരിക്ക ബന്ധം കൂടുതൽ ദൃഢമാകുമെന്നും അത് പ്രവാസികളായ നമുക്ക് ഒരുപാട് അവസരങ്ങൾ നൽകുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ യുവതലമുറയുടെ മുന്നിൽ ആഗോള സാദ്ധ്യതകൾ അനുദിനം വർദ്ധിച്ചു വരുന്നതിനുതകുമെന്നും പ്രസിഡന്റ് സജിമോൻ ആന്റണിയും അഭിപ്രായപ്പെട്ടു.

രാഷ്ട്രീയമായി നാം മുന്നോട്ട് വന്നെങ്കിൽ മാത്രമേ ആ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ നമുക്ക് സ്വീകാര്യത ലഭിക്കുകയുള്ളു. നമുക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ നമ്മുടെ സമൂഹത്തിന് കിട്ടുവാനും രാഷ്ട്രീയമായ പിടിപാടുകൾ വേണം. അത് അമേരിക്കൻ കനേഡിയൻ രാഷ്ട്രീയത്തിലേക്ക് ഒരു അവകാശമായി എത്തിക്കുവാൻ നമ്മുടെ ഇടയിൽ നിന്ന് കൂടുതൽ നേതാക്കളെ സൃഷ്ടിക്കണ്ടത് ആവശ്യമാണ്. അതുകൊണ്ട് തന്നെ നമ്മുടെ ഇടയിൽ നിന്നും ഇലക്ഷന് മത്സരിക്കുന്നവരെ വിജയിപ്പിക്കാൻ നാം ഓരോരുത്തരും മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നതിനോടൊപ്പം എല്ലാവരും വോട്ട് ചെയ്യണം എന്നും ഫൊക്കാന പൊളിറ്റിക്കൽ ഫോറം അഭ്യർത്ഥിച്ചു.

ഏർലി വോട്ടിംഗ് ഒക്ടോബർ 26 മുതൽ നവംബർ 3 വരെ എല്ലാ സിറ്റി ഹാളിലും ചെയ്യാവുന്നതാണ്, നവംബർ 5ാം തിയതി ചൊവ്വാഴ്ച രാവിലെ 6 മണി മുതൽ വൈകിട്ട് 9 മണി വരെ എല്ലാ പോളിങ്ങ് സ്റ്റേഷനുകളിലും വോട്ട് ചെയ്യാവുന്നതാണ്. നവംബർ 5നാണ് നേരിട്ടുള്ള വോട്ടെടുപ്പെങ്കിലും സെപ്തംബർ മുതൽ തന്നെ യുഎസിൽ വോട്ടെടുപ്പ് ഏർലി വോട്ടെടുപ്പ് തുടങ്ങിക്കഴിഞ്ഞു. തപാൽ വോട്ടും മുൻകൂർ വോട്ടും യുഎസിൽ സാധാരണയാണ്. ആകെ 50 സംസ്ഥാനങ്ങളുള്ളതിൽ അലബാമ, മിസിസ്സിപ്പി ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും മുൻകൂർ വോട്ടുകൾ ഇത്തവണ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 3.2 കോടിപ്പേർ വോട്ടു രേഖപ്പെടുത്തി കഴിഞ്ഞു എന്നാണ് റെക്കോർഡുകൾ കാണിക്കുന്നത്. നമ്മുടെ ആളുകൾ എല്ലാവരും വോട്ട് രേഖപ്പെടുത്തണം എന്ന് ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ട്രഷറർ ജോയി ചാക്കപ്പനും അഭ്യർത്ഥിച്ചു.

ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന നമ്മുടെ എല്ലാ സുഹൃത്തുക്കളെയും വിജയത്തിന് വേണ്ടി പ്രവർത്തിക്കണമെന്ന് ഫൊക്കാന പൊളിറ്റിക്കൽ ഫോറത്തിന് വേണ്ടി ഡോ.ആനി പോൾ, അജിത് കൊച്ചൂസ്, ബിജു ജോർജ് എന്നിവർക്കൊപ്പം ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും അഭ്യർത്ഥിച്ചു.

*സരൂപ അനിൽ*




# വയലാർ അനുസ്മരണവും ഗാനസന്ധ്യയും നാഷ്‌വില്ലിൽ അരങ്ങേറി

നാഷ്‌വിൽ: കേരളത്തിന്റെ ജനകീയ കവിയായ വയലാർ രാമവർമ്മയുടെ അൻപതാം ചരമവാർഷികം മുൻനിർത്തി കേരള അസോസിയേഷൻ ഓഫ് നാഷ്‌വിലും, നാഷ്‌വിൽ സാഹിതിയും സംയുക്തമായി വയലാർ അനുസ്മരണം അവതരിപ്പിച്ചു. വയലാർ സ്മൃതി: സംഗീതത്തിന്റെ സൗരഭ്യം എന്ന പേരിൽ നടന്ന പരിപാടിയിൽ പ്രശസ്ത ഗാനരചയിതാവും, കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും, മലയാളം സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറുമായിരുന്ന കെ. ജയകുമാർ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി.

തുടർന്ന് വയലാർ കവിതകളും, സിനിമ ഗാനങ്ങളും, കെ. ജയകുമാർ രചിച്ച സിനിമ ഗാനങ്ങളും കോർത്തിണക്കി അതിമനോഹരമായ ഗാനസന്ധ്യയും അരങ്ങേറി. 1970ൽ കെ. ജയകുമാർ അദ്ദേഹത്തിന്റെ കവിത ജീവിതത്തിന്റെ തുടക്ക കാലഘട്ടത്തിൽ രചിച്ച 'എന്റെ ആയിഷ' എന്ന കവിതയെ അനുമോദിച്ചു കൊണ്ട് വയലാർ രാമവർമ്മ അയച്ച സന്ദേശത്തിൽ സൂചിപ്പിച്ച 'ആഖ്യാന കവിതാ മണ്ഡലത്തിലേക്ക് ആദ്യ പുഷ്പവുമായി കയറി വരുന്ന അനാഗത ശ്മശ്രുവായ അനുജനെ വലം കൈ പിടിച്ചു ആസ്വാദക സമൂഹത്തിന്റെ മുന്നിൽ പരിചയപ്പെടുത്തിയ' അനുഭവം കെ. ജയകുമാർ പങ്ക് വച്ചത് തികച്ചും മനോഹരമായ അനുഭവം തന്നെയായിരുന്നു.

വയലാറിന്റെ കവിതകളെ കുറിച്ചും, കാലാകാലങ്ങളിൽ വന്ന അദ്ദേഹത്തിന്റെ ചിന്ത ധാരകളെ കുറിച്ചും, അത് ഗാനരചനയിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ചുമെല്ലാം വളരെ വിശദമായി കെ. ജയകുമാർ അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ അവതരിപ്പിച്ചു. കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ പ്രസിഡന്റ് ഷിബു പിള്ള അധ്യക്ഷത വഹിച്ച പരിപാടിയിൽ ലാന പ്രസിഡന്റ് ശങ്കർ മന ആശംസ അർപ്പിച്ചു. നാഷ്‌വിൽ സാഹിതി കൺവീനർ അശോകൻ വട്ടക്കാട്ടിൽ സ്വാഗതവും, കേരള അസോസിയേഷൻ സെക്രട്ടറി സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി. കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ ഭരണസമിതി അംഗങ്ങൾ എല്ലാപേരും ചേർന്ന് കെ. ജയകുമാറിന് ഫലകം നൽകി ആദരിക്കുകയും ചെയ്തു.

തുടർന്ന് നാഷ്‌വില്ലിലെ കലാകാരൻമാരായ സന്ദീപ് ബാലൻ, അനിൽ കുമാർ ഗോപാലകൃഷ്ണൻ, ലിനു രാജ്, ലയ ജിജേഷ്, കല്യാണി പതിയാരി, അഭിരാമി അനിൽകുമാർ എന്നിവർ ചേർന്ന് വയലാർ, കെ. ജയകുമാർ എന്നിവരുടെ കവിതകളെയും ഗാനങ്ങളെയും കോർത്തിണക്കി അവതരിപ്പിച്ച ഗാനസന്ധ്യ സ്വരമാധുര്യത്തിന്റെ നല്ലൊരു അനുഭൂതി സമ്മാനിച്ചു.

അതിൽ അവതരിപ്പിച്ച ഓരോ ഗാനങ്ങളെ കുറിച്ചും അതിന്റെ പശ്ചാത്തലത്തെ കുറിച്ചും കെ. ജയകുമാർ അനുഭവങ്ങൾ അവതരിപ്പിച്ചത് പങ്കെടുത്തവർക്ക് ഒരു വ്യത്യസ്ത അനുഭവം സമ്മാനിക്കുകയും ചെയ്തു.

# ഇത്തവണ കമല ഹാരിസോ ട്രംപോ? പ്രവചിച്ച് അലൻ ലിച്ച്മാൻ



കഴിഞ്ഞ 10 പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ 9 എണ്ണവും കൃത്യമായി പ്രവചിച്ച ചരിത്രകാരനും തിരഞ്ഞെടുപ്പ് പ്രവചകനുമാണ് അലൻ ലിച്ച്മാൻ. ഡെമോക്രാറ്റിക് നോമിനി കമലാ ഹാരിസ് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ അടുത്ത പ്രസിഡന്റാകും എന്നാണ് അദ്ദേഹം ഇത്തവണ പ്രവചിക്കുന്നത്.

10 പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പുകളിൽ അവസാന ഒമ്പത് ഫലങ്ങളും കൃത്യമായി പ്രവചിച്ചതിന് പേരുകേട്ട ആളാണ് ലിച്ച്മാൻ. അദ്ദേഹം ചൊവ്വാഴ്ച രാത്രി തന്റെ യൂട്യൂബ് ചാനലിലൂടെയാണ് തന്റെ പ്രവചനം മാറിയിട്ടില്ലെന്ന് വ്യക്തമാക്കിയത്. മത്സരം നടക്കുന്ന സംസ്ഥാനങ്ങളിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ഹാരിസിന്റെ ലീഡ് ചുരുങ്ങുകയും വോട്ടെടുപ്പ് വളരെ അടുത്ത് വരികയും ചെയ്തിട്ടും അദ്ദേഹത്തിന്റെ പ്രവചനം ഇങ്ങനെ ആണെന്നത് ശ്രദ്ധേയമാണ്.

'സെപ്തംബർ 5ന് ഞാൻ നടത്തിയ എന്റെ പ്രവചനം മാറ്റാൻ യാതൊന്നും ഉണ്ടായിട്ടില്ല' എന്നാണ് വോട്ടെടുപ്പിനെ കുറിച്ച് ലിച്ച്മാൻ പറഞ്ഞത്. അതേസമയം ലിച്ച്മാൻ തന്റെ പ്രവചനങ്ങളുടെ പേരിൽ വിമർശനത്തിന് വിധേയനായിട്ടുണ്ട്, പ്രത്യേകിച്ചും രാഷ്ട്രീയ വോട്ടർ നേറ്റ് സിൽവർ കഴിഞ്ഞ മാസം അദ്ദേഹത്തിന്റെ പ്രവചനങ്ങളെ എക്സിലെ ഒരു പോസ്റ്റിൽ 'തികച്ചും ഏകപക്ഷീയമാണ്' എന്ന് പ്രതികരിച്ചിരുന്നു.

എന്നാൽ തന്റെ പ്രവചനങ്ങൾ നടത്താൻ താൻ ഉപയോഗിക്കുന്ന 13 കീകൾ അദ്ദേഹം ചൊവ്വാഴ്ച ഊന്നിപ്പറയുകയും മാധ്യമങ്ങളിലെ പോളിംഗിന്റെ പ്രഖ്യാപനങ്ങളെ വിമർശിക്കുകയും ചെയ്തു, പ്രചാരണത്തേക്കാൾ വ്യക്തമാകുന്നത് 2024 ലെ വൈറ്റ് ഹൗസിലേക്കുള്ള മത്സരത്തിൽ ആരാണ് വിജയിക്കുമെന്നതിന്റെ സൂചനയാണെന്ന് അദ്ദേഹം പറഞ്ഞു.

'എനിക്ക് ഒരു ക്രിസ്റ്റൽ ബോൾ ഇല്ല, എന്റെ സിസ്റ്റം ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്, ഇത് വളരെ ശക്തമാണ്, ഇത് എല്ലായ്പ്പോഴും സാധ്യമാണ്, നിങ്ങൾക്കത് അറിയാൻ കഴിയില്ല എന്നാണ് ലിച്ച്മാൻ പറഞ്ഞത്.

# കാർഡിനൽ വർക്കി വിതയത്തിൽ മെമ്മോറിയൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് നവം. 2ന് ഫിലഡൽഫിയയിൽ

ഫിലാഡൽഫിയ: ഷിക്കാഗോ സീറോമലബാർ കത്തോലിക്കാ രൂപതയുടെ അത്മായ സംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി) ഫിലാഡൽഫിയാ ചാപ്റ്റർ ദേശീയതലത്തിൽ എല്ലാവർഷവും നടത്തിവരുന്ന കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ മെമ്മോറിയൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് നവംബർ 2 ശനിയാഴ്ച്ച രാവിലെ എട്ടു മണിമുതൽ ഫിലാഡൽഫിയാ നോർത്തീസ്റ്റ് റാക്കറ്റ് ക്ലബിന്റെ (NERC, 9379 Krewstown Road, Philadelphia PA 19115) ഇൻഡോർ ബാസ്കറ്റ് ബോൾ കോർട്ടിൽ നടക്കും.




അമേരിക്കയിൽ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചക്ക് ദേശീയതലത്തിലും, രൂപതാതലത്തിലുംവളരെയധികംസംഭാവനകൾനൽകുകയും, അതിന്റെ പ്രഥമ ഗ്രാന്റ്പേട്രൻ സ്ഥാനം ഏറെക്കാലം വഹിക്കുകയും, 1999 മുതൽ 2011 വരെ സീറോമലബാർ സഭാ മേജർ ആർച്ച് ബിഷപ്പും, അത്യുന്നത കർദ്ദിനാളുമായിരുന്ന ദിവംഗതനായ മാർ വർക്കി വിതയത്തിലിന്റെ സ്മരണാർത്ഥം നടത്തുന്ന പത്താമത് ദേശീയ ബാസ്കറ്റ്ബോൾ ടൂർണമെന്റാണിത്. മൽസരത്തിനു വിവിധ ടീമുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

ശനിയാഴ്ച്ച രാവിലെ എട്ടു മണിക്ക് ഉദ്ഘാടനം ചെയ്യപ്പെടുന്ന ഏകദിന ടൂർണമെന്റിൽ പ്ലേ ഓഫ് മൽസരങ്ങൾക്കു ശേഷം വൈകുന്നേരം നടക്കുന്ന ഫൈനലിൽ വിജയിക്കുന്ന ടീമിനു ജോസഫ് കൊട്ടുകാപ്പള്ളി (മേവട) സ്പോൺസർ ചെയ്യുന്ന കർദ്ദിനാൾ വിതയത്തിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, റണ്ണർ അപ് ടീമിനു മുൻ ചാപ്റ്റർ പ്രസിഡന്റ് റോഷിൻ പ്ലാമൂട്ടിൽ സ്പോൺസർ ചെയ്യുന്ന എസ്.എം.സി. സി എവർറോളിംഗ് ട്രോഫിയും ലഭിക്കും.

കളിയിൽ വ്യക്തിഗത മികവു പുലർത്തുന്നവർക്ക് പ്രത്യേക ട്രോഫികളും ലഭിക്കും. ദിവംഗതനായ ടോമി അഗസ്റ്റിന്റെ സ്മരണാർത്ഥം നൽകപ്പെടുന്ന എം.വി.പി കപ്പ് കളിയിൽ മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുന്ന വ്യക്തിക്ക് ലഭിക്കും.

◗ ജോസ് മാളേയ്ക്കൽ

# റദ്ദാക്കിയ ഫ്ളൈറ്റുകൾക്ക് യുഎസ് എയർലൈനുകൾ പണം തിരികെ നൽകണം: പുതിയ നിയമം ഈ ആഴ്ച മുതൽ



വാഷിംഗ്ടൺ: റദ്ദാക്കിയതോ ദീർഘസമയം വൈകുന്നതോ ആയ ഫ്ളൈറ്റുകൾക്ക് ഓട്ടോമാറ്റിക് ക്യാഷ് റീഫണ്ട് ആവശ്യമായ ബൈഡൻ ഭരണകൂടത്തിന്റെ പുതിയ നിയമങ്ങൾ ഈ ആഴ്ച മുതൽ പ്രാബല്യത്തിൽ വന്നു. യാത്രാ തടസത്തിന് ഒരു എയർലൈൻ കടപ്പെട്ടിരിക്കുമ്പോൾ യാത്രക്കാർക്ക് അവരുടെ പണം തിരികെ ലഭിക്കാൻ അർഹതയുണ്ട്. മറ്റ് തലവേദനയോ വിലപേശലോ ഇല്ലാതെ പണ തിരികെ നൽകണമെന്ന് ഗതാഗത സെക്രട്ടറി പീറ്റ് ബുട്ടിഗീഗ് എക്സിൽ പോസ്റ്റ് ചെയ്തു.

ഏപ്രിലിൽ, യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് ട്രാൻസ്പോർട്ടേഷൻ ഒരു ഓട്ടോമാറ്റിക് റീഫണ്ട് റൂൾ പുറപ്പെടുവിക്കുകയാണെന്ന് പറഞ്ഞിരുന്നു. ഇത് എയർലൈനുകൾ റീഫണ്ട് നൽകേണ്ട പ്രത്യേക സാഹചര്യങ്ങളെ വ്യക്തമായി നിർവചിക്കുന്നു. ഈ നിയമത്തിന് മുമ്പ്, ഒരു യാത്രക്കാരന് റീഫണ്ട് ലഭിക്കുന്നതിന് എയർലൈനുകൾ അവരടേതായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. കൂടാതെ നയങ്ങൾ കാരിയർമാർക്കിടയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് 'യാത്രക്കാർക്ക് അവരുടെ റീഫണ്ട് അവകാശങ്ങൾ അറിയുന്നതിനോ ഉറപ്പിക്കുന്നതിനോ' ബുദ്ധിമുട്ടാക്കുന്നുവെന്ന് ഡോട്ട് (DOT) പറഞ്ഞു.

ഇപ്പോൾ അത് പ്രാബല്യത്തിൽ വന്നതിനാൽ, ഒരു എയർലൈൻ ഒരു ഫ്ളൈറ്റ് റദ്ദാക്കുകയോ സമയം മാറ്റുകയോ, അവരുടെ ചെക്ക് ചെയ്ത ബാഗുകൾ വൈകുകയോ അല്ലെങ്കിൽ അവർ വാങ്ങിയ അധിക സേവനങ്ങൾ നൽകുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ, യാത്രക്കാർക്ക് റീഫണ്ട് ലഭിക്കുന്നത് എളുപ്പമായിരിക്കും.






# കമല ഹാരിസിന് പ്യൂർട്ടോ റിക്കോയിലെ ഏറ്റവും വലിയ പത്രത്തിന്റെ പിന്തുണ



ന്യൂയോർക്ക്: ഞായറാഴ്ച മുൻ പ്രസിഡന്റ് ട്രംപിന്റെ മാഡിസൺ സ്ക്വയർ ഗാർഡൻ റാലിയിൽ ഒരു ഹാസ്യനടൻ ദ്വീപിനെ അപമാനിച്ചതിനെച്ചൊല്ലിയുണ്ടായ പ്രതിഷേധങ്ങൾക്കിടെ ചൊവ്വാഴ്ച പ്യൂർട്ടോറിക്കൻ പത്രമായ എൽ ന്യൂവോ ഡിയ വൈസ് പ്രസിഡന്റ് കമല ഹാരിസിന് പിന്തുണ പ്രഖ്യാപിച്ചു. 2020 ലെ തിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രസിഡന്റ് ബൈഡന്റെ ദൈനംദിന പിന്തുണയെത്തുടർന്ന് പത്രത്തിന്റെ എക്കാലത്തെയും രണ്ടാമത്തെ അംഗീകാരമാണ് ഇത്.

ഹാരിസിനെ പിന്തുണയ്ക്കാനുള്ള തീരുമാനം വിശദീകരിക്കുന്ന എഡിറ്റോറിയലിൽ, പത്രത്തിന്റെ എഡിറ്റോറിയൽ ബോർഡ് ട്രംപിനെ രൂക്ഷമായി വിമർശിക്കുകയും ഹാരിസിനെക്കുറിച്ച് ഏറെ ശുഭാപ്തിവിശ്വാസത്തോടെ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

''തിരഞ്ഞെടുപ്പിന് ഒരാഴ്ച മുമ്പ് മാത്രം ഉള്ളപ്പോൾ, ട്രംപിന്റെ ക്രമരഹിതവും നാർസിസിസ്റ്റിക് പെരുമാറ്റങ്ങളും യുണൈറ്റഡ് സ്റ്റേറ്റ്സും അതിന്റെ പ്രദേശങ്ങളും അതിന്റെ സഖ്യരാജ്യങ്ങളുടെ ഗ്രൂപ്പും അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് കരാറുകളും പരിഹാരങ്ങളും സൃഷ്ടിക്കാനുള്ള ട്രംപിന്റെ സന്തുലിതാവസ്ഥയും കഴിവില്ലായ്മയും വെളിപ്പെടുത്തുന്നു,''എഡിറ്റർ മരിയ ലൂയിസ ഫെറെ റേഞ്ചൽ എഴുതി.

ട്രംപിന്റെ പെരുമാറ്റത്തെക്കുറിച്ചും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും കടുത്ത ശാസനയുമായി ഫെറെ തുടർന്നു.ആവർത്തിച്ച്നുണപറയുന്നതിലൂടെ ട്രംപ് തെളിയിക്കുന്ന മാനസികഘടകങ്ങൾഅദ്ദേഹത്തെതന്നെബുദ്ധിമുട്ടുന്നു. അദ്ദേഹത്തിന് ധാർമ്മികത ഇല്ല, നിയമങ്ങൾ തനിക്ക് ബാധകമല്ലെന്ന് വിശ്വസിക്കുന്നു. മാരകമായ നാർസിസിസ്റ്റുകളായി യോഗ്യത നേടുന്ന ആളുകളുടെ സ്വഭാവ സവിശേഷതകളാണ് ഇവ. ട്രംപ് ഏറ്റവും മോശപ്പെട്ടവരിൽ ഒരാളാണ്. വൈകാരികമായി പൊള്ളയായ ഈ സ്വഭാവസവിശേഷതകൾ ഉള്ളതിനാൽ, അത്തരം വ്യക്തികൾക്ക് പ്രധാനപ്പെട്ട ഒരേയൊരു കാര്യം അവർ തന്നെയാണ് എന്നതാണ്. യാഥാർത്ഥ്യത്തെ വളച്ചൊടിച്ചതിലൂടെ അത് പ്രകടമാണ്. ട്രംപിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തേക്കാൾ മികച്ച ആരും ഇല്ല എന്നാണ് വിചാരം. യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ മാത്രമല്ല, ലോകത്തിന്റെ ചരിത്രത്തിലെ ഏറ്റവും നിർണായക നിമിഷങ്ങളിലൊന്നാണ് തങ്ങൾ അഭിമുഖീകരിക്കുന്നതെന്നും ഫെറെ കൂട്ടിച്ചേർത്തു.

പ്യൂർട്ടോ റിക്കോയെ സമുദ്രത്തിലെ ചപ്പുചവറുകൾക്ക് തുല്യമാക്കിയ ഹാസ്യനടൻ ടോണി ഹിച്ച്ക്ലിഫിന്റെ തമാശയെക്കുറിച്ച് ട്രംപ് ഇതുവരെ ഖേദം പ്രകടിപ്പിച്ചിട്ടില്ല. ചൊവ്വാഴ്ച മാർഎലാഗോയിൽ നടന്ന പത്രസമ്മേളനത്തിൽ, ട്രംപ് ഈ വിഷയത്തെ സ്പർശിച്ചിട്ട് പോലുമില്ല. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ, പ്രത്യേകിച്ച് പെൻസിൽവാനിയയിൽ, പ്യൂർട്ടോറിക്കൻ വോട്ടർമാർ ഒരു പ്രധാന പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്യൂർട്ടോറിക്കൻ സമൂഹം അധികമുള്ള പായിലെ അലൻടൗണിൽ ചൊവ്വാഴ്ച വൈകുന്നേരം ട്രംപ് റാലി നടത്തും.

അദ്ദേഹം നടന്റെ വിദ്വേഷം നിറഞ്ഞ തമാശയെക്കുറിച്ച് എങ്ങനെയാണ് പ്രതികരിക്കുന്നത് എന്നതിൽ സൂക്ഷ്മപരിശോധന നടത്തും. ''സ്വയം പ്രതിരോധിക്കാൻ കഴിയാത്തവരെ അപമാനിക്കുന്നത് ഭീരുത്വമാണ്. ഞായറാഴ്ച നടന്ന പരിപാടിയിൽ അവർ പ്യൂർട്ടോറിക്കക്കാരെ മാത്രമല്ല അപമാനിച്ചത്. ലാറ്റിനോകളെയും കറുത്തവരെയും സ്ത്രീകളെയും അവർ അപമാനിച്ചു. ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് നേരെ വേശ്യ എന്ന് ആക്രോശിച്ചു. ഒരു കൂട്ടം അവളെ പിന്തുണയ്ക്കുന്നവരുടെ മുന്നിൽ അവർ തുപ്പുകയും ചെയ്തു. പലരും ലാറ്റിനോകളായിരുന്നു, അവർ കൈയടിച്ചു, അനന്തരഫലങ്ങൾ മനസ്സിലാക്കുന്നില്ല. ഒരു ദിവസം നിങ്ങളുടെ ഊഴമായിരിക്കും.'' എഡിറ്റോറിയലിൽ അവർ എഴുതി. കൂടാതെ പ്യൂർട്ടോ റിക്കോയ്ക്കായി ഒരു പോളിസി പ്ലാൻ പുറത്തിറക്കിയതിന് ഹാരിസിനെ പത്രം പ്രശംസിച്ചു.

# ജസ്റ്റിൻ ട്രൂഡോയുടെ രാഷ്ട്രീയ ഭാവി സുരക്ഷിതത്വത്തിൽ



ഒട്ടാവ: ന്യൂനപക്ഷ ലിബറൽ സർക്കാരിനെ താഴെയിറക്കാനുള്ള ശ്രമങ്ങൾ ന്യൂ ഡെമോക്രാറ്റിക് പാർട്ടി നേതാവ് തള്ളിക്കളഞ്ഞതോടെ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ രാഷ്ട്രീയ ഭാവി സുരക്ഷിതത്വത്തിലെന്ന് റിപ്പോർട്ടുകൾ.

ഒമ്പത് വർഷമായി പ്രധാനമന്ത്രി കസേരയിലിരിക്കുന്ന ട്രൂഡോയെ താഴെയിറക്കാനാണ് ഏറ്റവും വലിയ രണ്ട് പ്രതിപക്ഷ പാർട്ടികളായ കൺസർവേറ്റീവുകളും ബ്ലോക്ക് ക്യൂബെക്കോയിസും ലക്ഷ്യമിടുന്നത്. വിജയിക്കാൻ, അവർക്ക് ന്യൂ ഡെമോക്രാറ്റുകളുടെ പിന്തുണ ആവശ്യമാണ്. എന്നാൽ ഈ ആശയത്തിൽ തനിക്ക് താൽപ്പര്യമില്ലെന്ന് കനേഡിയൻ സിഖ് നേതാവ് ജഗ്മീത് സിംഗ് പറഞ്ഞു.

'ഞങ്ങൾ എപ്പോൾ തിരഞ്ഞെടുപ്പ് ആരംഭിക്കണമെന്ന് തീരുമാനിക്കാൻ ഞാൻ ബ്ലോക്കിനെയോ, കൺസർവേറ്റീവുകളെയോ അനുവദിക്കില്ല. ഞാൻ അവരുടെ കളികൾ കളിക്കാൻ പോകുന്നില്ല'' അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

2025 ഒക്ടോബർ അവസാനത്തോടെ നടക്കേണ്ട തെരഞ്ഞെടുപ്പിൽ ന്യൂ ഡെമോക്രാറ്റുകളും ലിബറലുകളും മോശം പ്രകടനം കാഴ്ചവെക്കുമെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. കൺസർവേറ്റീവുകൾ ഒരു വലിയ വിജയത്തിന്റെ പാതയിലാണെന്ന് സർവേകൾ കാണിക്കുന്നു. ട്രൂഡോയെ താഴെയിറക്കാൻ തങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ടെന്ന് ബ്ലോക്ക് നേതാവ് യെവ്സ്ഫ്രാങ്കോയിസ് ബ്ലാഞ്ചെറ്റ് ചൊവ്വാഴ്ച പറഞ്ഞു.

2013 മുതൽ ലിബറൽ പാർട്ടി നേതാവാണ് ട്രൂഡോ. 2015 മുതൽ കാനഡയുടെപ്രധാനമന്ത്രിപദത്തിലിരിക്കുന്നു.സഖ്യകക്ഷിയായിരുന്ന ന്യൂ ഡെമോക്രാറ്റിക് പാർട്ടി സെപ്തംബറിൽ പിന്തുണ പിൻവലിച്ചതോടെ ട്രൂഡോയുടേത് ന്യൂനപക്ഷസർക്കാരായി. 338 അംഗ പാർലമെന്റിൽ 153 സീറ്റുകളാണ് ലിബറൽ പാർട്ടിക്കുള്ളത്.

# അനധികൃത കുടിയേറ്റം: ഒരു വർഷത്തിനിടെ അമേരിക്ക തിരിച്ചയച്ചത് 1100 ഇന്ത്യക്കാരെ



ന്യൂയോർക്ക്: അനധികൃത കുടിയേറ്റത്തെ തുടർന്ന് ഒരു വർഷത്തിനിടെ അമേരിക്ക മടക്കി അയച്ചത് 1,100 ഇന്ത്യക്കാരെ. ഒക്ടോബർ 2023 മുതൽ സെപ്തംബർ 2024 വരെയുള്ള കണക്കാണിത്. ഒക്ടോബർ 22ന് മാത്രം 100 പേരടങ്ങുന്ന സംഘത്തെ പ്രത്യേകം ചാർട്ടർ വിമാനത്തിൽ അമേരിക്ക ഇന്ത്യയിലേക്ക് മടക്കി അയച്ചിരുന്നു.

കഴിഞ്ഞ കുറേ വർഷമായി അനധിക കുടിയേറ്റം രാജ്യത്ത് വർധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി അസിസ്റ്റൻഡ് സെക്രട്ടറി റോയ്സ് മ്യൂരെ ചൂണ്ടിക്കാട്ടി. സെപ്തംബർ മാസത്തിലാണ് 2024 ലെ സാമ്പത്തിക വർഷം അവസാനിച്ചത്. ഈ കാലയളവിൽ മാത്രം 1100 ഇന്ത്യക്കാരെ തിരിച്ചയച്ചു. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വലിയ വർധനയാണെന്നും മ്യൂരെ ചൂണ്ടിക്കാട്ടി. തിരിച്ചയച്ച അനധികൃത കുടിയേറ്റക്കാരിൽ പുരുഷൻമാരും സ്ത്രീകളുമുണ്ട്. കൂടുതലും യുവാക്കളാണ്.

പഠനത്തിനായും മറ്റുമായി എങ്ങനെയെങ്കിലും അമേരിക്കയിലെത്തണമെന്ന ലക്ഷ്യത്തോടെയാണ് യുവാക്കളിൽ മിക്കവരും എത്തുന്നത്. ഇവരെ ലക്ഷ്യമിട്ട് മനഷ്യക്കടത്തുകാരും അനധികൃത ട്രാവൽ ഏജൻസികളും വലിയ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കൃത്യമായ പരിശോധനകൾ പൂർത്തിയാക്കി മാത്രമേ ഇത്തരത്തിലുള്ള വിസയ്ക്ക് അപേക്ഷിക്കാൻ പാടുള്ളൂവെന്ന് അദ്ദേഹം വ്യക്തമാക്കി.

# മിഡിൽ ഈസ്റ്റിൽ ബൈഡനും കമലയും സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ട്രംപ്



വാഷിംഗ്ടൺ: ജോ ബൈഡനും കമലാ ഹാരിസും സൃഷ്ടിച്ച 'പ്രശ്നങ്ങൾ' പരിഹരിച്ചുകൊണ്ട് ലെബനനിലെ കഷ്ടപ്പാടുകളും വിനാശവും അവസാനിപ്പിക്കുമെന്ന് ഡൊണാൾഡ് ട്രംപ്. തന്റെ ഭരണകാലത്ത് മിഡിൽ ഈസ്റ്റിൽ സമാധാനമുണ്ടായിരുന്നെന്ന് മുൻ യുഎസ് പ്രസിഡന്റ് പറഞ്ഞു. തന്റെ സാമൂഹിക മാധ്യമമായ ട്രൂത്ത് സോഷ്യലിലെ പോസ്റ്റിലാണ് ട്രംപ് അവകാശവാദങ്ങളുന്നയിച്ചത്.

''എന്റെ ഭരണകാലത്ത്, മിഡിൽ ഈസ്റ്റിൽ ഞങ്ങൾക്ക് സമാധാനമുണ്ടായിരുന്നു, വളരെ വേഗം ഞങ്ങൾക്ക് വീണ്ടും സമാധാനമുണ്ടാകും! കമലാ ഹാരിസുംജോബൈഡനുംഉണ്ടാക്കിയപ്രശ്നങ്ങൾ പരിഹരിക്കുകയും ലെബനനിലെ ദുരിതങ്ങളും വിനാശവും ഞാൻ അവസാനിപ്പിക്കുകയും ചെയ്യും. മിഡിൽ ഈസ്റ്റ് യഥാർത്ഥ സമാധാനത്തിലേക്ക്, ശാശ്വത സമാധാനത്തിലേക്ക് മടങ്ങിവരുന്നത് കാണാൻ ഞാൻ ആഗ്രഹിക്കുന്നു, ഞങ്ങൾ അത് ശരിയായി ചെയ്തുതീർക്കും. സംഘർഷം ഓരോ 5 അല്ലെങ്കിൽ 10 വർഷത്തിലും ആവർത്തിക്കില്ല!' ട്രംപ് എഴുതി.

ലെബനനിലെ നിങ്ങളുടെ സുഹൃത്തുക്കളും കുടുംബാംഗങ്ങളും അവരുടെ അയൽക്കാരുമായി സമാധാനത്തിലും സമൃദ്ധിയിലും യോജിപ്പിലും ജീവിക്കാൻ അർഹരാണ്, അത് മിഡിൽ ഈസ്റ്റിൽ സമാധാനത്തിലും സ്ഥിരതയിലും മാത്രമേ സംഭവിക്കൂ. ലെബനനിലെ ജനങ്ങളുടെ സുരക്ഷയും സുരക്ഷിതത്വവും ഉറപ്പാക്കാൻ യുഎസിൽ താമസിക്കുന്ന ലെബനീസ് കമ്മ്യൂണിറ്റിയുമായി ചേർന്ന് പ്രവർത്തിക്കാൻ ഞാൻ പ്രതീക്ഷിക്കുന്നു. സമാധാനത്തിനായി ട്രംപിന് വോട്ട് ചെയ്യുക! ട്രംപ് എഴുതി.




SERVING OUR COMMUNITY FOR OVER 32 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential

# ദിവ്യയുടെ റിമാൻഡ് റിപ്പോർട്ട്: നിയമത്തെ വെല്ലുവിളിച്ചു; കുറ്റകൃത്യം നേരിട്ട് നടപ്പാക്കി



കണ്ണൂർ: പി.പി. ദിവ്യ കുറ്റകൃത്യം നേരിട്ട് നടപ്പാക്കിയെന്ന് റിമാൻഡ് റിപ്പോർട്ടിൽ പോലീസിന്റെ ഗുരുതര ആരോപണം. ഇതുൾപ്പെടെ നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന പ്രവൃത്തികളാണ് പൊതുപ്രവർത്തകയുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്നും പറയുന്നു. ആരും ക്ഷണിക്കാതിരുന്നിട്ടും കുറ്റവാസനയോടും ആസൂത്രണത്തോടെയും എ.ഡി.എം കെ.നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങിനെത്തി.

നിയമവ്യവസ്ഥയെ വെല്ലുവിളിച്ച് ഒളിവിൽ പോയി. പ്രസംഗത്തിന്റെ വീഡിയോ എടുക്കാൻ ഏർപ്പാടാക്കിയത് ദിവ്യയാണ്. അപമാനിക്കാൻ വേണ്ടിയായിരുന്നു ഇത്. അതേസമയം, മുൻകൂർ ജാമ്യഹർജിയിൽ തീരുമാനം വന്നശേഷം പാർട്ടി നടപടിയെന്നു പറഞ്ഞ് സി.പി.എം നേതൃത്വം മലക്കംമറിഞ്ഞു. കേസുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ പുറത്തുവരട്ടെയെന്ന നിലപാടാണ് ഇന്നലെ ചേർന്ന സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് സ്വീകരിച്ചത്.

ജില്ലാ പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കംചെയ്തത്നടപടിയാണെന്നന്യായം വീണ്ടും ഉയർത്തുകയാണ് പാർട്ടി. ഇനി സംസ്ഥാന നേതൃത്വത്തിന്റെ നിലപാട് നിർണായകമാകും. പെട്രോൾ പമ്പുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടില്ലെന്നും റിമാൻഡ് റിപ്പോർട്ടിൽ പറയുന്നുണ്ട്. ദിവ്യയെ യാത്രയയപ്പ് ചടങ്ങിലേക്ക് ക്ഷണിച്ചിട്ടില്ലെന്ന് കളക്ടർ മൊഴി നൽകിയിട്ടുണ്ട്. ദിവ്യക്കെതിരെ നേരത്തെ അഞ്ച് ക്രിമിനൽ കേസുകൾ ഉണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## വൻ രാഷ്ട്രീയ സ്വാധീനം

ദിവ്യയ്ക്ക് പാർട്ടിയിലുള്ള സ്വാധീനം റിമാൻഡ് റിപ്പോർട്ടിലും പറയുന്നു. അവർക്ക് ഭരണസിരാകേന്ദ്രങ്ങളിൽ ഉൾപ്പെടെ സ്വാധീനമുണ്ട്. സാക്ഷികളെ ഭീഷണിപ്പെടുത്താനും പിന്തിരിപ്പിക്കാനും സാദ്ധ്യതയുണ്ട്. പ്രത്യാഘാതം അറിഞ്ഞുതന്നെയാണ് നവീൻ ബാബുവിനെതിരെ ഭീഷണി മുഴക്കിയതും അപമാനിക്കുന്ന ദൃശ്യങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചതും. ക്രിമിനൽ മനോഭാവത്തിന് തെളിവാണിത്. രണ്ട് പെൺമക്കളുടെയും ഭാര്യയുടെയും ഏക തുണയായിരുന്നു എ.ഡി.എം. അദ്ദേഹത്തെ സമൂഹമദ്ധ്യത്തിൽ ഇകഴ്ത്തി മാനഹാനി വരുത്തി ആത്മഹത്യയിലേക്ക് നയിച്ചയാളാണ് പ്രതി.

## ഈ ആഴ്ച ജയിലിൽത്തന്നെ

.പി.പി.ദിവ്യ ഇന്നലെ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ജാമ്യഹർജി ഫയൽ ചെയ്തെങ്കിലും ഇന്ന് അവധിയായതിനാൽ പരിഗണിക്കുന്നത് നീണ്ടുപോകും. പോലീസിന് നോട്ടീസ് അയയ്ക്കണം. നവീൻബാബുവിന്റെ കുടുംബം തടസഹർജി നൽകുന്നതിനാൽ അവർക്കും നോട്ടീസ് നൽകണം. അതിനുശേഷമേ വാദം കേൾക്കൂ

തെറ്റുപറ്റിയെന്ന് നവീൻ ബാബു തന്നോട് പറഞ്ഞെന്ന കളക്ടറുടെ മൊഴി പിടിവള്ളിയാക്കിയാണ് ദിവ്യയുടെ ജാമ്യഹർജി. ഇതിന്റെ വിശദാംശങ്ങൾ എന്തുകൊണ്ട് പോലീസ് അന്വേഷിച്ചില്ലെന്നും മൊഴിയിൽ കൃത്യത വരുത്തണമെന്നും ഹർജിയിൽ പറയുന്നു. തെറ്റുപറ്റിയെന്ന് നവീൻ ബാബു തന്നോട് പറഞ്ഞെന്ന മൊഴിയിൽ ഉറച്ചുനിൽക്കുകയാണ് ജില്ലാ കളക്ടർ അരുൺ കെ. വിജയൻ. പറഞ്ഞത് ശരിയാണോ തെറ്റാണോ എന്ന് കണ്ടെത്തേണ്ടത് പോലീസാണെന്നും കളക്ടർ മാദ്ധ്യമങ്ങളോട് പറഞ്ഞു.

## കസ്റ്റഡിയിൽ വാങ്ങും

ദിവ്യയെ ചോദ്യം ചെയ്യുന്നതിന് പ്രത്യേക അന്വേഷണ സംഘം കസ്റ്റഡിയിൽ വാങ്ങും. ദീപാവലി അവധിയായതിനാൽ തിങ്കളാഴ്ചക്കുശേഷം കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കസ്റ്റഡി അപേക്ഷ സമർപ്പിക്കാനാണ് നീക്കം. അന്വേഷണ സംഘം ഇന്നോ നാളെയോ നവീൻബാബുവിന്റെ വീട്ടിൽ പോയി കുടുംബാംഗങ്ങളുടെ മൊഴിയെടുക്കും.

## എന്നിട്ടും കണ്ണൂർ നേതൃത്വം ദിവ്യയ്ക്കൊപ്പംതന്നെ

എ.ഡി.എം കെ.നവീൻ ബാബുവിന്റെ മരണത്തിൽ പി.പി.ദിവ്യ റിമാൻഡിലായിട്ടും സംഘടനാ നടപടി ഉടൻ വേണ്ടെന്ന്സി.പി.എംകണ്ണൂർജില്ലാസെക്രട്ടേറിയറ്റ് യോഗത്തിൽ തീരുമാനം. ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് മാറ്റിയത് നടപടിയാണെന്നും ഇത് കീഴ്ഘടകങ്ങളിൽ റപ്പോർട്ട് ചെയ്യാനുംതീരുമാനിച്ചു.ശക്തമായനടപടിവേണമെന്ന്പത്തനംതിട്ടജില്ലാഘടകം ആവശ്യപ്പെട്ടിരുന്നു. അതാണ് നിരസിച്ചത്.

കഴിഞ്ഞ 27ന് തൃശൂരിൽ ചേർന്ന സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തരം താഴ്ത്തൽ ഉൾപ്പെടെ ഉചിതമായ നടപടികൾ കൈക്കൊള്ളാൻ കണ്ണൂർ ജില്ലാ നേതൃത്വത്തിന് അനുമതിയും നൽകിയിരുന്നു. ദിവ്യ ജാമ്യാപേക്ഷ നൽകിയ സാഹചര്യത്തിൽ പാർട്ടി നടപടിയെടുക്കുന്നത് വിധിയെ സ്വാധീനിക്കുമെന്ന അഭിപ്രായം ഉയർന്നു. ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷയിൽ തീരുമാനമുണ്ടായശേഷം നടപടി കൈക്കൊള്ളാമെന്നായിരുന്നു പാർട്ടിയുടെ ആദ്യനിലപാട്. നിയമ നടപടികൾക്കിടെ സംഘടനാ നടപടി ആവശ്യമില്ലെന്നാണ് കണ്ണൂർ നേതൃത്വത്തിന്റെ തീരുമാനം. ഉപതിരഞ്ഞെടുപ്പുകൾ കഴിഞ്ഞശേഷം സംസ്ഥാന സെക്രട്ടറി അടക്കമുള്ളവരുടെ സാന്നിദ്ധ്യത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യാൻ തീരുമാനിച്ചു. സി.പി.എം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമാണ് ദിവ്യ.

ഇന്നലെ ചേർന്നത് പൂർണ്ണ സെക്രട്ടേറിയറ്റ് യോഗമല്ല. നാളെ മുതൽ ആരംഭിക്കുന്ന ഏരിയാ സമ്മേളനങ്ങളുമായി ബന്ധപ്പെട്ടതും മറ്റ് പതിവ് അജണ്ടകളുമാണ് പ്രധാന ചർച്ചയായത്. സമ്മേളന കാലളവിൽ അച്ചടക്ക നടപടി വേണ്ടെന്ന പാർട്ടി കീഴ്വഴക്കമാണ് സെക്രട്ടേറിയറ്റ് യോഗത്തിലുയർന്ന പൊതുവികാരം.

പ്രാദേശിക ഘടകങ്ങളിൽ ദിവ്യയ്ക്ക് അനുകൂലമായ വികാരം ഉയർന്നതാണ് നടപടികൾ വൈകിപ്പിക്കാൻ ജില്ലാ നേതൃത്വത്തെ പ്രേരിപ്പിച്ചത്. കേസുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ പുറത്ത് വരട്ടെയെന്ന നിലപാടാണ് ജില്ലാ സെക്രട്ടേറിയറ്റ് സ്വീകരിച്ചത്. പാർട്ടി നവീൻ ബാബുവിന്റെ കുടുംബത്തോടൊപ്പമാണെന്ന് സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പ്രതികരിച്ചിരുന്നു.

കുറ്റക്കാരിയെന്ന് കണ്ടെത്തിയാൽ പി.പി ദിവ്യയ്ക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രിയും എൽ.ഡി.എഫ് യോഗത്തിൽ പറഞ്ഞിരുന്നു.അതിനൊന്നും കണ്ണൂർ ജില്ലാ നേതൃത്വം വില കല്പിക്കുന്നില്ല.









# മൊഴിയിലുറച്ച് കണ്ണൂർ കളക്ടർ: തെറ്റുപറ്റിയെന്ന് നവീൻബാബു പറഞ്ഞു





കണ്ണൂർ: യാത്രയയപ്പ് സമ്മേളനത്തിനുശേഷം തെറ്റുപറ്റിയെന്ന് നവീൻ ബാബു തന്നോട് പറഞ്ഞെന്ന മൊഴിയിൽ ഉറച്ച് നിൽക്കുകയാണ് കണ്ണൂർ കളക്ടർ അരുൺ കെ.വിജയൻ. അന്വേഷണ സംഘത്തിനാണ് ഈ മൊഴി നൽകിയത്. കാര്യങ്ങൾ പറയാൻ പരിമിതിയുണ്ടെന്നും കൂടുതൽ വിവരങ്ങൾ പുറത്തുവരാനുണ്ടെന്നും കളക്ടർ മാധ്യമങ്ങളോട് പറഞ്ഞു.

എല്ലാം അന്വേഷണ സംഘത്തോട് പറയേണ്ടതുണ്ടായിരുന്നു. അക്കൂട്ടത്തിൽ യാത്രയയപ്പ് ചടങ്ങിനുശേഷം നവീൻബാബു ചേംബറിൽ വന്നു കണ്ട കാര്യവും ഉൾപ്പെടുന്നു. സത്യം സത്യമായി പറയാതിരിക്കാൻ കഴിയില്ല. യാത്രയയപ്പിനുശേഷം നവീൻ സംസാരിച്ചതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. അതെല്ലാം മൊഴിയിലുണ്ട്.

കോടതി ഇക്കാര്യം വെളിപ്പെടുത്തിയതുകൊണ്ടാണ് അംഗീകരിക്കുന്നതെന്നും കളക്ടർ പറഞ്ഞു. അറിയാവുന്ന കാര്യങ്ങളാണ് പറഞ്ഞതെന്നും ശരിയാണോ തെറ്റാണോ എന്ന് കണ്ടത്തേണ്ടത് പോലീസാണെന്നും കളക്ടർ വ്യക്തമാക്കി. ലാൻഡ് റവന്യു ജോയിന്റ് കമ്മിഷണറുടെ മൊഴിയെടുപ്പിലും ഇക്കാര്യങ്ങൾ പറഞ്ഞിരുന്നതായി കളക്ടർ വെളിപ്പെടുത്തി.

അതേസമയം, കുടുംബത്തിനു കൊടുത്ത കത്തിലെ പരാമർശങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് അരുൺ കെ.വിജയൻ പറഞ്ഞു. അവധി അപേക്ഷ നീട്ടി എന്ന ആരോപണങ്ങളെല്ലാം അന്വേഷിക്കാം. യാത്രയയപ്പ് ചടങ്ങിലേക്ക് ദിവ്യയെ ക്ഷണിച്ചിട്ടില്ല. തന്റെ അനുഭവത്തിൽ നവീൻബാബു നല്ല ഉദ്യോഗസ്ഥനാണ്. എ.ഡി.എമ്മിന്റെ കുടുംബം കളക്ടർക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ പരിശോധിച്ചോളൂ എന്നായിരുന്നു കളക്ടറുടെ മറുപടി.

### കോടതി തള്ളിയ മൊഴി

പി.പി.ദിവ്യയുടെ മുൻകൂർ ജാമ്യ ഹർജി തള്ളിയുള്ള വിധിന്യായത്തിന്റെ 34-ാം പേജിലാണ് കളക്ടറുടെ മൊഴി പരാമർശിക്കുന്നത്. തെറ്റുപറ്റിയെന്നു പറയുന്നത്, കൈക്കൂലിയോ മറ്റെന്തെങ്കിലും അഴിമതിയോ നടത്തിയതായി സമ്മതിച്ചതിനു തുല്യമായി കാണാനാവില്ലെന്ന് വിലയിരുത്തിയാണ് കോടതി കളക്ടറുടെ മൊഴി തള്ളിയത്. കളക്ടർ പൊലീസിന് ഇങ്ങനെ മൊഴി നൽകിയ കാര്യം ദിവ്യയുടെ അഭിഭാഷകൻ കെ.വിശ്വൻ വാദത്തിൽ ഉന്നയിച്ചിരുന്നു.

യാത്രഅയപ്പു യോഗത്തിനുശേഷം എ.ഡി.എമ്മിനെ കണ്ടിരുന്നോ എന്ന് മാദ്ധ്യമങ്ങൾ പലവട്ടം ചോദിച്ചിരുന്നെങ്കിലും നേരത്തെ കളക്ടർ മറുപടി നൽകിയിരുന്നില്ല. ദിവ്യയ്ക്ക് അനുകൂലമായി കേസ് മാറ്റാനുള്ള നീക്കമാണ് കളക്ടറുടെ മൊഴിയെന്ന ആരോപണവും ഉയർന്നിട്ടുണ്ട്.

### കളക്ടറുടെ മൊഴി ചൂണ്ടി ദിവ്യയുടെ ജാമ്യഹർജി

കളക്ടറുടെ മൊഴിയിൽ കൃത്യത വരുത്തണമെന്ന് ആവശ്യപ്പെട്ടും പൊലീസ് അന്വേഷണത്തിൽ വീഴ്ച സംഭവിച്ചെന്നു ചൂണ്ടിക്കാട്ടിയും പി.പി.ദിവ്യ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ പുതിയ ജാമ്യഹർജി സമർപ്പിച്ചു. നിർണായക സാക്ഷിമൊഴികൾ പലതും കോടതി മുൻപാകെ എത്തിയില്ലെന്നും ചൂണ്ടിക്കാട്ടി.

ഇന്ന് കോടതി അവധിയായതിനാൽ നാളെയോ, മറ്റൊരു ദിവസമോ ലിസ്റ്റ്ചെയ്തശേഷമേ,വാദം കേൾക്കുകയുള്ളൂ. കോടതി പൊലീസിൽ നിന്ന് റിപ്പോർട്ട് തേടും. ജാമ്യത്തെ എതിർത്ത് കക്ഷിചേരുമെന്ന് നവീൻ ബാബുവിന്റെ കുടുംബം അറിയിച്ചിട്ടുണ്ട്.

പോലീസിന്റെ അന്വേഷണം ശരിയായ രീതിയിൽ അല്ലെന്നാണ് ജാമ്യ ഹർജിയിൽ പറയുന്നത്. തെറ്റുപറ്റിയെന്ന് നവീൻബാബു പറഞ്ഞതായുള്ള കളക്ടറുടെ മൊഴി പോലീസ് റിപ്പോർട്ടിലുണ്ടായിരുന്നു.

ഇതിന്റെ വിശദാംശങ്ങളോ ഇത് എന്തിനെക്കുറിച്ചാണെന്നോ റോപലീസ് അന്വേഷിച്ചില്ല. വകുപ്പുതല അന്വേഷണം നടത്തിയ ലാൻഡ് റെവന്യൂ കമ്മിഷണറുടെ മൊഴിയെടുക്കണമെന്നും ദിവ്യയുടെ ഹർജയിൽ പറയുന്നു. പരാതിക്കാരനായ പ്രശാന്തൻ വിജിലൻസ് ഡിവൈ.എസ്.പിക്ക് മുന്നിൽ ഹാജരായിരുന്നു.

എന്നാൽ, പോലീസ് റിപ്പോർട്ടിൽ ആ മൊഴിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയില്ല. പ്രശാന്ത് എന്തിനാണ് ക്വാർട്ടേഴ്സിലേക്ക് പോയത് എന്നതിനെക്കുറിച്ച് അന്വേഷണം നടന്നില്ലെന്നും പ്രതിഭാഗം വാദിക്കുന്നു. താൻ യാത്രഅയപ്പ് ചടങ്ങിനെത്തിയത് കളക്ടർ ക്ഷണിച്ച പ്രകാരമാണെന്ന വാദത്തിൽ ഉറച്ചുനിൽക്കുകയാണ് പി.പി. ദിവ്യ. ഗംഗാധരന്റെ മൊഴിയും പരാതിയും കേസ് ഡയറിയുടെ ഭാഗമായി വന്നില്ലെന്നും ദിവ്യയുടെ അഭിഭാഷകൻ പറഞ്ഞു.










## നീലേശ്വരം വെടിക്കെട്ട് അപകടം: 8 പേരുടെ നില ഗുരുതരമായി തുടരുന്നു

നീലേശ്വരം(കാസർകോട്): 154 പേർക്ക് പരിക്കേറ്റ നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് കളിയാട്ടച്ചടങ്ങിനിടെയുണ്ടായ വെടിക്കെട്ട് അപകടത്തിൽ വധശ്രമം കൂടി ഉൾപ്പെടുത്തി പോലീസ് കോടതിക്ക് റിപ്പോർട്ട് നൽകി. എക്സ്പ്ലോസീവ് ആക്ട്,സ്ഫോടക വസ്തു അശ്രദ്ധയോടെ കൈകാര്യം ചെയ്യൽ ഉൾപ്പെടെയുള്ള വകുപ്പുകൾ അനുസരിച്ചാണ് നേരത്തേ പോലീസ് കേസെടുത്തിരുന്നത്. കാഞ്ഞങ്ങാട് ഡിവൈ.എസ്.പി ബാബു പെരിങ്ങേത്തിന്റെ നേതൃത്വത്തിൽ പ്രത്യേകസംഘം അന്വേഷണം ഏറ്റെടുത്തതോടെയാണ് വധശ്രമം കൂടി ഉൾപ്പെടുത്തിയത്.

അതേസമയം വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് വഹിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭ യോഗം തീരുമാനിച്ചു. ആശുപത്രി മുഖാന്തരമായിരിക്കും ധനസഹായം നൽകുക. പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന എട്ടപേരുടെ ആരോഗ്യനില ഗുരുതരമായി തുടരുകയാണ്. അപകടത്തിൽ പരിക്കേറ്റ 102 പേരാണ് പതിമൂന്ന് ആശുപത്രികളിലായി ചികിത്സയിലുള്ളത്. അതിൽ 80 ശതമാനത്തിലേറെ പൊള്ളലേറ്റ് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന കിനാനൂർ സ്വദേശി സന്ദീപിന്റെ ആരോഗ്യനില അതീവഗുരുതരമാണ്.

ബാക്കിയുള്ള ഏഴപേരും വെന്റിലേറ്ററിൽ തന്നെയാണ്. സംഭവത്തിൽ തൈക്കടപ്പുറം കൊട്രച്ചാൽ മുത്തപ്പൻ തറയ്ക്ക് സമീപത്തെ കെ.വി.വിജയനെയും (65) അറസ്റ്റുചെയ്തു. ഇയാൾ നേരത്തെ അറസ്റ്റിലായ രാജേഷിന്റെ സഹായിയാണെന്ന് പൊലീസ് പറഞ്ഞു. പതിനാറു വർഷം മുമ്പ് ഇതേ ക്ഷേത്രത്തിൽ വെടിക്കെട്ട് നടത്തുന്നതിനിടെ കൈപ്പത്തി അറ്റയാളാണ്. കേസിൽ ചൊവ്വാഴ്ച്ച അറസ്റ്റിലായ ക്ഷേത്രം പ്രസിഡന്റ് ചന്ദ്രശേഖരൻ,സെക്രട്ടറി കെ.ടി.ഭരതൻ,വെടിമരുന്നിന് തീ കൊളുത്തിയ രതീഷ് എന്നിവർ റിമാൻഡിലാണ്. ഇവർക്ക് പുറമെ ക്ഷേത്രം ഭാരവാഹികളായ എ.വി.ഭാസ്കരൻ,തമ്പാൻ,ചന്ദ്രൻ,ബാബു,ശശി എന്നിവരും പ്രതികളാണ്. ഒളിവിൽ കഴിയുന്ന ഇവർക്കായി തെരച്ചിൽ തുടങ്ങിയെന്ന് അന്വേഷണസംഘം അറിയിച്ചു.

പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരുടെ ഉൾപ്പെടെ മൊഴി കാഞ്ഞങ്ങാട് ഡിവൈ.എസ്.പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം രേഖപ്പെടുത്തുന്നുണ്ട്. എ.ഡി.എമ്മിന്റെ നേതൃത്വത്തിലുള്ള അന്വേഷണവും ആരംഭിച്ചു. ജില്ലാ പൊലീസ് മേധാവി ഡി.ശില്പ,അഡിഷണൽ എസ്.പി പി.ബാലകൃഷ്ണൻ നായർ,കാഞ്ഞങ്ങാട് ഡിവൈ.എസ്.പി ബാബു പെരിങ്ങേത്ത് എന്നിവർ ഇന്നലെ അന്വേഷണ പരോഗതി വിലയിരുത്തി. സംഭവത്തിൽ മനുഷ്യാവകാശ കമ്മിഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. കളക്ടർക്കും ജില്ലാ പൊലീസ് മേധാവിക്കുമാണ് കമ്മിഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് നിർദ്ദേശം നൽകിയത്. 15 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം. കാസർകോട് ഗവ.ഗസ്റ്റ് ഹൗസിൽ അടുത്ത് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

# സഹ. സംഘം തിരഞ്ഞെടുപ്പ്: മൂന്ന് തവണ വിജയിച്ചവർക്ക് വിലക്കില്ല

കൊച്ചി: സഹകരണ സംഘം ഭരണ സമിതിയിലേക്ക് തുടർച്ചയായി മൂന്നുതവണ വിജയിച്ചവർക്ക് വീണ്ടും മത്സരിക്കാൻ വിലക്കേർപ്പെടുത്തിയ നിയമഭേദഗതി വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കി.

വ്യവസ്ഥ സംഘങ്ങളുടെ സ്വയം ഭരണാവകാശത്തിലും ജനാധിപത്യ അവകാശങ്ങളിലുമുള്ള കടന്നുകയറ്റമാണെന്ന് ജസ്റ്റിസ് എൻ.നഗരേഷിന്റ ബെഞ്ച് വിലയിരുത്തി. ഭരണഘടനാ വിരുദ്ധമാണെന്നും വ്യക്തമാക്കി.

പ്രാഥമിക സംഘങ്ങളുടെ അക്കൗണ്ടിംഗിന് ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയതടക്കമുള്ള മറ്റ് ഭേദഗതികൾ ശരിവച്ചു. കഴിഞ്ഞ ജൂൺ ഏഴിനാണ് ഭേദഗതി പ്രാബല്യത്തിലായത്.

നാമനിർദ്ദേശപത്രിക നിരസിച്ചതിനെതിരെ കോട്ടയം വിജയപുരം സർവീസ് സഹകരണ സംഘം പ്രസിഡന്റ് ബാബു കോര ഉൾപ്പെടെയുള്ളവരുടെ ഹർജികളിലാണ് വിധി.

സ്വയംഭരണ സ്ഥാപനങ്ങളിൽ ഇടപെടാൻ സർക്കാരിന് നിയന്ത്രിത അധികാരങ്ങൾ മാത്രമാണുള്ളതെന്ന് കോടതി ചൂണ്ടിക്കാട്ടി. ഭരണസമിതിയിലേക്ക് ആരെ തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുന്നത് ജനറൽ ബോഡി അംഗങ്ങളാണ്.

തുടർച്ചയായി മത്സരിച്ചെത്തുന്നത് സ്ഥാപിത താത്പര്യത്തിനാകാമെന്ന സർക്കാർ വാദം തള്ളി. ആരോപണമുണ്ടായാൽ തിരഞ്ഞെടുപ്പിൽ വിലക്ക് ഏർപ്പെടുത്തുന്നതിനടക്കം നിയമാവലി അനുസരിച്ച് പൊതുയോഗത്തിന് അധികാരമുണ്ടെന്ന് കോടതി പറഞ്ഞു.

സംഘങ്ങളുടെ എണ്ണവും നിക്ഷേപവും വർദ്ധിച്ചതോടെ ആശാസ്യമല്ലാത്ത ചില പ്രവർത്തനങ്ങളും ആരോപണങ്ങളുമുണ്ടായ പശ്ചാത്തലത്തിലാണ് ഭേദഗതിയെന്നായിരുന്നു സർക്കാർ വാദം.

### സംഘങ്ങളിൽ മാത്രം വിലക്കാനാവില്ല

ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഭരണസമിതി അംഗങ്ങളുടെ വിശ്വാസ്യതയിലാണ്. പാർലമെന്റിലേക്കും നിയമസഭയിലേക്കും തദ്ദേശസ്ഥാപനത്തിലേക്കും പലവട്ടം മത്സരിക്കാൻ വിലക്കില്ല.

അതിനാൽ സഹകരണ സംഘത്തിലും വിലക്കാനാകില്ലെന്ന് കോടതി പറഞ്ഞു.

### ശരിവച്ച പ്രധാന ഭേദഗതികൾ

സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാം. സംഘങ്ങൾ ഇതരസ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള വിലക്ക്. നിലവിലുള്ള ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ പങ്കാളിത്തം അനുവദിക്കണം.

സഹകരണ രജിസ്ട്രാർ ഓഫീസുകളിൽ ടെക്നിക്കൽ സെൽ രൂപീകരിക്കണം. ഭരണസമിതി രൂപീകരിക്കുന്നതിൽ പരാജയപ്പെട്ടാൽ രജിസ്ട്രാർക്ക് അഡ്മിനിസ്ട്രേറ്ററെ നിയോഗിക്കാം. തകർച്ചയിലുള്ള സംഘങ്ങളെ സംരക്ഷിക്കാൻ സഹകരണ പുനരുദ്ധാരണ നിധി രൂപീകരിക്കണം.

‘‘അനുഭവപാരമ്പര്യമുള്ള അംഗങ്ങൾ ഭരണസമിതിയിൽ തുടരുന്നത് സഹകരണസംഘത്തിന് ഗുണമാകാനാണ് സാദ്ധ്യത.

### ഹൈക്കോടതി അപ്പീലിന് സർക്കാർ

തിരുവനന്തപുരം: ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകും. തുടർച്ചയായി ഒരേ ഭരണസമിതിയുള്ള സംഘങ്ങളിൽ ക്രമക്കേടുകളടക്കം കൂടുതൽ കണ്ടെത്തിയിരുന്നു.

ഇതൊഴിവാക്കാനാണ് ഭേദഗതി കൊണ്ടുവന്നതെന്ന് സർക്കാർ വൃത്തങ്ങൾ പറഞ്ഞു.









# കലങ്ങിയ പൂരവും, മായക്കാഴ്ചകളും



ബാബു കദളിക്കാട്





അസംബന്ധ നാടകങ്ങളുടെയും സങ്കീർണ ഡയലോഗുകളുടെയും തിരതള്ളലിൽ അനുനിമിഷം കലങ്ങിമറിയുന്നതോടൊപ്പം യുക്തബോധത്തിനു നേരെ ആവർത്തിച്ച് കൊഞ്ഞനം കാട്ടുന്നു കേരള രാഷ്ട്രീയം.

ഉലഞ്ഞു പോയ തൃശൂർ പൂരം ഹേതുവായി ലോക്സഭാ സീറ്റ് നഷ്ടമായെന്ന വ്യാകുല കഥനം തുടർന്നുകൊണ്ടേയിരിക്കുന്നു സി.പി.ഐ. ഇതിനു പിന്നിൽ അവിഹിതമായൊന്നുമില്ലെന്നു സ്ഥാപിക്കാനുള്ള തത്രപ്പാടിൽ മുഖ്യമന്ത്രിയും സുരേഷ് ഗോപിയും നിറഞ്ഞാടുന്നുണ്ട്, ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെ മാജിക്കൽ റിയലിസ്റ്റ് കഥാപാത്രങ്ങളെപ്പോലെ.

ഗൗരവപൂർണ്ണ വിഷയങ്ങളെ ഫാന്റസിയുടെയും മാന്ത്രികത്വത്തിന്റെയും അദ്ഭുതത്തിന്റെയും അന്തരീക്ഷത്തിൽ 'ട്രീറ്റ് ' ചെയ്യുന്ന രചനാ സാങ്കേതികതയെ സാഹിത്യത്തിൽ മാജിക്കൽ റിയലിസം എന്നു വിളിക്കുന്നു. യഥാർത്ഥവും സാങ്കല്പികവും ആയതിന്റെ വ്യത്യാസം ഇവിടെ നേർത്തു നേർത്ത് ഇല്ലാതാവുന്നു. വായനക്കാരൻ രണ്ടും ഒന്നാണെന്നു കരുതി സത്യത്തിലൊതുങ്ങാതെ അതിസത്യത്തിലേക്ക് അഥവാ മഹാസത്യത്തിലേക്ക് പ്രവേശിക്കുന്നുവെന്ന സവിശേഷതയും മാജിക്കൽ റിയലിസത്തിനുണ്ടത്രേ. പൂര വിവാദം പക്ഷേ, സത്യത്തിന്റെ ഏതെങ്കിലും മുഖം അനാവരണം ചെയ്യുന്നതായി ജനങ്ങൾ കാണുന്നില്ല.

തൃശൂർ പൂരം അലങ്കോലപ്പെട്ട സമയത്ത് പൂര നഗരിയിലേക്ക് ആംബുലൻസിലെത്തിയിരുന്നോ എന്ന ചോദ്യത്തോട് പ്രതികരിക്കാതെ ഒഴിഞ്ഞുമാറുകയാണിപ്പോൾ സുരേഷ് ഗോപി. തനിക്ക് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയാൻ സൗകര്യമില്ലെന്നും അത് താൻ സി.ബി.ഐയോട് പറഞ്ഞോളാമെന്നുമാണ് അദ്ദേഹം തൃശ്ശൂരിൽ പറഞ്ഞത്. ബി.ജെ.പി. നേതാക്കളെ ഞെട്ടിക്കുന്ന വിശദീകരണം ചേലക്കരയിലെ ബി.ജെ.പി. തെരഞ്ഞെടുപ്പ് കൺവെൻഷനിൽ സുരേഷ് ഗോപി നേരത്തെ നൽകിയത് പിന്നീട് 'മായക്കാഴ്ച'യ്ക്ക് വഴിമാറി. തിരുവമ്പാടി ദേവസ്വത്തിലെത്തിയത് ആംബുലൻസിലല്ലെന്ന് സുരേഷ് ഗോപി പറഞ്ഞിരുന്നു. സുരേഷ് ഗോപിയെ ആംബുലൻസിൽ എത്തിച്ചത് തങ്ങളാണെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പ്രസംഗിച്ചതിന് തൊട്ടുപിന്നാലെയായിരുന്നു സുരേന്ദ്രനെ തിരുത്തിയുള്ള സുരേഷ് ഗോപിയുടെ പ്രതികരണം. സുരേഷ് ഗോപി ആംബലൻസിലെത്തുന്ന ദൃശ്യങ്ങൾ നേരത്തേ പുറത്ത് വന്നിരുന്നു. സുരാജ് ഗ്രൗണ്ടിൽ അദ്ദേഹത്തെ എത്തിച്ചത് ആംബുലൻസിലാണെന്ന് പല തവണ ബി.ജെ.പി. ജില്ലാ അധ്യക്ഷൻ പറഞ്ഞതും സുരേഷ് ഗോപി ഇടപെട്ട് പെട്ടെന്ന് പഴങ്കഥയാക്കി. കേരളത്തിലെ മുഴുവൻ പൂരപ്രേമികളുടെയും ഉള്ളുലച്ച സംഭവങ്ങളായിരുന്നു ആറുമാസം മുമ്പ് തൃശൂരിൽ അരങ്ങേറിയത്. പോലിസിന്റെ അമിതനിയന്ത്രണം പൂരത്തിന്റെ ശോഭ കെടുത്തിയെന്ന് മാത്രമല്ല, ഇതിലൂടെ ബോധപൂർവമായ രാഷ്ട്രീയ മുതലെടുപ്പും നടന്നു. വിശ്വാസികളുടെ വികാരം വ്രണപ്പെടുത്തി തൃശൂർ ലോക്സഭാ മണ്ഡലത്തിൽ ബി.ജെ.പി. വിജയത്തിന് അവസരമൊരുക്കി എന്ന ആരോപണം പ്രതിപക്ഷത്തേക്കാൾ ശക്തമായി ഉയർത്തിയത് ഭരണകക്ഷിയിൽപ്പെട്ട സി.പി.ഐ. തന്നെയായിരുന്നു.

പോലിസിന്റെ പ്രവൃത്തിമൂലം പൂരം അലങ്കോലപ്പെട്ടുവെന്ന ആരോപണം അന്വേഷിക്കാൻ ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിനെ ചുമതലപ്പെടുത്തിയെങ്കിലും ഗൂഢാലോചയുണ്ടായില്ലെന്ന റിപ്പോർട്ട് അഞ്ചു മാസത്തിനു ശേഷം ഡി.ജി.പിക്ക് കൈമാറുകയായിരുന്നു. എ.ഡി.ജി.പി. നടത്തിയ അന്വേഷണത്തിൽ ജില്ലാ പോലിസ് സൂപ്രണ്ടിന്റെ അനാസ്ഥയിൽ കവിഞ്ഞ് ഒന്നും കണ്ടിരുന്നില്ല. പൂരം കലക്കലിൽ അജിത് കുമാറിനു നേരെ വരെ നീണ്ട ആരോപണത്തിനിടെയാണ് ഈ റിപ്പോർട്ട് രൂപം കൊണ്ടത്.

എ.ഡി.ജി.പിയുടെ അന്വേഷണ റിപ്പോർട്ട് അപൂർണമാണെന്ന കുറിപ്പോടെയാണ് ഡി.ജി.പി. മുഖ്യമന്ത്രിക്ക് കൈമാറിയത്. എ.ഡി.ജി.പിയുടെ വീഴ്ച ചൂണ്ടിക്കാട്ടിയായിരുന്നു ഡി.ജി.പിയുടെ റിപ്പോർട്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ത്രിതല അന്വേഷണത്തിന് പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തി. ഈ സംഘത്തിന്റെ അന്വേഷണം നടന്നു വരുന്നതിനിടെയാണ് പൂരം കലങ്ങിയിട്ടില്ലെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവന വന്നത്. ഇത് പൂരംകലക്കൽ വിവാദത്തിനു പിന്നിലെ ദുരൂഹത നീക്കുന്നില്ലെന്നു മാത്രമല്ല, കൂട്ടിയിരിക്കുകയാണ്. ഈ നിരീക്ഷണം മുഖ്യമന്ത്രിയിൽനിന്ന് ഉണ്ടാകാൻ പാടില്ലാത്തതായിരുന്നുവെന്നും സമഗ്രമായ അന്വേഷണമാണ് ഇനി ആവശ്യമെന്നും പറയുന്നു ജനങ്ങൾ.

തൃശൂർ പൂരത്തിന്റെ ശോഭ ആര് കെടുത്താൻ ശ്രമിച്ചാലും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നത് ന്യായമായ ആവശ്യം. ഇതിനു പിന്നിൽ എന്തെങ്കിലും ഗൂഢലക്ഷ്യമുണ്ടെങ്കിൽ അത് ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും പുറത്തുവരണം. അതിന് ജുഡീഷ്യൽ അന്വേഷണമാണ് യുക്തമെങ്കിൽ അതു വേണം. ഇനിയൊരു പൂരം ആശങ്കയുടേതാകരുത്. സർക്കാർ ഈ ഉപതെരഞ്ഞെടുപ്പ് കാലത്ത് നൽകുന്ന വാഗ്ദാനം കൂടിയാകണമത്.

പൂരം കലക്കൽ വിവാദത്തിൽ സി.പി.ഐക്കേറ്റ രാഷ്ട്രീയനഷ്ടം വളരെ വലുതാണ്. ഇതിൽ പ്രകോപിതമായി മാത്രമല്ല, സി.പി.ഐയുടെ ആരോപണം. പൂരം കലങ്ങിയില്ല, വെടിക്കെട്ട് വൈകുക മാത്രമാണ് ചെയ്തതെന്ന് മുഖ്യമന്ത്രി പറയുമ്പോഴും പോലിസ് വഴികൾ അടച്ചതോടെ രാത്രി എഴുന്നള്ളത്തിന്റെ പഞ്ചവാദ്യം പകുതിയിൽ നിർത്തിയതും ആനകളുടെ എണ്ണം ഒന്നാക്കിയതും അലങ്കാര ഗോപുരങ്ങളിലെ വിളക്കുകൾ അണച്ചതും പൂരപ്രേമികൾ കണ്ടതാണ്. വെടിക്കെട്ട് വൈകി. പൂരനഗരിയിൽ അരക്ഷിതാവസ്ഥയുടെ കുടമാറ്റമുണ്ടായി. മുഖ്യമന്ത്രി പറയുന്നതുപോലെ ചുരുക്കി നടത്താനുള്ളതാണോ ആചാരങ്ങൾ എന്ന ചോദ്യം ശക്തമായി ഉയരുന്നു. ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വിശ്വാസികൾക്ക് വിട്ടുനൽകുക, അതിൽ ഗൂഢലക്ഷ്യത്തോടെ ആരെങ്കിലും ഇടപെട്ടാൽ നിയമപരമായ നടപടികളിലൂടെ പ്രതരോധിക്കുക. ഇതൊക്കെ ചെയ്യേണ്ട ഭരണകൂടം തന്നെ ഇങ്ങനെ നിരുത്തരവാദ നിലപാടുമായി മുന്നോട്ടുപോകുന്നു.

പൂരം ഏതെങ്കിലും ഗൂഢാലോചനയുടെ ഭാഗമായി അലങ്കോലമായതാണോ? ഇതിൽ രാഷ്ട്രീയ താൽപര്യമുണ്ടോ? ഇതൊക്കെ അറിയാൻ കേരള ജനതയ്ക്ക് ആകാംക്ഷയുണ്ട് എന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ, അന്വേഷണം തുടങ്ങിയപ്പോൾ തന്നെ പൂരം കലങ്ങിയില്ലെന്ന് മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചാൽ പിന്നെ പോലിസിൽനിന്ന് നീതിയുക്തമായ അന്വേഷണം പ്രതീക്ഷിക്കാമോ എന്ന ചോദ്യം പ്രസക്തമാണ്.

എ.ഡി.ജി.പി .എം.ആർ. അജിത് കുമാറിന്റെ ആർ.എസ്.എസ്. കൂടിക്കാഴ്ച വിവാദം കത്തിനിൽക്കെ ഇതു സംബന്ധിച്ച് സി.പി.എം. പോളിറ്റ്ബ്യൂറോ അംഗമെന്ന നിലയിൽ മുഖ്യമന്ത്രിയുടെ നിലപാട് എന്താണെന്ന് ചോദിച്ച മാധ്യമപ്രവർത്തകരോട് പിണറായിയുടെ മറുപടി, ഒരു അന്വേഷണം നടക്കുമ്പോൾ തന്റെ നിലപാട് പറയുന്നത് ശരിയല്ലെന്നും അത് അന്വേഷണത്തെ സ്വാധീനിക്കുമെന്നുമായിരുന്നു. എന്നാൽ, ഇപ്പോൾ സർക്കാർ ചുമതലപ്പെടുത്തിയ പ്രത്യേകസംഘം, പൂരം കലക്കലിൽ ത്രിതല അന്വേഷണം നടക്കവേ പൂരം കലങ്ങിയിട്ടില്ലെന്നും വെടിക്കെട്ട് അൽപം താമസിക്കുക മാത്രമാണ് ചെയ്തതെന്നും ആഭ്യന്തര വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന മുഖ്യമന്ത്രി പറയുമ്പോൾ എവിടെപ്പോയി മുമ്പേ പറഞ്ഞ നീതബോധമെന്ന ചോദ്യത്തിന് ഉത്തരമില്ല.

# സോഷ്യൽ ക്ലബ് ഓഫ് ന്യൂ ജേഴ്സി അമേരിക്കൻ ഇലക്ഷൻ വാച്ച് നൈറ്റ് നവംബർ 5ന്

ന്യൂജേഴ്സി: സോഷ്യൽ ക്ലബ് ഓഫ് ന്യൂ ജേഴ്സിയുടെ ആഭിമുഖ്യത്തിൽ അമേരിക്കൻ ഇലക്ഷൻ വാച്ച് നൈറ്റ് സംഘടിപ്പിക്കുന്നു. അമേരിക്കയിലെ ജനറൽ ഇലക്ഷൻ നടക്കുന്ന നവംബർ 5ന് വൈകിട്ട് 6 മണിയോടെയാണ് പ്രോഗ്രാം ആരംഭിക്കുന്നത്, ഏതാണ്ട് മിഡ്നൈറ്റ് വരെ നീളുന്ന പരിപാടിയിൽ ന്യൂ ജേഴ്സിയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് അനേകം മലയാളികൾ പങ്കെടുക്കും.

ബെർഗൻ കൗണ്ടി സിറ്റി ഓഫ് പരാമസ് ഫയർ ഡിപ്പാർട്മെന്റ് കമ്പനി 1 ബിൽഡിംഗ് ഓഡിറ്റോറിയത്തിലാണ് ഇലക്ഷൻ വോട്ട് എണ്ണൽ വിവിധ ചാനലുകളിൽ നേരിട്ട് കാണുവാൻ അവസരമൊരുക്കുന്നത്, കൗണ്ടിങ് നടക്കുന്നതിന്റെ റിയൽ ടൈം അപ്ഡേറ്റുകൾ വലിയ സ്ക്രീനുകളിൽ ഒന്നിച്ചിരുന്നു കാണുകയും അതിനെക്കുറിച്ചുള്ള




അവലോകനം നടത്തുകയും ഡിബേറ്റുകൾ, ബെറ്റിങ്, റാഫിൾ കൂടാതെ വിജയിയെ പ്രവചിക്കുന്നവർക്ക് സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഫോക്സ്, എബിസി, സിഎൻഎൻ തുടങ്ങി അനേകം പ്രമുഖ ചാനലുകളിൽ ലൈവ് ടെലികാസ്റ്റ് ചെയ്യപ്പെടും, കൂടാതെ ഏഷ്യാനെറ്റ് ഫ്ളവേഴ്സ് ടിവി, 24 ന്യൂസ്, ന്യൂസ് 18, പ്രവാസി ചാനൽ, ഇന്ത്യ ഫോർ ലൈഫ്, സംഗമം ന്യൂസ്, ഇ മലയാളി തുടങ്ങിയ ചാനലുകളുടെ പ്രതിനിധികളും പരിപാടി നടക്കുന്ന സ്ഥലത്തുനിന്ന് നേരിട്ട് ന്യൂസ് കവറേജ് ചെയ്യുകയും ചെയ്യും.

മലയാളികൾക്കിടയിൽ അമേരിക്കൻ തിരഞ്ഞെടുപ്പുകളെക്കുറിച്ചു കൂടുതൽ അറിവുണ്ടാക്കുക, അമേരിക്കൻ രാഷ്ട്രീയ രംഗത്തേക്ക് കൂടുതൽ ഇടപെടൽ നടത്തുവാൻ മലയാളിയെ പ്രാപ്തമാക്കുക, അമേരിക്കൻ രാഷ്ട്രീയത്തെക്കുറിച്ചു കൂടുതൽ അവബോധം മലയാളി മാതാപിതാക്കളും യുവജനങ്ങളിലും ഉണ്ടാക്കിയെടുക്കുക എന്നൊരു ലക്ഷ്യം കൂടി ന്യൂ ജേഴ്സി സോഷ്യൽ ക്ലബ്ബിന്റെ ഈ ഉദ്യമത്തിൽ ഉണ്ടെന്ന് സംഘാടകർ അറിയിച്ചു.

അമേരിക്കൻ മലയാളികൾക്കിടയിൽ ആദ്യമായാണ് ഇങ്ങനെ ഒരു പരിപാടി ഇലക്ഷൻ സമയത്ത് സംഘടിപ്പിക്കുന്നത്. ബീവറേജ്, മൾട്ടി കുസിൻ ഡിന്നർ എന്നിവയും പ്രോഗ്രാമിന്റെ ഭാഗമാകും. ഈ പരിപാടികളിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഈ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് സംഘാടകർ അറിയിച്ചു 201-421-5303, 914-552-2936, 646-373-2458, 619-729-3036, 201-832-8400, 201-925-4157, 201-370-5019, 973-985-8432, 201-893-1505, 914-573-1616, 201-403-1179.

# നിയമ വിദ്യാർത്ഥിയിൽ നിന്നും ഗുണ്ടാ സംഘത്തലവനിലേക്ക്; ആരാണ് ലോറൻസ് ബിഷ്ണോയി?



ബോളിവുഡ് നടൻ സൽമാൻ ഖാനെതിരെ നിരവധി ഭീഷണി സന്ദേശങ്ങൾ അയച്ചുവഴി ഏറെ ചർച്ച ചെയ്യപ്പെട്ട പേരാണ് ലറൻസ് ബിഷ്ണോയി എന്നത്. 2014 മുതൽ ഗുജറാത്തിലെ സബർമതി ജയിലിൽ തടവിലായിരുന്നിട്ടും ഇയാളുടെ സംഘത്തിന് ഒക്ടോബർ 12ന് എൻസിപി നേതാവും മുൻ മഹാരാഷ്ട്ര മന്ത്രിയുമായ ബാബ സിദ്ദിഖിനെ മുംബൈയിൽ കൊലപ്പെടുത്തിയ സംഭവത്തിൽ ബന്ധമുണ്ടെന്ന് ആരോപിക്കപ്പെടുന്നു.

ഒരിക്കൽ നിയമപഠനത്തിന് ചേർന്ന ലോറൻസ് ബിഷ്ണോയി എങ്ങനെയാണ് ഇത്രയും ഭീകരനായ കുറ്റവാളി ആയി മാറിയത്? 1992 ഫെബ്രുവരി 12 ന് പഞ്ചാബിലെ ഫസ്ലിക ജില്ലയിൽ ജനിച്ച ലോറൻസ് ബിഷ്ണോയിയുടെ യഥാർത്ഥ പേര് ബൽകരൻ ബ്രാർ എന്നാണ്. പിതാവ് പഞ്ചാബ് പോലീസ് കോൺസ്റ്റബിളായിരുന്നു. ബിഷ്ണോയിയെ പലപ്പോഴും താരതമ്യപ്പെടുത്തുന്ന, ഒളിവിൽപ്പോയ അധോലോക നായകൻ ദാവൂദ് ഇബ്രാഹിമിന്റെ പിതാവും ഒരു പൊലീസുകാരനായിരുന്നു എന്നതാണ്.

ബിഷ്ണോയിയുടെ ചോദ്യം ചെയ്യൽ റിപ്പോർട്ട് അനുസരിച്ച്, 2007ൽ പഞ്ചാബ് സർവകലാശാലയിൽ നിയമം പഠിക്കാൻ പ്രവേശനം നേടിയെങ്കിലും വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പെട്ടെന്ന് തന്നെ ഇടപെട്ടു. അടുത്ത വർഷം, അദ്ദേഹത്തിന്റെ സുഹൃത്ത് റോബിൻ ബ്രാർ വിദ്യാർത്ഥി കൗൺസിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു. ബിഷ്ണോയ്, ബ്രാറിന്റെ ലൈസൻസുള്ള പിസ്റ്റൾ ഉപയോഗിച്ച് എതിരാളിയെ ഭീഷണിപ്പെടുത്തുകയും അദ്ദേഹത്തിന് നേരെ വെടിയുതിർക്കുകയും ചെയ്തു. തൽഫലമായി, ബിഷ്ണോയി ജയിലിലാകുകയും അദ്ദേഹത്തിനെതിരെ ആദ്യമായി സെക്ഷൻ 307 (കൊലപാതകശ്രമത്തിനുള്ള ശിക്ഷ) പ്രകാരം കേസെടുക്കുകയും ചെയ്തു. പിന്നീട് രണ്ടു മാസത്തിനു ശേഷം മോചിതനായി. ജയിലിൽ കഴിയുമ്പോൾ ചില മുൻനിര ക്രിമിനലുകളുമായി ഇയാൾക്ക് ബന്ധമുണ്ടായെന്നാണ് കരുതപ്പെടുന്നത്.

2010ൽ സ്റ്റുഡന്റ് കൗൺസിൽ ചെയർമാനാകാൻ മത്സരിച്ചെങ്കിലും റോബിൻ പരാജയപ്പെട്ടു. വിജയിച്ച സ്ഥാനാർത്ഥിയെ ബിഷ്ണോയിയുടെ കൂട്ടാളികൾ മർദിച്ചു. അതിന് ശേഷം വീണ്ടും ജയിലിലേക്ക്പോയി.അടുത്ത വർഷം അദ്ദേഹം ചെയർമാൻ സ്ഥാനം നേടി. കുപ്രസിദ്ധ ഗുണ്ടാസംഘവും ബിഷ്ണോയ്സംഘത്തിലെ മുതിർന്ന അംഗവുമായി മാറിയ ഗോൾഡി ബ്രാറുമായി അടുത്ത ബന്ധം സ്ഥാപിച്ചപ്പോഴായിരുന്നു ഈ സംഭവ വികാസം.

അവർ ഒരുമിച്ച് പഞ്ചാബിൽ ചെറിയ തോതിലുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ തുടങ്ങി. 2012ൽ ലോറൻസ് ബിഷ്ണോയി ബിരുദം നേടി. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പ്രസക്തി നിലനിർത്താനുള്ള ശ്രമത്തിനിടയിൽ ഇവർ ഹരിയാനയിൽ നിന്നുള്ള ഗുണ്ടാസംഘത്തിലെ സുഹൃത്തായ സമ്പത്ത് നെഹ്ര ഉൾപ്പെടുന്ന ഒരു വലിയ സംഘം രൂപീകരിച്ചു. 2018ൽ സൽമാൻ ഖാനെ വധിക്കാനായി നെഹ്ര മുംബൈയിലേക്ക് പോയി.

## ഗുണ്ടാസംഘത്തിലേക്ക്

2013 ൽ പഞ്ചാബിലെ മുക്ത്സറിലെ സർക്കാർ നിയന്ത്രണത്തിലുള്ള കോളജിൽ ബിഷ്ണോയിയുടെ പിന്തുണയുള്ള സ്ഥാനാർത്ഥി വിദ്യാർത്ഥി തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ വിജയിയെ കൊലപ്പെടുത്താൻ ഉത്തരവിട്ടു. തന്റെ സുഹൃത്തിന്റെ ബന്ധുവിനെതിരെ ലഖ്നൗ മുനിസിപ്പൽ കോർപ്പറേഷനിൽ മത്സരിച്ച സ്ഥാനാർത്ഥിയെ കൊലപ്പെടുത്താനും ബിഷ്ണോയി ഉത്തരവിട്ടു. 2018 ൽ സൽമാൻ ഖാനെ വധിക്കാൻ ബിഷ്ണോയി ആദ്യം പദ്ധതിയിട്ടിരുന്നു. കൊലപാതകം നടത്താൻ സമ്പത്ത് നെഹ്രയോട് ആവശ്യപ്പെട്ടു. മുംബൈയിലെ ഗാലക്സി അപ്പാർട്ട്മെന്റിലെ നടന്റെ വസതിയിൽ എത്തിയിട്ടും, ദീർഘദൂരമായി പ്രയോഗിക്കാനുള്ള ആയുധം കൈവശം വയ്ക്കാത്തതിനാൽ നെഹ്രയ്ക്ക് പദ്ധതി പൂർത്തീകരിക്കാനായില്ല.


എന്നാൽ ആയുധം വാങ്ങുന്നതിനായി ഹരിയാനയിലേക്ക് മടങ്ങുമ്പോൾ നെഹ്ര അറസ്റ്റിലായി. സൽമാൻ ഖാനെ ആക്രമിക്കാനുള്ള രണ്ടാമത്തെ പദ്ധതി തയ്യാറാക്കിയത് 2020ൽ സിദ്ധു മൂസ് വാല കൊല്ലപ്പെട്ട സമയത്താണ്. സൽമാൻ ഖാന്റെ പൻവേലിലെ ഫാം ഹൗസിൽ വെടിവെയ്പ്പ് നടത്തിയത് ഗോൾഡി ബ്രാറിന്റെ നിർദേശപ്രകാരമായിരുന്നു. എന്നാൽ ഡൽഹിയിലെയും മുംബൈയിലെയും പൊലീസിന് മൂന്നാമത്തെ ശ്രമത്തിന്റെ വിവരം ലഭിച്ചതോടെ പദ്ധതി പരാജയപ്പെട്ടു.

1998 ൽ രാജസ്ഥാനിൽ ഒരു സിനിമയുടെ ചിത്രീകരണത്തിനിടെ രണ്ട് കൃഷ്ണമൃഗങ്ങളെ വേട്ടയാടി കൊന്നതിൽ പങ്കുണ്ടെന്ന് ഏറ്റുപറഞ്ഞ് മാപ്പ് പറഞ്ഞില്ലെങ്കിൽ ലോറൻസ് ബിഷ്ണോയിയും സംഘവും തീർച്ചയായും സൽമാൻ ഖാനെ കൊല്ലുമെന്ന് അവകാശപ്പെട്ടു. ലോറൻസ് ബിഷ്ണോയിയുടെ ശൃംഖല വളരെ ശക്തമാണ്, അദ്ദേഹം ജയിലിലായിരുന്നിട്ടും അദ്ദേഹത്തിന്റെ സംഘാംഗങ്ങൾ ഭീകരത പടർത്തുന്നത് തുടരുകയാണ്. ദാവൂദ് ഇബ്രാഹിം ക്രൈം സിൻഡിക്കേറ്റിന് സമാനമായ ഒന്നാക്കി തന്റെ സംഘത്തെ മാറ്റാനാണ് ബിഷ്ണോയി ശ്രമിക്കുന്നതെന്ന് ദേശീയ അന്വേഷണ ഏജൻസി പറയുന്നു.

31 വയസ് മാത്രം പ്രായമുള്ള ലോറൻസ് ബിഷ്ണോയിക്കെതിരെ കർശനമായ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആക്ട് യുഎപിഎ പ്രകാരം കേസെടുത്തിട്ടുണ്ട്. ഗുരുതരമായ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഇയാളുടെ പേര് ഇടയ്ക്കിടെ ഉയർന്നുവരുന്നുണ്ട്. ഇതുവരെ 75ലധികം കേസുകളാണ് ഇയാൾക്കെതിരെയുള്ളത്. 2025 വരെ മറ്റൊരു സംസ്ഥാന പൊലീസിനും ബിഷ്ണോയിയെ ചോദ്യം ചെയ്യാൻ റിമാൻഡിന് അപേക്ഷിക്കാനാകില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അടുത്തിടെ പുറത്തിറക്കിയ ഉത്തരവിൽ പറഞ്ഞു.

കാനഡ, ഇറ്റലി, ഓസ്ട്രേലിയ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങളിലായി 700ലധികം ഷൂട്ടർമാരുള്ള വലിയ ശൃംഖലയാണ് ലോറൻസ് ബിഷ്ണോയി സംഘത്തിന് ഇപ്പോൾ ഉള്ളത്.






# കരുണാകാരന്റെ രാജിക്ക് സമ്മർദ്ദമേറുന്നു

**കരുണാകരന് 1991–95 കാലഘട്ടത്തിൽ ഉണ്ടായതുപോലൊരു പ്രതിസന്ധി അതിനുമുമ്പോ, പിമ്പോ ഉണ്ടായിട്ടില്ല. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കാൻ തയ്യാറായില്ലെങ്കിൽ മുസ്ലീംലീഗ് മന്ത്രിമാരെ രാജിവെപ്പിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ഔദ്യോഗിക വസതിയിൽ ചേർന്ന ഘടകകക്ഷികളുടെ യോഗം മറ്റു ഘടകക്ഷികളുടെ മന്ത്രിമാരുടെ രാജിയും ഉറപ്പാക്കിയെടുത്തു. ഈ വിവരം പ്രധാനമന്ത്രിയെയും കേന്ദ്ര നിരീക്ഷകരായ മൂപ്പനാരെയും സോളങ്കിയേയും അറിയിച്ചു. ഇനി രാജിയല്ലാതെ മറ്റ് യാതൊരു മാർഗവുമില്ലെന്നു റാവു കരുണാകരന് പ്രിയപ്പെട്ട ചില എം.പിമാരെ വിളിച്ചറിയിക്കുകയും ചെയ്തു.**






ജോഷി ജോർജ്

കെ.കരുണാകരൻ എന്ന രാഷ്ട്രീയ നേതാവ് വെല്ലുവിളികളുടെ ചുഴലിക്കൊടുങ്കാറ്റിനെ അഭിമുഖീകരിച്ച കാലമാണ് 1995. സ്വന്തം പാർട്ടിയിൽ നിന്നും മുന്നണിയിൽ നിന്നും അദ്ദേഹത്തിന് എതിരെ ശക്തമായ നീക്കങ്ങൾ ഉണ്ടായി. സ്വന്തക്കാരൻ എന്ന് കരുണാകരൻ വിശ്വസിച്ചു പോന്ന പലരും പലവിധ എതിർപ്പുകളും ആയി ഒത്തുകൂടി. രാഷ്ട്രീയത്തിൽ നന്ദിക്കും സഹായത്തിനും വലിയ വിലയൊന്നും ഇല്ലെന്ന് കരുണാകരൻ തിരിച്ചറിഞ്ഞപ്പോഴേക്കും വളരെ വൈകിയിരുന്നു.

ഇഷ്ടക്കാരെ സംപ്രീതരാക്കാൻ വേണ്ടി എന്ത് വൃത്തികേടും കാണിക്കാൻ മടിക്കാത്ത ചില പോലീസുകാരും അണിയറയിൽ ചില നീക്കങ്ങൾ നടത്തി. ഘടകക്ഷികളും കരുണാകരന്റെ ശൈലിയോട് യോജിക്കാൻ കഴിയാതെ അകന്നു മാറാൻ തുടങ്ങി. 1995 ജനുവരി അവസാനമായപ്പോൾ മുസ്ലിംലീഗും കേരള കോൺഗ്രസിലെ മാണി, ജേക്കബ്, ബാലകൃഷ്ണപിള്ള വിഭാഗവും നേതൃമാറ്റം കൂടിയേ തീരൂ എന്ന് ശക്തമായി പറയാൻ തുടങ്ങി.

ജനുവരി 28ന് കോൺഗ്രസിന്റെയും ഘടകക്ഷികളുടെയും നേതാക്കളെ പ്രധാനമന്ത്രി റാവു ഡൽഹിയിലേക്ക് വിളിപ്പിച്ചു. ഉമ്മൻചാണ്ടി, പി.സി ചാക്കോ, ജി. കാർത്തികേയൻ, കുഞ്ഞാലിക്കുട്ടി, ഈ അഹമ്മദ്, കെ.എം. മാണി, ടി.എം. ജേക്കബ്, ബാലകൃഷ്ണപിള്ള, എം.വി. രാഘവൻ എന്നിവരാണ് ഡൽഹിക്ക് പോയത്.

മുസ്ലിംലീഗ് പ്രതിനിധികളുമായാണ് പ്രധാനമന്ത്രി റാവു ആദ്യം സംസാരിച്ചത്. പിന്നെ കെ.എം. മാണി, ജേക്കബ്, ബാലകൃഷ്ണപിള്ള, എം.വി. രാഘവൻ, ഉമ്മൻചാണ്ടി, എന്നിവരുമായായി പിന്നെ പ്രധാനമന്ത്രി ദീർഘനേരം സംസാരിച്ചു. എന്നാൽ അതിലൊന്നും കൃത്യമായ ഒരു തീരുമാനമെടുക്കാൻ റാവുവിന് കഴിഞ്ഞില്ല. ഉമ്മൻചാണ്ടിയോടും പി.സി. ചാക്കോയോടും കാർത്തികനോടും ഡൽഹിയിൽ തുടരാൻ റാവു ആവശ്യപ്പെട്ടു.

വയലാർ രവിയേയും ഡൽഹിക്ക് വിളിപ്പിച്ചു ചർച്ചകൾ പലവട്ടം പല രീതിയിൽ നടന്നു. അപ്പോഴേക്കും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി. ഉടൻ തന്നെ ഉമ്മൻചാണ്ടി എം.എൽ.എ കോർട്ടേഴ്സിലെ പി. ബാലന്റെ മുറിയിൽ ആന്റണി ഗ്രൂപ്പുകാരെ മുഴുവൻ വിളിച്ചു കൂട്ടി. നേതൃമാറ്റ ആവശ്യത്തിൽ നിന്ന് ഒരു കാരണവശാലും പിന്മാറേണ്ട എന്ന് തീരുമാനിച്ചു. എന്നാൽ അവിശ്വാസ പ്രമേയത്തിന് സർക്കാരിനോടൊപ്പം നിൽക്കാമെന്നും തീരുമാനിച്ച ശേഷം യോഗം പിരിയുകയായിരുന്നു.

ഈ വിവരം പരമ രഹസ്യമായി എ ഗ്രൂപ്പുകൾ സൂക്ഷിച്ചു. അതോടെ ഇനി എന്തു സംഭവിക്കും എന്ന് ആർക്കും ഒരു പിടിയും ഇല്ലാതായി. ആകാംക്ഷ വർദ്ധിച്ചു. ഒടുവിൽ നന്ദി ചർച്ച നടക്കേണ്ട ദിവസം എത്തി. സഭയിൽ നന്ദി പ്രമേയ ചർച്ച നടക്കുകയാണ്. അതിൽ സംസാരിക്കുവാൻ ഭരണമുന്നണിയിലെ ആരേയും അനുവദിച്ചില്ല മുഖ്യമന്ത്രി കരുണാകരൻ. അതിന് കാരണമായി പറഞ്ഞത് ഇപ്പോഴത്തെ സാഹചര്യത്തിൽ നിങ്ങൾ ആരും പ്രസംഗിക്കേണ്ട ആവശ്യമില്ല എന്നാണ്.

കനത്ത സംഘർഷാവസ്ഥയിൽ തന്നെ വോട്ടെടുപ്പ് നടന്നു. ഒടുവിൽ പ്രമേയം പാസായി. എന്നാൽ വി.എം. സുധീരൻ മാത്രം സഭയിൽ ഹാജരായില്ല. കോൺഗ്രസിന്റെ ചീഫ് വിപ്പ് ജി. കാർത്തികേയൻ എല്ലാ അംഗങ്ങൾക്കും വിപ്പ് നൽകിയിരുന്നതാണ്. ഹാജരാകാതിരുന്ന സുധീരിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു കരുണാകരൻ.

1995 ഫെബ്രുവരി 10–14 തീയതികളിൽ അവിശ്വാസപ്രമേയം ചർച്ച ചെയ്യാൻ തീരുമാനിച്ചു. മൂന്നാം തീയതി നിശ്ചയിച്ചിരുന്ന ബജറ്റ് അവതരണം മറ്റൊരു ദിവസത്തേക്ക് മാറ്റി. പത്താം തീയതി വരെ സഭ നിർത്തിവച്ചു. എന്നാൽ ഘടകങ്ങൾ വെറുതെയിരുന്നില്ല അവർ സംഘടിതമായി തന്നെ മുന്നോട്ടു പോയി. നേതൃ മാറ്റ വിഷയത്തിൽ ഉടൻതന്നെ ഒരു തീരുമാനമെടുക്കണം. അല്ലെങ്കിൽ തങ്ങളുടെ മന്ത്രിമാരെ മന്ത്രിസഭയിൽ നിന്ന് പിൻവലിക്കും. അവർ പ്രധാനമന്ത്രിക്ക് ഒരു ഫാക്സ് സന്ദേശം അയച്ചു.

അതോടെ ചർച്ചകൾ വീണ്ടും ഡൽഹിയിൽ ആയി. ഘടകകക്ഷി നേതാക്കളെയും ഉമ്മൻചാണ്ടിയെയും കരുണാകരനെയും നരസിംഹറാവു ഡൽഹിയിലേക്ക് വിളിപ്പിച്ചു. അപ്പോൾ ഡൽഹി രാഷ്ട്രീയത്തിലും സംഘർഷാവസ്ഥയ്ക്ക് കുറവൊന്നുമില്ല.

പ്രധാനമന്ത്രി റാവുവിനോട് മുതിർന്ന നേതാവ് അർജുൻ സിംഗ് ഇടഞ്ഞു നിൽക്കുകയാണ്. അദ്ദേഹത്തെ പുറത്താക്കാൻ ആലോചനകൾ നടക്കുന്നു. ഈ അവസരത്തിൽ ആന്റണി ഗ്രൂപ്പുകാർ ഒന്നടങ്കം അർജുൻ സിംഗിന്റെ പിന്നിൽ അണിനിരന്നു. തൊട്ടടുത്ത ദിവസം നടന്ന അച്ചടക്ക സമിതിയിൽ എ.കെ. ആന്റണി ശക്തമായി എതിർത്തുവെങ്കിലും അർജുൻ സിംഗിനെ പാർട്ടിയിൽ നിന്ന് പുറത്താക്കുക തന്നെ ചെയ്തു റാവു.

എന്തായാലും കേരളത്തിൽ ബജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് ഒരു നേതൃമാറ്റം ഉണ്ടാകുമെന്ന് ഉറപ്പ് നരസിംഹറാവു ആന്റണി ഗ്രൂപ്പിന് നൽകി. ഇതിനിടെ പ്രധാനമന്ത്രി നരസിംഹ റാവുതന്നെ കേരളത്തിലെത്തി കോൺഗ്രസിലെ പ്രശ്നം അവസാനിപ്പിക്കുമെന്നൊരു സൂചന കിട്ടി. എന്നാൽ അദ്ദേഹത്തിനു പകരം കറുപ്പയ്യ മൂപ്പനാരും മാധവസിംഗ് സോളങ്കിയുമാണ് ദൂതുമായി കേരളത്തിലെത്തിയത്.

1995 മാർച്ച് 17നാണ് സംസ്ഥാന ബജറ്റ് അവതരിപ്പിക്കാൻ നിശ്ചയിച്ചു. പുതിയ സർക്കാർ ആയിരിക്കണം അത് അവതരിപ്പിക്കേണ്ടത് എന്ന് നാല് ഘടകക്ഷി നേതാക്കൾ കേന്ദ്ര നിരീക്ഷകരായ മൂപ്പനാരേയും സോളാങ്കിയേയും അറിയിച്ചു.

നിയമസഭ പിരിച്ചുവിടരുത് എന്നാണ് കോൺഗ്രസ് എം.എൽ.എമാരുടെ ആവശ്യം. രണ്ടു ദിനരാത്രങ്ങൾ കൊണ്ടുപിടിച്ച ചർച്ചയുമായി മുന്നോട്ടുപോയി. ഒടുവിൽ നിരീക്ഷകർ മടങ്ങി. മാർച്ച് 17ന് അപ്പുറം ഇപ്പോഴത്തെ സർക്കാരിനെ നിലനിർത്താൻ ആവില്ലെന്ന് അവർക്ക് ബോധ്യമായി. മാർച്ച് 16 വരെ കാക്കാമെന്നാണ് നാല് ഘടക കക്ഷി നേതാക്കൾ പറഞ്ഞത്. എൻ.ഡി.പിയും സി.എം.പിയും ഒഴികെയുള്ള ഘടകക്ഷികൾ അക്കാര്യത്തിൽ ഒന്നിച്ചു തീരുമാനം എടുത്തു. വീണ്ടും പന്ത് പ്രധാനമന്ത്രിയുടെ കോർട്ടിലാണ്. പിറ്റേദിവസം തന്നെ കരുണാകരനെ പ്രധാനമന്ത്രി ഡൽഹിക്ക് വിളിപ്പിച്ചു. കാര്യമായി ചിലതെല്ലാം അവർ സംസാരിച്ചു.

ഈ അവസരത്തിൽ കരുണാകരന്റെ ഗ്രൂപ്പിലുള്ള ചില എം.എൽ.എമാർ പ്രതിസന്ധി തീർക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് ഫാക്സ് സന്ദേശം അയച്ചതോടെ നിലവിലെ രാഷ്ട്രീയ ചിത്രം പൊടുന്നനെ മാറിമറിഞ്ഞു. ഇതേ അവസരത്തിൽ ഡൽഹിയിലുള്ള കരുണാകര പക്ഷത്ത് നിൽക്കുന്ന ചില എംപിമാർ നരസിംഹറാവുവിനെ കണ്ടു കരുണാകരനെ തുടരാൻ അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചു. എന്നാൽ കരുണാകരന്റെ രാജി അല്ലാതെ മറ്റൊരു വഴിയുമില്ലെന്ന് റാവു അവരോട് വെട്ടി തുറന്നു പറഞ്ഞു.

ഇനിയും കരുണാകരൻ രാജിവെക്കാൻ തയ്യാറായില്ലെങ്കിൽ ലീഗ് മന്ത്രിമാരെ രാജിവെപ്പിക്കാൻ മുസ്ലിം ലീഗ് തീരുമാനമെടുത്തു. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ഔദ്യോഗിക വസതിയിൽ ചേർന്ന ഘടകകക്ഷികളുടെ യോഗം മറ്റു കടകക്ഷികളുടെ മന്ത്രിമാരുടെ രാജിയും ഉറപ്പാക്കിയെടുത്തു. ഈ വിവരം പ്രധാനമന്ത്രിയെയും കേന്ദ്ര നിരീക്ഷകരായ മൂപ്പനാരെയും സോളങ്കിയേയും അറിയിച്ചു.

നരസിംഹറാവു ഒരു പടി കൂടി കടന്നു കരുണാകരപക്ഷം എംപിമാരെ വിളിച്ച് ഇനി കരുണാകരൻ രാജിവെക്കുക തന്നെയാണ് നല്ലത് എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. 1995 ൽ കേരളത്തിന് വേണ്ടുന്ന സമഗ്ര പുരോഗതിക്കായി തയ്യാറാക്കിയ ബജറ്റ് അവതരിപ്പിക്കാൻ കഴിയുന്നില്ലല്ലോ എന്ന വിഷമത്തോടെ കരുണാകരൻ രാജിവെക്കാൻ ഒരു തീരുമാനമെടുത്തു കഴിഞ്ഞു. തുടങ്ങിവച്ച പല വലിയ പദ്ധതികൾ നിന്നു പോകുമോ എന്ന ആശങ്കയും ഇടയ്ക്കിടെ ഉയർന്നു ആ മനസ്സിൽ.



ഇതൊന്നും ശ്രദ്ധിക്കാതെ ആണല്ലോ പലരും രാഷ്ട്രീയ നീക്കങ്ങൾ നടത്തുന്നത്. ചിലർക്ക് വെറുമൊരു വ്യക്തിയാണ് പ്രശ്നം 1969 പ്രതിപക്ഷ നേതാവായത് മുതൽ തനിക്ക് വ്യക്തിപരമായി തന്നെ ഒട്ടേറെ ഒളിയമ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട് അവർക്കൊക്കെ പ്രശ്നം വെറും കരുണാകരനായിരുന്നു. കരുണാകരൻ ഇങ്ങനെ പോയാൽ എന്താവും സ്ഥിതി എന്ന് ആലോചിക്കുന്നവർ ഉണ്ടായിരുന്നു പക്ഷേ ഒരു പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വ്യക്തിയെക്കാൾ പ്രധാനം കർമ്മങ്ങൾക്കും നിലപാടുകൾക്കും ആണെന്ന് സത്യം പലരും വിസ്മരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 കുടുംബങ്ങൾക്ക് സഹായം നൽകുന്ന ഒരു ഫയൽ ഒപ്പിട്ട ശേഷമാണ് കരുണാകരൻ ഓഫീസിൽ നിന്ന് അന്ന് പടിയിറങ്ങിയത്.

എന്നാൽ കരുണാകരൻ തന്ത്രപൂർവ്വം ആർക്കും മനസ്സ് കൊടുക്കാതെയാണ് ഇറങ്ങുന്നത്. പത്രമാധ്യമങ്ങൾ ഒന്നടങ്കം ക്ലിഫ് ഹൗസിൽ തമ്പടിച്ചിരിക്കുകയാണ്. കരുണാകരനോടൊപ്പം ഉള്ള ചില നേതാക്കൾ കരുണാകരനുമായി സംസാരിച്ചു പുറത്തേക്ക് വരുമ്പോൾ പത്രപ്രവർത്തകർ വളയുന്നു. എന്നാൽ അവരാരും ഒന്നും പറഞ്ഞില്ല. വൈകുന്നേരത്തോടെ മുഖ്യമന്ത്രി മാധ്യമപ്രവർത്തകരെ വിളിപ്പിച്ചു മുറിയിൽ ഇരുത്തിയശേഷം പറഞ്ഞു: കിഴക്കേകോട്ടയിലെ ഗാന്ധി പാർക്കിൽ ഞാൻ അല്പസമയത്തിനുള്ളിൽ പ്രസംഗിക്കാൻ എത്തുന്നുണ്ട് അവിടെ വച്ച് നമുക്ക് കാണാം.

(തുടരും)

# മഹാരാഷ്ട്രയിൽ 288 മണ്ഡലങ്ങളിൽ 7,995 സ്ഥാനാർത്ഥികൾ

ന്യൂഡൽഹി: മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പത്രികാ സമർപ്പണം പൂർത്തിയായി. ഇന്നലെ അവസാന ദിവസം വരെ 288 മണ്ഡലങ്ങളിലായി 7,995 സ്ഥാനാർത്ഥികളെ പ്രതിനിധീകരിച്ച് 10,905 നാമനിർദ്ദേശ പത്രികകൾ ലഭിച്ചതായി ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചു. പത്രികൾ ഇന്ന് സൂക്ഷ്മമായി പരിശോധിക്കും. നവംബർ 4ന് പിൻവലിക്കാം. നവംബർ 20നാണ് പോളിംഗ്. വോട്ടെണ്ണൽ നവംബർ 23ന്.

### ഇരുമുന്നണികൾക്കും തലവേദനയായി വിമതർ

പത്രികാ സമർപ്പണം പൂർത്തിയായതോടെ ബി.ജെ.പി നേതൃത്വത്തിലുള്ള മഹായുതി, കോൺഗ്രസിന്റെ മഹാവികാസ് അഘാഡി മുന്നണികൾക്ക് തലവേദനയായി വിമത ശല്യം. 150ഓളം വിമതർ രംഗത്തുണ്ടെന്നാണ് വിവരം. നവംബർ നാലിന് മുൻപ് ഇവരെ അനുനയിപ്പിച്ച് പത്രിക പിൻവലിപ്പിക്കാൻ സമ്മർദ്ദം ശക്തം.

ബോറിവ്‌ലിയിൽ ബി.ജെ.പി സ്ഥാനാർത്ഥി സഞ്ജയ് ഉപാദ്ധ്യായ്ക്കെതിരെ ഗോപാൽ ഷെട്ടിയും നാസിക്കിലെ നന്ദ്ഗാവിൽ ശിവസേന എം.എൽ.എ സുഹാസിനെതിരെ എൻ.സി.പി മന്ത്രി ഛഗൻ ഭുജ്ബാലിന്റെ അനന്തരവൻ സമീറും സ്വതന്ത്രരായി മത്സരിക്കുന്നു. ഷിൻഡെയുടെ ശിവസേനയ്ക്ക്




നൽകിയ മൻഖുർദ് ശിവാജി നഗറിൽ എൻ.സി.പി (അജിത് പവാർ) നവാബ് മാലിക്കിനെ സ്ഥാനാർത്ഥിയാക്കിയതിനെ ചൊല്ലി മഹായുതിയിൽ ഭിന്നതയുണ്ട്. ഔദ്യോഗിക സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച ശിവസേന (ഷിൻഡെ) സ്ഥാനാർത്ഥി സുരേഷ് കൃഷ്ണ പാട്ടീൽ പ്രചാരണം ആരംഭിച്ചിരുന്നു.

ബി.ജെ.പിയുടെ സമ്മർദ്ദത്തെത്തുടർന്ന് എൻ.സി.പി അനുശക്തി നഗറിൽ നിന്ന് രണ്ട് തവണ എം.എൽ.എയായ നവാബ് മാലിക്കിന് ആദ്യം ടിക്കറ്റ് നിഷേധിച്ചതാണ്. ബി.ജെ.പി നേതാവ് കിരിത് സോമയ്യ മാലിക്കിനെ ഭീകരനെന്ന് വിളിച്ചിരുന്നു. നവാബ് മാലിക് സ്വതന്ത്രനായി മത്സരിക്കാനൊരുങ്ങിയപ്പോൾ എൻ.സി.പി പാർട്ടി സ്ഥാനാർത്ഥിയാക്കി. സമാജ് വാദി പാർട്ടിയുടെ അബു ആസ്മിയുടെ സിറ്റിംഗ് സീറ്റാണിത്. അനുശക്തി നഗറിൽ നവാബ് മാലിക്കിന്റെ മകൾ സന മാലിക് എൻ.സി.പി സ്ഥാനാർത്ഥിയാണ്.

### എം.വി.എയിൽ എല്ലാവരും തുല്യർ: ചെന്നിത്തല

മഹാവികാസ്അഘാഡിയിൽ (എം.വി.എ) എല്ലാ പാർട്ടികൾക്കും തുല്യ പരിഗണനയാണെന്ന് മഹാരാഷ്ട്ര കോൺഗ്രസ് ചുമതലയുള്ള രമേശ് ചെന്നിത്തല പറഞ്ഞു. എന്നാൽ മഹായുതിയിൽ ബി.ജെ.പി സഖ്യകക്ഷികളെ ഇല്ലാതാക്കുകയാണെന്നും ശിവസേന, എൻ.സി.പി പാർട്ടികളുടെ സീറ്റുകൾ തട്ടിയെടുത്തെന്നും അദ്ദേഹം ആരോപിച്ചു. എം.വി.എ 288 സീറ്റിലും പത്രിക സമർപ്പിച്ചതായി രമേശ് അറിയിച്ചു. മഹായുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, എം.വി.എയിൽ ഒരു തർക്കവുമില്ല.

### കോൺഗ്രസിനെ വിമർശിച്ച് സി.പി.ഐ

ബി.ജെ.പിയെ വിമർശിക്കുന്ന കോൺഗ്രസ് സ്വയം ചോദ്യം ചെയ്യണമെന്ന് എം.വി.എയിലെ സീറ്റ് വിഭജനത്തിലുള്ള നീരസം പ്രകടിപ്പിച്ച് സി.പി.ഐ നേതാവ് ഡി രാജ. മഹാരാഷ്ട്രയിൽ ബി.ജെ.പിയെ തോൽപ്പിക്കുകയെന്ന പ്രാഥമികലക്ഷ്യം നേടാൻ ശരിയായ രീതിയിൽ സീറ്റ് വിഭജനം നടപ്പാക്കിയോ എന്ന് കോൺഗ്രസ് ആലോചിക്കണം

# മയോണൈസ് നിരോധിച്ചു

ഹൈദരാബാദ്: തെലങ്കാനയിൽ മയോണൈസ് നിരോധിച്ച് ഉത്തരവിറക്കി ഭക്ഷ്യസുരക്ഷാ വിഭാഗം. ഒരു വർഷത്തേക്കാണ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. വേവിക്കാത്ത മുട്ട ഉപയോഗിച്ചുള്ള മയോണൈസിനാണ് നിരോധനം.

മയോണൈസ് ഉപയോഗിച്ചതിലൂടെ ഭക്ഷ്യവിഷബാധ ഉണ്ടാവുന്ന സംഭവങ്ങൾ അടുത്തിടെ സംസ്ഥാനത്ത് വർധിച്ചതിനെ തുടർന്നാണ് ഈ തീരുമാനം. കഴിഞ്ഞ ദിവസം ഹൈദരാബാദിൽ മയോണൈസ് ഉപയോഗിച്ചതിനെ തുടർന്ന് ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ മരിക്കുകയും 15 പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

ബുധനാഴ്ച മുതൽ നിരോധനം നിലവിൽ വന്നു. വേവിക്കാത്ത മുട്ട ചേർക്കാത്ത മയോണൈസ് ഉപയോഗം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തും.

ചൊവ്വാഴ്ച ഹൈദരാബാദിലെ മോമോസ് ഷോപ്പിൽ നിന്ന് ഉപയോഗിച്ച



31കാരനാണ് മരിച്ചത്. മറ്റ് ഷോപ്പുകളിൽ നിന്ന് വിവിധ ഭക്ഷണങ്ങൾക്കൊപ്പം മയോണൈസ് ഉപയോഗിച്ച 15 പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

മയോണൈസ് ഉൽപാദനം, സംഭരണം, വിൽപ്പന എന്നിവ നിരോധിച്ചാണ് ഉത്തരവിട്ടിരിക്കുന്നത്. ഭക്ഷ്യ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുമെന്നും സർക്കാർ വിജ്ഞാപനത്തിൽ പറയുന്നു.

# ഡൽഹിയിൽ ദീപാവലി പടക്കം പൊട്ടിക്കലിന്റെ പേരിൽ രാഷ്ട്രീയപോര്


ന്യൂഡൽഹി: ദീപാവലിയോടനുബന്ധിച്ച് പടക്കം പൊട്ടിക്കൽ വേണ്ടെന്നും, വിളക്കുകൾ തെളിക്കണമെന്നും ആം ആദ്മി കൺവീനറും ഡൽഹി മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കേജ്രിവാൾ.

കോൺഗ്രസിന് പിന്നാലെ കേജ്രിവാളും ദീപാവലി എങ്ങനെ ആഘോഷിക്കണമെന്ന് ഭൂരിപക്ഷ സമുദായത്തെ ഉപദേശിക്കുകയാണെന്ന് ബി.ജെ.പി നേതാവ് അമിത് മാളവ്യ. ഡൽഹിയിലെ വായു മലിനീകരണത്തിനിടെ പടക്കം പൊട്ടിക്കൽ ചൂടേറിയ രാഷ്ട്രീയവിഷയമായി മാറിയിരിക്കുകയാണ്. ആം ആദ്മി പാർട്ടി 'വിളക്കുകൾ തെളിക്കൂ,പടക്കം വേണ്ട' എന്നു പേരിട്ട പ്രചാരണപരിപാടിക്ക് ചൊവ്വാഴ്ച തുടക്കം കുറിച്ചിരുന്നു.











# ചൈനയുമായുള്ള അതിർത്തി കരാർ ഇന്ത്യയ്ക്ക് വിജയമാകുന്നത് എങ്ങനെ?

കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ (LAC) പട്രോളിംഗ് പുനരാരംഭിക്കുന്നതിന് ഇന്ത്യയും ചൈനയും കരാറിലെത്തിയിരിക്കുകയാണ്. 2020 ൽ ഗാൽവാൻ താഴ്വരയിൽ നടന്ന സംഘർഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളാക്കിയിരുന്നു. 17 റൗണ്ട് നയതന്ത്ര ചർച്ചകൾക്കും 21 റൗണ്ട് സൈനികതല ചർച്ചകൾക്കും ശേഷമാണ് ഇരുരാജ്യങ്ങളിലും ഇപ്പോൾ സമവായത്തിലെത്തിയിരിക്കുന്നത്.

പുതിയ കരാറിലൂടെ ഇന്ത്യൻ സൈന്യത്തിന് തങ്ങളുടെ പഴയ പട്രോളിംഗ് പോയിന്റുകളായ ഡെപ്സാംഗ്, ഡെംചോക് പ്രദേശങ്ങളിൽ വീണ്ടും പട്രോളിംഗ് ആരംഭിക്കാൻ കഴിയും. ഡെപ്സാംഗ് സമതലങ്ങൾ ലഡാക്കിന്റെ വടക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഡെംചോക് പ്രദേശം ലഡാക്കിന്റെ തെക്ക് ഭാഗത്താണ്. ഇവയെച്ചൊല്ലിയുള്ള ഇരുരാജ്യങ്ങളുടെയും തർക്കത്തിൽ ഇതുവരെ അന്തിമ തീരുമാനമുണ്ടായിട്ടില്ല. എന്നാൽ ഗോഗ്ര ഹോട്ട് സ്പ്രിംഗ്, പാംഗോംഗ് തടാകം, ഗാൽവാൻ താഴ്വര എന്നിങ്ങനെ ഇന്ത്യയുംചൈനയും നേരിട്ട് ഏറ്റുമുട്ടിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്.

സൈനികപരമായി ഏറെ പ്രാധാന്യമുള്ള പ്രദേശമാണ് ഡെപ്സാംഗ് സമതലം. കാരക്കോറം ചുരത്തിലെ ദൗലത് ബെഗ് ഓൾഡിയിൽ നിന്ന് 30 കിലോമീറ്റർ അകലെയാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഇവിടെ ഇന്ത്യൻ സൈന്യം സഞ്ചരിക്കുന്ന 15 കിലോമീറ്ററോളം പ്രദേശം കൈയേറാൻ ചൈന ശ്രമിച്ചതും സംഘർഷം ഉണ്ടാക്കിയിരുന്നു.

3448 കിലോമീറ്റർ ദൈർഘ്യമുള്ള അതിർത്തിയാണ് ഇന്ത്യയും ചൈനയും തമ്മിൽ പങ്കിടുന്നുണ്ട്. എന്നാൽ അരുണാചൽ പ്രദേശ് ഉൾപ്പെടെ ഇന്ത്യയിലെ 90000 ചതുരശ്ര കിലോമീറ്റർ പ്രദേശം തങ്ങളുടേതാണെന്നാണ് ചൈന അവകാശപ്പെടുന്നത്. തർക്ക പ്രദേശമായ അക്സായ് ചിൻ മേഖലയിലെ 38000 ചതുരശ്ര കിലോമീറ്റർ ലഡാകിന്റെ ഭാഗമാണെന്ന് ഇന്ത്യയും വാദിക്കുന്നു. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന് ഇന്ത്യ വ്യക്തമാക്കിക്കഴിഞ്ഞു.

### നേരിട്ടുള്ള വിമാന സർവീസിന് സാധ്യതയുണ്ടോ?

അതിർത്തി തർക്കങ്ങളിൽ സമവായമുണ്ടായ സ്ഥിതിയ്ക്ക് ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധങ്ങളിലും മാറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗാൽവാൻ സംഘർഷത്തിന് ശേഷം ചൈനീസ് കമ്പനികൾക്ക് ഇന്ത്യയിൽ സുഗമമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപ നയങ്ങൾ മോദി സർക്കാർ കർശനമാക്കിയതും ടിക് ടോക്ക് ഉൾപ്പെടെയുള്ള 300ലധികം ചൈനീസ് ആപ്പുകൾക്ക് ഇന്ത്യ നിരോധനം ഏർപ്പെടുത്തിയതും ഇന്ത്യയിലെ ചൈനീസ് സംരംഭങ്ങളെ ബാധിച്ചു.

ഇരുരാജ്യങ്ങളുടെയും ബന്ധം വീണ്ടും പൂർവ്വസ്ഥിതിയിലേക്ക് എത്തുന്നതോടെ ഇന്ത്യയിൽ നിന്ന് ചൈനയിലേക്കുള്ള വിമാനസർവീസുകളും പുനരാരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാല് വർഷം മുമ്പാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള വിമാനസർവീസ് അവസാനിപ്പിച്ചത്. കോവിഡ് വ്യാപനത്തിന് പിന്നാലെയായിരുന്നു ഈ നീക്കം. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരബന്ധവും പഴയപടിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ ഏറ്റവും പ്രധാന വ്യാപാര പങ്കാളികളിലൊരാളാണ് ചൈന.

# ഇന്ത്യൻ വിമാനങ്ങളിലെ വ്യാജ ബോംബ് ഭീഷണിയുമായി ആദം ലാൻസ എന്ന അമേരിക്കക്കാരന് എന്താണ് ബന്ധം?

ഇന്ത്യൻ വിമാനങ്ങൾക്ക് കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ 90 ൽ പരം വ്യാജബോംബ് ഭീഷണികളാണ് ലഭിച്ചത്. രാജ്യത്തിനകത്തും പുറത്തുമുള്ള വിമാനസർവീസുകളെ വ്യാജ ബോംബ് ഭീഷണി ബാധിച്ചിരുന്നു. ഗതിതിരിച്ചുവിടൽ, വിമാനയാത്ര പുറപ്പെടുന്നത് വൈകൽ, വിമാനം റദ്ദാക്കൽ ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ നഷ്ടവും ഇത്തരം വ്യാജബോംബ് ഭീഷണിമൂലം ഉണ്ടാകുന്നുണ്ട്. ഈ ബോംബ് ഭീഷണികളുടെ 70 ശതമാനവും ആദം ലാൻസ എന്ന പേരിലുള്ള ഒരൊറ്റ എക്സ് അക്കൗണ്ടിൽ നിന്നാണ് ഉത്ഭവിച്ചത്.





### രാജ്യത്തെ മുൾമുനയിൽ നിർത്തിയ ഭീഷണിക്ക് പിന്നിൽ ആര് ?

ഒക്ടോബർ 18ന് രാത്രി ഇന്ത്യൻ വിമാനങ്ങൾക്ക് @adamlanza1111 എന്ന എക്സ്അക്കൗണ്ടിൽനിന്ന് 12 വ്യാജബോംബ് ഭീഷണികളാണ് ലഭിച്ചത്. ഒക്ടോബർ 19ന് 34 വ്യാജബോംബ് ഭീഷണികളും ലഭിച്ചതായി ഇന്ത്യൻ എക്സ്പ്രസിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. എയർ ഇന്ത്യ, വിസ്താര, ഇൻഡഗോ, ആകാശ എയർ, അലയൻസ് എയർ, സ്പൈസ് ജെറ്റ്, സ്റ്റാർ എയർ തുടങ്ങിയ വിമാനക്കമ്പനികൾക്കും അന്താരാഷ്ട്ര വിമാനക്കമ്പനികളായ അമേരിക്കൻ എയർലൈൻസ്, ജെറ്റ് ബ്ലൂ, എയർ ന്യൂസിലാൻഡ് എന്നിവയ്ക്കും ഭീഷണി ലഭിച്ചു. സ്റ്റാർ എയറിന്റെ നാല് വിമാനങ്ങൾക്കാണ് ഭീഷണി സന്ദേശം ലഭിച്ചത്.

അതേസമയം മറ്റ് വിമാനക്കമ്പനികളുടെ അഞ്ച് വിമാനങ്ങൾക്കും സമാനമായ സന്ദേശം ലഭിച്ചു. ഭീഷണി സന്ദേശം ലഭിച്ച സമയത്ത് ഏതാനും വിമാനങ്ങൾ ആകാശത്ത് പറക്കുകയായിരുന്നു. മറ്റുള്ളവ ഇതുനോടകം തന്നെ പറക്കൽ പൂർത്തിയാക്കിയിരുന്നു. ശനിയാഴ്ച ഉച്ചകഴിഞ്ഞാണ് ഭീഷണി വന്ന അക്കൗണ്ട് എക്സ് സസ്പെൻഡ് ചെയ്തത്. അതുവരെ ഇത് സജീവമായിരുന്നു.

### ആരാണ് ആദം ലാൻസ?

2012ൽ യുഎസിൽ എലിമന്ററി സ്കൂൾ വെടിവെയ്പ്പ് നടത്തിയ മാസ് ഷൂട്ടറാണ് ആദം ലാൻസ. 2012 ഡിസംബർ 14ന് സാൻഡി ഹുക്ക് എലിമെന്ററി സ്കൂളിലാണ് ലാൻസ വെടിവെപ്പ് നടത്തിയത്. ആറിനും ഏഴിനും ഇടയിൽ പ്രായമുള്ള 20 കുട്ടികളും ആറ് അധ്യാപകരും വെടിവെയ്പ്പിൽ കൊല്ലപ്പെട്ടു. ആദം ലാൻസ നാല് വർഷം പഠിച്ച സ്കൂൾ ആണിത്. സ്കൂളിൽ വെടിവെപ്പ് നടത്തുന്നതിന് മുമ്പ് ഉറങ്ങി കിടക്കുകയായിരുന്ന തന്റെ അമ്മ നാൻസി ലാൻസയെയും 20കാരനായ ആദം വെടിവെച്ച് കൊലപ്പെടുത്തിയിരുന്നു. സ്കൂളിൽ വെടിവെപ്പ് നടത്താൻ പോകുന്നതിന് മുമ്പ് ഇയാൾ മൂന്ന് തോക്കുകൾ തന്റെ വീട്ടിൽ നിന്ന് എടുത്തിരുന്നു. സെമി ഓട്ടോമാറ്റിക് എയർ15 അസോൾട്ട് റൈഫിൾ, പിസ്റ്റളുകൾ എന്നിവയാണ് ആദം കൈയ്യിൽ കരുതിയിരുന്ന തോക്കുകൾ. സൈനിക വസ്ത്രം ധരിച്ചാണ് ഇയാൾ ആക്രമണം നടത്തിയത്.

സ്കൂളിലെ വെടിവെപ്പിന് പിന്നാലെ ആദവും ജീവനൊടുക്കുകയായിരുന്നു. കൂട്ട വെടിവെയ്പ്പിന് പിന്നിലെ കാരണം ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കുട്ടിക്കാലം മുതൽ ആദം മാനസിക വെല്ലുവിളി നേരിടുന്നുണ്ടെന്ന് സുപ്രീം കോടതിയിൽ സമർപ്പിച്ച രേഖയിൽ വ്യക്തമാക്കുന്നു. 1786ൽ നടന്ന 400 ആക്രമസംഭവങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നൂറുകണക്കിന് പേജുകളടങ്ങിയ ഒരു സ്പെഡ് ഷീറ്റും ഈ രേഖയിൽ ഉൾപ്പെടുന്നു.

"മനുഷ്യരോട് പുച്ഛമല്ലാതെ എനിക്ക് ഒന്നുമില്ല. എന്റെ ജീവിതകാലം മുഴുവൻ ആരോടെങ്കിലും എന്തെങ്കിലും പോസിറ്റീവായി തോന്നാൻ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്," ഒരു ഓൺലൈൻ ഗെയിമിനിടെ തന്റെ ഒപ്പം കളിച്ചിരുന്നയാളോട് ആദം ഒരിക്കൽ ഇങ്ങനെ പറഞ്ഞിരുന്നു. 2017ലാണ് എഫ്ബിഐ രേഖകൾ പുറത്തുവിട്ടത്. ആദത്തിന് കൂട്ട വെടിവെയ്പ്പിൽ താത്പര്യമുണ്ടായിരുന്ന കാര്യം തനിക്ക് അറിയാമായിരുന്നുവെന്ന് കൂട്ടക്കൊലയ്ക്ക് ഏകദേശം രണ്ടര വർഷം മുമ്പ് ആദവുമായി ഇന്റർനെറ്റ് വഴി ബന്ധമുണ്ടായിരുന്ന ഒരു സ്ത്രീ വെളിപ്പെടുത്തിയിരുന്നു.

ഇത്തരം കൂട്ടക്കൊലപാതകങ്ങളുടെ ഒരു പട്ടിക ആദം തയ്യാറാക്കിവെച്ചിരുന്നുവെന്നും അതിനായുള്ള ഗവേഷണത്തിനാണ് ഭൂരിഭാഗം സമയം ചെലവിട്ടിരുന്നതെന്നും രേഖകൾ സൂചിപ്പിക്കുന്നു. ആദത്തിന്റെ അക്രമങ്ങളോടുള്ള താത്പര്യവും അമ്മയുടെ ആയുധശേഖരങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവസരം ലഭിച്ചതും കൂട്ടക്കൊലയ്ക്ക് വഴിയൊരുക്കി.

ഭർത്താവിൽ നിന്ന് വേർപിരിഞ്ഞ ശേഷം പത്താം ക്ലാസ് മുതൽ ആദം അമ്മയുടെ സംരക്ഷണയിലാണ് വളർന്നത്. മറ്റുള്ളവരുമായി അധികം സമ്പർക്കമില്ലാതെ വീട്ടിനുള്ളിൽ തന്നെ മകനെ വളർത്തുന്ന രീതിയായിരുന്നു. വീടിനുള്ളിൽ തോക്കുകളുടെ വലിയൊരു ശേഖരം ഉണ്ടായിരുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. കൂടാതെ, അക്രമം പ്രോത്സാഹിപ്പിക്കുന്ന ഓൺലൈൻ ഗെയിമുകളിലും ആദം വലിയ തോതിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നു. സെൻസറി ഡസോഡർ, ഓട്ടിസം സ്പെക്ട്രം ഡസോഡർ, ഉത്കണ്ഠ, ഒബ്സസീവ് കംപൾസീവ് ഡിസോഡർ തുടങ്ങിയ രോഗാവസ്ഥകൾ ആദത്തിന് ഉണ്ടായിരുന്നതായി ആശുപത്രി, സ്കൂൾ രേഖകൾ വ്യക്തമാക്കുന്നു.

ഇത്തരത്തിൽ കൂട്ട വെടിവയ്പ്പിൽ താത്പര്യമുള്ള ഒരാളുടെ പേര് സോഷ്യൽമീഡിയ അക്കൗണ്ടിന് നൽകിയത് കൂടുതൽ ഭയപ്പെടുത്തുന്ന കാര്യമാണ്. ഇന്ത്യൻ വിമാനകമ്പനികൾക്ക് നേരെ വ്യാജബോംബ് ഭീഷണി വരുന്നത് ഇത് ആദ്യത്തെ സംഭവമല്ല. കഴിഞ്ഞയാഴ്ച മാത്രം കുറഞ്ഞത് 90 ഭീഷണികളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂണിൽ രാജ്യത്തെ 41 വിമാനത്താവളങ്ങൾക്ക് ഒരു ദിവസം ഇമെയിൽ വഴി വ്യാജ ബോംബ് ഭീഷണി ലഭിച്ചിരുന്നു. 2014 നും 2017 നും ഇടയിൽ വിമാനത്താവളങ്ങളിൽ 120 തോളം വ്യാജ ബോംബ് ഭീഷണികൾ ഉണ്ടായിരുന്നു. ഇതിൽ പകുതിയോളം ഡൽഹി, മുംബൈ വിമാനത്താവളങ്ങളിലാണ് ലഭിച്ചത്.

നാല് വിമാനങ്ങൾക്കും മൂന്ന് അന്താരാഷ്ട്ര വിമാനങ്ങൾക്കും ഇത്തരം വ്യാജ സന്ദേശം അയക്കുന്നതിനായി സോഷ്യൽ മീഡിയ അക്കൗണ്ട് സൃഷ്ടിച്ച 17 കാരൻ കഴിഞ്ഞയാഴ്ച അറസ്റ്റിലായിരുന്നു. ഭീഷണിയെത്തുടർന്ന് രണ്ട് വിമാനങ്ങൾ യാത്ര പുറപ്പെടുന്നതിന് കാലതാമസം നേരിടുകയും ഒന്ന് വഴിതിരിച്ചുവിടുകയും ഒന്ന് യാത്ര റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ, ഇതിന് പിന്നിലെ കാരണം എന്തെന്ന് വ്യക്തമാക്കിയിരുന്നില്ല.






# കെയ്റ്റ്ലിൻ ജെന്നറുടെ ജന്മദിനം ആഘോഷമാക്കി കർദാഷിയാൻ കുടുംബം



കെയ്റ്റ്ലിൻ ജെന്നറുമായി ബന്ധം ഊട്ടിഉറപ്പിച്ച് കിം കർദാഷിയാൻ. ജെന്നറിന്റെ 75-ാം ജന്മദിനം ആഘോഷിക്കാൻ കർദാഷിയാൻ സ്റ്റെപ്പ് ബ്രദർ ബ്രോഡി ജെന്നർ, ഭാര്യ ടിയ ബ്ലാങ്കോ, അവരുടെ 15 മാസം പ്രായമുള്ള മകൾ ഹണി എന്നിവർക്കൊപ്പം ചേർന്നു.'മാലിബുവിലെ കഴിഞ്ഞ രാത്രിയിലെ അത്താഴം വളരെ പ്രത്യേകതയുള്ളതായിരുന്നു,കുടുംബമാണ് എല്ലാം! നിരവധി കുട്ടികളും നിരവധി പേരക്കുട്ടികളും, എല്ലാം ഒരിടത്ത്, ഒരേ സമയം'' - ഒക്ടോബർ 29-ന് കെയ്റ്റ്ലിൻ ഇൻസ്റ്റാഗ്രാമിൽ എഴുതി. 'നിങ്ങൾ എല്ലാവരും എന്റെ ജന്മദിന സായാഹ്നം വളരെ സവിശേഷമാക്കി... നിങ്ങളുടെ ചിന്തനീയവും ഉദാരവുമായ സമ്മാനങ്ങൾ എന്റെ രാത്രിയെ മാറ്റിമറിച്ചു. ഞാൻ നിങ്ങളെ എല്ലാവരെയും വളരെയധികം സ്നേഹിക്കുന്നുവെന്നും കെയ്റ്റ്ലിൻ കൂട്ടിച്ചേർത്തു, 'എഴുപത്തിയഞ്ചാം ജന്മദിനാശംസകൾ. ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന അടിക്കുറിപ്പോടെ കിം സ്വന്തം ഇൻസ്റ്റാഗ്രാം പേജിൽ കെയ്റ്റ്ലിനുമൊത്തുള്ള സെൽഫി പങ്കുവെച്ചിരുന്നു. അതിനിടെ, കോട്നി കർദാഷിയാൻ തന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറികളിൽ കെയ്റ്റ്ലിന്റെ ജന്മദിന കേക്കിന്റെ ഫോട്ടോ പോസ്റ്റ് ചെയ്തു.ഇന്ന് ലോകത്തെ ഏറ്റവും പ്രശസ്തിയുള്ള ട്രാൻസ്ജെൻഡർ എന്നറിയപ്പെടുന്നത് കെയ്റ്റ്ലിനാണ്. 66ാം വയസ്സിൽ മനസ്സുകൊണ്ട് ഒരു സ്ത്രീയാണെന്നു വെളിപ്പെടുത്തുകയും ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുകയും ചെയ്തു. വില്യം ബ്രൂസ് ജെന്നർ എന്നായിരുന്നു കെയ്റ്റ്ലിൻ ജെന്നറിന്റെ ആദ്യ പേര്.അഭിനയത്തിനൊപ്പം സംവിധാനം, നിർമാണം, തിരക്കഥ എന്നിങ്ങനെ പല മേഖലകളിലും ബ്രൂസ് കൈവച്ചു. ഇതെല്ലാം വിജയമാകുകയും ചെയ്തു. ബ്രൂസിന്റെ കൂടി കഠിനാധ്വാനത്തിന്റെ ഫലമായാണ് അമേരിക്കൻ ടെലിവിഷൻ ലോകത്തെ ശക്തമായ സാന്നിധ്യമായി കർദാഷിയാൻ കുടുംബം വളർന്നത്.



## ദേഷ്യത്തിനെ കരുതൽ കൊണ്ടേ നേരിടാൻ പറ്റൂ; ജോണി ഡെപ്പ്

ഹോളിവുഡ് നടൻ ജോണി ഡെപ്പും ഭാര്യ ആംബർ ഹേർഡുമായുള്ള വിവാഹമോചനത്തെ ചുറ്റിപ്പറ്റിയുള്ള നിയമ പോരാട്ടങ്ങൾ ഏറെ മാധ്യമശ്രദ്ധ ആകർഷിച്ചതായിരുന്നു. ഇപ്പോഴിതാ ആദ്യമായി വ്യക്തി ജീവിതത്തെക്കുറിച്ച് തുറന്ന് പറയുകയാണ് താരം.''സത്യസന്ധമായി, എനിക്ക് ഈ നിമിഷം ഇവിടെ ഇരുന്നു എല്ലാ രീതിയുലുമുള്ള സന്ദർഭങ്ങളെ പറ്റി ചിന്തിക്കാം, എല്ലാവരും എനിക്കെതിരെ എങ്ങനെ ആയിരിന്നുവെന്നും , എനിക്ക് അതെല്ലാം ഓർമിക്കാം. പക്ഷേ, അതെല്ലാം കടന്നുപോയി. അതിൽ ചിലത് ഏറ്റവും മനോഹരമായ സമയമായിരുന്നില്ല, ചിലത് ആഹ്ലാദകരമായിരുന്നു. നമ്മൾ എന്തുചെയ്താലും അതിൽ നിന്ന് എന്തെങ്കിലും പഠിക്കും എന്ന് വിചാരിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് എനിക്ക് ആരോടും മോശമായ വികാരങ്ങൾ ഇല്ല. ഒരാളോട് വെറുപ്പ് ശേഖരിച്ചു വെക്കുന്ന ഒരാൾ അല്ല ഞാൻ. വെറുപ്പിന് കരുതൽ ആവശ്യമാണ്. ഇതിനെല്ലാം എനിക്കിപ്പോ സമയമില്ല' ഡെപ്പ് കൂട്ടിച്ചേർത്തു.

## തന്റെ എഐ ചിത്രങ്ങൾ സൃഷ്ടിക്കുന്നതിൽ എതിർപ്പുമായി റോബർട്ട് ഡൗണി ജൂനിയർ



തന്റെ ഫോട്ടോ ഉപയോഗിച്ച് ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനോട് എതിർപ്പ് പ്രകടിപ്പിച്ച് നടൻ റോബർട്ട് ഡൗണി ജൂനിയർ. പ്രത്യേകിച്ചും മാർവൽ സിനിമാറ്റിക് യൂണിവേഴ്സിൽ നിന്നുള്ള അയൺ മാനിലെ തന്റെ കഥാപാത്രമായ ടോണി സ്റ്റാർക്കിന്റെ ചിത്രങ്ങൾ എടുക്കുന്നതിലാണ് ജൂനിയർ എതിർപ്പ് പ്രകടിപ്പിക്കുന്നത്.ഓൺ വിത്ത് കാരാ സ്വിഷറിലെ സംഭാഷണത്തിനിടെയാണ് നടൻ ഇക്കാര്യം പറഞ്ഞത്. ചർച്ചയിൽ പുലിറ്റ്സർ സമ്മാനം നേടിയ നാടകകൃത്ത് അയാദ് അക്തറും ടോണി ജേതാവായ സംവിധായകൻ ബാർട്ട്ലെറ്റ് ഷെറും ഉണ്ടായിരുന്നു. ഡൗണി പറഞ്ഞതിങ്ങനെ: ''രണ്ട് ട്രാക്കുകളുണ്ട്. നടക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും എനിക്ക് എങ്ങനെ തോന്നുന്നുവെന്നതും എനിക്ക് അതിനെക്കുറിച്ച് എനിക്ക് എങ്ങനെ അനുഭവപ്പെടുന്നുവെന്നതും .കാരണം എനിക്ക് സംഭവിക്കുന്ന ഒരു യഥാർത്ഥ വൈകാരിക ജീവിതമുണ്ട്, അതിന് ധാരാളം ഇടമില്ല''.തന്റെ ആശങ്കകൾക്കിടയിലും, ഡൗണി മാർവലിലെ നിലവിലെ നേതൃത്വത്തിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു, ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചുള്ള തന്റെ ആശങ്കകൾക്ക് പുറമേ, ധാർമ്മിക പരിഗണനകളുടെ പ്രാധാന്യവും ഡൗണി പറഞ്ഞു.

# കുട്ടികളുടെ ഭാവിയെക്കുറിച്ച് വാചാലയായി ആഞ്ജലീന



ലോകമൊട്ടാകെ ഫാൻസുള്ള സിനിമാ താരങ്ങളാണ് ബ്രാഡ് പിറ്റും ആഞ്ജലീന ജോളിയും. ഒരു കാലത്ത് ഹോളിവുഡിൽ ഏറ്റവും ശ്രദ്ധനേടിയ പ്രണയജോടികളായിരുന്നു ഇരുവരും. മിസ്റ്റർ ആന്റ് മിസിസ് സ്മിത്ത് എന്ന ചിത്രത്തിൽ അഭിനയിക്കുമ്പോഴാണ് ഇരുവരും പ്രണയത്തിലാകുന്നത്. ഒൻപത് വർഷത്തെ നീണ്ട പ്രണയത്തിന് ശേഷം 2014 ലാണ് ഇരുവരും വിവാഹിതരാകുന്നത്. ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന താരദമ്പതികൾക്ക് ആറ് കുട്ടികളാണുള്ളത്. ഇതിൽ മൂന്നു കുട്ടികളെ വിയറ്റ്നാം, കംബോഡിയ, എത്യോപ്യ എന്നിവിടങ്ങളിൽ നിന്ന് ദത്തെടുത്തതാണ്.ഇപ്പോഴിതാ ആഞ്ജലീന ജോളി തന്റെ ആറ് കുട്ടികളുടെ ഭാവിയെക്കുറിച്ച് സംസാരിക്കുകയാണ്.അവർ വലുതാകുമ്പോൾ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് അവൾക്ക് ഒരു ധാരണയുണ്ടെന്ന് നടി പറഞ്ഞു.മഡോക്സ് (23) പാക്സ്( 20) സഹാറ(19) ഷിലോഹ് (18) 16 വയസ്സുള്ള ഇരട്ടകളായ വിവിയൻ, നോക്സ് എന്നിങ്ങനെ 6 മക്കളാണുള്ളത്. ''അഭിനയമല്ല അവരുടെ ഭാവി. അവർ പ്രത്യേകിച്ച് ലജ്ജാശീലരും വളരെ സ്വകാര്യത ഇഷ്ടപെടുന്നവരുമാണ്.എന്നാൽ കുട്ടികളിൽ പലരും ഇതിനകം തിരശ്ശീലയ്ക്ക് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. മാഡും പാക്സും അസിസ്റ്റന്റ് ഡയറക്ടിംഗ് ജോലികൾ ചെയ്യുന്നുണ്ട്. പാക്സിന് നിശ്ചലദൃശ്യങ്ങൾ ചെയ്യാൻ താൽപ്പര്യമുണ്ട്. മകൾ വിവിയൻ മ്യൂസിക്കൽ ആൽബത്തിൻറെ തിരക്കിലാണെന്നും ആഞ്ജലീന ജോളി കൂട്ടിച്ചേർത്തു. കുട്ടികളുടെ സംരക്ഷണം ആഞ്ജലീനയ്ക്ക് വിട്ടുനൽകാനായിരുന്നു കോടതിയുടെ വിധി. കുട്ടികളെ കാണാനുള്ള അവകാശം ബ്രാഡ് പിറ്റിന് നൽകുകയും ചെയ്തിരുന്നു.

# അയോദ്ധ്യയിലെ കുരങ്ങുകൾക്ക് ഭക്ഷണം: 1 കോടി നൽകി അക്ഷയ് കുമാർ

ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ മുന്നിൽ നിൽക്കുന്ന ബോളിവുഡ് നടനാണ് അക്ഷയ് കുമാർ. താരം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളത്. ഇത്തവണ ദീപാവലി സമ്മാനമായി അയോദ്ധ്യയിലെ വാനരന്മാരെ സഹായിച്ചിരിക്കുകയാണ് അക്ഷയ് കുമാർ.അയോധ്യയിലെ രാമക്ഷേത്രത്തിലെ കുരങ്ങുകൾക്ക് ഭക്ഷണം നൽകാനായി ഒരു കോടി രൂപയാണ് താരം സംഭാവന നൽകിയത്. പ്രതിദിനം 1200 കുരങ്ങുകൾക്ക് ഭക്ഷണം നൽകാനാണ് താരം സഹായിച്ചതെന്ന് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്തു.ആഞ്ജനേയ സേവ ട്രസ്റ്റിനാണ് പണം കൈമാറിയത്. മാതാപിതാക്കളായ ഹരി ഓമിന്റെയും അരുണ ഭാട്ടിയുടെയും ഭാര്യാപിതാവ് രാജേഷ് ഖന്നയുടെയും പേരിലാണ് അക്ഷയ് കുമാർ പണം നൽകിയത്.ജഗത്ഗുരു സ്വാമി രാഘവാചാര്യ ജി മഹാരാജിന്റെ കീഴിലുള്ള ട്രസ്റ്റാണ് ആഞ്ജനേയ സേവ ട്രസ്റ്റ്. അയോദ്ധ്യയിലേക്കുള്ള ദീപാവലി സമ്മാനമായിട്ടാണ് അക്ഷയ് കുമാറിന്റെ തീരുമാനമെന്ന് താരത്തിന് ഒപ്പമുള്ളവർ പറഞ്ഞു.പുണ്യ സ്ഥലങ്ങളിൽ വാനരന്മാർ നേരിടുന്ന പ്രശ്നത്തെ കുറിച്ച് അറിഞ്ഞപ്പോഴാണ് ചെറിയൊരു സഹായം നൽകാൻ തീരുമാനിച്ചതെന്നാണ് അക്ഷയ് കുമാർ സഹായത്തെ കുറിച്ച് പറഞ്ഞത്. കഴിഞ്ഞ മാസം അക്ഷയ് ഹാജി അലി ദർഗ നവീകരണ പദ്ധതിക്കായി 1.21 കോടി രൂപ സംഭാവന നൽകിയിരുന്നു.








# ‘ജയ് ഭീം മുഖ്യമന്ത്രി കണ്ടു, അതിലൂടെ മൂന്ന് ലക്ഷം ജനങ്ങളുടെ ജീവിതമാണ് മാറിമറിഞ്ഞത്”; സൂര്യ



തമിഴകത്തിന്റെ സൂര്യ നായകനായി വരാനിരിക്കുന്ന ചിത്രമാണ് കങ്കുവ. സിരുത്തൈ ശിവയാണ് സംവിധാനം നിർവഹിക്കുന്നത്. എതിർക്കും തുനിന്തവൻ എന്ന ചിത്രത്തിന് ശേഷം ഒരു മുഴുനീളൻ കഥാപാത്രമായി എത്തുകയാണ് കങ്കുവയിലൂടെ സൂര്യ. അടുത്തിടെ ഹോളിവുഡ് റിപ്പോർട്ടർ ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിൽ സൂര്യ ജയ് ഭീമും കാഖ കാഖയും സമൂഹത്തിൽ ഉണ്ടാക്കിയ സ്വാധീനത്തെ കുറിച്ച് സംസാരിക്കുകയാണ്.ഓരോ സിനിമയിൽ നിന്നും നമുക്ക് എന്തെങ്കിലും ഒക്കെ കൂടെ കൊണ്ടുപോകാൻ ഉണ്ടാകും. വ്യക്തി എന്ന നിലയിൽ നമ്മളെ മാറ്റുന്നതോ നമുക്ക് പഠിക്കാനോ എന്തെങ്കിലും ഒക്കെ അതിൽ നിന്ന് ലഭിക്കും. 2002ൽ ഞാൻ കാഖ കാഖ ചെയ്തു. 2002-2005 ഐപിഎസ് ഓഫീസർമാരുടെ ബാച്ചുകൾ ആ സിനിമ കണ്ടു. കോളേജ് വിദ്യാർത്ഥികൾ കണ്ടു. അവർ അതിന്റെ സ്വാധീനത്തിൽ അവർ ഐപിഎസ് ഓഫീസർമാരായി’, സൂര്യ പറഞ്ഞു.സിനിമകൾ മനുഷ്യരെ അവരുടെ മികച്ച വേർഷനാക്കാൻ സഹായിക്കുന്നുവെന്നും ജയ് ഭീം നിയമത്തിൽ മാറ്റം കൊണ്ടുവരാൻ സഹായിച്ചുവെന്നും സൂര്യ പറഞ്ഞു. ’മുഖ്യമന്ത്രി ജയ് ഭീം കാണാൻ ഇടയായി. അതിലൂടെ മൂന്ന് ലക്ഷം ജനങ്ങളുടെ ജീവിതമാണ് മാറിമറിഞ്ഞത്- സൂര്യ കൂട്ടിച്ചേർത്തു.പിരീഡ് ആക്ഷൻ ഡ്രാമയായി ഒരുങ്ങിയ കങ്കുവ നവംബർ 14 -ന് ആഗോളവ്യാപകമായി 38 ഭാഷകളിൽ റിലീസ് ചെയ്യും. ബോളിവുഡ് താരം ബോബി ഡിയോൾ വില്ലനായ ചിത്രത്തിൽ യോഗി ബാബു, പ്രകാശ് രാജ്, കെ എസ് രവികുമാർ, ജഗപതി ബാബു, ഹാരിഷ് ഉത്തമൻ, നടരാജൻ സുബ്രമണ്യം, ആനന്ദ് രാജ്, വസുന്ധര കശ്യപ്, റെഡിന് കിങ്സ്ലി, കോവൈ സരള എന്നിവരാണ് മറ്റ് പ്രധാന താരങ്ങൾ. 2 ഭാഗങ്ങളായി ഒരുക്കുന്ന ചിത്രം, മദൻ കർക്കി, ആദി നാരായണ, സംവിധായകൻ ശിവ എന്നിവർ ചേർന്നാണ് രചിച്ചത്. 1500 വർഷങ്ങൾക്ക് മുൻപ് നടക്കുന്ന കഥയാണ് ചിത്രം പറയുന്നത്.

# ഞാൻ സിംഗിളാണ് മലൈകയുമായി വേർപിരിഞ്ഞെന്ന് അർജുൻ



ബോളിവുഡിലെ ഏറ്റവും വിവാദപരമായ പ്രണയങ്ങളിലൊന്നായിരുന്നു മലൈക അറോയും അർജുൻ കപൂറും തമ്മിലുള്ള ബന്ധം. 51 കാരിയായ മലൈകയും 39 കാരനായ അർജുനും തമ്മിലുള്ള പ്രണയം ബോളിവുഡിലും അവരുടെ രണ്ട് കുടുംബങ്ങളിലും വലിയ കോളിളക്കം സൃഷ്ടിച്ചു.എന്നാൽ കുറച്ചു മാസങ്ങളായി ഇരുവരും വേർപിരിയുകയാണെന്ന അഭ്യൂഹങ്ങൾ ബോളിവുഡിൽ സജീവമാണ്. ഇപ്പോഴിതാ ഇക്കാര്യം അർജുൻ കപൂർ തന്നെ തുറന്ന് പറഞ്ഞിരിക്കുകയാണ്. മുംബൈയിൽ ദീപാവലി ആഘോഷത്തിനിടെ ആരാധകർക്ക് മുന്നിൽ വെച്ചാണ് അർജുൻ ഇക്കാര്യം വെളിപ്പെടുത്തിയത്.ആൾക്കൂട്ടത്തിൽ നിന്ന് ഒരു ആരാധകൻ മലൈകയുടെ പേര് വിളിച്ചുപറഞ്ഞത് കേട്ടതോടെയാണ് താൻ സിംഗിളാണെന്ന് അർജുൻ വെളിപ്പെടുത്തിയത്. ഇതോടെ മലൈകയും അർജുനും വഴിപിരിഞ്ഞു എന്ന് ഉറപ്പിച്ചു ആരാധകർ. 2018-ലാണ് മലൈകയും അർജുനും ഡേറ്റിംഗ് ആരംഭിച്ചത്. എന്നിരുന്നാലും, ഇരുവരും തങ്ങളുടെ ബന്ധത്തെക്കുറിച്ച് ഒരിക്കലും തുറന്ന് പറഞ്ഞിരുന്നില്ല, എന്നാൽ അവരുടെ അവധിക്കാലങ്ങളിൽ നിന്നുള്ള പ്രണയ ചിത്രങ്ങൾ പോസ്റ്റ് ചെയ്യുകയും ജന്മദിനങ്ങളിൽ പരസ്പരം ആശംസിക്കുകയും ചെയ്തു. കഴിഞ്ഞ മാസം മലൈകയുടെ പിതാവ് അനിൽ മേത്തയുടെ മരണശേഷം അർജുൻ മലൈകയെ സന്ദർശിച്ചിരുന്നു.സൽമാൻ ഖാന്റെ സഹോദരൻ അർബാസ് ഖാനെയാണ് മലൈക ആദ്യം വിവാഹം ചെയ്തത്. 2017-ൽ വിവാഹമോചനം നേടിയ ശേഷം അവർ തങ്ങളുടെ മകൻ അർഹാനുമായി സഹ-രക്ഷാകർതൃത്വത്തിലാണ്നി ർമ്മാതാവ് ബോണി കപൂറിന്റെയും ആദ്യ ഭാര്യ മോണ ഷോരി കപൂറിന്റെയും മകനാണ് അർജുൻ.

# പ്രതിഫലത്തിൽ ഷാരൂഖിനെയും വിജയിയെയും പിന്നിലാക്കി അല്ലു അർജുൻ

സിനിമാ താരങ്ങളും അവരുടെ പ്രതിഫലവും എന്നും ചർച്ചയാവുന്ന കാര്യമാണ്. ഇപ്പോൾ ബോളിവുഡ് താരങ്ങളെ കടത്തിവെട്ടി പ്രതിഫലത്തിൽ അല്ലു അർജുൻ മുന്നിൽ എന്ന വാർത്തയാണ് പുറത്തു വരുന്നത്. പുഷ്പ 2 എന്ന ചിത്രത്തിൽ അല്ലു അർജുൻ വാങ്ങുന്ന പ്രതിഫലം 300 കോടി എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.ഇന്ത്യൻ സിനിമയിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന താരം ഷാരൂഖ് ഖാനായിരുന്നു. ജവാൻ സിനിമയിൽ 250 കോടി രൂപയാണ് ഷാരൂഖ് വാങ്ങിയ പ്രതിഫലം എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്.എന്നാൽ ഷാരൂഖ് ഖാനെ കടത്തിവെട്ടി തെന്നിന്ത്യയിൽ നിന്ന് വിജയ് എത്തിയിരുന്നു. ദളപതി 69 എന്ന താരത്തിന്റെ അവസാന ചിത്രത്തിൽ വാങ്ങുന്ന പ്രതിഫലം 275 കോടി എന്നാണ് പുറത്തു വന്ന റിപ്പോർട്ട്. അതേസമയം ഇപ്പോൾ വിജയ്യെ പിന്തള്ളി ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ് അല്ലു അർജുൻ. ആരാധകർ ഈ വർഷം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് പുഷ്പ. പ്രീ റിലീസ് ബിസിനസിലൂടെ പുഷ്പ 2, 1,085 കോടി നേടിയത് വലിയ വാർത്തയായിരുന്നു.

നിരീക്ഷണം വാചകം

# നാണം മറയ്ക്കാനുള്ള തുണിക്കഷണം കൊണ്ട് കൊടി തുന്നുന്ന രാഷ്ട്രീയ തരികിടകൾ






ആന്റണി ചടയംമുറി



മാർക്സിസ്റ്റ് പാർട്ടി (സി.പി.എം) യോട് ബന്ധപ്പെട്ട ചിലവാർത്തകൾ നമ്മെ വല്ലാതെ അലോസരപ്പെടുത്തുന്നു. ഇടതുഭരണമാകട്ടെ, താളം തെറ്റിക്കഴിഞ്ഞു. പൂരം കലക്കലിൽ ത്രിതല അന്വേഷണം പ്രഖ്യാപിച്ച് പോലീസ് എഫ്.ഐ.ആർ ഇട്ടെങ്കിലും മുഖ്യമന്ത്രി ഇപ്പോൾ പറയുന്നത് പൂരം കലങ്ങിയിട്ടില്ലെന്നാണ്!

മരണപ്പെട്ട നവീൻ ബാബുവിന്റെ പാർട്ടി കുടുംബത്തോടൊപ്പമാണെന്ന് പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദനാണ് വാർത്താലേഖകരോട് പറഞ്ഞത്. എന്നിട്ട്, മഹിളാ അസോസിയേഷൻ നേതാക്കൾ ദിവ്യയ്ക്ക് പിന്തുണ പ്രഖ്യാപിച്ച് ഇന്നലെ മജിസ്ട്രേട്ടിന്റെ വീട് വരെയെത്തിയതെന്തിനെന്ന് കണ്ണൂരിലെ പാർട്ടി വിശദീകരിക്കുന്നില്ല. 'ഇതും കടന്നുപോകു'മെന്ന ശുഭാപ്തി വിശ്വാസത്തിലാണ് മുഖ്യമന്ത്രി.

നാണം മറയ്ക്കാനുള്ള തുണിശീലയെടുത്ത്, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൊടിതുന്നിക്കുന്നത് ഏതായാലും നല്ലതല്ല. കണ്ണൂരിലെ മുൻപഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ 36-ാം വയസ്സിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായെന്നാണ് ചരിത്രം. ദിവ്യക്ക് ഇപ്പോൾ 40 വയസ്സ്. 42-ാം വയസ്സിൽ മന്ത്രിയാകാനും, ഷൈലജ ടീച്ചറെ 'ദിവ്യ'പരവേഷത്തിൽ ഒതുക്കാനുമെല്ലാമായിരുന്നു മുഖ്യന്റെ ഓഫീസിലെ ഉപജാപകരെല്ലാം ശ്രമിക്കുന്നതെന്ന് പറഞ്ഞു കേൾക്കുന്നു. ഇന്ന് (ബുധൻ) തലശ്ശേരി സെഷൻസ് കോടതിയിൽ നൽകുന്ന ദിവ്യയുടെ ജാമ്യാപേക്ഷയിൽ തീരുമാനം വരാൻ മൂന്നോ നാലോ ദിവസമെടുത്തേക്കാം. ഏതായാലും രണ്ടാം പിണറായി സർക്കാർ സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ഇന്നലെ (ചൊവ്വ) പൊളിച്ചു. ദിവ്യയ്ക്ക് നൽകിയ പോലീസ് കരുതൽ രാജ്യത്തിനു തന്നെ മാതൃകയായി നാടുമുഴുവൻ കണ്ടല്ലേ? അരയിൽ കെട്ടേണ്ട ആ തുണിക്കഷണം മുഖത്തിട്ട് നടക്കേണ്ട ഗതകേടിലാണ് ചില പാർട്ടി നേതാക്കൾ. ദിവ്യയ്ക്കെതിരെ സംഘടനാ തലത്തിൽ നടപടി വേണോയെന്ന് ചിന്തിക്കാൻ കണ്ണൂർ ജില്ലാ കമ്മിറ്റിയും ഇന്ന് ചേർന്നു കഴിഞ്ഞിരുന്നു. അവിടേയും 'പാമ്പ് ചാകാതേയും വടി ഒടിയാതെയും' നോക്കാൻ കണ്ണൂരിലെ ചില സഖാക്കൾ ദിവ്യയ്ക്ക് കൂട്ടിനുണ്ടെന്നുള്ള വാർത്തയും കണ്ടു.

## മന:പൂർവമല്ലാത്ത നരഹത്യയാണോ ഇത് ?

കഴിഞ്ഞ ബുധനാഴ്ച (ഒക്. 23) പെരുമ്പാവൂരിനടുത്തുള്ള ഒക്കലിൽ ഒരു മരണം നടന്നു. ഒക്കലിൽ ടെലിഫോൺ ബൂത്ത് നടത്തിയിരുന്ന കണ്ണൻ എന്നു വിളിക്കുന്ന സുരേഷ് പ്രഭാകരനാണ് (52) അന്ന് മരിച്ചത്. ഭിന്നശേഷിക്കാരനായിരുന്നു കണ്ണൻ. മൊബൈൽ ഫോൺ വ്യാപകമായതോടെ കണ്ണന് ബൂത്ത് അടയ്ക്കേണ്ടി വന്നു. കണ്ണന്റെ വീടിരിക്കുന്ന ഭൂമിയിലൂടെയാണ് നിർദ്ദിഷ്ട ശബരി റെയിൽവേ കടന്നു പോകേണ്ടത്. ആ ഭൂമി അധികൃതർ കല്ലിട്ട് തിരിച്ചിട്ട് വർഷങ്ങളേറെയായി. കണ്ണന്റെ ഭൂമി ഈട് വച്ച് വായ്പയെടുക്കാനോ വിൽക്കാനോ കഴിയാത്ത അവസ്ഥയുണ്ടാകുകയും ദുരിതക്കനലുകളിലൂടെ നടന്ന കണ്ണൻ പിന്നീട് രോഗക്കിടക്കയിൽ നിന്ന് എഴുന്നേറ്റില്ല. ഭാര്യയേയും മകളേയും തനിച്ചാക്കി കണ്ണൻ അന്ത്യാത്രയായി.

ശബരി റെയിൽ പോലെ തന്നെ സംസ്ഥാനത്തെങ്ങും വികസന പദ്ധതികൾക്ക് സ്ഥലം അളന്നു തിരിച്ചിട്ടതിന്റെ കാണാക്കുരുക്കിൽ ജീവിക്കുന്ന നിരവധി മനുഷ്യരുണ്ട്. വികസനത്തിനു വേണ്ടി ഭൂമിയേറ്റെടുത്തിട്ട് അതേ പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുമ്പോൾ കണ്ണനെ പോലെയുള്ളവരുടെ മരണം ഭരണകൂടം നടത്തുന്ന മന:പൂർവ്വമല്ലാത്ത നരഹത്യയായി മാറുകയല്ലേ? ഏതെങ്കിലും ഒരു വികസന പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുത്താൽ, സമയബന്ധിതമായി അത് പൂർത്തിയാകാത്തതിന് കണ്ണനെ പോലെയുള്ളവർ എന്തു പിഴച്ചു?

## 'കേരള്'മെന്താ ഭാരതത്തിലല്ലേ?

ഭാരതമെന്നെഴുതുമ്പോൾ ബിരിയാണിയുടേയോ ബാലരമയുടേയോ 'ബ' വേണമെന്ന കുതിരവട്ടം പപ്പുവിന്റെ സിനിമാ ഡയലോഗ് ഇന്ന് 'ട്രോളാൻ' പലരും ഉപയോഗിക്കാറുണ്ട്. എന്നാൽ ഇന്ത്യൻ റെയിൽവേയുടെ 'കേരളം' ഉൾപ്പെടുന്ന ഭാരതം അവർ എഴുതിത്തുടങ്ങുന്നന്നത് 'ഫ' എന്നു വച്ചാണോ? കാരണം, അത്രയേറെ അവഗണനയാണ് കേന്ദ്രം നമ്മോട് കാണിക്കുന്നത്.

കണ്ണന് കുഴിമാടം തീർത്ത ശബരി റെയിലിന്റെ കാര്യം തന്നെ നോക്കാം: 1997ലാണ് ശബരി റെയിൽ പ്രഖ്യാപിക്കപ്പെട്ടത്. ഇപ്പോൾ വർഷം 2024. അതായത് 27 വർഷത്തെ കാത്തിരിപ്പ്. കേരളം ശബരി പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുത്തു നൽകിയില്ലെന്ന് കേന്ദ്രം. അതുകൊണ്ട് നിർദ്ദിഷ്ട പദ്ധതിക്ക് പണ മനുവദിക്കാതെ കേന്ദ്രത്തിന്റെ കടുംപിടുത്തം തുടരുകയാണ്. ശബരി റെയിലിന്റെ ദൂരം 111 കിലോമീറ്റർ. ഇതിൽ 7 കി.മീ. നീളത്തിൽ റെയിൽ പാത നിർമ്മിക്കുകയും ചെയ്തു. അതിന്റെ ചെലവ് 265 കോടി രൂപ. 70 കി.മീ. ദൂരത്തിൽ ശബരി റെയിലിനുവേണ്ടി സ്ഥലം കല്ലിട്ടു തിരിക്കുകയും ചെയ്തു റെയിൽവേ. ഇതിനിടെ ചെങ്ങന്നൂർ പമ്പ റെയിൽ പദ്ധതി മതിയെന്നായി കേന്ദ്രം. പക്ഷെ അങ്കമാലിഎരുമേലി റൂട്ടിലുള്ള പദ്ധതി പൂർത്തിയാകാൻ 3810 കോടിയാണ് അഞ്ചുവർഷം മുമ്പ് കണക്കാക്കിയ ചെലവ്. ചെങ്ങന്നൂർ പമ്പ റൂട്ടിൽ ട്രെയിൻ ഓടിക്കാൻ വേണ്ടതാകട്ടെ 7200 കോടി രൂപയും. അങ്കമാലിഎരുമേലി റൂട്ടിൽ റെയിൽവേലൈൻ വന്നാൽ തീവണ്ടി കടന്നു ചെല്ലാത്ത ഇടുക്കിക്ക് അതൊരു നേട്ടമാകും. എറണാകുളം, കോട്ടയം ജില്ലകളിലൂടെയും ഇടുക്കിയിലൂടെയും ശബരി റെയിൽ കടന്നുപോകുമ്പോൾ, മലയോര മേഖലയിൽ മാത്രം 14 സ്റ്റേഷനുകൾ വരും.

ഇതാകട്ടെ കാർഷികമേഖലയ്ക്ക് ഗുണം ചെയ്യും. എരുമേലിയിൽ നിന്ന് ശബരിറെയിൽ പുനലൂർക്ക് നീട്ടാൻ കഴിഞ്ഞാലും നേട്ടമുണ്ട്. ഇതേ റെയിൽവേലൈൻ കൊല്ലം ചെങ്കോട്ട റൂട്ടിലെത്തിച്ചാൽ തമിഴ്നാട്ടിലേയ്ക്ക് ഒരു സമാന്തര പാതയുടെ ഗുണവും കേരളത്തിന് ലഭിക്കും. അങ്കമാലി മുതൽ തിരുവനന്തപുരം വരെയുള്ള സമാന്തര റെയിൽവേ ലൈനായി അത് മാറ്റിയെടുക്കാനും കഴിയും.

അമ്പലപ്പുഴ തുറവൂർ റൂട്ടിലെ പാത ഇരട്ടിപ്പിക്കുന്നതിലും റെയിൽവേ മുഖം തിരിച്ചുനിൽക്കുകയാണ്. ഗുരുവായൂർ തിരുനാവായ, നിലമ്പൂർ നഞ്ചൻകോട് റെയിൽവേ ലൈൻ പദ്ധതികളും കോൾഡ് സ്റ്റോറേജിലാണ്. അടിസ്ഥാനസൗകര്യ വികസനത്തിന് സംസ്ഥാനങ്ങൾക്ക് പലിശരഹിതവായ്പയായി ഒന്നരലക്ഷം കോടി രൂപയാണ് കേന്ദ്രം നീക്കിവച്ചിരിക്കുന്നത്. അതിൽ ഒരു ഭാഗമെങ്കിലും വാങ്ങിയെടുക്കാനുള്ള ഹോംവർക്കൊന്നും സംസ്ഥാനം നടത്തുന്നില്ല. പകരം പലിശ കൊടുത്ത് വദേശവായ്പ ഒപ്പിച്ചെടുക്കാനാണ് ഇപ്പോൾ ഭരിക്കുന്നവരുടെ ശ്രമം. ഇതിനിടെ തിരുവനന്തപുരം-കന്യാകുമാരി റെയിൽവേലൈനിന് സംസ്ഥാനം ഭൂമിയേറ്റെടുത്തു നൽകിയിട്ടുണ്ട്. എന്നാൽ ഈ റൂട്ടിലുള്ള ജലവിതരണ പൈപ്പുകൾ മാറ്റിയിടാൻ ജല അതോറിറ്റി ഇതേവരെ തയ്യാറായിട്ടില്ല. തിരുവനന്തപുരം മംഗലാപുരം റൂട്ടിൽ 3ഉം 4ഉം പാതകൾ വരുംവർഷങ്ങളിൽ അത്യാവശ്യമാണ്. പക്ഷേ അതൊന്നും നേടിയെടുക്കാൻ സംസ്ഥാന സർക്കാർ തിടുക്കം കാണിക്കുന്നില്ല.

## സാലറി ചലഞ്ച്: മുഖ്യന്റെ മുറുമുറുപ്പ്

വയനാട് പുനരധിവാസത്തിന് സർക്കാർ ജീവനക്കാരും അധ്യാപകരും 5 ദിവസത്തെ ശമ്പളം നൽകണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നു. സെപ്തംബറിലെ ശമ്പളത്തിൽ നിന്ന് ഒരു ദിവസത്തെ ശമ്പളവും ഒക്ടോബർ നവംബർ മാസങ്ങളിൽ 2 ദിവസം വീതമുള്ള ശമ്പളവും നൽകാനായിരുന്നു നിർദ്ദേശം. ഇങ്ങനെ 500 കോടി രൂപ സർക്കാർ പ്രതീക്ഷിച്ചുവെങ്കിലും ഇതുവരെ കിട്ടിയത് 187 കോടി രൂപ മാത്രം. കഴിഞ്ഞയാഴ്ച മുഖ്യമന്ത്രി ഒരു പൊതുപരിപാടിയിൽ ജീവനക്കാരുടെ ദുരിതാശ്വാസ ത്തുക നൽകാനുള്ള വൈമുഖ്യത്തെ കളിയാക്കുകയും ചെയ്തു.

ഡി.എ, ഇനത്തിൽ സർക്കാർ നൽകേണ്ട 40 മാസത്തെ കുടിശ്ശിക കാര്യത്തിൽ മൗനം പാലിക്കുന്ന സർക്കാരിന് 'പിരിവ്' കൊടുക്കാത്ത ജീവനക്കാരെയും അധ്യാപകരെയും വിമർശിക്കാൻ എന്ത് അവകാശം ? 2021 ജൂലൈ മുതൽ 7 ഗഡുക്കളായി നൽകാനുള്ള 22 ശതമാനം കുടിശ്ശികയുടെ കാര്യത്തിലും സർക്കാർ മൗനത്തിലാണ്.

കുടിശ്ശികയെല്ലാം നൽകുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് ഇക്കഴിഞ്ഞ ജൂൺ മാസത്തിലാണ്. ക്ഷേമ പെൻഷൻ, ഡി.എ., ഡി.ആർ. ഇനങ്ങളിലുള്ള കുടിശ്ശിക മുഴുവനും നൽകാൻ അന്നത്തെ കണക്കനുസരിച്ച് 2500 കോടി രൂപ വേണം. ഈ ഭീമമായ തുക സമാഹരിക്കാനാവാത്തതുകൊണ്ട് ക്ഷേമപെൻഷനും ഡി.എ.യുമെല്ലാം ''അച്ചാർ'' വിളമ്പുന്നപോലെ ഇത്തിരിമാത്രം നൽകി തടിതപ്പുകയാണ് ധനവകുപ്പ്.

## ഇങ്ങനെ പിഴിയല്ലേ, കാറ്റ് പോകും ...

ജി.എസ്.ടി. എന്ന കരിംഭൂതത്തിന്റെ പിടിയിലാണിപ്പോൾ ചെറുകിട വ്യാപാര മേഖല. കോവിഡിനുശേഷം 20,000 വ്യാപാരസ്ഥാപനങ്ങൾ പൂട്ടിപ്പോയെന്നതാണ് അനൗദ്യോഗിക കണക്ക്. ഓരോ കടയിലും മിനിമം 4 വീതം ജോലിക്കാരുണ്ടായിരുന്നു. ഇപ്പോൾ കടകളിൽ മുതലാളി തന്നെയാണ് തൊഴിലാളി. ജോലിയില്ലാത്ത വീട്ടമ്മമാരും ഇപ്പോൾ 'വീട്ടപ്പ'നെ സഹായിക്കാൻ കടകളിലെത്തുന്നുണ്ട്.

ബാങ്ക് ലോൺ അടവ്, മക്കളുടെ വിദ്യാഭ്യാസം, ഭവനവാഹന വായ്പകളുടെ അടവ്, അടിക്കടി ഉയരുന്ന വൈദ്യുതി ചാർജ് തുടങ്ങി ഊരാക്കുടുക്കുകൾക്കുള്ളിൽ ഞെരുങ്ങുകയാണ് ചെറുകിട കച്ചവടക്കാർ. ഇപ്പോൾ കെട്ടിടയുടമയുടെ ജി.എസ്.ടി. കുടിശ്ശികയെന്ന പേരിലുള്ള ഉദ്യോഗസ്ഥരുടെ പിഴിച്ചിൽ, പാർട്ടികളുടെ സമ്മേളനപ്പിരിവുകൾ തുടങ്ങി കട തുറന്നുവച്ചാൽ കയറിവരുന്ന കഷ്ടനഷ്ടങ്ങൾ ഏറെ.

2024 ഫെബ്രുവരി മാസത്തിൽ തലസ്ഥാനത്ത് ചെറുകിട വ്യാപാരികൾ നടത്തിയ വ്യാപാര സംരക്ഷണ യാത്രയെ തുടർന്ന് സംസ്ഥാന സർക്കാർ ചില ആശ്വാസ നടപടികൾക്ക് തുടക്കമിട്ടിരുന്നു. പക്ഷെ 'ഓൺലൈൻ വ്യാപാരം' നിയന്ത്രിക്കാൻ കേന്ദ്രസംസ്ഥാന ഭരണകൂടങ്ങൾ സന്നദ്ധരല്ല. 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള കടകൾക്ക് ജി.എസ്.ടി. ഒഴിവാക്കിയിട്ടുണ്ട്. 2 കോടി രൂപയാക്കി ഈ പരിധിയുയർത്തണമെന്ന് വ്യാപാരികൾ ആവശ്യപ്പെടുന്നുണ്ട്.

'ഒരു രാജ്യം, ഒറ്റ നികുതി' എന്ന ആശയം തന്നെ ഇപ്പോൾ കേരളം അട്ടിമറിച്ചു കഴിഞ്ഞു. എൻട്രി ടാക്സ്, സർച്ചാർജ് തുടങ്ങിയ ഓമനപ്പേരുകളിൽ ജി.എസ്.ടി. കൂടാതെയുള്ള നികുതി അടിച്ചേല്പിക്കലിന് കേരളം തുടക്കമിട്ടിരിക്കുകയാണ്.


ഇതോടൊപ്പം വികസന പദ്ധതികൾക്കുവേണ്ടിയുള്ള കട ഒഴിപ്പിക്കലും വ്യാപാരികൾക്ക് പാരയായിട്ടുണ്ട്. മിനിമം രീതിയിൽ ഒരു കട ഫർണിഷ് ചെയ്യാൻ കുറഞ്ഞത് 5 -10 ലക്ഷം രൂപ വേണം. ഇതേ കട ഒഴിപ്പിക്കപ്പെടുമ്പോൾ വ്യാപാരിക്ക് ലഭിക്കുന്ന നഷ്ടപരിഹാരം മാക്സിമം 75,000 രൂപയാണ്!

പാവപ്പെട്ടവരും ഇടത്തരക്കാരുമായവരുടെ ജീവിതങ്ങളെ അടിമുടി താറുമാറാക്കുന്ന സ്ഥിതിയിലാണ് കേരളത്തിലെ സാമൂഹിക ജീവിതം കടന്നുപോകുന്നത്. സാമ്പത്തിക പ്രതിസന്ധിയെന്ന കാരണം പറഞ്ഞ് ഒരു പൗരന് അവശ്യം ഉറപ്പാക്കേണ്ട സാമൂഹിക നീതിയിൽ നിന്ന് ഭരിക്കുന്നവർ ഇന്ന് ഒളിച്ചോടുകയാണ്.

ഈ അവസ്ഥ കേരളത്തെ എപ്പോഴും അമർഷത്തിന്റെ ചുടുലാവ പൊട്ടിയൊഴുകാവുന്ന അഗ്നി പർവത സമാനമായ സമൂഹ പ്രതിസന്ധി തീർത്തുകഴിഞ്ഞു. മടിയിലുള്ള പണം 'ഭരണകൂട'ത്തിന്റെ നിർവ്വഹണത്തിനും, കടങ്ങളുടെ പലിശയ്ക്കും മാത്രമായി മാറ്റിവയ്ക്കപ്പെടുന്ന അഡ്ജസ്റ്റ്മെന്റിന്റെ തരികിടയിൽ താളം തെറ്റുന്നുണ്ട് പൗരജീവിതങ്ങൾ.

രാഷ്ട്രീയ വിവാദങ്ങൾ വിളമ്പി തടിതപ്പുന്ന ഭരണകൂടം ജനങ്ങളിലേക്ക്, അവരുടെ ജീവിതങ്ങളിലേക്ക് കണ്ണയയ്ക്കാൻ വൈകിക്കഴിഞ്ഞു. ഒരു തരം 'ഭ്രമയുഗ'സ്റ്റൈലിൽ 'കാരണവർ' കളിച്ചിട്ട് കാര്യമില്ല. ഇന്നലെ പറഞ്ഞത് ഇന്ന് 'വെള്ളം തൊടാതെ' വിഴുങ്ങി 'ഞഞ്ഞാ,പിഞ്ഞാ, പറയുന്നതല്ല ജനാഭിമുഖ്യമുള്ള ഭരണശൈലി. 'രക്ഷാപ്രവർത്തനം' പാർട്ടിക്കാരിൽ ഒതുങ്ങാതെ ജനങ്ങൾക്കായി പ്രയോജനപ്പെടുത്തണം.

എന്തു പറഞ്ഞാലും ജനം മറന്നോളുമെന്ന 'ഹിറ്റ്ലർ' ചിന്ത ആർക്കും ഗുണം ചെയ്യില്ല.



## റോളക്സിനെ കടത്തിവെട്ടാൻ ബെൻസ് എൽസിയു യൂണിവേഴ്സിലേക്ക് നടൻ രാഘവ ലോറൻസും

ലോകേഷ് കനകരാജിന്റെ എൽസിയു യൂണിവേഴ്സിലേക്ക് നടൻ രാഘവ ലോറൻസും. താരത്തിന്റെ ജന്മദിനത്തിനോട് അനുബന്ധിച്ച് സംവിധായകൻ ലോകേഷ് കനകരാജ് തന്നെയാണ് ലോറൻസ് എൽസിയുവിലേക്ക് എത്തുന്ന കാര്യം പ്രഖ്യാപിച്ചത്.ബെൻസ് എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ കിടിലൻ പ്രൊമോ വീഡിയോയും ലോകേഷ് പുറത്തുവിട്ടു.മറ്റ് എൽസിയു ചിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ലോകേഷിന് പകരം ഭാഗ്യരാജ് കണ്ണൻ ആണ് ബെൻസ് സംവിധാനം ചെയ്യുന്നത്. ലോകേഷിന്റെ തന്നെ നിർമ്മാണ കമ്പനിയായ ജി സ്ക്വാഡുമായി സഹകരിച്ച് പാഷൻ സ്റ്റുഡിയോ, ദി റൂട്ട് എന്നിവയാണ് ചിത്രം നിർമിക്കുന്നത്.ലോകേഷ് കനകരാജിന്റെ രണ്ടാമത്തെ നിർമ്മാണ സംരംഭമാണ് ബെൻസ്. കൈതി, വിക്രം, ലിയോ എന്നിവയാണ് എൽസിയുവിന്റെ ഭാഗമായി റിലീസ് ചെയ്ത ചിത്രങ്ങൾ. കാർത്തി, കമൽഹാസൻ, സൂര്യ, വിജയ്, നരെയ്ൻ, വിജയ് സേതുപതി, ഫഹദ് ഫാസിൽ, അർജുൻ തുടങ്ങിയവരാണ് ഇതിനോടകം എൽസിയുവിന്റെ ഭാഗമായി എത്തിയത്.അതേസമയം എൽസിയുവിലെ പീക്ക് സിനിമയായി കൈതി 2 സംവിധാനം ചെയ്യാനൊരുങ്ങുകയാണ് ലോകേഷ് കനകരാജ്.



## അജിത്തിൻെറ 'വിഡാ മുയർച്ചി' അപ്ഡേറ്റ്

അജിത്ത് കുമാർ നായകനായി വരാനിരിക്കുന്ന ചിത്രമാണ് വിഡാ മുയർച്ചി. ചിത്രത്തിൻെറ പ്രഖ്യാപനം വന്നിട്ട് വർഷം രണ്ട് ആകാറായി. ചിത്രത്തിൻെറ ഒരു അപ്ഡേറ്റും ഇല്ലാതെ അജിത്ത് ആരാധകർ നിരാശയിലുമായിരുന്നു.ഒക്ടോബർ 28ന് ഒരു അപ്ഡേറ്റ് വരും എന്നാണ് തമിഴ് മാധ്യമങ്ങളിൽ വന്ന വാർത്ത. അത് കാത്തിരുന്ന അജിത്ത് ആരാധകരെ ശരിക്കും നിരാശരാക്കി ചിത്രത്തിൻെറ ഡബ്ബിംഗ് തുടങ്ങിയെന്ന അപ്ഡേറ്റാണ് എത്തിയത്. എന്തായാലും ചിത്രത്തിൻെറ പ്രീ പ്രൊഡക്ഷൻ ജോലികൾ അതിവേഗം പുരോഗമിക്കുന്നു എന്നാണ് വിവരം. ഇതിന് പിന്നാലെ ടീസർ വരുന്ന നവംബർ 10ന് റിലീസ് ചെയ്യും എന്നാണ് സോഷ്യൽ മീഡിയയിൽ പരക്കുന്ന അഭ്യൂഹം. പല ട്രേഡ് അനലിസ്റ്റുകളും ഇത് സത്യമാണ് എന്ന രീതിയിൽ പറയുന്നുണ്ട്. മഗിഴ് തിരുമേനിയാണ് വിഡാ മുയർച്ചി സംവിധാനം ചെയ്യുന്നത്. അനിരുദ്ധാണ് വിഡാ മുയർച്ചിക്ക് സംഗീതം നൽകിയിരിക്കുന്നത്. പുഷ്പയുടെയും മറ്റും നിർമ്മാതാക്കളായ മൈത്രി മൂവി മേക്കേർസാണ് ഇത് നിർമ്മിക്കുന്നത്.

# 'മേരാ കരൺ അർജുൻ ആയേഗാ' റീ റിലീസിന്




രാകേഷ് റോഷൻ സംവിധാനം ചെയ്ത മേരാ കരൺ അർജുൻ ആയേഗാ 1995 ജനുവരിയിലാണ് എത്തിയത്. ഒരു കൊമേഷ്യൽ എൻറർടെയ്മെൻറായിരുന്ന ചിത്രം ബോക്സോഫീസിൽ വൻ വിജയമാണ് നേടിയത്. സൽമാൻ ഖാൻ, ഷാരൂഖ് ഖാൻ എന്നീ രണ്ട് സൂപ്പർതാരങ്ങൾ ഒന്നിച്ചെത്തിയ ചിത്രം ആ വർഷത്തെ ബോളിവുഡിലെ വലിയൊരു ഹിറ്റായിരുന്നു. സൂപ്പർതാരങ്ങളായ സൽമാനും ഷാരൂഖും മുഴുനീള വേഷങ്ങളിൽ അഭിനയിക്കുന്ന ചുരുക്കം ചില ചിത്രങ്ങളിൽ ഒന്നാണിത്. രാഖി ഗുൽസാർ ചിത്രത്തിൽ ചെയ്ത ദുർഗ എന്ന അമ്മ വേഷവും, അംരീഷ് പുരി ചെയ്ത താക്കൂർ ദുർജൻ സിംഗ് എന്ന വില്ലൻ വേഷവും ഏറെ ശ്രദ്ധേയമായ വേഷങ്ങളാണ്. നവംബർ 22നാണ് ചിത്രം വീണ്ടും തീയറ്ററിൽ എത്തുന്നത്.മാരകമായ കുടുംബ കലഹത്താൽ വേർപിരിഞ്ഞ രണ്ട് സഹോദരങ്ങളുടെ കഥയാണ് ചിത്രം പറയുന്നുത്. അവരുടെ ആത്മാക്കൾ അവരുടെ അടുത്ത ജന്മത്തിൽ വീണ്ടും ഒന്നിക്കുകയും കുടുംബത്തിന് വേണ്ടി പോരിന് ഇറങ്ങുകയും ചെയ്യുന്നു. വൈകാരിക രംഗങ്ങളും ആക്ഷനും എല്ലാം ചേർന്നാണ് ഈ ചിത്രം ഒരുക്കിയിരിക്കുന്നത്.

# വിമർശനം കാര്യമാക്കുന്നില്ല, ഡേർട്ടി പിക്ച്ചർ 2 ചെയ്യാൻ ഞാൻ റെഡി; വിദ്യ ബാലൻ



നടി വിദ്യ ബാലന്റെ കരിയർ തന്നെ മാറ്റിമറിച്ച ചിത്രങ്ങളിലൊന്നാണ് ഡേർട്ടി പിക്ച്ചർ. വിദ്യ ബാലൻ ചിത്രത്തിൽ നടി സിൽക്ക് സ്മിതയുടെ കഥാപാത്രത്തെയാണ് അവതരിപ്പിച്ചത്. ആ കഥാപാത്രത്തെ അവതരിപ്പിക്കുന്നതിൽ നിരവധി പേർ താരത്തോട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. തന്റെ ഇമേജിനെ അത്തരം സിനിമകളും കഥാപാത്രങ്ങളും ബാധിക്കുമെന്നും നിരവധി പേർ വിദ്യയോട് പറഞ്ഞിരുന്നു.അതേക്കുറിച്ച് സംസാരിക്കുകയാണ് നടി ഇപ്പോൾ. ഗലാട്ട ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിലാണ് പ്രതികരണം.സംവിധായകൻ മിലൻ ലുത്തീര തന്നെ ഡേർട്ടി പിക്ച്ചറിനായി സമീപിച്ചപ്പോൾ പെട്ടന്ന് തന്നെ ഓക്കെ പറയുകയായിരുന്നു. അത് എന്റെ കരിയറിലെ മികച്ച തീരുമാനമായിരുന്നുവെന്നും വിദ്യ വ്യക്തമാക്കി.'എനിക്ക് ഓർമ്മയുണ്ട് നിരവധി പേർ അത്തരം കഥാപാത്രങ്ങൾ എന്റെ ഇമേജിനെ ബാധിക്കുമെന്ന് പറഞ്ഞിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു എന്ത് ഇമേജെന്ന്. ഞാൻ എന്റെ കരിയർ അപ്പോൾ തുടങ്ങിയിട്ടേയുള്ളൂ. കുറച്ച് സിനിമകൾ മാത്രമെ ഞാൻ ചെയ്തിട്ടുണ്ടായിരുന്നുള്ളു. എന്റെ ഇമേജിനെ അങ്ങനെ പരിമിതപ്പെടുത്തേണ്ടതില്ലെന്ന് എനിക്ക് തോന്നി', വിദ്യ ബാലൻ പറഞ്ഞു. ഡേർട്ടി പിക്ചറിന്റെ രണ്ടാം ഭാഗത്തെ കുറിച്ചും താരം സംസാരിച്ചു. 'എനിക്ക് രണ്ടാം ഭാഗം ചെയ്യാൻ താൽപ്പര്യമുണ്ട്. ഞാൻ തയാറാണ്. അത് ഗംഭീരമായിരിക്കും. പിന്നെ അത്തരം വേഷങ്ങൾ ചെയ്തിട്ട് കുറച്ച് കാലമായി', വിദ്യാ ബാലൻ കൂട്ടിച്ചേർത്തു.നടി സിൽക്ക് സ്മിതയുടെ ജീവിതത്തെ ആസ്പദമാക്കി ഒരുക്കിയ ചിത്രമാണ് ഡേർട്ടി പിക്ച്ചർ. 2011 ഡിസംബർ 2നായിരുന്നു ഡേർട്ടി പിക്ച്ചർ തിയറ്ററുകളിലെത്തിയത്. തകർപ്പൻ പ്രകടനത്തിലൂടെ ദേശീയ പുരസ്കാരം വാങ്ങി വിമർശകരെ പോലും വിദ്യ ഞെട്ടിച്ചു.

# 'തഗ് ലൈഫ്' റിലീസ് പുതുവർഷത്തിൽ




ഉലകനായകൻ നായകൻ കമൽ ഹാസൻ വ്യത്യസ്ത വേഷപ്പകർച്ചയിൽ എത്തുന്ന ചിത്രമാണ് തഗ് ലൈഫ്. 33 വർഷങ്ങൾക്ക് ശേഷം കമൽഹാസനും മണിരത്നവും ഒന്നിക്കുന്ന ചിത്രമെന്ന പ്രത്യേകതയും തഗ് ലൈഫിനുണ്ട് .ഇപ്പോൾ പുറത്തുവരുന്ന റിപ്പോർട്ടുകൾ പ്രകാരം ചിത്രത്തിന്റെ റീലിസ് നീളുമെന്നാണ് സൂചന. പൊങ്കൽ റീലിസായി ചിത്രം തീയേറ്ററുകളിൽ എത്തുമെന്നാണ് നേരത്തെ തീരുമാനിച്ചിരുന്നത്.ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പൂർത്തിയാക്കാനുള്ളതിനാലാണ് റിലീസ് നീട്ടുന്നത്. തമിഴ് പുതുവർഷ റിലീസായി ഏപ്രിലിൽ ആവും 'തഗ് ലൈഫ്' പ്രേക്ഷകരിലേക്ക് എത്തുക.ഗൗതം കാർത്തിക്, ഐശ്വര്യ ലക്ഷ്മി, ജോജു ജോർജ്, നാസർ, അഭിരാമി തുടങ്ങിയവരാണ് ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. കമൽ ഹാസൻറെ നിർമാണ കമ്ബനിയായ രാജ് കമൽ ഫിലിംസ് ഇന്റർനാഷണലും ഉദയനിധി സ്റ്റാലിൻറെ റെഡ് ജയന്റ് മൂവീസും ചേർന്നാണ് തഗ് ലൈഫ് നിർമ്മിക്കുന്നത്.

# യഷിൻെറ ടോക്സിക് വിവാദത്തിൽ






യഷിനെ നായകനാക്കി ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ടോക്സിക് എന്ന ചിത്രം വിവാദത്തിൽ. സിനിമയുടെ ചിത്രീകരണത്തിനായി ബംഗളുരുവിലെ പീന്യയിലുള്ള എച്ച്എംടി കോംപൗണ്ടിലെ നൂറുകണക്കിന് മരങ്ങൾ വെട്ടിമാറ്റിയതായി കണ്ടെത്തി.വനംവകുപ്പിൻറെ അധീനതയിലുള്ള എച്ച് എംടിയിലെ സംരക്ഷിതവനഭൂമിയിൽ നിന്നാണ് നൂറിലേറെ മരങ്ങൾ വെട്ടിമാറ്റിയത്. സ്ഥലത്തെ മരങ്ങൾ വെട്ടി നശിപ്പിച്ചതിൻറെ തെളിവായി സാറ്റലൈറ്റ് ചിത്രങ്ങളും വനംവകുപ്പ് പുറത്ത് വിട്ടു.മന്ത്രി ഈശ്വർ ഖണ്ഡ്രെ സ്ഥലം സന്ദർശിച്ച് സ്ഥിതി വിലയിരുത്തി. സിനിമാ നിർമാതാക്കളോട് അടിയന്തരമായി വിശദീകരണം തേടിയതായും മന്ത്രി അറിയിച്ചു.എന്നാൽ മരങ്ങൾ വെട്ടിയിട്ടില്ലെന്ന വാദവുമായി സിനിമാ നിർമാണക്കമ്ബനി കെവിഎൻ പ്രൊഡക്ഷൻസ് രംഗത്തെത്തി.



# ജാൻവി കപൂർ വെള്ളിത്തിരയിൽ മലയാളിയായി എത്തുന്നു

ബോളിവുഡ് പ്രേക്ഷകരുടെ പ്രിയ താരങ്ങളാണ് സിദ്ധാർത്ഥ് മൽഹോത്രയും ജാൻവി കപൂറും. തുഷാർ ജലോട്ട് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ ഇരുവരും ഒന്നിച്ച് എത്തുന്നു എന്ന സന്തോഷ വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്. 'പരം സുന്ദരി' എന്നാണ് ചിത്രത്തിന്റെ പേര്. ഇത് ആദ്യമായാണ് സിദ്ധാർത്ഥും ജാൻവി കപൂറും ഒന്നിച്ച് അഭിനയിക്കുന്നത്. റൊമാന്റിക് കോമഡി എന്റർടെയ്നർ വിഭാഗത്തിൽപെടുന്നതാണ് പുതിയ ചിത്രമെന്നാണ് സൂചന. ഇതിൽ ജാൻവി കപൂർ മലയാളിയായാണ് എത്തുന്നതെന്നാണ് പുറത്തു വരുന്ന സൂചന. അതേസമയം ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. 'ദേവര'യാണ് ജാൻവി കപൂറിന്റെ ഒടുവിൽ റിലീസ് ചെയ്ത ചിത്രം. നടി തെലുങ്കിൽ അരങ്ങേറ്റം നടത്തിയ ചിത്രമാണിത്. ജൂനിയർ എൻടിആറാണ് ചിത്രത്തിലെ നായകൻ.



## സേതുപതിയുടെ നായികയായി നിത്യ മേനോൻ


പാണ്ഡിരാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ വിജയ് സേതുപതിയും നിത്യ മേനോനും നായകനും നായികയുമായി എത്തുന്നു. തമിഴിൽ ഇരുവരും നായികയും നായകനും ആകുന്നത് ആദ്യമായാണ്.ഇന്ദു വി.എസ് രചനയും സംവിധാനവും നിർവഹിച്ച 19 (1)a എന്ന ചിത്രത്തിലൂടെ മലയാളത്തിൽ ഇരുവരും ഒരുമിച്ചിട്ടുണ്ട്. വിജയ് സേതുപതി നായകനായി അഭിനയിച്ച മലയാള ചിത്രം കൂടിയായിരുന്നു അത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

137

| | |
|---|---|
| Movie | Jeevitham Oru Gaanam (1979) |
| Director | Sreekumaran Thampi |
| Lyrics | Sreekumaran Thampi |
| Music | MS Viswanathan |
| Singers | KJ Yesudas, Chorus |

സത്യനായകാ മുക്തി ദായകാ
പുൽത്തൊഴുത്തിൻ പുളകമായ
സ്നേഹ ഗായകാ ശ്രീ യേശുനായകാ
(സത്യ നായകാ ..)
കാൽവരിയിൽ പൂത്തുലഞ്ഞ രക്തപുഷ്പമേ
കാലത്തിന്റെ കവിതയായ കനകതാരമേ (2)
നിന്നൊളി കണ്ടുണർന്നിടാത്ത കണ്ണു കണ്ണാണോ?
നിന്റെ കീർത്തി കേട്ടിടാത്ത കാതു കാതാണോ?
(സത്യ നായകാ ..)
അന്വേഷിച്ചാൽ കണ്ടെത്തീടും പുണ്യതീർഥമേ
സാഗരത്തിൻ തിരയെ വെന്ന കർമ്മകാണ്ഡമേ(2)



നിൻ കഥകേട്ടലിഞ്ഞിടാത്ത
മനം മനമാണോ?
നിന്റെ രാജ്യം വന്നു ചേരും
പുലരി എന്നാണോ?
(സത്യ നായകാ ...)



## സംഗീത സംവിധായകൻ സുഷിൻ ശ്യാം വിവാഹിതനായി

സംഗീത സംവിധായകൻ സുഷിൻ ശ്യാം വിവാഹിതനായി. ഉത്തരയാണ് സുഷിൻറെ വധു. അടുത്ത സുഹൃത്തുക്കളും മാത്രം പങ്കെടുത്ത ചടങ്ങിലായിരുന്നു വിവാഹം. നേരത്തെ ജയറാമിൻറെ മകൾ മാളവികയുടെ വിവാഹത്തിൽ സുഷിൻ തൻറെ പാർട്ണരെ പരിചയപ്പെടുത്തിയിരുന്നു.'ബോഗയ്ൻവില്ല' എന്ന അമൽ നീരദ് ചിത്രത്തിലാണ് സുഷിൻ അവസാനം സംഗീതം നൽകിയത്.ഈ ചിത്രത്തിന് ശേഷം ചെറിയ ഇടവേള എടുക്കുമെന്ന് ഒരു അഭിമുഖത്തിൽ സുഷിൻ വ്യക്തമാക്കിയിരുന്നു.

# ഭരണഘടനയിലെ മതനിരപേക്ഷതയെ ഭയപ്പെടുന്നവർ

**ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥയിൽ കൊണ്ടുവന്നതാണെന്നു കാണിച്ച് ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കപ്പെട്ട സോഷ്യലിസം, സെക്കുലറിസം എന്നിവ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട സംഘപരിവാറിന്റെ ആളുകൾ കോടതിയിലെത്തുകയുണ്ടായല്ലോ..! രാജ്യത്തെ സ്വേച്ഛാധിപത്യത്തലേക്കും വർഗീയ വാഴ്ചയലേക്കും കോർപ്പറേറ്റ് ആധിപത്യത്തലേക്കും കൊണ്ടുപോവുകയെന്ന വരേണ്യ വർഗത്തിന്റെ താൽപര്യം സംരക്ഷിക്കുക മാത്രം ലക്ഷ്യമായുള്ള ആർ.എസ്.എസിന്റെ നീക്കത്തിനാണിപ്പോൾ തിരിച്ചടി ഏറ്റിരിക്കുന്നത്. സുപ്രീംകോടതിയിൽനിന്ന് തിരിച്ചടിയേറ്റാലും അവർ പിന്നോട്ടുപോകുമെന്നു തോന്നുന്നില്ല. മതനിരപേക്ഷ ജനാധിപത്യശക്തികൾ ഒറ്റക്കെട്ടായി അതിനെ ചെറുത്തു തോൽപ്പിക്കുകയാണ് വേണ്ടത്.**

സത്യത്തിൽ മതേതരത്വം പ്രാണവായു പോലെ പ്രധാനമാണെന്ന് ഇന്ത്യക്കാർ തിരിച്ചറിഞ്ഞ കാലഘട്ടമാണിത്. രാജ്യത്തിന്റെ സാമൂഹിക, രാഷ്ട്രീയ വ്യവഹാരങ്ങളിൽ വർഗീയതയുടെ സ്വാധീനം ദിനംപ്രതി വർധിക്കുകയാണ്. മതേതരത്വം, മതനിരപേക്ഷത എന്നിവയൊക്കെ വെറും പൊള്ളയായ വാക്കുകളാകുകയാണോ? എന്തുകൊണ്ടാണ് ഇങ്ങനെയൊരു ദുരവസ്ഥ വന്നുപെട്ടത്? അടിയന്തരപ്രാധാന്യമുള്ള ഇത്തരം ചോദ്യങ്ങളെ തികഞ്ഞ യാഥാർത്ഥ്യ ബോധത്തോടെ നേരിടുകയെന്നത് ഓരോ ഇന്ത്യൻ പൗരന്റെയും കടമയാണ്.

ഭരണഘടനയുടെ ആമുഖം പരിഷ്ക്കരിച്ചിട്ട് അമ്പതുസംവത്സരങ്ങളായിട്ടും വിചിത്രമായ സംശയങ്ങളുമായി ഒരുകൂട്ടം മനുഷ്യർ. ആമുഖപേജിലെ മതനിരപേക്ഷതയും സോഷ്യലിസവും അവരെ വല്ലാതെ അസ്വസ്ഥരാക്കുകയാണ്.

നമ്മുടെ ഭരണഘടനയുടെ ഒറ്റവാക്യത്തിലുള്ള ആമുഖത്തിൽ 1976ൽ എഴുതിച്ചേർത്ത നാലേനാലുവാക്കുകളാണ്. സോഷ്യലിറ്റ്, സെക്യുലർ, അന്റ് ഇന്റിഗ്രിറ്റി. രാഷ്ട്രസ്വഭാവത്തെ വ്യക്തമാക്കുന്ന വാക്കുകളായ പരമാധികാരജനാധിപത്യ റിപബ്ലിക് എന്നിവയ്ക്കനുബന്ധമായാണ് സോഷ്യലിസവും മതനിരപേക്ഷതയും കൂട്ടിച്ചേർത്തത്. രാഷ്ട്ര ഐക്യം മാത്രം വാഗ്ദാനം ചെയ്തിരുന്ന ഭാഗത്ത് അകണ്ഡതയും എന്നുകൂടി ചേർത്തു. അത്രമാത്രം.

ഇങ്ങനെ ആമുഖപരിഷ്ക്കാരം ഉൾപ്പടെ ഭരണഘടനയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയ 42ാം ഭേദഗതി ബില്ലിനെ ലോക്സഭയിൽ അഞ്ചുപേരാണ് വിമർശനവുമായി എഴുന്നേറ്റത്. എന്നാൽ രാജ്യസഭയിൽ ഒരൊറ്റയാൾ പോലും എതിർത്തില്ല.

ജനാധിപത്യം എന്നാൽ ഭൂരിപക്ഷത്തിന്റെ സ്വേച്ഛാപരമായ അധികാര പ്രയോഗമല്ല. ചെറുതും ദുർബലവുമായ ശബ്ദത്തിനുപോലും ലഭിക്കുന്ന സ്വീകാര്യതയാണ്. യോജിപ്പിനെന്നപോലെ വിയോജിപ്പിനും ലഭിക്കുന്ന ആദരവാണ്.

ഇത് മതവിരുദ്ധമല്ല. ഇത് യഥാർത്ഥത്തിൽ മതത്തെ സംരക്ഷിക്കുന്നു, കാരണം ഒരാൾക്ക് മറ്റൊരാളുടെ പ്രീതി ലഭിക്കില്ല. ഒരേ മതത്തിൽ പോലും വ്യത്യസ്ത വിഭാഗങ്ങൾ ഉണ്ടാകാം. അതുകൊണ്ട് ഇന്ത്യയ്ക്ക് എന്തുകൊണ്ടും അനുയോജ്യമായ ഭരണഘടന തന്നെയാണിത്.

മതനിരപേക്ഷത ഇന്ത്യൻ ഭരണഘടനയുടെ അഭേദ്യഭാഗമാണെന്ന് ? ഇതാ പരമോന്നത നീതിപീഠം, സുപ്രീംകോടതി ആവർത്തിച്ചുറപ്പിച്ചിരിക്കുന്നു. ഇത് ഏറെ ആശ്വസകരമായ സംഗതിയാണ്. എന്നാൽ മതനിരപേക്ഷത നേരിടുന്ന ഭീഷണി, അതിനെതിരെ ഉയരുന്ന വെല്ലുവിളി സുപ്രീംകോടതിയുടെ ഈ നിരീക്ഷണത്തോടെയും, അതേനിലയിൽ തന്നെ വിധിന്യായം ഉണ്ടായാൽപോലും അവസാനിക്കുമെന്ന് കരുതാനാവില്ല. കാരണം, ഇതിനുമുൻപും പല കാലങ്ങളിൽ പല കേസുകളിലും സുപ്രീംകോടതിയിൽനിന്ന് സമാനമായ നിരീക്ഷണങ്ങളും വിധിന്യായങ്ങളും ഉണ്ടായിട്ടുള്ളതാണ്. എന്നിട്ടും അത് വീണ്ടും ചോദ്യം ചെയ്യപ്പെടുന്നുവെന്ന് മാത്രമല്ല, ഭരണഘടനാനുസൃതം പ്രവർത്തിക്കാൻ ബാധ്യസ്ഥരായ ഭരണാധികാരികൾ തന്നെ, പ്രത്യേകിച്ചും ബി.ജെ.പി.യ്ക്ക് ഭരണത്തിന്റെ കടിഞ്ഞാൺ ലഭിക്കുമ്പോഴെല്ലാം, അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്.

നരേന്ദ്ര മോദിയും കൂട്ടരും പുതിയ പാർലമെന്റ് മന്ദിരത്തിന്റെ തറക്കല്ലിടൽ ചടങ്ങും അതിന്റെ ഉദ്ഘാടനവും തികഞ്ഞ മതപരമായ പശ്ചാത്തലത്തിൽ സംഘടിപ്പിച്ചത് നമുക്കു നൽകുന്ന സന്ദേശം തന്നെ ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷ മൂല്യങ്ങൾക്കനുസരിച്ച് നീങ്ങാൻ തങ്ങൾ തയ്യാറല്ല എന്നതാണ്.

അയോധ്യയിലെ രാമക്ഷേത്രത്തിന്റെ ഉദ്ഘാടനം സർക്കാർ പരിപാടിയെന്നപോലെ നടപ്പാക്കിയതിലൂടെ നാട് ഭരിക്കുന്നവർ മതന്യൂനപക്ഷങ്ങളെ ആശങ്കയിൽ അകപ്പെടുത്തുകയാണ് ചെയ്തത്. ബി.ജെ.പി. അധികാരത്തിലിരിക്കുമ്പോഴെല്ലാം, അത് കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും അവർക്ക് അധികാരത്തിലിടപെടാൻ അവസരം ലഭിക്കുമ്പോഴെല്ലാം ഇന്ത്യ ഒരു മതരാഷ്ട്രമാണെന്നതുപോലെയാണ് മിക്കപ്പോഴും പെരുമാറുന്നത്.




എന്തിന് നമ്മുടെ പൗരത്വത്തിന്റെ കാര്യത്തിൽ പോലും മതത്തെ ചേർത്തു നിർത്തുവാൻ ബി.ജെ.പി. മടിച്ചില്ല. സി.എ.എ., എൻ.ആർ.സി. നിയമം കൊണ്ടുവരാനും അത് തിരക്കിട്ട് നടപ്പാക്കാനും ബി.ജെ.പി. ഗവൺമെന്റ് തുനിഞ്ഞതു തന്നെ ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷത കാറ്റിൽപ്പറത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് പറയാതെ പറയുന്നതിന്റെ നിദർശനമല്ലേ?

സോഷ്യലിസവും മതനിരപേക്ഷതയും അഖണ്ഡത എന്നിങ്ങനെയുള്ള വാക്കുകളെ ഇപ്പോഴും സംശയത്തോടെ നോക്കുന്നവരുടെ മുൻപന്തിയിൽ നിൽക്കുന്നവരാണ് മുമ്പ് കേന്ദ്ര നിയമ മന്ത്രിയായിരുന്ന സുബ്രഹ്മണ്യൻ സാമിയും തമിഴ്നാട് ഗവർണർ ആർ.എൻ. രവിയും. ഇന്ത്യക്ക് എന്തിനാണ് മതനിരപേക്ഷതയെന്നാണ് രവി ചോദിച്ചുകൊണ്ടിരിക്കുന്നത്. തികച്ചും രക്ഷിതയായ ഒരു പ്രധാനമന്ത്രിയാണ് മതനിരപേക്ഷത ഭരണഘടനയിൽ എഴുതിച്ചേർത്തതെന്നും അദ്ദേഹം കുറ്റപ്പെടുത്താനും മടിക്കുന്നില്ല.

ജനാധിപത്യത്തിനു പകരം സ്വേച്ഛാധിപത്യവും സാമൂഹ്യനീതിക്കും സമത്വത്തിനും പകരം ജാതി അടിസ്ഥാനത്തിലുള്ള ശ്രേഷ്ഠതാവാദവും മതനിരപേക്ഷതയ്ക്കുപകരം മതരാഷ്ട്രവാദവുമാണ് ആർ.എസ്എസ്. നടപ്പാക്കാൻ ആഗ്രഹിക്കുന്നത്. സാമൂഹ്യനീതിയും സമത്വവുമെല്ലാം ആർ.എസ്.എസ്. സംരക്ഷിക്കാൻ ശ്രമിക്കുന്ന കോർപറേറ്റ് താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്.

## ഡൽഹി ഡെർബാർ

അതായത് പഴയ ബ്രാഹ്മണാധിപത്യത്തിനൊപ്പം മൂലധനാധിപതികളായ കോർപ്പറേറ്റുകളുടെ ആധിപത്യവും അടങ്ങുന്ന നഗ്നമായ സ്വേച്ഛാധിപത്യവാഴ്ച നടപ്പാക്കലാണ് സംഘപരിവാറിന്റെ ലക്ഷ്യം. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പുപോലെയുള്ള ജനാധിപത്യവിരുദ്ധമായ നിർദേശങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതും ഈ ഗൂഢലക്ഷ്യം വച്ചു തന്നെയാണ്.

അടുത്ത വർഷത്തെ വിജയദശമി നാൾ ആർ.എസ്.എസ്. രൂപീകരിച്ചതിന്റെ 100ാം വാർഷികമാണ്. സ്ഥാപിക്കപ്പെട്ട് 100 വർഷം തികയുമ്പോൾ ഇന്ത്യയെ സ്വേച്ഛാധിപത്യപരമായ ഹിന്ദുത്വ രാഷ്ട്രമാക്കി മാറ്റണമെന്ന ആർ.എസ്എസിന്റെ ആഗ്രഹം പ്രയോഗത്തിൽ വരുത്താനുള്ള തീവ്രശ്രമത്തിലാണ് സംഘപരിവാർ ശക്തികൾ. ഭരണഘടന ഭേദഗതി ചെയ്ത് സാമൂഹ്യനീതിയും മതനിരപേക്ഷതയും ജനാധിപത്യവും ഇല്ലാതാക്കാനുള്ള പദ്ധതി ബി.ജെ.പക്ക് ഒറ്റയ്ക്ക് ലോക്സഭയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഇല്ലാതായതോടെ പൊളിഞ്ഞെങ്കിലും പിൻവാതിലിലൂടെ എങ്ങനെ ആ മോഹം സാക്ഷാത്കരിക്കാമെന്ന ശ്രമത്തിലാണ് സംഘപരിവാർ ഏർപ്പെട്ടിരിക്കുന്നത്.

തികച്ചും രാഷ്ട്രീയ കാരണങ്ങളാൽ തന്നെയാണ് ഇന്ദിരാഗാന്ധിക്ക് മതനിരപേക്ഷത ഉയർത്തിക്കാട്ടണമെന്ന് തോന്നിയതെന്നതിന് സംശയമില്ല. എന്നാൽ അതിപ്പോൾ അനിവാര്യമായിരിക്കുകയാണ്. അതുകൊണ്ട് ഒരു കുഴപ്പവും ഇന്നുവരെ സംഭവിച്ചിട്ടുമില്ല. എന്നിട്ടും ചിലർക്ക് ആ വാക്കിന്റെ സാമിപ്യം ഏറെ അസ്വസ്ഥതയുണ്ടാക്കുന്നു എന്നതാണ് പ്രശ്നം..!

◗ *എമ എൽസ എൽവിൻ*

# ഇന്ത്യയുടെ രഹസ്യ നിധിയെപ്പറ്റി അറിയാം

ഇന്ത്യയിൽ ഒരു തരി പൊന്നെങ്കിലും ഇല്ലാത്തവർ വിരളമാണ്. ഇന്ത്യയിലെ വീടുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ലെങ്കിലും സത്യം അതാണ്. വിവിധ ആരാധനാലയങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്വർണം ഇതിന് പുറമെയാണ്. ആരാധനാലയങ്ങൾക്ക് നേർച്ചയായി കിട്ടുന്ന സ്വർണങ്ങളുമുണ്ട്. ഇതിനെല്ലാം പുറമെയാണ് ഔദ്യോഗികമായി ഇന്ത്യ സ്വർണം വാങ്ങുന്നതും സൂക്ഷിക്കുന്നതും. റിസർവ് ബാങ്ക് മുഖേനയാണ് ഈ ഇടപാടുകൾ നടത്തുന്നത്.

കഴിഞ്ഞ മാസം വരെയുള്ള കണക്ക് പ്രകാരം റിസർവ് ബാങ്കിന്റെ കൈവശം 855 മെട്രിക് ടൺ സ്വർണമാണുള്ളത്. ഇതിൽ 510 ടൺ ഇന്ത്യയിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ബാക്കി വിദേശത്തും. വൻതോതിൽ വിദേശത്ത് സൂക്ഷിക്കുന്ന രീതിയായിരുന്നു നേരത്തെ ആർബിഐ സ്വീകരിച്ചിരുന്നതെങ്കിൽ സമീപകാലത്ത് നിലപാട് മാറ്റി. വിദേശത്തുള്ള സ്വർണം വൻതോതിൽ ഇന്ത്യയിലെത്തിക്കുകയാണ്.



അടുത്തിടെ 102 ടൺ സ്വർണം ആർബിഐ വിദേശത്ത് നിന്ന് ഇന്ത്യയിൽ എത്തിച്ചു. ലണ്ടൻ കേന്ദ്രമായുള്ള ബാങ്ക് ഓഫ് ഇംഗ്ലണ്ട്, ബാങ്ക് ഫോർ ഇന്റർനാഷണൽ സെറ്റിൽമെന്റ് എന്നീ ബാങ്കുകളിലാണ് ഇന്ത്യയുടെ സ്വർണം ഉള്ളത്. ഏറെ കാലം വിദേശത്ത് സൂക്ഷിക്കുന്നത് ഉചിതമാകില്ല എന്നാണ് ഇന്ത്യയുടെ നിലപാട്. തുടർന്നാണ് ഈ വർഷം രണ്ട് തവണയായി കോടികളുടെ മൂല്യമുള്ള സ്വർണം നാട്ടിലെത്തിച്ചത്.

അന്തർദേശീയ രാഷ്ട്രീയ, സാമ്പത്തിക സാഹചര്യം അടിമുടി മാറുകയാണ്. അതുകൊണ്ടുതന്നെ വിദേശത്തുള്ള സ്വർണം ഇന്ത്യയിലെത്തിക്കുന്നത് വേഗത്തിലാക്കിയിട്ടുണ്ട്. 2022 സെപ്രംബറിന് ശേഷം 214 ടൺ സ്വർണമാണ് ഇന്ത്യ വിദേശത്ത് നിന്ന് എത്തിച്ചത്. 1990കൾക്ക് ശേഷം വിദേശത്ത് സൂക്ഷിച്ച സ്വർണം വൻതോതിൽ നാട്ടിലെത്തിക്കുന്നത് ഈ വർഷമാണ്.

2022 മാർച്ചിൽ ഇന്ത്യയിൽ ആർബിഐയുടെ നിയന്ത്രണത്തിലുള്ള സ്വർണം 295 ടൺ ആയിരുന്നു. ഇപ്പോൾ അത് 510 ടൺ ആയി ഉയർന്നു. ബാക്കി വിദേശത്ത് സൂക്ഷിച്ച സ്വർണവും വൈകാതെ നാട്ടിലെത്തിക്കുമെന്നാണ് സൂചന. വിദേശത്തുള്ള സ്വർണം അതീവ രഹസ്യമായിട്ടാണ് ഇന്ത്യയിലെത്തിക്കുക. ആഭ്യന്തരസാമ്പത്തിക സുരക്ഷയുമായി ബന്ധപ്പെട്ട കാര്യമായതിനാലാണിത്.

പ്രത്യേക വിമാനത്തിലാണ് സ്വർണം ബ്രിട്ടനിൽ നിന്ന് ഇന്ത്യയിൽ എത്തിച്ചതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇനി 324 ടൺ സ്വർണമാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ടിലും ബാങ്ക് ഫോർ ഇന്റർനാഷണൽ സെറ്റിൽമെന്റിലുമായി ബാക്കിയുള്ളത്. ആർബിഐയുടെ മൊത്തം നിക്ഷേപങ്ങളിൽ 20 ശതമാനത്തിലധികം സ്വർണമാണ്. ലോകത്ത് ഏറ്റവും കൂടുതൽ സ്വർണം സൂക്ഷിക്കുന്ന രണ്ടാമത്തെ ബാങ്കാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ട്. ആദ്യത്തേത് ന്യൂയോർക്ക് ഫെഡറൽ റിസർവ് ആണ്.


ലണ്ടൻ സ്വർണ വിപണിയിൽ നിന്ന് വേഗത്തിൽ കൈമാറ്റത്തിന് സാധിക്കുമെന്നതിനാലാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ ഇന്ത്യ സ്വർണം സൂക്ഷിക്കാൻ കാരണം. ഇന്ത്യയുടെ മാത്രമല്ല, ലോകത്തെ പല രാജ്യങ്ങളുടെയും സ്വർണം സൂക്ഷിച്ചിരിക്കുന്നത് ബാങ്ക് ഓഫ് ഇംഗ്ലണ്ടിലാണ്. സമീപകാലത്ത് സംഭവിക്കുന്ന ആഗോള രാഷ്ട്രീയസാമ്പത്തിക മാറ്റങ്ങളിൽ എല്ലാ രാജ്യങ്ങളും ആശങ്കയിലാണ്. സുരക്ഷിത നിക്ഷേപം എന്ന നിലയിൽ എല്ലാ കേന്ദ്ര ബാങ്കുകളും സ്വർണം വാങ്ങിക്കൂട്ടുകയാണ്. ആർബിഐ 8.1 ശതമാനത്തിൽ നിന്ന് 9.3 ശതമാനമാക്കി സ്വർണ നിക്ഷേപം ഉയർത്തിയിട്ടുണ്ട്.



# ആർആർ താരങ്ങളുടെ പ്രതിഫലം ഇങ്ങനെ!

# സഞ്ജുവിന് 18 കോടി, ജയ്സ്വാളിന് 14 കോടി





ഐപിഎൽ 2025 മെഗാ ലേലത്തിന് മുന്നോടിയായി ആറ് കളിക്കാരെ രാജസ്ഥാൻ റോയൽസ് നിലനിർത്തിയേക്കും, ക്യാപ്റ്റൻ സഞ്ജു സാംസണായിരിക്കും റോയൽസിന്റെ ഒന്നാം ചോയ്സ് നിലനിർത്തൽ താരം എന്ന വാർത്ത നേരത്തെ പുറത്തുവന്നിരുന്നു. ഇതനുസരിച്ച് 18 കോടി രൂപയാണ് മലയാളി താരത്തിന് റയൽ നൽകുന്ന പ്രതിഫലം.പരമാവധി ആറ് കളിക്കാരെ നിലനിർത്താൻ അനുവാദമുണ്ട്. റിറ്റെൻഷൻ സംവിധാനം പൂർണമായും ഉപയോഗപ്പെടുത്താനാണ് രാജസ്ഥാൻ റോയ്സിന്റെ തീരുമാനമെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിലനിർത്തിയ ആറ് താരങ്ങളുടെ പേരും പ്രതിഫലവും പുറത്തുവിട്ടു.

**1. സഞ്ജു സാംസൺ**

റോയൽസിനെ രണ്ട് തവണ പ്ലേഓഫിൽ എത്തിച്ച ഒരേയൊരു ക്യാപ്റ്റനാണ് സഞ്ജു. മൂന്ന് വർഷത്തിനിടെയാണ് ഈ നേട്ടം. ക്യാപ്റ്റനെന്ന നിലയിൽ ഫ്രാഞ്ചൈസിക്കൊപ്പം 31 വിജയങ്ങൾ എന്ന അന്തരിച്ച ഷെയ്ൻ വോണിന്റെ റെക്കോഡിനൊപ്പമെത്താനും കഴിഞ്ഞ സീസണിൽ സഞ്ജുവിന് സാധിച്ചു. കഴിഞ്ഞ സീസണിൽ 15 ഇന്നിങ്സുകളിൽ നിന്ന് അഞ്ച് അർധസെഞ്ചുറികൾ ഉൾപ്പെടെ 531 റൺസ് നേടി. 48.27 ശരാശരിയോടെ ടോപ് ഫൈവ് റൺസ് സ്കോറർമാരുടെ പട്ടികയിൽ ഇടം പിടിച്ചു. അടുത്തിടെ അന്താരാഷ്ട്ര ടി20യിൽ കന്നി സെഞ്ചുറിയും നേടി. ഒരു ദശാബ്ദത്തിലേറെയായി റോയൽസിനൊപ്പമുള്ള സഞ്ജു ഏറ്റവും കൂടുതൽ കാലം ടീമിൽ കളിച്ച താരം കൂടിയാണ്.

**2. ജോസ് ബട്ലർ**

ലേലത്തിന് മുമ്പായി റോയൽസ് നിലനിർത്തുന്ന രണ്ടാമത്തെ താരം വെടിക്കെട്ട് ബാറ്റർ ജോസ് ബട്ലർ ആണ്. പല തവണ ടീമിനെ രക്ഷിച്ച ഇംഗ്ലീഷ് താരം. 14 കോടി രൂപയാണ് രണ്ടാം റിട്ടൻഷൻ താരത്തിന് ലഭിക്കുന്ന പ്രതിഫലം.

**3. സന്ദീപ് ശർമ**

2015ൽ ഇന്ത്യക്കായി അരങ്ങേറ്റം കുറിച്ച പേസർ ന്യൂ ബോളിൽ സ്ഥിരതയാർന്ന വിക്കറ്റ് വേട്ടക്കാരനാണ്. പ്രായം 31 ആയെങ്കിലും ബൗളിങ് മൂർച്ചയ്ക്ക് കുറവുവന്നിട്ടില്ല. കഴിഞ്ഞ 5 വർഷമായി ദേശീയ ടീമിനായി മത്സരിക്കാത്തതിനാൽ അൺക്യാപ്ഡ് പ്ലെയർ വിഭാഗത്തിലാണ് ഉൾപ്പെടുക..

**4. യുസ്വേന്ദ്ര ചഹൽ**

ഐപിഎൽ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിക്കറ്റ് വീഴ്ത്തിയ ബൗളറാണ്. ഐപിഎല്ലിൽ 160 മത്സരങ്ങൾ കളിച്ച ലെഗ് സ്പിന്നർ 22.44 ശരാശരിയിൽ 205 വിക്കറ്റുകൾ വീഴ്ത്തിയിട്ടുണ്ട്.11 കോടി രൂപയ്ക്ക് ചഹലിനെ നിലനിർത്താനാകും.

**5. റിയാൻ പരാഗ്**

കഴിഞ്ഞ സീസണിൽ സഞ്ജുവിനെ പോലെ 500-ലധികം റൺസുമായി തിളങ്ങി. ആദ്യമായാണ് ഒരു സീസണിൽ രണ്ട് റോയൽസ് താരങ്ങൾ 500 റൺസ് ക്ലബ്ബിൽ എത്തുന്നത്. 14 മാച്ചുകളിൽ നിന്ന് 52.09 എന്ന മികച്ച ശരാശരിയും 149.21 സ്ട്രൈക്ക് റേറ്റുമായി 573 റൺസ് നേടിയ പരാഗാണ് കഴിഞ്ഞ സീസണിലെ റോയൽസിന്റെ ടോപ് സ്കോറർ. നൽകാൻ പോകുന്നത് 11 കോടി രൂപയാണ്.

**6. യശസ്വി ജയ്സ്വാൾ**

ഐപിഎൽ 2024 സീസണിൽ തരതമ്യേന മെച്ചപ്പെട്ട പ്രകടനമാണ് നടത്തിയതെങ്കിലും 22കാരനായ ഓപണറെ റോയൽസിന് കൈവിടാനാവില്ല. അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയുടെ പ്രമുഖ ബാറ്ററായി പ്രതിഭ തെളിയിച്ച യുവതാരമാണദ്ദേഹം. 14 കോടി രൂപയ്ക്ക് ജയ്സ്വാളിനെ നിലനിർത്താൻ റോയൽസിന് കഴിയും.

## നിലനിർത്തുന്ന അഞ്ച് താരങ്ങളെ കുറിച്ചുള്ള സൂചന നൽകി സിഎസ്കെ

ഐ.പി.എൽ മേഗാലേലത്തിന് രണ്ട് നാളുകൾ ബാക്കി നിൽക്കെ ടീമിലെ നിലനിർത്താൻ സാധ്യതയുള്ള താരങ്ങളെ കുറിച്ച് സൂചന നൽകി ചെന്നൈ സൂപ്പർ കിങ്സ്. സി.എസ്.കെഈ സൂചന നൽകികൊണ്ട് ഇൻസ്റ്റഗ്രാമിൽ പോസ്റ്റിട്ടു. അഞ്ച് താരങ്ങളെയാണ് സി.എസ്.കെ നിലനിർത്തുക എന്ന് ടീം വ്യക്തമാക്കുന്നു. താരങ്ങൾ ആരാണെന്ന് വ്യക്തമാക്കിയില്ലെങ്കിലും ചില താരങ്ങളുടെ ആട്രിബ്യൂട്സ് വെച്ചുകൊണ്ട് കുറച്ച് ഇമോജികൾ ചേർക്കുകയായിരുന്നു. ഇവരെ മനസിലാക്കാൻ എക്സ് അക്കൗണ്ടിലെ പോസ്റ്റിൽ ചിഹ്നങ്ങൾ മാത്രമാണ് നൽകിയിരുക്കുന്നത്. 43-കാരനായ മഹേന്ദ്ര സിങ് ധോണി ഇത്തവണ സിഎസ്കെയ്ക്ക് കളിക്കുമോ എന്നാണ് ആരാധകർക്ക് പ്രധാനമായും അറിയേണ്ടത്. നാലാമത്തെ പേരിന് നേരെയുള്ള ചിഹ്നങ്ങളിൽ ഒന്ന് ഹെലികോപ്റ്ററായതോടെ ആരാധകരും ഹാപ്പി.എംഎസ് ധോണിയുടെ ഹെലികോപ്റ്റർ ഷോട്ട് അത്രയേറെ പ്രശസ്തമാണ്. മാത്രമല്ല ഇതിലെ ചിഹ്നങ്ങളിനൊന്ന് ഇന്ദ്രജാലക്കാരന്റെ തൊപ്പിയും. മഹേന്ദ്ര സിങ് ആണ് ഇതെന്ന് ഉറപ്പിക്കാൻ ഇതിൽ കൂടുതലൊന്നും വേണ്ടെന്നാണ് പോസ്റ്റ് ഏറ്റെടുത്ത ആരാഘകർ ഗണിച്ച് പറയുന്നത്. ഇതിൽ ഒരു ചിഹ്നം മൈക്ക് ആണ്. അത് ടീമിന്റെ നായകനെന്ന നിലയിൽ ധോണിയെ കുറിക്കുന്നുവെന്ന് കരുതാം.

# കെ എൽ രാഹുൽ ലഖ്നൗ വിട്ട് രാജസ്ഥാൻ റോയൽസിലേക്ക്?


ഐപിഎൽ മെഗാ ലേലത്തിന് മുന്നോടിയായി കെഎൽ രാഹുൽ ലഖ്നൗ സൂപ്പർജയന്റ്സ് വിടുമെന്ന് റിപ്പോർട്ട്. വ്യക്തിപരമായ കാരണങ്ങളാലാണ് താരം ടീം വിടുന്നത്. കഴിഞ്ഞ സീസണിൽ ലക്നൗ ടീം ഉടമ സഞ്ജീവ് ഗോയങ്ക ലക്നൗ ക്യാപ്റ്റൻ രാഹുലുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ പരസ്യമായി പ്രകടിപ്പിച്ചിരുന്നു. അതിനിടെ നിക്കോളാസ് പൂരനെ ലഖ്നൗവിലെ നായകനാക്കുമെന്ന വാർത്തയും പ്രചരിക്കുന്നുണ്ട്. 18 കോടി നൽകി ആദ്യ പരിഗണനയിൽ ലഖ്നൗ പുരാനെ നിലനിർത്തും. രാഹുലിനെ ടീമിൽ നിലനിർത്താൻ ലഖ്നൗ താൽപര്യം പ്രകടിപ്പിച്ചെങ്കിലും ലേലത്തിൽ പങ്കെടുക്കാൻ താരം തീരുമാനിക്കുകയായിരുന്നു.രാഹുലിനെ സ്വന്തമാക്കാൻ ഇപ്പോൾ തന്നെ ഫ്രാഞ്ചൈസികൾ താൽപര്യം കാണിക്കുന്നുണ്ടെന്നും വാർത്തയിൽ പറയുന്നു. റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരാണ് രാഹുലിനെ തിരിച്ചെത്തിക്കൻ മുന്നിലുള്ളത്. ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സ്, സഞ്ജു സാംസണ് നയിക്കുന്ന രാജസ്ഥാൻ റോയൽസ് എന്നിവരും രാഹുലിൽ താൽപര്യം കാണിക്കുന്നുണ്ട്. രാജസ്ഥാൻ സ്വന്തമാക്കിയാൽ സഞ്ജുവിന് കീഴിൽ താരം രാഹുൽ കളിക്കുന്നത് കാണാൻ സാധിക്കും. ഇതിനിടെ രാഹുലിനെ തിരിച്ചെത്തിക്കാൻ റോയൽ ചലഞ്ചേഴ്സ്



ബംഗളൂർ വലിയ ശ്രമങ്ങൾ തന്നെ നടത്തുന്നുണ്ട്. രാഹുലാവട്ടെ കർണാകടക്കാരനും ആയതിനാൽ ആർസിബി തിരികെ കൊണ്ടുവന്നേക്കും.


# 'റൊണാൾഡോ തീർന്നു, എത്രയും വേഗം വിരമിക്കണം'; ആരാധകരോഷം

സൗദി ലീഗിലെ കിങ്സ് കപ്പിൽ നടന്ന മത്സരത്തിൽ കരുത്തരായ അൽ-താവൂൻ അൽ നാസറിനെ എതിരില്ലാത്ത ഒരു ഗോളിന് തോൽപിച്ചിരുന്നു. മത്സരത്തിന്റെ 71 ആം മിനിറ്റിൽ വാലിദ് അഹമ്മദ് നേടിയ ഗോളിലൂടെയാണ് അവർ വിജയിച്ചത്. മത്സരത്തിൽ പൂർണ അധ്യപത്യം സ്ഥാപിച്ചത് അൽ നാസർ ആയിരുന്നെങ്കിലും അൽ-താവൂനിന്റെ പ്രതിരോധത്തിന്റെ മുൻപിൽ അടിയറവ് പറയുകയായിരുന്നു.ആരാധകർ ഏറ്റവും കൂടുതൽ പ്രതീക്ഷ അർപ്പിച്ച താരമായ ക്രിസ്റ്റ്യാനോ റൊണാൾഡോ വളരെ മോശമായ പ്രകടനമാണ് കാഴ്ച വെച്ചത്. മത്സരത്തിന്റെ അവസാന നിമിഷം ലഭിച്ച പെനാൽറ്റി ഗോൾ അദ്ദേഹം പാഴാക്കിയിരുന്നു. അതിൽ ആരാധകരുടെ രോക്ഷം വളരെ വലുതായിരുന്നു. ചില ആരാധകർ അദ്ദേഹം വിരമിക്കണം എന്നും, അൽ നാസറിനെ ഇത്രയും മോശമാക്കുന്നത് റൊണാൾഡോയാണ് എന്നൊക്കെ പറഞ്ഞാണ് വിമർശിക്കുന്നത്.റൊണാൾഡോ തീർന്നു, ഈ ടൂർണമെന്റിലെ ഏറ്റവും മോശമായ താരമാണ് അദ്ദേഹം, എത്രയും പെട്ടന്ന് റിട്ടയർ ആകണം, 2019 മുതൽ അദ്ദേഹമാണ് ക്ലബ്ബിനെ നശിപ്പിക്കുന്നത്- ഇങ്ങനെയാണ് ആരാധകർ കുറിച്ചിരിക്കുന്നത്.



# 'ഇന്ത്യയുടെ സ്റ്റൈലിഷ് ബാറ്റർ''; സഞ്ജുവിനെ പ്രകീർത്തിച്ച് പോണ്ടിങ്

മലയാളിയായ ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസണെ പ്രകീർത്തിച്ച് ഓസ്ട്രേലിയൻ മുൻ ഇതിഹാസ ക്രിക്കറ്ററും കമന്റേറ്ററുമായ റിക്കി പോണ്ടിങ്. ഈ തലമുറയിലെ ഇഷ്ടപ്പെട്ട ക്രിക്കറ്റ് താരം ആരെന്ന ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു പോണ്ടിങ്.'സഞ്ജു സാംസൺ എന്നൊരു താരം ടി20 ക്രിക്കറ്റ് കളിക്കുന്നുണ്ടെന്ന് എത്ര പേർക്ക് അറിയാമെന്ന് എനിക്ക് ഉറപ്പില്ല. ഞാൻ എപ്പോഴും കാണാൻ ഇഷ്ടപ്പെടുന്ന സ്റ്റൈലിഷ് ബാറ്ററാണ് സഞ്ജു. അയാൾ ക്രീസിലെത്തുന്നതും ബാറ്റ് ചെയ്യുന്നതും ഏറെ ഇഷ്ടപ്പെടുന്നു,' പോണ്ടിങ് പറഞ്ഞു. സ്പോർട്സ് ചാനലായ സ്കൈ സ്പോർട്സിൽ ഇം?ഗ്ലണ്ട് മുൻ താരം നാസർ ഹുസൈനുമായി സംസാരിക്കവെയാണ് പോണ്ടിങ് സഞ്ജുവിനെ പ്രശംസിച്ചത്. ഏത് താരങ്ങളുടെ ശൈലിയാണ് ഇഷ്ടമെന്നുള്ള ചോദ്യത്തിന് രോഹിത് ശർമ, ശുഭ്മാൻ ഗിൽ, റിഷഭ് പന്ത്, വിരാട് കോഹ്ലി തുടങ്ങിയ ഈ തലമുറയിലെ ഇന്ത്യൻ താരങ്ങളുടെ ബാറ്റിങ് പ്രകടനം താൻ ആസ്വദിച്ച് കാണാറുണ്ടെന്ന് പോണ്ടിങ് പറഞ്ഞു. ഇതോടൊപ്പമാണ് രാജസ്ഥാൻ റോയൽസിന്റെ സൂപ്പർ താരവും നായകനുമായ സഞ്ജു സാംസണോടുള്ള ആരാധനയും അദ്ദേഹം വെളിപ്പെടുത്തിയത്.'ഇന്ത്യൻ ബാറ്റിംഗ് നിരയിലേക്ക് നോക്കൂ. രോഹിത് എത്രത്തോളം മനോഹരമായിട്ടാണ് കളിക്കുന്നത്. ശുഭ്മാൻ ഗിൽ കളിക്കുന്നത് കാണാൻ ഇഷ്ടപ്പെടുന്നു. റിഷഭ് പന്തിന്റെ ബാറ്റിങ് ഞാൻ ആസ്വദിക്കാറുണ്ട്. അതിനിടയിൽ കോഹ്ലിയുമുണ്ട്,' പോണ്ടിങ് പറഞ്ഞു. ജോസ് ബട്‌ലറാണ് പരിമിത ഓവർ ക്രിക്കറ്റിൽ പോണ്ടിങ് കാണാൻ ഇഷ്ടപ്പെടുന്ന മറ്റൊരു താരം. ടെസ്റ്റ് ക്രിക്കറ്റിൽ ജോ റൂട്ട്, കെയ്ൻ വില്യംസൺ എന്നിവരുടെയും ബാറ്റിങ് കാണാൻ ഇഷ്ടപ്പെടുന്നുവെന്ന് പോണ്ടിങ് കൂട്ടിച്ചേർത്തു. ഈ തലമുറയിൽ കാണാൻ ഇഷ്ടപ്പെടുന്ന താരമായി നാസർ ഹുസൈൻ തെരഞ്ഞെടുത്തത് ഇന്ത്യൻ താരം രോഹിത് ശർമയെ ആണ്. 'തന്നോട് ആരെങ്കിലും ബാറ്റിങ് എങ്ങനെയെന്ന് ചോദിച്ചാൽ തീർച്ചയായും അത് ബുദ്ധിമുട്ടാണെന്ന് ഞാൻ പറയും. എന്നാൽ രോഹിത് ശർമ അനായാസം ബാറ്റ് ചെയ്യുന്നു. രോഹിത് ശർമ അയാൾക്ക് ഇഷ്ടപ്പെട്ട പുൾ ഷോട്ട് നിരവധി തവണ കളിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിന് ജോ റൂട്ട് എന്നതുപോലെ, ലോക ക്രിക്കറ്റിന്റെ താരം രോഹിത് ശർമയാണ്,' നാസർ ഹുസൈൻ പറഞ്ഞു.






# ടെസ്റ്റ് റാങ്കിംഗ്: ബുമ്ര വീണു, ജയ്സ്വാളിന് നേട്ടം, ജോ റൂട്ട് ഒന്നാമത്




ഐസിസി ടെസ്റ്റ് ബൗൾമാരുടെ റാങ്കിൽ പട്ടികയിൽ ജസ്പ്രിത് ബുമ്രയ്ക്ക് ഒന്നാം സ്ഥാനം നഷ്ടപ്പെട്ടു. ദക്ഷിണാഫ്രിക്കയുടെ കഗിസോ റബാദയാണ് നിലവിൽ ഒന്നാമൻ. രണ്ടാം സ്ഥാനത്തുണ്ടായിരുന്ന ആർ അശ്വിൻ നാലാമതായി. ജോഷ് ഹേസൽവുഡാണ് രണ്ടാം സ്ഥാനത്തിന്റെ പുതിയ അവകാശി. ജസ്പ്രിത് ബുമ്ര മൂന്നാമത്. രണ്ട് സ്ഥാനം താഴോട്ടിറങ്ങി രവീന്ദ്ര ജഡേജ എട്ടാമതാണ്. അതേസമയം ബാറ്റർമാരുടെ പട്ടികയിൽ ഇന്ത്യൻ ഓപ്പണർ യശസ്വി ജയ്സ്വാൾ നേട്ടമുണ്ടാക്കി. ഒരു സ്ഥാനം മെച്ചപ്പെടുത്തിയ താരം മൂന്നാം സ്ഥാനത്തേക്ക് കയറി. ആദ്യ പത്തിൽ മറ്റ് ഇന്ത്യൻ താരങ്ങളാരുമില്ല. ഇംഗ്ലണ്ട് താരം ജോ റൂട്ട് ഒന്നാമത് തുടരുന്നു. ഇന്ത്യക്കെതിരെ പരമ്പര കളിച്ചില്ലെങ്കിലും കെയ്ൻ വില്യംസൺ രണ്ടാം സ്ഥാനത്തുണ്ട്. അഞ്ച് സ്ഥാനങ്ങൾ താഴോട്ടിറങ്ങിയ റിഷഭ് പന്ത് 11-ാം സ്ഥാനത്താണിപ്പോൾ. കിവീസിനെതിരെ മോശം ഫോമിൽ കളിക്കുന്ന വിരാട് കോലി 14-ാം സ്ഥാനത്തേക്ക് വീണു. ആറ് സ്ഥാനങ്ങളാണ് കോലിക്ക് നഷ്ടമായത്. ഒരു സ്ഥാനം താഴത്തേക്ക് വീണ ശുഭ്മാൻ ഗിൽ 20-ാം സ്ഥാനത്താണ്. ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമയ്ക്ക് ഒമ്പത് സ്ഥാനങ്ങൾ നഷ്ടമായി.24-ാം സ്ഥാനത്താണ് രോഹിത്. ജയ്സ്വാൾ മൂന്നാം സ്ഥാനത്തേക്ക് കയറിതോടെ ഇംഗ്ലണ്ട് താരം ഹാരി ബ്രൂക്ക് നാലാം സ്ഥാനത്തേക്കിറങ്ങി.

# വിരാട് കോലി ആർസിബി നായകസ്ഥാനത്തേക്ക്



ഇന്ത്യൻ സൂപ്പർതാരം വിരാട് കോലി റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവിന്റെ (ആർസിബി) നായകനാകും.കഴിഞ്ഞ സീസണുകളിൽ ടീമിനെ നയിച്ച ഫാഫ് ഡുപ്ലേസിക്ക് 40 വയസ് പിന്നിട്ട സാഹചര്യത്തിലാണ് കോലി നായകസ്ഥാനത്തേക്ക് തിരിച്ചെത്തുന്നത്.ആർസിബിക്ക് ഇതുവരെ ഐപിഎൽ കിരീടം നേടാനായിട്ടില്ല. ഈ കുറവു നികത്താനുറച്ചാണ് കോലിയെ നായകസ്ഥാനത്ത് വീണ്ടും കൊണ്ടുവന്നിരിക്കുന്നത്. മെഗാ താരലേലം ഒരു മാസത്തിനുള്ളിൽ നടക്കാനിരിക്കെയാണ് കോലിയെ ആർസിബി നായകസ്ഥാനത്ത് തിരിച്ചെത്തിക്കുന്നത്.2013 മുതൽ 2021 വരെ വിരാട് കോലിയായിരുന്നു ആർസിബിയുടെ നായകൻ. ഇതിൽ നാലു സീസണുകളിൽ ടീമിനെ പ്ലേ ഓഫിലെത്തിക്കാൻ കോലിക്കായി. 2016ൽ കോലിക്കു കീഴിൽ ആർസിബി ഫൈനലിൽ കടന്നെങ്കിലും, കലാശപ്പോരിൽ സൺറൈസേഴ്സ് ഹൈദരാബാദിനോടു തോറ്റു. കിരീടവരൾച്ച തുടർന്നതോടെ, 2021ൽ കോലി ടീമിന്റെ നായകസ്ഥാനം രാജിവയ്ക്കുകയായിരുന്നു. ഇന്ത്യൻ ട്വന്റി20 ടീമിന്റെ നായകസ്ഥാനം രാജിവച്ച് ദിവസങ്ങൾക്കുള്ളിലായിരുന്നു രാജി പ്രഖ്യാപനം. അതേസമയം, എക്കാലവും ആർസിബിക്കായി ഐപിഎലിൽ കളിക്കുമെന്നും കോലി പ്രഖ്യാപിച്ചിരുന്നു.

# മിതാലിയുടെ റെക്കോർഡ് പഴങ്കഥ ! തകർത്തെറിഞ്ഞ് സ്മൃതി മന്ദാന



ന്യൂസിലൻഡിനെതിരായ വനിതാ ഏകദിനത്തിൽ നേടിയ സെഞ്ചുറിയോടെ ചരിത്രനേട്ടം സ്വന്തമാക്കി ഇന്ത്യൻ ക്യാപ്റ്റൻ സ്മൃതി മന്ദാന.താരത്തിന്റെ സെഞ്ചുറി പ്രകടനത്തിന്റെ മികവിൽ മൂന്നാം ഏകദിനവും ഒപ്പം പരമ്പരയും ഇന്ത്യ സ്വന്തമാക്കിയിരുന്നു. സെഞ്ചുറിയോടെ വനിതാ ഏകദിനത്തിൽ ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ സെഞ്ചുറി നേടുന്ന താരമായി സ്മൃതി മന്ദന മാറി. 7 സെഞ്ചുറികൾ നേടിയിരുന്ന മുൻ ഇന്ത്യൻ ക്യാപ്റ്റനും ഇതിഹാസതാരവുമായ മിതാലി രാജിന്റെ റെക്കോർഡാണ് സ്മൃതി മറികടന്നത്.88 ഇന്നിങ്ങ്സുകളിൽ നിന്നാണ് സ്മൃതി 8 സെഞ്ചുറികൾ സ്വന്തമാക്കിയത്. അതേസമയം 211 ഇന്നിങ്ങ്സുകളിൽ നിന്നായിരുന്നു മിതാലിയുടെ നേട്ടം. 6 സെഞ്ചുറികളുമായി ഹർമൻ പ്രീത് കൗറാണ് ലിസ്റ്റിൽ മൂന്നാമതുള്ളത്. 2013ലാണ് സ്മൃതി മന്ദാന ഇന്ത്യയ്ക്കായി അരങ്ങേറ്റം കുറിച്ചത്.

# ഓസ്ട്രേലിയയുടെ പരിശീലകനായി മക്ഡൊണാൾഡ് തുടരും



ഓസ്ട്രേലിയൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ പരിശീലകനായ ആൻഡ്രൂ മക്ഡൊണാൾഡിന്റെ കരാർ കാലാവധി 2027 വരെ നീട്ടി.2022ൽ ചുമതലയേറ്റ മക്ഡൊണാൾഡ് ടീമിനെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ്, ഏകദിന ലോകകപ്പ് ഉൾപ്പെടെയുള്ള വിജയങ്ങളിലേക്ക് നയിച്ചു.ഇംഗ്ലണ്ടിൽ ആഷസ് നിലനിർത്താനും ആൻഡ്രൂ മക്ഡൊണാൾഡിന് സാധിച്ചു. 2026 ലെ ട്വന്റി 20 ലോകകപ്പ്, 2027 ലെ ഐസിസി ലോകകപ്പ് , ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനുമെതിരായ പരമ്പരകൾ എന്നിവയാണ് മക്ഡൊണാൾഡിന് മുന്നിൽ ഇനിയുള്ള പ്രധാന ദൗത്യങ്ങൾ.

# സ്ട്രോക്ക് സാധ്യത തടയാൻ ഭക്ഷണത്തിലുമുണ്ട് കാര്യം !

മസ്തിഷ്കത്തിലേക്ക് നയിക്കുന്ന രക്തക്കുഴലുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് മൂലം തലച്ചോറിന്റെ പ്രവർത്തനത്തിന് പെട്ടെന്നുണ്ടാകുന്ന ആഘാതമാണ് സ്ട്രോക്ക് അഥവാ പക്ഷാഘാതം.

ശരീരത്തിന്റെ ഒരു വശത്ത് പെട്ടെന്ന് ബലം കുറയുക, കൈകാലുകൾക്ക് പെട്ടെന്ന് ബലക്കുറവ്, പെട്ടെന്ന് സംസാരശേഷി നഷ്ടപ്പെടുക, നടക്കുമ്പോൾ ബാലൻസ് നഷ്ടപ്പെടുക, പെട്ടെന്ന് മറക്കുക തുടങ്ങിയവയാണ് സ്ട്രോക്കിന്റെ ലക്ഷണങ്ങൾ. സ്ട്രോക്ക് തടയാൻ ഭക്ഷണത്തിൽ പ്രത്യേക ശ്രദ്ധ നൽകണം.

സ്ട്രോക്ക് വരാതിരിക്കാൻ എന്തൊക്കെ ഭക്ഷണങ്ങളാണ് കഴിക്കേണ്ടതെന്ന് നോക്കാം.



**1. കൊഴുപ്പുള്ള മത്സ്യം**

ഒമേഗ 3 ഫാറ്റി ആസിഡുകളാൽ സമ്പന്നമായ സാൽമൺ പോലുള്ള കൊഴുപ്പുള്ള മത്സ്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് സ്ട്രോക്ക് സാധ്യത കുറയ്ക്കാൻ സഹായിക്കും.

**2. ഇലക്കറികൾ**

വിറ്റാമിനുകളും ധാതുക്കളും ആന്റിഓക്സിഡന്റുകളും അടങ്ങിയ ചീര പോലുള്ള ഇലക്കറികൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് സ്ട്രോക്ക് തടയാൻ സഹായിക്കും.

ഫോളേറ്റ്, വിറ്റാമിൻ ബി, പൊട്ടാസ്യം തുടങ്ങിയവ ഇതിന് സഹായിക്കുന്നു.

**3. ബെറി പഴങ്ങൾ**

ആന്റി ഓക്സിഡന്റുകളാൽ സമ്പന്നമായ ബ്ലൂബെറി, സ്ട്രോബെറി തുടങ്ങിയ ബെറികൾ കഴിക്കുന്നതും സ്ട്രോക്ക് സാധ്യത കുറയ്ക്കാൻ സഹായിക്കും.

**4. ധാന്യങ്ങൾ**

ഓട്സ്, ബ്രൗൺ റൈസ് തുടങ്ങിയ ധാന്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതും സ്ട്രോക്ക് സാധ്യത കുറയ്ക്കുന്നതിന് ഗുണം ചെയ്യും.

നാരുകൾ അടങ്ങിയതിനാൽ ഇവ ഹൃദയാരോഗ്യത്തിനും നല്ലതാണ്.

**5. അവോക്കാഡോ**

ആരോഗ്യകരമായ കൊഴുപ്പുകളാൽ സമ്പന്നമായ അവോക്കാഡോ കഴിക്കുന്നതും സ്ട്രോക്ക് സാധ്യത കുറയ്ക്കാൻ സഹായിക്കും.

**6. സിട്രസ് പഴങ്ങൾ**

വിറ്റാമിൻ സി ധാരാളമായി അടങ്ങിയിരിക്കുന്ന ഓറഞ്ച് പോലുള്ള സിട്രസ് പഴങ്ങൾ കഴിക്കുന്നതും സ്ട്രോക്ക് തടയാൻ സഹായിക്കും.

**7. പരിപ്പ്, വിത്തുകൾ**

ബദാം, ഫ്ളാക്സ് സീഡുകൾ, വാൽനട്ട്, ചിയ വിത്തുകൾ എന്നിവ വിറ്റാമിനുകൾ, ധാതുക്കൾ, ഒമേഗ 3 ഫാറ്റി ആസിഡുകൾ എന്നിവയാൽ സമ്പന്നമാണ്. അതിനാൽ ഇവ സ്ട്രോക്ക് സാധ്യത കുറയ്ക്കാനും സഹായിക്കുന്നു.

## എനർജി ഡ്രിങ്കുകളെ അമിതമായി ആശ്രയിക്കല്ലേ.. വൃക്ക പണിമുടക്കും!




കുറച്ച് വർഷങ്ങളായി എനർജി ഡ്രിങ്കുകൾ കൂടുതൽ പ്രചാരത്തിലുണ്ട്. പ്രത്യേകിച്ച് യുവാക്കൾക്കിടയിലും ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കിടയിലും പെട്ടെന്ന് ഊർജ്ജം വർദ്ധിപ്പിക്കാൻ എനർജി ഡ്രിങ്കുകൾ സുലഭമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ പഞ്ചസാരയും കഫീനും അടങ്ങിയ പാനീയങ്ങൾ വൃക്കയുടെ തകരാറിലേക്കു പോലും നയിച്ചേക്കാമെന്നാണ് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത്.

ഹൈദരബാദിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ്നെഫ്രോളജിആൻഡ്യൂറോളജിയിലെ സീനിയർ കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് ഡോ. സുജീത് റെഡ്ഡിയുടെ അഭിപ്രായത്തിൽ, എനർജി ഡ്രിങ്കുകളിൽ ഉയർന്ന അളവിൽ കഫീൻ അടങ്ങിയിട്ടുണ്ട്.

രക്തസമ്മർദ്ദം വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു ഉത്തേജകമാണ് കഫീൻ. വലിയ അളവിൽ കുടിക്കുമ്പോൾ ഇത് വൃക്കകളിൽ അധിക സമ്മർദ്ദം ചെലുത്തുന്നു. പ്രത്യേകിച്ച് ഇതിനകം രക്ത സമ്മർദ്ദമോ വൃക്കരോഗമോ ഉള്ള വ്യക്തികൾക്ക് കാലക്രമേണ ഇത് വിട്ടുമാറാത്ത വൃക്ക രോഗങ്ങളിലേക്ക് നയിച്ചേക്കാമെന്ന് സുജീത് റെഡ്ഡി പറഞ്ഞു.

അതേസമയം എനർജി ഡ്രിങ്കുകളിൽ ഫ്രക്ടോസ്, കഫീൻ, സോഡിയം എന്നിവ ഉയർന്ന അളവിൽ അടങ്ങിയിട്ടുള്ളതിനാൽ വൃക്കയിലെ കല്ലുകൾക്കും കാരണമാകുമെന്ന് സൗത്ത് ഡക്കോട്ട സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരും സൂചിപ്പിക്കുന്നു.

എനർജി ഡ്രിങ്കുകളുടെ മറ്റൊരു പ്രശ്നം നിർജ്ജലീകരണം ഉണ്ടാക്കുന്നുവെന്നതാണ്. അവ ഡൈയൂറ്റിക്സ് ആയി പ്രവർത്തിക്കുന്നു, മൂത്രമൊഴിക്കുന്നതിന്റെ ആവൃത്തി വർദ്ധിപ്പിക്കുകയും ശരീരത്തിൽ ജല നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു.

നിർജ്ജലീകരണം ഉണ്ടാകുമ്പോൾ ഇലക്ട്രോലൈറ്റുകളുടെ ആരോഗ്യകരമായ ബാലൻസ് നിലനിർത്താൻ നിങ്ങളുടെ വൃക്കകൾ കൂടുതൽ കഠിനാധ്വാനം ചെയ്യാൻ നിർബന്ധിതരാകുമെന്ന് ഡോക്ടർ റെഡ്ഡി ചൂണ്ടിക്കാട്ടി. നിർജ്ജലീകരണം അക്യൂട്ട് കിഡ്നി ഇഞ്ചുറി (എകെഐ)ക്ക് കാരണമാകും. അതുകൊണ്ട് എനർജി ഡ്രിങ്കുകൾ കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നത് ആരാഗ്യകരമായ ഒരു തിരഞ്ഞെടുപ്പായിരിക്കും.

## സ്തനാർബുദം പുരുഷന്മാർക്കും വരാം; ഈ ലക്ഷണങ്ങൾ കണ്ടാൽ അവഗണിക്കരുത്



സ്ത്രീകൾക്കിടയിൽ വളരെ സാധാരണമായ ഒരു രോഗമാണ് സ്തനാർബുദം. സ്തനാർബുദം സ്ത്രീകളെ മാത്രം ബാധിക്കുന്ന ഒരു രോഗമായാണ് പലരും കരുതുന്നത്. എന്നാൽ സ്ത്രീകളെ പോലെ തന്നെ പുരുഷന്മാരെയും ഈ രോഗം ബാധിക്കുമെന്ന് പലർക്കും അറിയില്ല. സമീപ വർഷങ്ങളിൽ പ്രസിദ്ധീകരിച്ച നിരവധി പഠനങ്ങൾ ഇത് സ്ഥിരീകരിക്കുന്നു. അപൂർവമാണെങ്കിലും, ഈ പഠനങ്ങൾ കാണിക്കുന്നത് സ്തനാർബുദം പുരുഷന്മാരിലും ഉണ്ടാകാം എന്നാണ്.

ഈസ്ട്രജൻ എന്ന സ്ത്രീ ഹോർമോൺ ആണ് സ്തനാർബുദത്തിന് കാരണമാകുന്നത്. ഈ ഹോർമോൺ കുറവായതുകൊണ്ടാണ് പുരുഷന്മാരിൽ സ്തനാർബുദ സാധ്യത കുറയുന്നത്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർക്ക് സ്തനകോശങ്ങൾ കുറവാണെന്നതും ഒരു പ്രധാന വസ്തുതയാണ്. പുരുഷന്മാരിൽ സ്തനാർബുദ സാധ്യത ഒരു ശതമാനത്തിൽ താഴെയാണെന്ന് വിവിധ ഓങ്കോളജിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നു.

പുരുഷന്മാരിലെ സ്തനാർബുദത്തിന് പല കാരണങ്ങളുണ്ട്.

റേഡിയേഷൻ എക്സ്പോഷർ, ഹോർമോൺ ചികിത്സകൾ, അണുബാധകൾ, അമിത വണ്ണം, പ്രായം, ഈസ്ട്രജൻ ഗുളികകളുടെ ഉപയോഗം, ഗുരുതരമായ കരൾരോഗങ്ങൾ

**രോഗലക്ഷണങ്ങളും ചികിത്സയും**

പുരുഷന്മാരിലെ സ്തനാർബുദം വേദനയില്ലാത്ത വീക്കം, ചെറിയ മുഴ, മുലക്കണ്ണിൽ രക്തസ്രാവം, ഡിസ്ചാർജ്, സ്തനത്തിന് ചുറ്റുമുള്ള ചർമ്മത്തിലെ മാറ്റങ്ങൾ, അസ്വസ്ഥത, വേദന, മുലക്കണ്ണിന് ചുറ്റുമുള്ള ചർമ്മത്തിന്റെ വരൾച്ച, എന്നിങ്ങനെ വിവിധ ലക്ഷണങ്ങളാൽ തിരിച്ചറിയാൻ കഴിയും.

കക്ഷത്തിലെ ഗ്രന്ഥികളുടെ വീക്കവും രോഗത്തിന്റെ ഭാഗമാകാം. കക്ഷത്തിലോ നെഞ്ചിലോ ഉള്ള നീർവീക്കം കാൻസർ ലിംഫ് നോഡുകളിലേക്കും വ്യാപിച്ചതിന്റെ ലക്ഷണമാകാം. ഈ ലക്ഷണങ്ങളെ നേരത്തെ തിരിച്ചറിയുന്നത് വളരെ പ്രധാനമാണ്.

സാധാരണയായി ക്യാൻസറിന്റെ തരത്തെയും ഘട്ടത്തെയും ആശ്രയിച്ച് ശസ്ത്രക്രിയ, റേഡിയേഷൻ തെറാപ്പി, ഇൻട്രാവണസ് കീമോതെറാപ്പി അല്ലെങ്കിൽ ഹോർമോൺ തെറാപ്പി എന്നിവ ഉൾപ്പെടുന്നു. സ്ത്രീകളുടെ സ്തനാർബുദത്തെ കേന്ദ്രീകരിച്ചുള്ള ഗവേഷണങ്ങളിൽ നിന്നാണ് നിലവിലെ മിക്ക ചികിത്സാ ശുപാർശകളും ഉരുത്തിരിഞ്ഞത്. എന്നിരുന്നാലും, കാൻസർ നേരത്തെ കണ്ടെത്തിയാൽ രോഗികൾക്ക് രോഗശാന്തി കൈവരിക്കാൻ കഴിയുമെന്നത് ശ്രദ്ധിക്കേണ്ടതാണ്.

## പ്രമേഹമുള്ളവർക്ക് തിമിരം വരാനുള്ള സാധ്യത കൂടുതലാണോ?

ശരീരത്തിൽ ആവശ്യത്തിന് ഇൻസുലിൻ ഉത്പാദിപ്പിക്കപ്പെടാതെ വരുമ്പോഴാണ് പ്രമേഹം ഉണ്ടാകുന്നത്. ശരീരത്തിൽ ഇൻസുലിൻ ശരിയായി ഉൽപ്പാദിപ്പിച്ചാൽ മാത്രമേ ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിയന്ത്രണത്തിലാക്കാൻ കഴിയൂ. എന്നാൽ ഇൻസുലിൻ ഉത്പാദിപ്പിക്കപ്പെടാതെ വരുമ്പോൾ ഗ്ലൂക്കോസിന്റെ അളവ് കൂടുകയും ഇത് പ്രമേഹത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഈ പ്രമേഹം പലപ്പോഴും പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. തിമിരം, പ്രത്യേകിച്ച് പ്രായമായവരിൽ പ്രമേഹം മൂലവും ഉണ്ടാകാം. ഇത് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കാം.



**എന്താണ് തിമിരം?**

കണ്ണിലെ ലെൻസിൽ മൂടലും, അതുമൂലം കാഴ്ചയിൽ മങ്ങലും അനുഭവപ്പെടുന്ന അവസ്ഥയാണ് തിമിരം. തിമിരം ബാധിച്ചാൽ രാത്രി കാഴ്ച ശരിയായ രീതിയിൽ കാണാൻ സാധിക്കില്ല. വായിക്കാൻ ബുദ്ധിമുട്ടായിരിക്കും. അതുപോലെ സമീപത്ത് നിൽക്കുന്നവരുടെ മുഖം പോലും വ്യക്തമായി കാണണമെന്നില്ല.

വാഹനമോടിക്കുന്നവർക്ക് അവരുടേതായ ബുദ്ധിമുട്ടുകൾ ഉണ്ടാകും. വെളിച്ചം കണ്ണുകളിൽ പതിക്കുമ്പോൾ, നിങ്ങൾക്ക് വിവിധ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാം. അതിനാൽ കൃത്യസമയത്ത് ഒരു ഡോക്ടറെ കണ്ട് ചികിത്സ തേടേണ്ടത് അത്യാവശ്യമാണ്.

**തിമിരത്തിന് പിന്നിൽ**

തിമിരം പ്രധാനമായും കാണുന്നത് പ്രായമായവരിലാണ്. പ്രായമാകുന്തോറും കണ്ണിന്റെ ലെൻസിൽ പല മാറ്റങ്ങളും സംഭവിക്കുന്നു. വ്യക്തത കുറയുന്നു. കൂടാതെ, പ്രായമാകുമ്പോൾ, ലെൻസിലെ പ്രോട്ടീനും ഫൈബറും തകരാൻ തുടങ്ങുന്നു. ഇതെല്ലാം കാഴ്ചക്കുറവിലേക്ക് നയിക്കുകയും തിമിരത്തിന് കാരണമാവുകയും ചെയ്യുന്നു.

**പ്രമേഹവും തിമിരവും**

പ്രമേഹം ഉള്ളവരിൽ, പ്രത്യേകിച്ച്, കൃത്യമായ രീതിയിൽ ചികിത്സിക്കാത്തവരിൽ തിമിരം വരാനുള്ള സാധ്യത വളരെ കൂടുതലാണ്. കാരണം, പ്രമേഹം ശരീരത്തിലെ രക്തധമനികളുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. കണ്ണിലെ രക്തധമനികളെയും പ്രമേഹം ബാധിക്കുന്നു. അതിനാൽ കൃഷ്ണമണിയിലേയ്ക്കും അതുപോലെ, കോർണിയയിലേയ്ക്കും പോഷകങ്ങളും ഓക്സിജനും കൃത്യമായി എത്താതിരിക്കുന്നതിന് ഇത് കാരണമാകുന്നു.

കൂടാതെ, പ്രമേഹം കൂടുമ്പോൾ കണ്ണിലെ ലെൻസിൽ വീക്കം ഉണ്ടാകുന്നു. ഇത് കണ്ണിന്റെ കാഴ്ചശക്തിയെ ബാധിക്കുന്നു.

# ഇന്റലിജന്റ് ഫീച്ചറുകളുമായി ആപ്പിൾ ഇന്റലിജൻസ് എത്തി; സവിശേഷതകൾ

ആപ്പിൾ ഉപകരണങ്ങളിലേക്കുള്ള ആപ്പിൾ ഇന്റലിജൻസ് പുറത്തിറക്കി കമ്പനി. ഇതുവഴി പുതിയ എഐ അധിഷ്ഠിത ഫീച്ചറുകൾ ഐഫോൺ, ഐപാഡ്, മാക്ക് ഉപകരണങ്ങളിലെത്തും.

ആപ്പിൾ പുറത്തിറക്കിയ പുതിയ സോഫ്റ്റ്‌വെയർ അപ്ഡേറ്റിലൂടെ ഉപഭോക്താക്കൾക്ക് ആപ്പിൾ ഇന്റലിജൻസ് ഫീച്ചറുകൾ ലഭിക്കും.

ഇതിനായി ഐഫോണുകളും, ഐപാഡുകളും മാക്കും ഏറ്റവും പുതിയ ഐഒഎസ് 18.1, ഐപാഡ് ഒഎസ് 18.1, മാക്ക് ഒഎസ് സെക്കോയ 15.1 എന്നിവയിലേക്ക് അപ്ഡേറ്റ് ചെയ്യുക.

എഐ പവർ റൈറ്റിംഗിനുള്ള പുതിയ ഫീച്ചറുകൾ, അറിയിപ്പുകൾ കൈകാര്യം ചെയ്യുന്നതിനുള്ള എഐ പവർ സിസ്റ്റങ്ങൾ, എഐ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സിരി എന്നിവ പുതിയ അപ്ഡേറ്റിലൂടെ എത്തും.




### ആപ്പിൾ ഇന്റലിജൻസ് ലഭിക്കുന്ന ആപ്പിൾ ഉപകരണങ്ങൾ

ഐഫോൺ 15 പ്രോ മാക്സ്, ഐഫോൺ 15 പ്രോ, ഐപാഡ് പ്രോ, ഐപാഡ് എയർ, മാക്ക്ബുക്ക് എയർ, മാക്ക്ബുക്ക് പ്രോ, ഐമാക്ക്, മാക്ക് മിനി, മാക്ക് സ്റ്റുഡിയോ, മാക്ക് പ്രോ

### പ്രധാനപ്പെട്ട സവിശേഷതകൾ

1. പരിഷ്കരിച്ച സിരിയാണ് ആപ്പിൾ ഇന്റലിജൻസ് അപ്ഡേറ്റിലെ പ്രധാന മാറ്റങ്ങളിലൊന്ന്. ഒരു എഐ ചാറ്റ്ബോട്ടിന് സമാനമായ രീതിയിലാവും സിരിയുടെ പ്രവർത്തനം.

2. ഉപഭോക്താവിന്റെ പഴയ നിർദേശങ്ങൾ ഓർത്തുവെക്കാനും സംഭാഷണത്തിന്റെ തുടർച്ച നിലനിർത്താനും സിരിയ്ക്ക് സാധിക്കും. ആപ്പിൾ കാർപ്ലേയിൽ ഉൾപ്പെടെ അനുയോജ്യമായ ഐഫോണുകളിലും ഐപാഡിലും മാക്കിലും പുതിയ സിരി ലഭിക്കും.

3. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ആപ്പിൾ ഉപകരണങ്ങൾക്ക് എഴുതാനാകും. മെയിൽ, സന്ദേശങ്ങൾ, കുറിപ്പുകൾ, ആപ്പുകൾ, ചില മൂന്നാം കക്ഷി ആപ്പുകൾ എന്നിവയിൽ ഈ ഫീച്ചർ ലഭിക്കും.

4. ആപ്പിൾ ഇന്റിലജൻസിന്റെ സഹായത്തോടെ ഫോട്ടോസ് ആപ്പിലെ സെർച്ച് ഫീച്ചറും പരിഷ്കരിച്ചിട്ടുണ്ട്. ഇനി ചിത്രത്തിന്റെ വിവരണം നൽകി അവ തിരഞ്ഞു കണ്ടുപിടിക്കാം. ചിത്രങ്ങളിലെ അനാവശ്യ വസ്തുക്കൾ എഐയുടെ സഹായത്തോടെ നീക്കം ചെയ്യാനുള്ള സൗകര്യവും മെച്ചപ്പെട്ട മെമ്മറി ഫീച്ചറും പുതിയ അപ്ഡേറ്റിലെത്തും.

5. സുരക്ഷയോടുള്ള പ്രതിബദ്ധത ആവർത്തിച്ചുകൊണ്ട്, മിക്ക ആപ്പിൾ ഇന്റലിജൻസ് സവിശേഷതകളും ഉപകരണങ്ങളിൽ തന്നെ പ്രോസസ്സ് ചെയ്യപ്പെടുന്നുവെന്ന് ആപ്പിൾ വ്യക്തമാക്കുന്നു. ചില സങ്കീർണ്ണമായ ജോലികൾ പ്രോസസ്സ് ചെയ്യുന്നതിന് ആപ്പിൾ സ്വകാര്യ ക്ലൗഡ് കമ്പ്യൂട്ടിംഗ് ഉപയോഗിക്കുന്നു. അതിൽ സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്താൻ കമ്പനി പുറത്തുനിന്നുള്ള വിദഗ്ധരെ അനുവദിക്കുന്നു. പ്രശ്നങ്ങൾ കണ്ടെത്തുന്നവർക്ക് വൻ പാരിതോഷികവും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.

6. സിരിയ്ക്കും എഴുത്ത് ഉപകരണങ്ങൾക്കുമായി ചാറ്റ് ജിപിടിയും ഉപകരണങ്ങളിൽ അനുവദിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനത്തിനും ആപ്പിൾ സ്വകാര്യത വാഗ്ദാനം ചെയ്യുന്നുണ്ട്.

## വാട്സ്ആപ്പ് ചാനലുകളിൽ പുത്തൻ അപ്ഡേറ്റ്

വാട്സ്ആപ്പ് ചാനലുകളിൽ പുതിയ അപ്ഡേറ്റ് കൊണ്ടുവന്ന് കമ്പനി. ഉപയോക്താക്കൾ ചാനലുകൾ ഫോളോ ചെയ്യാൻ ക്യുആർ കോഡ് സ്കാൻ ചെയ്ത് പ്രക്രിയ സിംപിളാക്കാം.

ചാനൽ ഫോളോ ചെയ്യാൻ ഉപയോക്താക്കൾക്ക് ഇനി ലിങ്ക് അയയ്ക്കേണ്ടതില്ല. പകരം, അവർക്ക് സ്കാൻ ചെയ്യാൻ കഴിയുന്ന ഒരു ക്യുആർ കോഡ് പങ്കിടാൻ കഴിയും.




ചാനലുകൾ ഫോളോ ചെയ്യാൻ ക്യുആർ കോഡ് സ്കാൻ ചെയ്യാമെന്നും വാബീറ്റ ഇൻഫോ റിപ്പോർട്ട് പറയുന്നു. വാട്സ്ആപ്പ് ചാനലുകൾക്കായി ക്യുആർ കോഡുകൾ അവതരിപ്പിക്കുന്നത് ഷെയറിങ് കാര്യക്ഷമമാക്കാൻ സഹായിക്കും.

ആൻഡ്രോയിഡ് 2.24.22.20നുള്ള ഏറ്റവും പുതിയ വാട്ട്സ്ആപ്പ് ബീറ്റയിൽ ഈ ഫീച്ചറിനെ കുറിച്ചുള്ള സൂചനകൾ ലഭിക്കും. ഫീച്ചർ ഇപ്പോൾ പരീക്ഷണ ഘട്ടത്തിലാണെന്നും റിപ്പോർട്ട് പറയുന്നു.

## ഗൂഗിളും, ബിങ്ങും വിയർക്കും; മെറ്റ സ്വന്തം എഐ സെർച്ച് എഞ്ചിൻ നിർമ്മിക്കുന്നു

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള സെർച്ച് എഞ്ചിൻ നിർമ്മിക്കാൻ ഫേസ്ബുക്ക്,ഇൻസ്റ്റാഗ്രാം,വാട്ട്സ്ആപ്പ് തുടങ്ങിയ പ്ലാറ്റ്ഫോമുകളുടെ മാതൃകമ്പനിയായ മെറ്റ.




സെർച്ച് എൻജിനുകളായ ആൽഫബെറ്റിന്റെ ഗൂഗിൾ, മൈക്രോസോഫ്റ്റിന്റെ ബിങ് എന്നിവയെ അമിതമായി ആശ്രയിക്കുന്നത് ഇല്ലാതാക്കാനാണ് ഈ നീക്കം.

പ്രമുഖ എഐ കമ്പനിയായ ഓപ്പൺഎഐ പുതിയ എഐ സെർച്ച് എഞ്ചിൻ അവതരിപ്പിക്കുമെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. ഗൂഗിളും മൈക്രോസോഫ്റ്റും തങ്ങളുടെ സെർച്ച് എഞ്ചിനുകളിൽ എഐ അടിസ്ഥാനമാക്കിയുള്ള ഫീച്ചറുകൾ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രംഗത്ത് അവർ മുന്നേറുകയാണ്.

നിലവിൽ വാട്സാപ്പിലും ഇൻസ്റ്റാഗ്രാമിലും ഫേസ്ബുക്കിലും ലഭ്യമായ മെറ്റ എഐ ചാറ്റ്ബോട്ടിൽ വാർത്ത അധിഷ്ഠിതമായ വിവരങ്ങൾ നൽകുന്നതിനും സ്പോർട്സ്, സ്റ്റോക്ക് സംബന്ധമായ വിവരങ്ങൾ നൽകുന്നതിനുമെല്ലാം മെറ്റ ആശ്രയിക്കുന്നത് ഗൂഗിൾ, ബിങ് സെർച്ച് എഞ്ചിനുകളെയാണ്. എഐ രംഗത്ത് മൈക്രോസോഫ്റ്റും ഗൂഗിളും മെറ്റയുടെ പ്രധാന എതിരാളികൾ കൂടിയാണ്.

## ഐഫോണിൽ കോൾ എങ്ങനെ റെക്കോർഡ് ചെയ്യാം?

ആൻഡ്രോയിഡുമായി താരതമ്യം ചെയ്യുമ്പോൾ ഐഫോണിലെ പിന്നിലാക്കിയിരുന്ന ഫീച്ചറുകളിലൊന്നാണ് കോൾ റെക്കോർഡിങ് ഓപ്ഷൻ. പലവിധ സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താനാവുന്ന ഈ ഫീച്ചർ വർഷങ്ങളായി ഐഫോൺ ഉപഭോക്താക്കൾ കാത്തിരിക്കുകയാണ്.

ഇപ്പോഴിതാ ഐഒഎസ് 18ൽ കോൾ റെക്കോർഡിങ് ഫീച്ചർ അവതിരിപ്പിക്കുകയാണ് കമ്പനി. അതായത് ഐഒഎസ് 18ൽ പ്രവർത്തിക്കുന്ന എല്ലാ ഐഫോണുകളിലും കോൾ റെക്കോർഡിങ് ഫീച്ചർ ഉണ്ടാകും.




### കോൾ എങ്ങനെ റെക്കോർഡ് ചെയ്യാം

നിങ്ങളുടെ ഐഫോണിൽ കോളുകൾ റെക്കോർഡ് ചെയ്യാൻ, ആദ്യം നിങ്ങളുടെ സോഫ്റ്റ്‌വെയർ അപ്ഡേറ്റിൽ നിന്ന് ഏറ്റവും പുതിയ ഐഒഎസ് 18 അപ്ഡേറ്റ് ഡൗൺലോഡ് ചെയ്യുക.

1. ഒരു കോൾ ആരംഭിക്കുക അല്ലെങ്കിൽ ഇൻകമിംഗ്കോളിങ് ഉത്തരം നൽകുക. നിങ്ങൾ ഒരു സജീവ കോളിലാണെങ്കിൽ, സ്ക്രീനിന്റെ മുകളിൽ ഇടത് കോണിൽ നോക്കുക, അവിടെ നിങ്ങൾക്ക് ഒരു റെക്കോർഡ് ബട്ടൺ കാണാം.

2. കോൾ റെക്കോർഡിംഗ് ആരംഭിക്കാൻ റെക്കോർഡ് ബട്ടൺ ടാപ്പുചെയ്യുക.

3. സംഭാഷണം റെക്കോർഡ് ചെയ്യപ്പെടുകയാണെന്ന് ലൈനിലുള്ള എല്ലാവരെയും അറിയിച്ചുകൊണ്ട് കേൾക്കാവുന്ന അറിയിപ്പ് പ്ലേ ചെയ്യും.

ഈ ഫീച്ചർ സുതാര്യതയ്ക്ക് മുൻഗണന നൽകുന്നുണ്ട്. അതായത് എല്ലാ പങ്കാളികളും റെക്കോർഡിംഗിനെക്കുറിച്ച് ബോധവാന്മാരാണെന്ന് കമ്പനി ഉറപ്പാക്കുന്നുണ്ട്.

നിങ്ങളുടെ ഫോണിൽ ആപ്പിൾ ഇന്റലിജൻസ് ലഭ്യമാണെങ്കിൽ, നിങ്ങൾക്ക് തത്സമയ ട്രാൻസ്ക്രിപ്ഷനും ലഭിക്കും. കോൾ പുരോഗമിക്കുമ്പോൾ, സംഭാഷണത്തിന്റെ തത്സമയ ട്രാൻസ്ക്രിപ്ഷൻ സ്ക്രീനിൽ ദൃശ്യമാകും. ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ്, കന്റോണീസ്, പോർച്ചുഗീസ് എന്നിവയുൾപ്പെടെ ഒന്നിലധികം ഭാഷകളെ ഫീച്ചർ പിന്തുണയ്ക്കുന്നുണ്ട്.

# ഉക്രെയ്നിലെ ഖാർകിവിൽ റഷ്യൻ വ്യോമാക്രമണം; കുട്ടി കൊല്ലപ്പെട്ടു, 29 പേർക്ക് പരിക്ക്



ഉക്രെയ്ൻ: ഉക്രെയ്നിലെ രണ്ടാമത്തെ വലിയ നഗരമായ ഖാർകിവിൽ ബുധനാഴ്ച വൈകുന്നേരം ഒരു ബഹുനില അപ്പാർട്ട്മെന്റ് ബ്ലോക്കിൽ ഉണ്ടായ റഷ്യൻ ബോംബ് ആക്രമണത്തിൽ ഒരു കുട്ടി കൊല്ലപ്പെടുകയും 29 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി അധികൃതർ അറിയിച്ചു. 11 വയസ്സുള്ള കുട്ടിയെ തലയ്ക്ക് ഗുരുതരമായ പരിക്കുകളോടെ അവശിഷ്ടങ്ങൾക്കടിയിൽ നിന്ന് പുറത്തെടുത്തെങ്കിലും രക്ഷിക്കാനായില്ലെന്ന് ഖാർകിവ് മേഖലാ ഗവർണർ ഒലെഹ് സിനീഹുബോവ് പറഞ്ഞു.

അതേസമയം മൂന്ന് പേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് അദ്ദേഹം നേരത്തെ പറഞ്ഞിരുന്നു.ടെലിഗ്രാം സന്ദേശത്തിലൂടെ ആണ് സിനിഹുബോവ് ആക്രമണ വിവരം ഏവരെയും അറിയിച്ചത്. ആക്രമണത്തിന് പിന്നാലെ തീപിടുത്തമുണ്ടാക്കുകയും ഒരു പ്രവേശന കവാടത്തിന്റെ ഭൂരിഭാഗവും കത്തി നശിപ്പിക്കുകയും ബോംബ് ആക്രമണത്തിൽ കെട്ടിടത്തിൽ വലിയ ദ്വാരമുണ്ടാക്കുകയും ചെയ്തതായും അദ്ദേഹം സന്ദേശത്തിൽ വ്യക്തമാക്കി. സംഭവത്തിന് പിന്നാലെയുള്ള ദൃശ്യങ്ങളിൽ പരിക്കേറ്റവരെ പുറത്തെത്തിക്കുന്നതിനും ആംബുലൻസുകളിൽ എത്തിക്കുന്നതിനുമായി കോൺക്രീറ്റിന്റെയും മറ്റ് നിർമാണ സാമഗ്രികളുടെയും പൊട്ടി തകർന്ന് കൂമ്പാരങ്ങളിലൂടെ രക്ഷാസംഘങ്ങൾ സഞ്ചരിക്കുന്നത് കാണാമായിരുന്നു. തകർന്ന അപ്പാർട്ട്മെന്റുകളിൽ നിന്ന് ഉയർന്ന പുക ഉയരുന്നതിന് അഗ്നിശമന സേനാംഗങ്ങൾ നടപടികൾ സ്വീകരിച്ചു.അതേസമയം 2022 ഫെബ്രുവരി അധിനിവേശത്തിന്റെ ആദ്യ ദിവസങ്ങളിൽ തലസ്ഥാനമായ കൈവിൽ റഷ്യൻ സേനയുടെ ആക്രമണം ഉണ്ടായിരുന്നു. അതിനുശേഷം ഇത് റഷ്യൻ വ്യോമാക്രമണത്തിന്റെ പതിവ് ലക്ഷ്യമായി മാറുകയായിരുന്നു.

# വെടിനിർത്തലിനായി യാചിക്കില്ല; യുദ്ധം തുടരും: ഹിസ്ബുള്ള തലവൻ കാസെം



ബെയ്റൂട്ട്: സ്വീകാര്യമെന്ന് കരുതുന്ന വെടിനിർത്തൽ വ്യവസ്ഥകൾ വാഗ്ദാനം ചെയ്യുന്നത് വരെ ഹിസ്ബുള്ള ഇസ്രായേലുമായുള്ള പോരാട്ടത്തിൽ തുടരുമെന്ന് ലെബനീസ് സംഘടനയുടെ പുതിയ തലവൻ നയീം കാസെം. ബുധനാഴ്ച സംപ്രേഷണം ചെയ്ത തന്റെ ആദ്യ പൊതുപ്രസംഗത്തിലാണ് കാസെം നയം വ്യക്തമാക്കിയത്. ''ഇസ്രായേലികൾ ആക്രമണം നിർത്താൻ തീരുമാനിക്കുകയാണെങ്കിൽ, അനുയോജ്യമെന്ന് ഞങ്ങൾ കാണുന്ന വ്യവസ്ഥകൾക്കനുസരിച്ചാണെങ്കിൽ അത് അംഗീകരിക്കും,'' മുൻകൂട്ടി റെക്കോർഡുചെയ്ത ടെലിവിഷൻ പ്രസംഗത്തിൽ അജ്ഞാതമായ സ്ഥലത്ത് നിന്ന് കാസെം പറഞ്ഞു. ''ഞങ്ങൾ വെടിനിർത്തലിനായി യാചിക്കില്ല, കാരണം ഞങ്ങൾ യുദ്ധം തുടരും... എത്ര സമയമെടുത്താലും.'' കാസെം വ്യക്തമാക്കി. ലെബനനിലും ഗാസയിലും വെടിനിർത്തലിന് അന്താരാഷ്ട്ര മധ്യസ്ഥർ പുതിയ നീക്കം ആരംഭിച്ച സാഹചര്യത്തിലാണ് കാസെമിന്റെ പ്രസ്താവന. സെപ്തംബർ അവസാനം ബെയ്റൂട്ട് നഗരത്തിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട ഹസ്സൻ നസ്രല്ലയുടെ പകരക്കാരനായി പുരോഹിതനും ലെബനീസ് തീവ്രവാദ ഗ്രൂപ്പിന്റെ സ്ഥാപക അംഗവുമായ കാസെമിനെ ചൊവ്വാഴ്ചയാണ് നാമകരണം ചെയ്തത്. മൂന്ന് പതിറ്റാണ്ടിലേറെയായി നസ്റല്ലയുടെ ഡെപ്യൂട്ടി ആയി കാസെം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## 'ഖുർആൻ ഉച്ചത്തിൽ വായിക്കരുത്'; സ്ത്രീകൾക്ക് പുതിയ നിയന്ത്രണങ്ങളുമായി താലിബാൻ



കാബൂൾ: അഫ്ഗാനിസ്ഥാനിൽ താലിബാൻ അധികാരത്തിലെത്തിയതിന് പിന്നാലെ സ്ത്രീകൾക്ക് കടുത്ത നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത്. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ പോലും ചോദ്യം ചെയ്യുന്ന കർശന നിയമങ്ങളാണ് അഫ്ഗാനിസ്ഥാനിലുള്ളത്. ഇപ്പോൾ സ്ത്രീകൾക്ക് കൂടുതൽ നിയന്ത്രണവുമായി താലിബാൻ രംഗത്തെത്തിയിരിക്കുകയാണ്. സ്ത്രീകൾ ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് വിലക്കി താലിബാൻ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു. നേരത്തെ സ്ത്രീകൾ വാങ്ക് വിളിക്കുന്നതും തക്ബീർ മുഴക്കുന്നതും താലിബാൻ കർശനമായി വിലക്കിയിരുന്നു. പിന്നാലെയാണ് ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുന്നതും വിലക്കിയത്. സദ്ഗുണ പ്രചരണത്തിനും ദുരാചാരം തടയുന്നതിനുമാണ് പുതിയ നിയമം നടപ്പാക്കുന്നതെന്ന് മന്ത്രി മുഹമ്മദ് ഖാലിദ് ഹനഫി പറയുന്നു. അതേസമയം, സ്ത്രീകൾ മുഖമടക്കം മൂടി നടക്കണം എന്നാണ് താലിബാന്റെ ഉത്തരവ്. കുടുംബത്തിന് പുറത്തുള്ള പുരുഷന്മാരുമായി കാഴ്ച സമ്പർക്കം പുലർത്തുന്നത് ഇതോടെ നിരോധിക്കുകയും ചെയ്തു. ടാക്സി ഡ്രൈവർമാർക്ക് ഒരു പുരുഷ ബന്ധു കൂടെയില്ലാതെ സ്ത്രീകളെ കയറ്റിയതിന് പിഴകൾ നേരിടേണ്ടിവരും.

## ഒറ്റപ്പെട്ട് ഇറാൻ: ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ സഖ്യകക്ഷികളെ തുരത്തുന്നതിൽ ഇസ്രായേലിനു വിജയം

ഇറാനുമായി ദൃഢമായ തന്ത്രപരവും സാമ്പത്തികവുമായ ബന്ധം നിലനിർത്തുന്ന റഷ്യയും ചൈനയും ഇറാനെ പ്രതിരോധിക്കാൻ കാര്യമായ നടപടികൾ കൈക്കൊള്ളാൻ സാധ്യതയില്ലെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും, സമീപകാല സംഭവങ്ങൾ അതിന്റെ യാഥാർത്ഥ്യം എല്ലാവരെയും ബോധ്യപ്പെടുത്തി എന്ന് തന്നെ പറയേണ്ടി വരും. സാമ്പത്തിക പരിമിതികൾ, ചരിത്രപരമായ മുൻവിധികൾ, തന്ത്രപരമായ കണക്കുകൂട്ടലുകൾ, പ്രാദേശികവും ആഭ്യന്തരവുമായ അസ്ഥിരതയുടെ സാധ്യതകൾ എന്നിവ സൂചിപ്പിക്കുന്നത് റഷ്യൻ, ചൈനീസ് പിന്തുണ നയതന്ത്രപരമായ അപലപനത്തിനും പരോക്ഷ സഹായത്തിനും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുമെന്നാണ്. ഇറാനിലെ വിശാലമായ പ്രാദേശിക ഘടകങ്ങൾ വിശ്വസനീയമായ ഒരു ഭീഷണി തിരിച്ചറിഞ്ഞാൽ ഭരണകൂടത്തെ അട്ടിമറിക്കാനുള്ള ആഭ്യന്തരവും പ്രാദേശികവുമായ ശ്രമങ്ങളെ ഇത് പ്രേരിപ്പിച്ചേക്കാം.

ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ ഭരണം തകരുകയാണെങ്കിൽ, റഷ്യയും ചൈനയും അവർ നിലവിൽ ആശ്രയിക്കുന്ന ഇറാനിയൻ ഉൽപ്പന്നങ്ങളുടെ ബദൽ സ്രോതസ്സുകളിലേക്ക് തിരിയും, പ്രാഥമികമായി ഊർജ്ജവും പ്രതിരോധ സാങ്കേതികവിദ്യയും എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. ഉദാഹരണത്തിന്, ചൈനയ്ക്ക് മൊസാംബിക് പോലുള്ള വളർന്നുവരുന്ന ആഫ്രിക്കൻ വിതരണക്കാരിൽ നിന്നോ അല്ലെങ്കിൽ ഊർജ വിപണിയിൽ ഇറാനുമായി മത്സരിക്കുന്ന റഷ്യയിൽ നിന്നോ ഊർജം സ്രോതസ്സു ചെയ്യാനാകും, ഇതിനായി ഇറാനിയൻ കയറ്റുമതിയിലെ ഇടിവ് ആദ്യം ഉപയോഗിക്കും. ഉക്രെയ്നിലെ യുദ്ധത്തിന് ഇറാന്റെ ആയുധങ്ങളെ ആശ്രയിക്കുന്ന റഷ്യ,



ഉത്തര കൊറിയയിലൂടെയും തുർക്കിയിലൂടെയും അതിന്റെ ചില സൈനിക ആവശ്യങ്ങൾ നിറവേറ്റാൻ തുടങ്ങി എന്നതും ശ്രദ്ധേയമാണ്. റഷ്യയും ചൈനയും ആഗോള സമ്പദ്വ്യവസ്ഥയുമായി ആഴത്തിൽ സംയോജിപ്പിച്ചിരിക്കുന്നു, ഉപരോധങ്ങൾക്കിടയിലും പാശ്ചാത്യ രാജ്യങ്ങളുമായി, റഷ്യയുമായി പോലും രാജ്യം വ്യാപാരത്തെ ആശ്രയിക്കുന്നു. ഇറാനെ പ്രതിനിധീകരിച്ച് ഏതെങ്കിലും നേരിട്ടുള്ള സൈനിക ഇടപെടൽ കടുത്ത സാമ്പത്തിക പ്രത്യാഘാതങ്ങൾ കൊണ്ടുവരും എന്നതും, വർധിച്ച ഉപരോധങ്ങളും വ്യാപാര ബന്ധങ്ങൾ തടസ്സപ്പെടുത്തുന്നതും ഉൾപ്പെടെ ഉള്ളവ ഇതിന് ഉദാഹരണങ്ങൾ ആണ്. നിലവിലുള്ള ഉപരോധങ്ങളും ഉക്രെയ്നിലെ ദീർഘകാല ഇടപെടലിന്റെ സാമ്പത്തിക നഷ്ടവും മൂലം ഇതിനകം തന്നെ ബുദ്ധിമുട്ടിലായ റഷ്യൻ സമ്പദ്വ്യവസ്ഥ ഒരു പുതിയ സംഘർഷത്തിലേക്ക് കടക്കുന്നത് കൂടുതൽ അസ്ഥിരമാക്കുംയുദ്ധത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പുതിയ ഉപരോധങ്ങൾക്കൊപ്പം, റഷ്യയുടെ ദുർബലമായ സമ്പദ്വ്യവസ്ഥയെ സാരമായി ബാധിക്കും എന്നാണ് കണക്കുകൂട്ടൽ. റഷ്യയിൽ നിന്ന് ഊർജ്ജ വില ഉയർത്തുന്നതിൽ ചൈനയ്ക്ക് താൽപ്പര്യമില്ല.

നേരിട്ടുള്ള സൈനിക ഇടപെടൽ സംബന്ധിച്ച് റഷ്യയും ചൈനയും സംയമനം പാലിച്ചതിന്റെ മാതൃകയായി നിരവധി ചരിത്രപരമായ ഉദാഹരണങ്ങൾ ഉണ്ട്. 1999-ൽ യുഗോസ്ലാവിയയിൽ നാറ്റോ ബോംബാക്രമണം നടത്തിയപ്പോൾ, ശക്തമായ ചരിത്രപരമായ ബന്ധങ്ങളും ശക്തമായ എതിർപ്പും ഉണ്ടായിരുന്നിട്ടും, റഷ്യ സൈനിക ഇടപെടലിൽ നിന്ന് വിട്ടുനിന്നു. അതുപോലെ, 2003-ൽ, യു.എന്നിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള ഇറാഖ് അധിനിവേശത്തെ എതിർത്തിട്ടും, റഷ്യയോ ചൈനയോ സദ്ദാം ഹുസൈന്റെ ഭരണത്തിന് സൈനിക പിന്തുണ നൽകിയില്ല. 2011-ൽ, ലിബിയയിലെ നാറ്റോ ഇടപെടലിന് അംഗീകാരം നൽകുന്ന യുഎൻ വോട്ടെടുപ്പിൽ നിന്ന് റഷ്യ വിട്ടുനിന്നു. ഇസ്രായേലുമായി നേരിട്ടുള്ള പോരാട്ടത്തിൽ റഷ്യയ്ക്കും താൽപ്പര്യമുണ്ടാകില്ല. സിറിയയിലെ സൈനിക ഏകോപനം, കൂടാതെ നിഷ്പക്ഷ നിലപാടും യുക്രെയിനിനുള്ള പരിമിതമായ പിന്തുണയും ഉൾപ്പെടെ വിവിധ തലങ്ങളിൽ റഷ്യയുമായി സഹകരിക്കാനുള്ള കഴിവ് ഇസ്രായേൽ തെളിയിച്ചിട്ടുണ്ട്. എന്നാൽ ഇറാനെ പ്രതിരോധിക്കാനുള്ള പോരാട്ടത്തിൽ നേരിട്ട് ഇടപെടുന്നത് റഷ്യയിലും ചൈനയിലും അസ്ഥിരതയ്ക്ക് തിരികൊളുത്തിയേക്കാം. വാഷിംഗ്ടണുമായുള്ള അടുത്ത ബന്ധവും മോസ്കോയുമായുള്ള പ്രായോഗിക ബന്ധവും കാരണം റഷ്യയും പാശ്ചാത്യ രാജ്യങ്ങളും, പ്രത്യേകിച്ച് യുഎസും തമ്മിലുള്ള സംഭാഷണത്തിനുള്ള ഒരു സവിശേഷ ചാനലായി ഇസ്രായേൽ പ്രവർത്തിക്കുന്നു. മാത്രമല്ല, പ്രത്യയശാസ്ത്രപരമായ കാരണങ്ങളാൽ അല്ലെങ്കിൽ മെച്ചപ്പെട്ട വ്യാപാര ഇടപാടുകൾ ഉറപ്പാക്കാനുള്ള സ്വാധീനം എന്ന നിലയിൽ ഇറാന്റെ ഭീകരവാദ-പ്രേരിത നയങ്ങൾ ഒരു ദിവസം തങ്ങളെ ലക്ഷ്യമിടുമെന്ന് റഷ്യയും ചൈനയും മനസ്സിലാക്കുന്നു. ഇറാനുമായുള്ള അവരുടെ സഖ്യം സ്വാഭാവികമോ പ്രത്യയശാസ്ത്രപരമോ ആയ വിന്യാസത്തിലല്ല, മറിച്ച് പ്രായോഗികവും ഉപകരണവുമായ താൽപ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. തുടർച്ചയായ സമ്മർദങ്ങളും സൈനിക നടപടികളും ഇറാനെ കൂടുതൽ ഒറ്റപ്പെടുത്തും. ഇസ്രയേലിന്റെ പ്രതിരോധത്തിന് പിന്തുണയായി സഖ്യങ്ങൾ കൂടുതൽ ശക്തമാകും.



## ഉക്രൈനെതിരെ പോരാടാൻ 10000 ഉത്തരകൊറിയൻ സൈനികരെ രംഗത്തിറക്കി റഷ്യ

സോൾ: റഷ്യ-ഉക്രൈൻ യുദ്ധം മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ പോരാട്ടത്തിന്റെ രീതിയും സ്വഭാവവും മാറുകയാണ്. വിജയം എളുപ്പമല്ലെന്ന് റഷ്യ തിരിച്ചറിഞ്ഞതോടെ ഇവരെ സഹായിക്കാൻ ഉത്തരകൊറിയയിൽ നിന്നുള്ള സൈനികർ രംഗത്തെത്തിയിരിക്കുകയാണ്.പ്രത്യേക കരാറിന്റെ അടിസ്ഥാനത്തിൽ പതിനായിരത്തിലധികം ഉത്തരകൊറിയൻ സൈനികർ ഉക്രൈനിലെത്തിയതായി അന്താരാഷ്ട്ര വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു.ഉക്രെയിൻ യുദ്ധഭൂമിയിലെ അനുഭവക്കുറവും കാലാവസ്ഥയും ഉത്തരകൊറിയൻ സൈനികർക്ക് തിരിച്ചടിയുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിലും ഒരു കൂട്ടം സൈനികർ ഇപ്പോൾ റഷ്യൻ സൈന്യത്തിന്റെ ഭാഗമാണ്.വലിയ വെല്ലുവിളി മുന്നിൽ ഉണ്ടെങ്കിലും രാജ്യത്തിന് പുറത്തുള്ള സൈനിക സേവനത്തിലൂടെ കൂടുതൽ പണം സമ്പാദിക്കാമെന്ന കണക്കുകൂട്ടലാണ് സൈനികരെ ഉക്രെയ്നിലേക്ക് ആകർഷിക്കുന്നത്.എന്നാൽ ഉത്തരകൊറിയൻ സൈനികരെ ഉക്രൈനിലേക്ക് അയക്കുന്നത് വലിയ സുരക്ഷാപ്രശ്നമുണ്ടാക്കുമെന്ന് അമേരിക്കയടക്കം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തോളമായി തുടരുന്ന യുദ്ധത്തിൽ ഉത്തരകൊറിയയുടെ സൈനിക വിന്യാസം പോരാട്ടത്തിന് നിർണായക മാറ്റമുണ്ടാക്കുമെന്നും വിദഗ്ധർ വിലയിരുത്തുന്നു.

### 'ശിക്ഷാനേരം അടുത്തെത്തി'; ഇസ്രയേലിനെതിരെ

# ആക്രമണത്തിന് കോപ്പുകൂട്ടി ഇറാൻ

ടെഹ്റാൻ: ഇസ്രായേലിനെതിരെ വൻ ആക്രമണത്തിന് പദ്ധതിയിട്ട് ഇറാൻ. 'ഇറ്റ്സ് ടൈം' എന്ന കുറിപ്പോടെ എക്സിൽ ഇറാൻ സൈന്യം ഷെയർ ചെയ്ത പോസ്റ്റിലാണ് ആക്രമണത്തിന്റെ സൂചന നൽകിയിരിക്കുന്നത്. 'ട്രൂ പ്രോമിസ് 3' എന്ന ഹാഷ് ടാഗോടെയാണ് പോസ്റ്റ്. 'ശിക്ഷാനേരം അടുത്തെത്തി' എന്ന് ഇംഗ്ലിഷിലും പേർഷ്യൻ ഭാഷയിലും എഴുതി കാണിക്കുന്നുമുണ്ട്. 'ദൈവത്തിന്റെ അവസാന ന്യായവിധി അടുത്തു' എന്ന മറ്റൊരു പോസ്റ്റും ചിത്രവും തൊട്ടുപിന്നാലെയും പങ്കുവച്ചിട്ടുണ്ട്.ഇസ്രായേൽ കടന്നുകയറിയ പാലസ്തീൻ പ്രദേശങ്ങൾ ലക്ഷ്യമിട്ട് എപ്രിലിൽ ഇറാൻ നടത്തിയ ആക്രമണമാണ് 'ഓപ്പറേഷൻ ട്രൂ പ്രോമിസ്'. ഇത് പോലുള്ള പ്രത്യാക്രമണങ്ങൾ നടത്താൻ ഇറാനു കഴിവുണ്ടെന്നു പ്രതിരോധ മന്ത്രി ബ്രിഗേഡിയർ ജനറൽ അസീസ് നാസിർസാദെ പറഞ്ഞിരുന്നു. ദമാസ്കസിലെ ഇറാനിയൻ നയതന്ത്ര കേന്ദ്രങ്ങൾക്കുനേരെ



ഇസ്രയേൽ നടത്തിയ ആക്രമണത്തിനു പ്രതികാരമായി 300ലേറെ മിസൈലുകളും ഡ്രോണുകളുമാണ് ഇറാൻ പ്രയോഗിച്ചത്.

## യുഎൻ ഏജൻസിയായ യുഎൻആർഡബ്ല്യുഎ നിരോധിക്കുമെന്ന് ഇസ്രായേൽ


ടെൽ അവീവ്: യുഎൻ ഏജൻസിയായ യുഎൻആർഡബ്ല്യുഎ നിരോധിക്കുമെന്ന് ഇസ്രായേൽ. ഹമാസുമായി ബന്ധമുണ്ടെന്ന് ആരോപിച്ചാണ് ഏജൻസിയെ നിരോധിക്കാൻ ഇസ്രയേലിന്റെ തീരുമാനം. അറബ്-ഇസ്രായേൽ യുദ്ധത്തിൽ നിന്ന് പലായനം ചെയ്ത പലസ്തീൻ അഭയാർത്ഥികളുടെ ക്ഷേമത്തിനായി 1948 ലാണ് ഏജൻസി സ്ഥാപിതമായത്. അധിനിവേശ വെസ്റ്റ് ബാങ്ക്, കിഴക്കൻ ജറുസലേം, ഗാസ എന്നിവയ്ക്ക് പുറമേ, സിറിയ, ലെബനൻ, ജോർദാൻ എന്നിവിടങ്ങളിലും ഏജൻസി പ്രവർത്തിക്കുന്നു. അറബ്-ഇസ്രയേൽ യുദ്ധത്തിൽ ഏഴ് ലക്ഷത്തോളം പലസ്തീനികളാണ് കുടിയൊഴിക്കപ്പെട്ടത്. ഇവരുടെ വിദ്യാഭ്യാസം, ആരോഗ്യം, ദുരിതാശ്വാസം, സാമൂഹിക സേവനങ്ങൾ, പുനരധിവാസം, ക്യാംപിലെ സൗകര്യങ്ങൾ എന്നീ ആവശ്യങ്ങളാണ് ഏജൻസി കൈകാര്യം ചെയ്യുന്നത്.യുഎന്നിലെ അംഗങ്ങളായ രാജ്യങ്ങൾ നൽകുന്ന തുകകളിലും യുഎൻ സംഭാവനകളിലുമാണ് സംഘടന പ്രവർത്തിക്കുന്നത്. ഇസ്രയേൽ നിയന്ത്രണത്തിലെ മേഖലയിൽ എല്ലാ പ്രവർത്തനങ്ങളും നിരോധിക്കുന്ന ആദ്യ നിയമവും ഏജൻസിയുമായുള്ള നയതന്ത്രബന്ധം വിച്ഛേദിക്കുന്ന രണ്ടാമത്തെ നിയമവുമാണ് ഇസ്രയേൽ പാർലമെന്റ് പാസാക്കിയത്.






## ആക്രമണ ഭീഷണി; മകന്റെ വിവാഹം മാറ്റിവച്ചു ബെഞ്ചമിൻ നെതന്യാഹു

ടെൽ അവീവ്: ആക്രമണ ഭീഷണിയെ തുടർന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു മകന്റെ വിവാഹം മാറ്റിവച്ചു. നവംബർ 26നായിരുന്നു നെതന്യാഹുവിന്റെ മകന്റെ വിവാഹം നിശ്ചയിച്ചിരുന്നത്.വടക്കൻ ടെൽ അവീവിലെ റോണിറ്റ് ഫാമിലാണ് ചടങ്ങ് നടത്താൻ തീരുമാനിച്ചത്. എന്നാൽ സാഹചര്യം മുൻനിർത്തി ഇത് മാറ്റാൻ നെതന്യാഹു ഒരുങ്ങുകയാണെന്നാണ് റിപ്പോർട്ടുകൾ.നേരത്തെ ഹിസ്ബുള്ള തൊടുത്ത ഡ്രോണുകളിൽ ഒന്ന് നെതന്യാഹുവിന്റെ വീടിന്റെ ജനാലയിൽ പതിച്ചിരുന്നു. സംഭവം നടക്കുമ്പോൾ നെതന്യാഹു വീട്ടിലില്ലായിരുന്നു. അതേസമയം, ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പ്രധാനമന്ത്രിയുടെ ഓഫീസ് പ്രതികരിച്ചിട്ടില്ല.







We support home for homless charity
FREE ADMISSION
FEDERATION OF MALAYALEE ASSOCIATIONS OF AMERICAS
FOMAA
FOMAA CENTRAL REGION INAGURATION
ഉദ്ഘാടനവും
സംഗീത സായാഹ്നവും
DATE: SUNDAY NOV. 17TH TIME: 5:30PM
VENUE: ST MARY'S KNANAYA CHURCH, MORTON GROVE
7800 Lyons Street, Morton Grove, Illinois
BISHOP MAR JOY ALAPPATT
KEVIN JOHN OLICKAL (ILLINOIS STATE REPRESENTATIVE)
Chairman Anto Kavalackal
Gen Secretary Achenkunju Mathew
VC Renjan Abraham
J Sec Dr Jean Puthenpurackal
Treasurer Rajan Thalavady
J Treasurer George Mathew
RC Sabu Kattapuram
RPRC John Pattapathy
PAC Roy Mulakunnam
IRVC Biju Mundakkal
Adv. Chairman Stephen Kizhakekut
Adv. VC Sunny Vallikalam
JOHNSON KANNOOKADEN RVP
GEORGE MATHEW NC
JOSEY KURISUNKAL NC
ASHA MATHEW WOMEN'S REP
BABY MANAKUNNEL PRESIDENT
BAIJU VARGHESE GENERAL SECRETARY
CIGIL G. PALACKALODY TREASURER
SHALU M. PUNNOOSE VICE PRESIDENT
PAUL P JOSE JOINT SECRETARY
ANUPAMA KRISHNAN JOINT TREASURER
BENNY VACHACHIRA JUDICIARY CHAIRMAN
JOSE MANAKATTE ADVISORY VICE CHAIRMAN
Please contact for more information
JOHNSON KANNOOKADAN Regional Vice President Kannoo@comcast.net 847 477 0564
ACHENKUNJU MATHEW Central Regional Secretary achen.mathew@gmail.com 847 912 2578
ANTO KAVALACKAL Regional Chairman 630 666 7310
RAJAN THALAVADY Treasurer 847 767 4947
DR. ROSE VADAKARA Women forum Chairperson 708 662 0774
Women forum Chairperson, Dr. Rose Vadakara
Secretary Santhi Jaison
Senior Forum Chair George J. Kottukappally
CAC Atty. Teena Thomas
SFC Roy Nedumgottil
SFC Varghese Thomas
Fundraising Chairman, Vinu Mammoottil
Found Coordinator, Manoj Achettu
Charity Coordinator, Philip Puthenpurayil
Adv. CM Peter Kulangara
Women's committee member Jinu Joss
Youth committee member Joslin George
VC Dr. Sibil Philip
Community Chairperson Mercy Kuriakose
J Sec Linda Jose
Treasurer Joyce Cherian
J Treasurer Lisy Peters
Women Coordinator Agnes Mathew
Culture Committee Chair Sarah Anil
CC Joint Chair Shana Mohan
Womens C. Coordinator Shiny Haridas
CC Member Sree Nishath Achari
CC member Sinil Philip
WCM Jilby Subhash
WCM Philomina Kurisunkal
WCM Beena George
WCM Deisy Mathew
Youth Coordinator David Joseph
CV Mathew
YCM Jorly Thariath
ഏവർക്കും സ്വാഗതം
LUCKY DRAW 1st 2nd 3rd
PRIZE SPONSORED BY: JOY ALLUKAS
YCM Diana Scaria
Event Coordinator Abraham George
Event Co-Coordinator Ashley George
Event Co-Coordinator Cyril Kattapuram
Youth Co-Coordinator Calvin Kavalackal
Mega Sponsor Mrs & Mr. Hussain and Sara Mirza
Grand Sponsor Elan Surendran, MBA Senior Medicare Specialist
Grand Sponsor MALABAR Gold & Diamonds